കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽ കഥകൾ



ശ്രീ

എസ്സ്. റ്റി. റെഡ്യാർ ശേഖരിച്ച

കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽ കഥകൾ



ഒന്നാംഭാഗം

പ്രകാശകൻ,

റ്റി. സുബ്ബയ്യാ റെഡ്യാർ,

റെഡ്യാർ പ്രസ്സ് & ബുക്കഡിപ്പോ,

തിരുവനന്തപുരം-1.

ഒന്നാമത്തെ പതിപ്പ്

കോപ്പി 2000

റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം.

സെപ്റ്റംബർ 1953.



ഒന്നാംഭാഗത്തിനു

വില 3—0—0.

മുഖവുര

ഞാൻ പുസ്തകവ്യാപാരത്തിൽ ഏർപ്പെട്ടിട്ട് ഇപ്പോൾ ഇരുപത്തിയേഴുകൊല്ലംകഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ പ്രാചീനങ്ങളും, നവീനങ്ങളുമായ അനവധി ഭാഷാഗ്രന്ഥങ്ങൾ എന്റെ പ്രസിദ്ധീകരണത്തിൽ ഉൾപ്പെട്ട് പൊതുജനങ്ങൾക്ക് ഉപകാരമായി ഭവിച്ചിട്ടുണ്ടെന്നുള്ളതു സർവ്വവിദിതമായ സംഗതിയാണ്. ഈ കാര്യത്തിൽ എനിക്കു ചാരിതാർത്ഥ്യമുണ്ടെന്നുള്ളത് ആ ഭാഷയിൽ പ്രചാരത്തിലിരിക്കുന്ന ഗ്രന്ഥങ്ങളുടെ എണ്ണവും വണ്ണവും ഗുണവും തെളിവുംകൊണ്ടു നിശ്ചയിക്കാവുന്നതാണ്. ഞാൻ പുസ്തകപ്രകാശനവിഷയത്തിൽ ആദ്യം ഏർപ്പെട്ടപ്പോൾ മലയാളഭാഷയിൽ പുസ്തകങ്ങൾക്ക് വളരെ ദാരിദ്ര്യവും ഉള്ളവയ്ക്ക് അസാമാന്യമായ വിലയും ഉണ്ടായിരുന്നു. എഴുത്തറിയാവുന്ന കേരളീയഗൃഹങ്ങളിൽ അധികം ആളുകളും നിത്യേനയും പാരായണം ചെയ്യുന്നവയാണല്ലൊ എഴുത്തച്ഛന്റെ ഭാഗവതം ഭാരതം, രാമായണം എന്നീ മൂന്നു കിളിപ്പാട്ടുകളും; ഇവയിൽ ഓരോ പുസ്തകത്തിനും അന്ന് 7-ം 4-ം 3-ം രൂപാ വീതം വില കൊടുത്താലും ആരു സുലഭമല്ലായിരുന്നു. ഇവ അച്ചടിക്കപ്പെട്ടിരുന്നാലും വാലും തലയും മുറിഞ്ഞും നിലയും ഒന്നും കൂടാതെയും അപരിഷ്കൃതമായും വികലാക്ഷരനിബിഡമായും ആയിരുന്നു. പുസ്തകത്തിന്റെ ചുരുക്കംകൊണ്ടും വിലക്കൂടുതൽകൊണ്ടും ദ്രവ്യസ്ഥന്മാരുടെ ഭവനങ്ങളിൽ അല്ലാതെ സാധാരണന്മാരുടെയും പാവങ്ങളുടെയും ഭവനങ്ങളിൽ അവയ്ക്കു അന്നു ഇന്നത്തെപ്പോലെ പ്രവേശനം ലഭിച്ചിരുന്നുമില്ല. അവയെല്ലാം എന്റെ പ്രസിദ്ധീകരണകോടിയിൽ ഉൾപ്പെടുത്തി ആകൃതിയിൽ പരിഷ്കാരവും പ്രകൃതിയിൽ സൗന്ദര്യവും വരുത്തിയിട്ടുള്ളതു ഇപ്പോൾ മുമ്പിലത്തേതിൽ അഞ്ചിൽ ഒരോഹരി വിലയ്ക്ക് കേരളത്തിലെങ്ങും സുലഭമാണെന്നുള്ളതിനു പുറമെ ധനികന്മാരുടെ പ്രാസാദങ്ങളിലും സാധാരണന്മാരുടെ ഭവനങ്ങളിലും പാവങ്ങളുടെ കുടിലുകളിലും ഒന്നുപോലെ പുരാണപാരായണം നടന്നുവരുന്നതുകാണുന്നു. ഭാഷാകവികുലഗുരുക്കന്മാരായ എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ, ചെറുശ്ശേരി നമ്പൂരി മുതലായ പ്രസിദ്ധകവികളുടെ ഗ്രന്ഥരത്നങ്ങളും മലയാളഭാഷയുടെ പൂർവ്വികസമ്പത്തുകളും, ഗുണപ്രദങ്ങളുമായ അനവധി കൃതികളെ അച്ചടിച്ചുപ്രസിദ്ധീകരിച്ചു ജനസാമാന്യത്തിനു ഒന്നുപോലെ അനുഭവയോഗ്യമാക്കിത്തീർത്തിട്ടുള്ളതുമല്ലാതെ അപ്രസിദ്ധങ്ങളും, പരിഷ്കാരവിമുഖന്മാരും സ്വാർത്ഥതൽപ്പരന്മാരുമായ പലരും ഗുപ്തമായി സംഗ്രഹിച്ചു വെള്ളെറുമ്പിനും പാറ്റയ്ക്കും കൊടുപ്പാനായി വച്ചിരുന്ന പല പ്രയോജനകരങ്ങളായ ഗ്രന്ഥങ്ങളെയും ഞാൻ അതിപ്രയത്നംകൊണ്ടും ധനവ്യയംകൊണ്ടും സമ്പാദിച്ചു മുദ്രണംചെയ്തു പൊതുജനങ്ങൾക്കുപകാരമാക്കിട്ടുള്ളതിനെ ഞാൻ തന്നെ മഹാജനങ്ങളോട് ഘോഷിക്കുന്നതു ആത്മപ്രശംസയിൽ ഉൾപ്പെട്ടുപോകുമോ എന്നു ശങ്കിക്കുന്നെങ്കിലും വാസ്തവനിവേദനമല്ലയോ എന്നൊരു സമാധാനവും ഉണ്ട്. മലയാളഭാഷാസാഹിത്യലോകത്തിനു പത്തിരുപതിൽ ചില്വാനം കൊല്ലത്തിനിപ്പുറമായി പെട്ടെന്നൊരു വികാസവും, ശക്തിയും, പരിഷ്കാരവും, തെളിവും വർദ്ധിച്ചിട്ടുള്ളതിനു ഇപ്പോഴത്തെ ഭാഷാസാമ്രാജ്യത്തിലെ ചക്രവർത്തിതിരുമനസ്സിലെയും, യുവരാജാവുതിരുമനസ്സിലെയും, സാമന്തപ്രമാണിമാരുടെയും ഭരണനൈപുണ്യവും പ്രധാന ഉദ്യോഗസ്ഥന്മാരുടെ കൃത്യനിഷ്ഠയും, മലയാളം മാതൃഭാഷയായ കേരളത്തിന്റെ ഒന്നാകെയുള്ള ഉണർച്ചയും പരിഷ്കൃതനിലയിൽ വർത്തിക്കുന്ന അന്യഭാഷകളോടുള്ള സംസർഗ്ഗവും സർവ്വകലാശാലയിൽ മലയാളഭാഷയും ഒരു ഉപഭാഷയായി സ്വീകരിക്കപ്പെട്ടതും ബ്രിട്ടീഷ്, തിരുവിതാംകൂർ, കൊച്ചി ഈ ഗവർമ്മെന്റുകൾ മലയാളവിദ്യാലയങ്ങളെ സ്ഥാപിച്ചു പോഷിപ്പിക്കുന്നതും

അച്ചടിയന്ത്രങ്ങളുടെ ആവിർഭാവവും പ്രധാനകാരണങ്ങളാണെങ്കിലും, മലയാളത്തെ ദ്രാവിഡഭാഷാമഹാസാമ്രാജ്യത്തിൽ വിശിഷ്ടസ്ഥിതിക്ക് പ്രത്യേകമായ ഒരു സാമ്രാജ്യമാക്കി കൊടുത്ത എഴുത്തച്ഛന്റെ പാവനമായ കൃതികളേയും ... പല നാടോടികളെയും വിചിത്രസ്ഥാപനങ്ങളേയും അലങ്കാരസാധനങ്ങളേയുംകൊണ്ടു പരിഷ്കരിച്ചു കൊട്ടാരത്തിൽ ഉണ്ണായിവാര്യർ മുതലായവരുടെ സാരഗർഭങ്ങളായ കവിതകളേയും, സ്വതന്ത്രസ്വതന്ത്രനായി സർവ്വവിഷയങ്ങളിലും തുള്ളിക്കളിച്ചു ജനഹൃദയപ്രസാദത്തെ മുഴക്കി മരണമടഞ്ഞ കുഞ്ചൻനമ്പ്യാരുടെ ഗാനങ്ങളേയും പിന്നീടുണ്ടായ മണിപ്രവാളംകൊണ്ട് മിന്നിച്ചും മാത്രം, തെണ്ടുംപോയവരെ എല്ലാം നന്നായാക്കാനം ചെയ്തൊന്നിച്ചു ചേർത്തും നമ്പ്യാന്മാരായ മനസ്സ്മൃതി, ഭർതൃഹരി മുതലായ ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങളെ എഴുതിച്ചും ശ്രീമച്ഛങ്കരാചാര്യർ, വിക്രമാദിത്യകഥ, കീർത്തികൗമുദി, കാദംബരി, കഥാസരിത്സാഗരം, ശ്രീകൃഷ്ണവിലാസം, ശുകസപ്തതികഥകൾ, ദക്ഷിണീഭാഷ്യം, ലീലാവതി, ആരോഗ്യാഷ്ടകം ശ്രീരാമകൃഷ്ണപരമഹംസരുടെ ഉപദേശങ്ങൾ 100 ൽ ചില്വാനം ഗദ്യപുസ്തകങ്ങളെ ദ്രാവിഡം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നും വിദ്വാന്മാരെക്കൊണ്ടു തർജ്ജമ ചെയ്യിപ്പിച്ചും വാല്മീകിരാമായണം, ഗരുഡപുരാണം, സേതുമാഹാത്മ്യം മുതലായി പല കിളിപ്പാട്ടുകൾ ഹരിശ്ചന്ദ്രചരിതം തുടങ്ങിയ 50-ൽ ചില്വാനം നാടകപുസ്തകങ്ങൾ, ശ്രീകൃഷ്ണചരിതം, സന്മാർഗ്ഗചന്ദ്രിക, അവസരോക്തിമാല, ജ്ഞാനോപദേശം മുതലായി 100-ൽപരം മണിപ്രവാളപദ്യപുസ്തകങ്ങൾ, മാധവനിദാനം, വൈദ്യസംഗ്രഹം മുതലായ വൈദ്യഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ ഇവയും വള്ളപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, അമ്മാനപ്പാട്ടുകൾ, വാതിൽതുറപ്പാട്ടുകൾ, കുമ്മിപ്പാട്ടുകൾ, ഊഞ്ഞാൽപ്പാട്ടുകൾ, നേരമ്പോക്കുവിഷയമായ ക്രീഡാവിനോദപുസ്തകങ്ങൾ മുതലായി 900-ൽ ചില്വാനം ചില്ലറ ഇനങ്ങൾ ഇങ്ങനെ പലതരത്തിൽ ചില്വാനം ഗ്രന്ഥങ്ങളെ ഒരു വ്യാഴവട്ടകാലമായിട്ട് അനവരതപ്രയത്നംകൊണ്ടു സംഗ്രഹിച്ചും സമ്പാദിച്ചും പ്രസിദ്ധം ചെയ്തു ഭാഷാസാഹിത്യലോകവാസികൾക്കുപകാരപ്പെടുത്തിവരുന്ന "വിദ്യാഭിവർദ്ധിനി" പുസ്തകശാലയുടേയും മുദ്രാലയത്തിന്റെയും പ്രയത്നവും ഭാഷാഭിവൃദ്ധിക്ക് ഏതുമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതിനെ മഹാജനങ്ങൾതന്നെ തീർച്ചപ്പെടുത്തേണ്ടതാണ്. ഞാൻ ഇതുവരെയും ഉള്ള എന്റെ ജീവിതകാലം മുഴുവനും ഭാഷാഗ്രന്ഥങ്ങളെ പ്രകാശിപ്പിക്കുന്നതിനും മലയാളം അച്ചടിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും ആയിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ എനിക്കു സഹായമായി നിന്നിട്ടുള്ള വിദ്വാന്മാരായ പണ്ഡിതപ്രവരന്മാരുടെ നാമധേയങ്ങളും അവരിൽ ചുരുക്കം ചിലരുടെ ഉദാരതയും ... എന്നാൽ പ്രസാധിതങ്ങളായ പുസ്തകങ്ങളെ ധാരാളം വാങ്ങി വായിച്ചു എനിക്കു നൽകുന്ന കൃതജ്ഞതയെ വെളിപ്പെടുത്തുന്നതും മാത്രമാകുന്നു. പരിഷ്കൃതന്മാരായി ഭാഷാപോഷണവിഷയത്തിൽ പ്രയത്നിക്കുന്നവർ ഗവൺമെണ്ടിൽനിന്നും ബുക്കുകമ്മറ്റിയിൽനിന്നും പല സഹായങ്ങളും ചെയ്തുകൊടുക്കുന്ന പതിവുണ്ട്. എന്നാൽ വിദ്യാഭ്യാസവിഷയത്തിൽ ... ഉദാരതയും നാനാപ്രകാരത്തിലും പ്രകാശിപ്പിക്കുന്ന നമ്മുടെ ഗവൺമെന്റിൽനിന്നാകട്ടെ ബുക്കുകമ്മിറ്റിയിൽനിന്നാകട്ടെ ഗൗണീയമായ യാതൊരു സഹായവും ഇതുവരെയും "വിദ്യാഭിവർദ്ധിനി"ക്കു ലഭിച്ചിട്ടില്ലാത്തതു ഭാഗ്യദോഷംകൊണ്ടെന്നല്ലാതെ മറ്റൊന്നും പറയാവതല്ല. ഏതൊരു വ്യവസായവും അഭിവൃദ്ധിയിൽ വരുന്നതിന് ഗവൺമെന്റിന്റെ സഹായം ഒട്ടധികം അപേക്ഷിതമാണെന്നുള്ളതു പ്രസ്താവയോഗ്യമാണ്. ഞാൻ അച്ചുക്കൂടം നടത്തി തുടങ്ങിയതുമുതൽ മലയാളം അച്ചടിയെ വിവിധവിധത്തിലും പരിഷ്കരിച്ചുവരികയാണെങ്കിലും എന്റെ എല്ലാ മനോരഥങ്ങളും ഒന്നുപോലെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു മറ്റു യാതൊരു വിധത്തിലും സഹായികളില്ലാത്തതിനാൽ സാധിച്ചിട്ടില്ലെന്നുള്ളതിനേയും വ്യസനസമേതം വെളിപ്പെടുത്തിക്കൊള്ളുന്നു. പ്രാചീനന്മാരും അർവാചീനന്മാരും

ആയ പണ്ഡിതരസികന്മാരുടെ കല്പനകളെ ഇനംപ്രതി കുറിച്ചെഴുതിയിരിക്കുന്നതു് ഓരോ ഗ്രന്ഥങ്ങളെ ഒക്കെ വായിക്കുന്നതിനുള്ള ഒരു വഴിയും വായനക്കാർക്ക് സുഗമവും സുകരവും ആയിരിക്കയെന്നെനിക്കു കുറെ മുമ്പുതന്നെ ഉണ്ടായിരുന്ന അഭിപ്രായത്തെ സാധിതമാക്കി സന്തോഷിക്കാനുള്ളതുകൊണ്ടും പൂർവികന്മാരും ആധുനികന്മാരും ആയ വിദ്വാന്മാരുടെ 7½ ദിവസത്തെ ആട്ടക്കഥകളെ കുറിച്ചെഴുതു് അച്ചടിപ്പിച്ചു. മലയാളത്തിലെ പണ്ഡിതന്മാരിൽ പലരും മാന്യപത്രങ്ങൾക്കും അഭിപ്രായത്തിനയച്ചതിനു് എല്ലാവരും ഐകകണ്ഠ്യേന ഈ പ്രയത്നം മലയാളികൾക്കെല്ലാം മലയാളത്തിനും അമൂല്യമായ ഒരു ഉപകാരവും അത്യന്തം ശ്ലാഘനീയവുമാണെന്നഭിപ്രായപ്പെട്ടതുകൂടാതെ ഒടുവിൽ സരസകവിയായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഇതിന്റെ ഭാഷാടീകാദികളിൽ അഗ്രഗണ്യനായ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളും മറ്റും ഇതുപോലെ ഉള്ള കഥകൾ, വഞ്ചിപ്പാട്ടുകൾ മുതലായവയും സമ്പാദിച്ചു് അച്ചടിപ്പിക്കുന്നതു വളരെ പ്രയോജനവും ആവശ്യവുമാണെന്നഭിപ്രായപ്പെട്ടു. ആ വിഷയത്തിൽ എനിക്ക് അത്യന്തം ഉത്സാഹത്തെ ജനിപ്പിച്ചു.

അതിൽപിന്നെ ഞാൻ ഭാഷാകവികുലഗുരുവായ കുഞ്ചൻനമ്പ്യാരുടെ സരസമധുരപ്രസന്നഗംഭീരങ്ങളായ തുള്ളൽപാട്ടുകൾ സമ്പാദിച്ചു് അച്ചടിപ്പിച്ചാൽ ഭാഷയ്ക്കും ജനങ്ങൾക്കും പ്രയോജനമായി ഭവിക്കുമെന്നു വിചാരിച്ചു ശ്രമിച്ചതിന്റെ ഫലമായിട്ടാണു് 51 കഥകൾ അടങ്ങിയ കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ ഒന്നാംഭാഗം എന്ന പുസ്തകം 1084-ൽ "വിദ്യാവിലാസിനി" മുദ്രാലയമുദ്രിതമായി പുറപ്പെട്ടു് ഇപ്പോൾ കേരളത്തിലെങ്ങും പ്രചരിക്കുന്നതു്. മലയാളത്തിലെ എല്ലാ മാന്യപണ്ഡിതന്മാരും പൊതുജനപ്രാതിനിധ്യത്തെ വഹിക്കുന്ന മാന്യപത്രങ്ങളും വിലയേറിയ പല അഭിപ്രായങ്ങൾമൂലം എന്നെ സന്തോഷിപ്പിക്കയും കേരളവാസികൾ ആദരിക്കയും ചെയ്ത ഈ ഉദ്യമവിഷയത്തിൽ സർവഥാ ഭാഗ്യവാനായ എനിക്ക് വിശേഷാൽ ഇതേവരെ ഉദ്യോഗാധിക്യവും കൃത്യാന്തരങ്ങളാൽ ഉണ്ടായി ഇതിന്റെ 2-ാംഭാഗം പുറപ്പെടുവിക്കുന്നതിനു സംഗതിയായില്ല.

അതിനുശേഷം എന്റെ മാന്യസ്നേഹിതന്മാരിൽ പലരും, സരസകവിയായ കുഞ്ചൻനമ്പ്യാരുടെ മറ്റുള്ള കവിതകളെക്കൂടി സമ്പാദിച്ചു 2-ാംഭാഗമായി ഒരു പുസ്തകംകൂടി കൊണ്ടു മലയാളഭാഷാഭിവൃദ്ധിയുടെ ബലത്തെ വർദ്ധിപ്പിക്കണമെന്നു നിർബന്ധിച്ചെങ്കിലും ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ള തുള്ളലുകളിൽ അധികവും മുൻപിൽ അച്ചടിച്ചിട്ടുള്ളവ അല്ലാത്തതിനാൽ അപ്രസിദ്ധങ്ങളും സ്വന്തം കൈവശം ഉള്ളവരിൽ അധികംപേരും പ്രസിദ്ധപ്പെടുത്തുന്നതിൽ വൈമനസ്യമുള്ളവരും ആകയാൽ അവയെ സമ്പാദിക്കുന്നതിനുള്ള ബുദ്ധിമുട്ടും ധനവ്യയവും ക്രമാധികമായി കണ്ടതുകൊണ്ടുണ്ടായ ഏതദ്വിഷയത്തിലുള്ള എന്റെ മന്ദഗതിയെ മഹാമഹിമശ്രീ കൊച്ചിയിൽ എസ്. എച്ച്. രാമവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു അനവദ്യങ്ങളായ ഉപദേശങ്ങളും പ്രോത്സാഹനങ്ങളുമായ തിരുവെഴുത്തുകൾമൂലം എടുത്തു ചില ദുർല്ലഭങ്ങളായ നല്ല കഥകൾ അയച്ചുതന്നും ത്വരിതപ്പെടുത്തുകയാൽ 1088-ൽ 26 കഥകൾ അടങ്ങിയ രണ്ടാംഭാഗവും വെളിക്കാക്കി. അതിൽ എനിക്ക് അധികം ബുദ്ധിമുട്ടും ധനവ്യയവും നേരിട്ടിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടെയും വിദ്വാന്മാരുടെയും ശ്ലാഘ്യ നിലനന്മയായി ലഭിച്ചതുകൊണ്ടു പരമപ്രകാശത്തിന്നു ആളെന്ന വിചാരത്തോടുകൂടിയ എനിക്ക് യാതൊരു ചാരിതാർത്ഥ്യക്കുറവും സംഭവിച്ചില്ല.

അതിൽപിന്നെ രണ്ടുഭാഗത്തിലുംകൂടി ഉള്ള അൻപത്തേഴു കഥകളെയും ഒന്നിച്ചു ചേർത്തു ഒരുവാല്യത്തിൽ മാറ്റാൻ എല്ലാം ഒന്നായും ശീർഷകം പറയാൻ ഇവയെ അനുക്രമമായും ഇനം തിരിച്ചു ചമച്ചും വായനക്കാരുടെ സൌകര്യത്തിനുവേണ്ടി റോയൽസൈസ് മാറ്റി ഡമ്മി എട്ടുക്കിയും ഒരു പുസ്തകത്തിൽ പുസ്തകരൂപീകരണത്തിന്റെ ഗുണത്തെക്കൊണ്ടു് യാതൊരു നിശ്ചയം

ങ്ങളായ ചില അല്പപടികളെ തിരുത്തിയും അച്ചടിച്ചു പ്രസിദ്ധം ചെയ്യണമെന്നു സ്വല്പ ദിവസമായിട്ടു വിചാരിച്ചുകൊണ്ടു വരികയായിരുന്നു. ഇതിനിടയിൽ വിദ്യാഭിവർദ്ധിനിക്കു പരസ്യധനമായ മഹാഭാരതത്തെ ഗദ്യമാക്കി പ്രസിദ്ധപ്പെടുത്തണമെന്നുള്ള മോഹംകൊണ്ടു് ഞാൻ ഈയിടെ പ്രകടീകരിച്ചു [illegible] ഭാരതം ഒൻപതാം വാല്യത്തിന്റെ രൂപീകരണത്തിൽകൂടി പ്രവേശിച്ചുപോയതിനാൽ എന്റെ അഭീഷ്ടപ്രകാരം തുള്ളക്കഥ ഒന്നാം ഭാഗവും രണ്ടാംഭാഗവും ഇപ്രകാരം സങ്കലനംചെയ്തു മുൻപതിപ്പിൽ ഉണ്ടായിരുന്ന അക്ഷരവീഴ്ചകളും തീർത്തു നല്ല കടലാസിൽ ഭംഗിയായിട്ടു അച്ചടിച്ചു ഒതുങ്ങിയ സൈസ്സിൽ ചുരുങ്ങിയ വിലയ്ക്കു ഇപ്പോൾ മാത്രമേ പൊതുജനസമക്ഷം സമർപ്പിക്കുവാൻ സംഗതിയായിട്ടുള്ളു.

ഇതിൽ അടങ്ങിയിട്ടുള്ള എല്ലാ കഥകളെയും ഒന്നിച്ചു കൂട്ടിച്ചേർത്തു അവയെ സംസ്കരിച്ചു ഇപ്രകാരം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ സഹിച്ചിട്ടുള്ള ധനവ്യയത്തെയും പ്രയത്നത്തെയും എന്നല്ല മറ്റൊന്നുംകൊണ്ടും ഈ പുസ്തകത്തിനു ഒരു പത്തു രൂപാ വില നിശ്ചയിച്ചാലും കൂടിപ്പോകുകയില്ല. ഇതിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ ഒന്നാം പുസ്തകത്തെപ്പറ്റി അഭിപ്രായം പറഞ്ഞകൂട്ടത്തിൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പുസ്തകമൊന്നിനു അഞ്ചു രൂപാവീതം വില വച്ചാലും കൂടുതൽ അല്ലെന്നു കല്പിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ മലയാളികളിൽ അധികം ആളുകളും ദ്രവ്യസ്ഥന്മാർ അല്ലാത്തതിനാൽ എന്റെ ഈ പ്രയത്നത്തിന്റെ ഫലവും ഭാഷാകവികലകിരീടമണിയായ കുഞ്ചൻനമ്പ്യാരുടെ വാങ്മാധുര്യവും എല്ലാവരും ഒന്നുപോലെ അനുഭവിക്കാറാകണമെന്നു വിചാരിച്ചു ഞാൻ ഇതിനു ഏറ്റവും ചുരുങ്ങിയ വില മാത്രമേ നിശ്ചയിച്ചിട്ടുള്ളു.

അല്ലയോ കേരളീയമഹാജനങ്ങളേ! ഈ മഹത്തായ ഗ്രന്ഥത്തിനു ഈ നിസ്സാരമായ തുക കൂടുതൽ അല്ലല്ലോ. അതുകൊണ്ടു മഹാജനങ്ങൾ എല്ലാം ഈ പുസ്തകംവാങ്ങി വായിച്ചു മലയാളികളെ ഉദ്ദേശിച്ചിട്ടുള്ള എന്റെ വലുതായ ഈ ശ്രമത്തിനു കൃതാർത്ഥതയുണ്ടാക്കിത്തരണമെന്നു അപേക്ഷിച്ചുകൊണ്ടും ഒന്നും രണ്ടും ഭാഗങ്ങളെ സംബന്ധിച്ചു സരസം അഭിപ്രായങ്ങൾ അയച്ചുതന്ന മഹാശയന്മാർക്കും പുസ്തകരൂപീകരണത്തിനു കഥകൾ അയച്ചുതന്ന എല്ലാ ഉദാരശീലന്മാർക്കും വിശേഷിച്ചും ഇതിൽ എന്നെ അത്യന്തം ഉത്സാഹപ്പെടുത്തുകയും നല്ലതിൽ ചില കഥകൾ അയച്ചുതരികയും ചെയ്ത [illegible] ആയ മഹാമഹിമശ്രീ കൊച്ചി ഒന്നാംകൂർ എച്ച്. എച്ച്. രാമവർമ്മത്തമ്പുരാൻ തിരുമനസ്സിലേക്കും ഞാൻ എന്റെ ഏകാഗ്രമായ വന്ദനങ്ങളെ പറഞ്ഞുകൊണ്ടും ഇതിന്റെ ആദ്യപതിപ്പുകാലത്തു അച്ചടിപ്പും പകർത്തിയും ഏറ്റവും ദുഷിച്ചുപോയ പല കഥകളെയും സശ്രദ്ധം പരിശോധിച്ചു യഥാപൂർവം സംസ്കരിക്കുന്നതിനു തന്റെ വിലയേറിയ സമയത്തെ വ്യയംചെയ്ത പ്രബോധ[illegible] അധിപരവർകളോടെന്നപോലെ രണ്ടു ഭാഗങ്ങളെയും ഒന്നായിട്ടു ഇപ്രകാരം സങ്കലനം ചെയ്തതിലും അവയിൽ ഉണ്ടായിരുന്ന അച്ചടിത്തെറ്റുകളും മറ്റും പരിശോധിച്ചു ശുദ്ധിപ്പെടുത്തിയതിലും പ്രയത്നിച്ചിട്ടുള്ള തെങ്ങിലഴികത്തു എൻ. നാണുപിള്ള അവർകളോടും ഞാൻ ഏറ്റവും നന്ദിയുള്ളവനായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊണ്ടും ഈ മുഖവുരയെ ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു്,

1088 ചിങ്ങം 30-ാംനു-

എസ്സ്. റ്റി. റെഡ്ഡ്യാർ.

പല മഹാന്മാരിൽനിന്നും കിട്ടിയിട്ടുള്ള

വിലയേറിയ അഭിപ്രായങ്ങൾ.

അനന്തപുരത്തുകൊട്ടാരത്തിൽ മഹാമഹിമശ്രീ ഇളയകോയിത്തമ്പുരാൻ തിരുമനസ്സിലെനിന്നും,

ശ്രീ

എസ്സ്. റ്റി. റെഡ്യാരവർകൾക്ക്.

ഐതിഹ്യകഥകൾ അടങ്ങിയ ഒന്നാംഭാഗം പുസ്തകം കിട്ടി വളരെ സന്തോഷമായി. കുറഞ്ഞൊരുകാലത്തിനിപ്പുറം മലയാളഭാഷ പരിഷ്കൃതമായെന്ന് ചിലർക്കൊരാക്ഷേപമുണ്ടായതിനെ, നീക്കുന്നതിനുവേണ്ടി ഭാഷാഭിമാനികളായ പല മഹാന്മാരും പലപ്രകാരത്തിൽ ഉള്ള ശ്രമങ്ങൾ ചെയ്തതിന്റെ ഫലമായിട്ട് ഇപ്പോൾ ആ ഭാഷ ഒരുവിധം പരിഷ്കൃതസ്ഥിതിയിൽ എത്തീട്ടുണ്ടെന്നുള്ളതു സർവ്വസമ്മതമാണല്ലോ. എന്നാൽ മഹാന്മാരായ പ്രാചീനകവികളുടെ കൃതികളെ ഉദ്ധരിച്ചു വേണ്ടതു വെളിപ്പെടുത്തി മേൽപറഞ്ഞ ആക്ഷേപത്തെ പരിഹരിക്കുന്നതിലേക്ക നിങ്ങൾ ചെയ്തുവരുന്ന പരിശ്രമം ഒട്ടും ചില്ലറയല്ലാത്തതിനാൽ, അതിൽവച്ചു നിങ്ങൾക്കുണ്ടാകുന്ന യശസ്സ് ഈ കേരളഭൂമിയുള്ളകാലമെല്ലാം സുസ്ഥിരമായിരിക്കുമെന്നു ഞാൻ ആശംസിക്കുന്നു. ഇതിൻ നാലുപുസ്തകം വി. പി. ആയി അയച്ചുതരേണ്ടിയിരിക്കുന്നു.

ഇളയകോയിത്തമ്പുരാൻ (ഒപ്പ്)

മഹാമഹിമശ്രീ കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. എ. എസ്സ്. എഫ്. ആർ. എച്ച്. എസ്സ്. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെനിന്നും,

29-ാംനു- അയച്ച എഴുത്തുകിട്ടി. മുപ്പത്തിരണ്ടു ഐതിഹ്യകഥകൾ അടങ്ങിയ രണ്ടു ഭാഗത്തിലുള്ള പുസ്തകം രണ്ടും കിട്ടീട്ട് ഏതാനും ദിവസമായി. അതു കിട്ടിയതുമുതൽ നമ്പ്യാരുടെ ഓരോ അതിരസങ്ങളായ ഐതിഹ്യകഥകളെ ഒന്നോ രണ്ടോ മണിക്കൂറുനേരം വായിക്കാതെ ഒരു ദിവസവും കഴിയാറില്ല.

കുറച്ചുകാലമായിട്ട് ദേഹത്തിന്റെ അസ്വാസ്ഥ്യതയാൽ പുസ്തകവായനയിൽ ശ്രദ്ധ എനിക്കല്പം കുറവായിട്ടാണിരിക്കുന്നത്. എങ്കിലും ഈ ഐതിഹ്യകഥകളിൽ മുൻപു കേട്ടിട്ടില്ലാത്തതായി ചിലതും, കേട്ടിട്ടുള്ളതായി പലതും, എടുത്തു വായിച്ചുതുടങ്ങിയാൽ ഇതര കൃത്യനിർബന്ധംകൊണ്ടു മാത്രമാണ് പുസ്തകം കയ്യിൽനിന്നും താഴെ വയ്ക്കേണ്ടിവരുന്നത്. ഈ നാട്ടിൽ വിദ്യാഭിവൃദ്ധിക്കായി നിങ്ങൾ അനവധി ദ്രവ്യം ചെലവുചെയ്തു നാനാപ്രകാരമായി പരിശ്രമിച്ചും വരുന്നതിന്റെ വില മതിക്കത്തക്കതല്ലാത്ത പല ഫലങ്ങളും വെളിക്കു വന്നകൂട്ടത്തിൽ ഈ മുപ്പത്തിരണ്ടു ഐതിഹ്യകഥകളെയും ഇങ്ങിനെ ഒന്നായിച്ചേർത്തു അച്ചടിപ്പിച്ച്, ജനങ്ങൾക്കു സമർപ്പിച്ചിരിക്കുന്നതിനേക്കാൾ ശ്ലാഘ്യതരമായ ഒരു കൃത്യം ഭാഷാഭിമാനമുള്ള ഒരുവനാലും സാധിപ്പാൻ ശക്യമല്ല.

നിങ്ങൾ ഈ ഐതിഹ്യകഥാപുസ്തകത്തിന്റെ രണ്ടു പ്രതികൾ എനിക്കയച്ചുതന്നതിനുവേണ്ടി എന്റെ ഹൃദയംഗമമായ നന്ദി പറഞ്ഞുകൊള്ളുന്നു.

പുസ്തകം ഒന്നിനു അഞ്ചുരൂപാവീതം ഒട്ടും സംശയംകൂടാതെ വിലവയ്ക്കാമെന്നിരിക്കെ, നിങ്ങൾ ഇപ്പോൾ വച്ചിരിക്കുന്ന വില അത്യന്തം ലഘുവാകയാൽ നാട്ടുകാരിൽ നിർവ്വാഹമുള്ളവരൊക്കെയും ഓരോ പ്രതിയെങ്കിലും വാങ്ങിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

വലിയകോയിത്തമ്പുരാൻ (ഒപ്പ്)

മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മ, എം. എ., എം. ആർ. എ. എസ്സ്., തിരുമനസ്സിൽനിന്നും.

നിങ്ങൾ അയച്ചു "തുള്ളൽക്കഥകൾ ഒന്നാംഭാഗം കിട്ടി സന്തോഷമായി. സരസകവിയായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ ശേഖരിച്ചു ഇങ്ങിനെ അച്ചടിപ്പിക്കുന്നതിനായി നിങ്ങൾ ആരംഭിച്ചിരിക്കുന്നതു ഭാഷയുടെ ഭാഗ്യമെന്നേ എന്തു പറയാം. 72-ദിവസത്തെ ആട്ടക്കഥകൾ ഒന്നിച്ചു നിങ്ങൾ അച്ചടിപ്പിച്ചതുതന്നെ ഭാഷയ്ക്കു വലിയ സഹായമാണു്. എന്നാൽ ഈ തുള്ളൽക്കഥകൾ കൊണ്ടുള്ള ഉപയോഗം അതിലും അധികമായിട്ടുള്ളതാകുന്നു. അച്ചടിയുടെ രീതിയും മററും നന്നായിട്ടുണ്ടു്. നമ്പ്യാരുടെ ശേഷമുള്ള തുള്ളൽക്കഥകളും കഴിയുന്നിടത്തോളം ശേഖരിച്ചു നിങ്ങൾ പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കയും ഈ മാതിരി മററു നല്ല കൃതികൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി ഭാഷയുടെ പരിഷ്കാരം വർദ്ധിപ്പിക്കുന്നതിനായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമത്തെപ്പററി വളരെ അഭിനന്ദിക്കയും ചെയ്യുന്നു.

എ. ആർ. രാജരാജവർമ്മ (ഒപ്പു്)

സർവകലാശാലാ പരിശോധകൻ കൊച്ചി ഭ്രാക്കർ മഹാമഹിമശ്രീ കേരളവർമ്മ ബി. എ. കൊച്ചുണ്ണിതമ്പുരാൻ തിരുമനസ്സിൽനിന്നും.

തുള്ളൽക്കഥകളുടെ 1-ാംഭാഗം എന്റെ അഭിപ്രായത്തിനായി നിങ്ങൾ എനിക്കയച്ചുതന്നതിനെ, ഞാൻ നന്ദിപൂർവ്വം സ്വീകരിച്ചുകൊള്ളുന്നു. നിങ്ങളുടെ "ആട്ടക്കഥകൾ" പുറത്തുവന്നപ്പോൾ എനിക്കാദ്യമെയുണ്ടായ വിചാരം ഇതുപോലെ തുള്ളൽക്കഥകളും ഒന്നായി സംഗ്രഹിച്ചിട്ടുള്ള ഒരു പുസ്തകം അച്ചടിച്ചുകിട്ടിയാൽ നന്നായിരുന്നു എന്നായിരുന്നു. അതും ഇപ്പോൾ സാധിച്ചുകൂട്ടത്തിലായി. ഇതിൽ വായനക്കാർ നിങ്ങളോടു്, എത്രതന്നെ കടപ്പെട്ടിരിക്കണമെന്നു്, പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ല. ഈ 1-ാംഭാഗത്തിൽ അടങ്ങിയിരിക്കുന്ന കഥകൾ മുഴുവൻ കുഞ്ചൻനമ്പ്യാരുടെ കൃതികളാണെന്നോർക്കുമ്പോൾ ഈ പുസ്തകത്തിന്റെ ഗുണവും ആവശ്യകതയും ഒരുപോലെ സ്പഷ്ടമാകുന്നു. പിന്നെ, പല പുസ്തകങ്ങളും സംബന്ധിച്ചുപറയേണ്ടുന്നതു അച്ചടിക്കുറ്റത്തിലാണു്. എന്നാൽ എന്റെ കഥകളോളം ഞാൻ വായിച്ചുനോക്കി. പറയത്തക്ക അച്ചടിപ്പിഴകളൊന്നും കണ്ടുമുട്ടിയില്ല. മററു കഥകളിലും ഇങ്ങിനെതന്നെ ഇരിക്കുമെന്നുതന്നെയാണു് എന്റെ വിശ്വാസം. എന്നാൽ ഒരു ദോഷമില്ലെന്നു സംശയിക്കുന്നു. നല്ലതായ പുസ്തകത്തിനു വില കുറെ അധികമായിപ്പോയി. പക്ഷേ അതുകൊണ്ടുള്ള നഷ്ടം നിങ്ങൾക്കല്ലാതെ വായനക്കാർക്കല്ല.

നിങ്ങളുടെ ഉദ്യമത്തിനു തക്ക ഫലം സിദ്ധിച്ചു ഭാഷോപകാരത്തിനായി ഇനിയും അനേകഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുവാൻ, നിങ്ങളുടെ മനസ്സിൽ ഉത്സാഹം തോന്നിക്കുന്നതിനു് ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടു് ഈ എഴുത്തു ഞാൻ അവസാനിപ്പിക്കുന്നു.

കേരളവർമ്മ (ഒപ്പു്)

ബ്രഹ്മശ്രീ നടുവത്തച്ഛൻനമ്പൂരിപ്പാടു് തിരുമനസ്സിൽനിന്നും.

കുഞ്ചൻനമ്പ്യാരനേകംകഥകൾകവിതയിൽതുള്ളലായ്ത്തീർത്തതെല്ലാം
തഞ്ചുംമോദേനവന്നാകൃതികളുമുഴുവനൊന്നായിവച്ചച്ചടിച്ചും
കിഞ്ചിൽസന്ദേഹമില്ലിത്തരമതുവളരെശ്ലാഘനീയംനിനച്ചാൽ
താൻചെയ്യുന്നില്ലവേറിട്ടിതിലുമധികമായിട്ടുലോകോപകാരം.
കൊള്ളാമെന്നുകളിലശേഷമില്ലപിഴകതികെട്ടുമീയച്ചടി.
കള്ളന്തീരെപ്പറയല്ലതായവിലയുമെന്നാംവിചാരിക്കുകിൽ
ഉള്ളത്തിൽപ്രിയമാർക്കുമേകമിതൊരാശങ്കചെതിപ്പിന്നിനി-
ത്തുള്ളക്കാർക്കപരീവരത്തിനിതുതാൻ നിക്ഷേപമിക്കാണിയിൽ.

എന്നു് നടുവത്തു്, അച്ഛൻനമ്പൂരി (ഒപ്പു്)

മ. രാ. രാ. കെ. പരമുപിള്ള എം. എ. അവർകളാൽ അയയ്ക്കപ്പെട്ടതു്,
മ. രാ. രാ. എസ്സ്. റ്റി. റെഡ്യാരവർകൾക്കു്.

നിങ്ങൾ അയച്ച തുള്ളൽകഥകൾ ഒന്നാം പുസ്തകം കിട്ടി. പുസ്തകം എല്ലാവിധത്തിലും നന്നായിരിക്കുന്നു എന്നാണു് എന്റെ അഭിപ്രായം. മലയാളഭാഷയ്ക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന ശ്രമത്തെപ്പറ്റി സന്തോഷിക്കാത്തവർ ആരും കാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. "എഴുപത്തിരണ്ടുദിവസത്തെ ആട്ടക്കഥകൾ" നിങ്ങൾ പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ നിങ്ങളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി, മലയാളഭാഷയിലുള്ള എല്ലാ ഉത്തമഗ്രന്ഥങ്ങളും, "വിദ്യാവിലാസിനി" മുദ്രാലയമുദ്രയെ ധരിച്ചു നാട്ടെങ്ങും പ്രചാരമായി സഞ്ചാരം ചെയ്യട്ടെ എന്നു ഞാൻ ആശംസിച്ചിരുന്നു. ഈ ആശംസ ഇപ്പോൾ ഫലവത്തായി വന്നുകാണുന്നതിൽ പ്രത്യേകം സന്തോഷമുണ്ടു്. നമ്പ്യാരുടെ തുള്ളൽകഥകളോടു കേരളവാസികൾക്കെല്ലാം ഒരു പ്രത്യേക വാത്സല്യമുണ്ടല്ലോ. അവയെ കൂട്ടിച്ചേർത്തു ഭംഗിയായവിധം പ്രസിദ്ധം ചെയ്യുന്നതിനു സാധിച്ചതു നിങ്ങൾ ആയിരിക്കെ, അവയ്ക്കു നിങ്ങളോടും ഒരു പ്രത്യേക വാത്സല്യം തോന്നാൻ ന്യായമുണ്ടു്. ഗ്രന്ഥപ്രചാരവിഷയത്തിൽ നിങ്ങൾക്കു സർവ്വവിജയവും ഉണ്ടാകട്ടെ!

എന്നു് കെ. പരമുപിള്ള (ഒപ്പു്)

വലിയകൊട്ടാരം അദ്ധ്യാപകൻ
മ. രാ. രാ. കെ. സി. കേശവപിള്ള അവർകളിൽനിന്നു.

സരസകവിസാർവ്വഭൗമനായ കുഞ്ചൻനമ്പ്യാരുടെ നിസ്തുലമധുരങ്ങളായ തുള്ളൽകഥകൾ 32-എണ്ണം ഒന്നിച്ചു ചേർത്തിരിക്കുന്ന ഈ പുസ്തകം കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷാതിശയം അനിർവ്വചനീയമായിരിക്കുന്നു. "നമ്പ്യാരുടെ തുള്ളൽകഥ" എന്ന വാക്കുതന്നെ കർണ്ണപീയൂഷമാണു്. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള യഥാർത്ഥകവിതകളിൽ ഉൽകൃഷ്ടതമമായ സ്ഥാനത്തെ അർഹിക്കുന്നതു് ഈ മഹാകവിയുടെ തുള്ളൽകഥകൾ ആണെന്നുള്ളതിനു സംശയമില്ല. ഇതുകൊണ്ടു് എഴുത്തച്ഛനെ നമ്പ്യാരിൽനിന്നും താഴ്ത്തിപ്പറകയാണെന്നു വായനക്കാർ ശങ്കിക്കരുതു്. എഴുത്തച്ഛൻ ഭാഷയ്ക്കു ചെയ്തിട്ടുള്ള പരിഷ്കാരമാണു് സർവ്വോപരി പ്രധാനമായിട്ടുള്ളതു്. ആ മഹാത്മാവിനെ അനുഗമിപ്പാൻ ഭാഗ്യമുണ്ടായതാകുന്നു നമ്പ്യാരുടെ അനതിശയനീയമായ ഈ ഉൽക്കർഷത്തിനു ഹേതുവായിത്തീർന്നതു്.

"താഴത്തുമേലത്തുവീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടുകൂടിമറിയലും
പാഴ്മരപട്ട വിരിച്ചുകിടക്കുന്ന
വാഴ്ത്തുചുറന്നപ്രകാരമുണ്ടപ്പോഴും
വാവലുംകാക്കയുംപെരുച്ചാഴികളും
പ്രാവുംപരുന്തുംപറന്നുനടക്കുന്ന
പക്ഷികൾവന്നിട്ടുഴുത്തപഴങ്ങളെ
ഭക്ഷിക്കമാറില്ലചെരികൊണ്ടതിനെ"

എന്നിങ്ങനെ "മധുരകോമളകാന്തപദാവലി"യായ "സരസ്വതി" ഇത്ര ധാരാളമായി മറ്റൊരു കവിയുടെയും നാവിൽ ആവിർഭവിച്ചിട്ടില്ലെന്നു തീർത്തുപറയാവുന്നതാണു്. അപ്രകാരമുള്ള ഈ ദിവ്യകവിയുടെ തുള്ളൽകഥകൾ ഓരോന്നായി അങ്ങുമിങ്ങും ചിതറിക്കിടന്നു് ചിതലിനും പാറ്റയ്ക്കും ആഹാരമായിത്തീരാനിടയാകാതെ അവയെ സമാഹരിച്ചു് ഇപ്രകാരം അച്ചടിപ്പാൻ തുടങ്ങിയ മിസ്റ്റർ എസ്. റ്റി. റെഡ്യാരുടെ പ്രയത്നം, അത്യന്തം അഭിനന്ദനീയംതന്നെയാകുന്നു,

പാഠങ്ങൾ തിരിച്ചുചേൎക്ക, തെറ്റുകളെ കഴിയുന്നതും പരിഷ്കരിക്ക മുതലായി ഇതിന്റെ അച്ചടിയിൽ ചെയ്തിരിക്കുന്ന പരിഷ്കാരങ്ങളും അഭിനന്ദനീയങ്ങളായിട്ടുണ്ടു്. ദുൎല്ലഭമായി ചില ദിക്കിൽ മാത്രം കാണുന്ന അച്ചടിത്തെറ്റുകൾ തീരെ നിസ്സാരങ്ങളും രണ്ടാംപതിപ്പിൽ പരിഹരിക്കാവുന്നവയും ആകുന്നു.

72-ദിവസത്തെ ആട്ടക്കഥകൾ ഒന്നായി അച്ചടിപ്പിച്ചതുകൊണ്ടു് മിസ്റ്റർ റെഡ്യാരുടെ മേൽ ഭാഷാഭിമാനികൾക്കുണ്ടായിരിക്കുന്ന ബഹുമാനം ഈ പുസ്തകത്തിന്റെ പ്രചാരത്തോടുകൂടി പിന്നെയും വർദ്ധിക്കാതെയിരിക്കയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

കെ. സി. കേശവപിള്ള (ഒപ്പ്)

മ. രാ. രാ. കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളിൽനിന്നും.

ശ്രീ.

എസ്സ്. റി. റെഡ്യാരവർകൾക്കു്.

നിങ്ങൾ ഇയ്യിടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "തുള്ളൽക്കഥകൾ" 1-ാം ഭാഗം പുസ്തകം ആകപ്പാടെ വളരെ നന്നായിരിക്കുന്നുവെന്നുള്ളതിനു സംശയമില്ല. ആകെ ഈ പുസ്തകത്തിൽ 32 കളം കഥകളാണല്ലോ അടങ്ങിയിരിക്കുന്നതു്. അവയിൽ ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നിനത്തിലുള്ള തുള്ളൽക്കഥകളെയും മൂന്നായി വേർതിരിച്ചു ശേഖരപ്പെടുത്തിയും പാഠങ്ങൾ വരിവരിയായി തിരിച്ചും ഇടയ്ക്കിടയ്ക്കു സന്ദർഭോചിതങ്ങളായ ഛായാപടങ്ങൾ കൂടി ചേർത്തും അച്ചടിപ്പിച്ചിരിക്കുന്നതു് ഏറ്റവും ഉചിതവും വായനക്കാർക്കു സൌകൎയ്യപ്രദവും സരസവും ആയിരിക്കുന്നു. മലയാളഭാഷയുടെ പരിഷ്കാരാഭിവൃദ്ധികളെയും ഗുണത്തെയും ഉദ്ദേശിച്ചു വളരെക്കാലമായി പല ഇനങ്ങളിലായിട്ടനവധി പുസ്തകങ്ങൾ വിശേഷിച്ചും 72 ദിവസത്തെ ആട്ടക്കഥകൾ ഒന്നായിച്ചേർത്തും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും അനേകം ഏറിയൊരു മഹാന്മാരുടെ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുള്ള നിങ്ങൾക്കു് ഈ തുള്ളക്കഥകളെ പ്രസിദ്ധീകരണം വിശേഷിച്ചു് ഒരു കീർത്തിഹേതുവായിരിക്കുന്നില്ല. എങ്കിലും, ഭാഷാഭിമാനികളായിട്ടുള്ള എവരും നിങ്ങളുടെ ഈ ഉചിതകൃത്യത്തെപ്പറ്റി അത്യന്തം അഭിനന്ദിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പരിഷ്കാരമെന്നുള്ളതു് ഒരിക്കലും അവസാനിക്കാത്തതും കാര്യം പരമാർത്ഥമായി നോക്കിക്കൊണ്ടിരിക്കുന്നവർക്കു് അതിനുള്ള വകകൾ പിന്നെയും പിന്നെയും ഉളവാക്കിക്കൊണ്ടിരിക്കുന്നതുമാണു്. പുസ്തകങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിലുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടും മുതൽ ഈ വക കാര്യങ്ങളിലുള്ള ന്യൂനതകളും മറ്റും എന്തുമാത്രമുണ്ടെന്നു അനുഭവസ്ഥന്മാൎക്കു മാത്രമേ അറിവാൻ പാടുള്ളു. അതിനാൽ പ്രസ്തുതപുസ്തകത്തിൽ പാഠങ്ങൾ വേർതിരിച്ചിരിക്കുന്ന സ്ഥിതിക്കു്, പദങ്ങൾ കൂടി വേർതിരിച്ചു അച്ചടിച്ചിരുന്നു എങ്കിൽ വായനക്കാർക്കു കുറച്ചുകൂടി സൌകൎയ്യമുണ്ടായിരുന്നു എന്നും, പ്രൂഫ് നോക്കിയതിൽ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതായിരുന്നുവെന്നും മറ്റും ചിലർ അഭിപ്രായപ്പെട്ടേക്കാൻ ഇടയുണ്ടു്. അങ്ങിനെ വല്ല മഹാന്മാരും അഭിപ്രായപ്പെടുന്നതായാൽ, അതു ഇതിന്റെ രണ്ടാംഭാഗത്തിനു മാർഗ്ഗദർശകമാകുമെന്നു വിശ്വസിക്കുന്നു.

റെഡ്യാരവർകൾ ഇപ്രകാരം മലയാളഭാഷയുടെ ഗുണത്തിനായി ഇനിയും പരിശ്രമിച്ചുകൊണ്ടു വളരെക്കാലം ആയുരാരോഗ്യസമ്പന്നനായി ജീവിച്ചിരിക്കുന്നതിനു സകലജഗന്നിയന്താവായ സർവ്വേശ്വരൻ സദയം കടാക്ഷിക്കട്ടെ!

എന്നു്, കൊട്ടാരത്തിൽ ശങ്കുണ്ണി (ഒപ്പ്)

കവിയുടെ ജീവചരിത്രം.

എന്തെങ്കിലും ഒരു പുസ്തകം വായിക്കുമ്പോൾ അതിന്റെ കർത്താവിന്റെ ജീവചരിത്രം അറിഞ്ഞാൽ കൊള്ളാമെന്നുള്ള ജിജ്ഞാസ വായനക്കാരിൽ ആൎക്കും ഉണ്ടാകുന്നതാണല്ലോ. അതിലും കവി പ്രസിദ്ധനും കവിത സരസവും ആണെങ്കിൽ ആ മോഹം ഒട്ടും ചില്ലറയായിരിക്കയില്ല. എന്നാൽ നമ്മുടെ പൂൎവ്വികന്മാൎക്കു് ഒരാളുടെ വാസ്തവചരിത്രത്തെ രേഖപ്പെടുത്തുന്നതിലുണ്ടായിരുന്ന വൈമുഖ്യംകൊണ്ടു നമുക്കിപ്പോൾ എല്ലാ പുരാതന മഹാശയന്മാരേയും ചരിത്രങ്ങളിൽ അധികം ഭാഗവും അതിശയോക്തി കൂട്ടി ഉരുക്കിയിട്ടുള്ളതിനെ പരമ്പരയായിട്ടല്ലാതെ അറിവാൻ മാൎഗ്ഗമില്ലാതെ ആണു് ഭവിക്കുന്നതു്. അതിനെ വിശ്വസിച്ചു് ഒരാളുടെ ജീവചരിത്രം എഴുതുന്നതു വളരെ സൂക്ഷിച്ചും വേണ്ടിയിരിക്കുന്നു. എങ്കിലും സരളപ്രസന്നമധുരമായ കവിത കൊണ്ടു കേരളത്തിൽ എത്രയും പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരുടെ ജീവചരിത്രം പഴമക്കാരിൽ നിന്നും മററും അറിഞ്ഞിട്ടുള്ളവയേയും വേറെ അന്വേഷിച്ചു അറിഞ്ഞിട്ടുള്ളവയേയും അടിസ്ഥാനപ്പെടുത്തി എഴുതിയാൽ അതു അധികം തെററിപ്പോകുന്നതല്ലെന്നു വിചാരിച്ചു സംക്ഷിപ്തമായി ഇതിനു കീഴിൽ പറയുന്നു.

മലയാളഭാഷാസാഹിത്യസാമ്രാജ്യത്തിൽ സൎവ്വപ്രകാരേണയും ചക്രവൎത്തിയായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മഹാകവി കുഞ്ചൻനമ്പ്യാരുടെ മൂലകുടുംബം കിള്ളിക്കുറിശ്ശിമംഗലത്തിനു സമീപത്തുള്ള കലക്കത്തു എന്ന പാവനമായ ഭവനം ആകുന്നു. അതുകൊണ്ടത്രേ അദ്ദേഹത്തെ കലക്കത്തു കുഞ്ചൻനമ്പ്യാർ എന്നു വിളിച്ചുവരുന്നതു്. അദ്ദേഹത്തിന്റെ ജനനം എണ്ണൂററിഎൺപതാമാണ്ടിടയ്ക്കായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പ്യാരുതന്നെ എങ്കിലും അദ്ദേഹത്തിന്റെ ജനനത്തിനു ഹേതുവായി ഒരു കഥ കേട്ടിട്ടുള്ളതുകൂടി ഇവിടെ എഴുതുന്നതു് അത്ര അസംഗതമായി വരികയില്ലെന്നു വിചാരിക്കുന്നു.

"പണ്ടു കോഴിക്കോട്ടുകാരനും ദരിദ്രനുമായ ഒരു സാധു നമ്പൂരിബ്രാഹ്മണൻ തന്റെ പുത്രികളെ വേളികഴിച്ചു കൊടുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തുപോയി മഹാരാജാവിനെ മുഖംകാണിച്ചു സങ്കടം അറിയിച്ചു. കല്പിച്ചു നൽകിയ പണക്കിഴിയുംകൊണ്ടു തിരിച്ചുപോകുന്ന വഴിമദ്ധ്യേ കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽചെന്നു കുളിക്കുന്നതിനായി കുളക്കടവിൽ ഇറങ്ങി പണക്കിഴി കല്പടയിൽവച്ചിട്ടു കുളിക്കുമ്പോൾ ആവഴി കടന്നുപോയ ഒരു പശു കിഴിയുടെ മുകളിൽ തന്നെ അതു മൂടത്തക്കവണ്ണം ചാണകം ഇട്ടു. നമ്പൂരി കുളിച്ചുകയറി നോക്കിയപ്പോൾ പണക്കിഴി കണ്ടില്ല. അദ്ദേഹം ക്രമാധികമായ ദുഃഖത്തോടുകൂടി ക്ഷേത്രത്തിൽപോയി വിചാരിച്ചു കിടന്നു. ഈ അവസരത്തിൽ നമ്മുടെ കവികുലഗുരുവിന്റെ മാതാവായ നങ്ങിയാർ ഗോമയം വാരുമ്പോൾ പണക്കിഴി കണ്ടുകിട്ടുകയും അതിനെ ഉടമസ്ഥനായ നമ്പൂരിക്കു കൊണ്ടുചെന്നു നൽകുകയും ചെയ്തു. പണക്കിഴി കിട്ടിയതുകൊണ്ടു സന്തുഷ്ടനായ ബ്രാഹ്മണൻ 'നിനക്കു പ്രസിദ്ധനായ പുത്രൻ ഉണ്ടാകട്ടെ' എന്നു ആശീൎവദിച്ചു. അതിന്റെ ഫലമായിട്ടാകുന്നു സരസകവികുലതിലകനായ കുഞ്ചൻനമ്പ്യാർ ഭൂലോകജാതനായതു്."

കുഞ്ചൻനമ്പ്യാരുടെ ബാല്യകാലത്തെ താമസവും വിദ്യാഭ്യാസവും സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തുതന്നെ ആയിരിക്കണം. ഈ സ്ഥലം തിരുവില്വാമലയ്ക്കു സമീപവും, ലക്കിടി ആപ്പീസിനു അടുത്തും ആണു്. അതിൽ പിന്നീടുള്ള അദ്ദേഹത്തിന്റെ താമസം കോട്ടയം താലൂക്കിൽ കിടങ്ങൂർ ആയിരുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ അച്ഛനു കിട

ത്തൂർ എന്തോ ദോഷിയുണ്ടായിരുന്നതുകൊണ്ടു തന്റെ പാട്ടും അച്ഛനോടൊന്നിച്ച് ആക്കിയതാണ്. അവിടെ വന്നതിൽ പിന്നീടും അദ്ദേഹം കുറേനാൾ വിദ്യാഭ്യാസം ചെയ്തതായി അറിയുന്നു. തെക്കൻ ദിക്കിൽ അദ്ദേഹത്തിനുള്ള ഗുരുനാഥന്മാരിൽ അദ്ദേഹം തന്റെ കവിതകൾ കൊണ്ടു നമ്മെ പരിചയപ്പെടുത്തുന്നതു ദ്രോണംപള്ളി ആചാര്യനേയും "ചണ്ഡികാദേവിയെ സേവിച്ചു മേവുന്ന" ഉണ്ണിരവിക്കുറുപ്പിനേയും ആണ്. ഇവരിൽ ദ്രോണംപള്ളിയിൽ ആചാര്യൻ എന്നു പറയുന്നതു അമ്പലപ്പുഴ തെക്കുമുറി പ്രവൃത്തിയിൽ ഉള്ള ഓണംപള്ളിയെന്ന ഇല്ലത്തിൽ നമ്പൂരിയായിരുന്ന പ്രധാന ബ്രാഹ്മണനെപ്പറ്റിയാണ്. ഈ ഓണംപള്ളിക്കുടുംബക്കാർ കലാവിദ്യകളിൽ മാത്തൂർ കുടുംബക്കാർക്ക് ഗുരുസ്ഥാനം വഹിച്ചുവന്നവർ ആയിരുന്നു. ഇവർ ദ്രോണാചാര്യരുടെ വംശജാതന്മാരാണെന്നു വിചാരിക്കപ്പെടുന്നവരും ഇന്നാട്ടിൽനിന്നു അമ്പലപ്പുഴ വന്നവരും ആണ്. ദ്രോണംപള്ളി ആചാര്യരെ നമ്പ്യാർ ഗുരുവാക്കിയതു കളരിക്ക് ആവശ്യമുള്ള കായികാഭ്യാസത്തിനായിട്ടല്ലാതെ അക്ഷരവിദ്യാഭ്യാസത്തിനായിട്ടാണെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഓണംപള്ളി നായിക്കർ നമ്പ്യാരെ അക്ഷരവിദ്യ അഭ്യസിപ്പിച്ചിരുന്നുവെങ്കിൽ അദ്ദേഹം തന്റെ മറ്റുള്ള കവിതകളിൽ ഇദ്ദേഹത്തിനെ ഉപേക്ഷിക്കുന്നതല്ലായിരുന്നു. കരുകേരികാവിലെ ഇന്ദുചൂഡപ്പിഷാരടിയെ സേവിക്കുന്ന നാഴികാട്ടു ഭവനത്തിന്റെ നായകനായ ഉണ്ണിരവിക്കുറുപ്പ് നമ്പ്യാരെ ശാസ്ത്രങ്ങൾ വായിപ്പിച്ചതായിട്ടാണറിയുന്നത്. നമ്പ്യാർക്ക് വ്യാകരണം, വേദാന്തം, തർക്കം, ജ്യോതിഷം, വൈദ്യം എന്നു വേണ്ട എല്ലാ ശാസ്ത്രങ്ങളിലും കാവ്യനാടകാലങ്കാരങ്ങളിലും അപാരമായ ജ്ഞാനം ഉണ്ടായിരുന്നു എന്നു അദ്ദേഹത്തിന്റെ കവിതകളിൽ എവിടെയും തെളിവായിക്കാണുന്നതുകൊണ്ട് അവയെല്ലാം അഭ്യസിച്ചതു ഉണ്ണിരവിക്കുറുപ്പിനോടായിരുന്നു എന്നും ഉണ്ണിരവിക്കുറുപ്പ് അവയിൽഎല്ലാം സമർത്ഥനായിരുന്നു എന്നും ആണ് പറയുന്നത്. നമ്പ്യാർ ബാല്യത്തിലെ ഒരു കവിതാവാസനക്കാരൻ ആയിരുന്നു എങ്കിലും വ്യുൽപ്പത്തിക്കു ദൃഢതയും, ജ്ഞാനത്തിനു വിശാലതയും ഗതിക്കു പരിഷ്കാരവും പ്രകാശിച്ചു കാണുന്നതു അമ്പലപ്പുഴെ താമസം തുടങ്ങിയതിൽ പിന്നീട് ഉണ്ടാക്കിയിട്ടുള്ള കവിതകളിൽ ആയതുകൊണ്ട് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം പരിപൂർത്തിയാക്കിയതു അമ്പലപ്പുഴെ വന്നതിൽ പിന്നീടാണെന്നുള്ളതും, അദ്ദേഹം ഉണ്ണിരവിക്കുറുപ്പിനോടു ശാസ്ത്രങ്ങൾ അഭ്യസിച്ചിട്ടുണ്ടെന്നു പറയുന്നതും അധികം തെറ്റുകയില്ലെന്നു തോന്നുന്നു.

അദ്ദേഹം കോട്ടയം താലൂക്കിൽ ഉള്ള കിടങ്ങൂർനിന്നും അമ്പലപ്പുഴെ പാർപ്പു മാററിയതിനുള്ള പ്രത്യേകകാരണം എന്താണെന്നു വിവരമായി അറിയപ്പെട്ടിട്ടില്ല. കവിയായ തനിക്കു ചെമ്പകശ്ശേരി രാജാവു തെക്കേടത്തു ഭട്ടതിരി മുതലായവരോടുണ്ടായ പരിചയം കൊണ്ടാണെന്നും കലശലായപ്പെട്ടമാരം ബാലമാർത്താണ്ഡവഞ്ചീശ്വരൻ വടക്കുംകൂർ തെക്കുംകൂർ മുതലായ രാജ്യങ്ങൾ ഒരുക്കിയതോടുകൂടി അവിടത്തെ തൽക്കാലവാസം അത്ര സുഖമല്ലെന്നു വിചാരിച്ചിട്ടാണെന്നും കിടങ്ങൂർനിന്നും അമ്പലപ്പുഴ കൂത്തുപറവാൻപോയ ഒരു ചാക്യാർക്ക് സഹായമായിട്ടാണെന്നും മററും കിംവദന്തികൾ ഉണ്ട്. അദ്ദേഹം അമ്പലപ്പുഴെ വന്നതിൽ പിന്നീട് ഒന്നാമതായി "മന്ദാരമന്ദിരവാസം നന്ദികാരണ്യവാസ" ഉണ്ണിരവിക്കുറുപ്പിനേയും പിന്നീട് ചെമ്പകശ്ശേരി രാജാവു, മാത്തൂർപണിക്കർ ഇവരേയും ആശ്രയിച്ചു താമസിച്ചിരുന്നു. ഇദ്ദേഹം തന്റെ ഗുരുവായ ഉണ്ണിരവിക്കുറുപ്പിനോടൊന്നിച്ചു തകഴിയിലും കൂടാതെ ചെമ്പകശ്ശേരിരാജാവിനോടൊന്നിച്ച്, അമ്പലപ്പുഴത്താലൂക്കിലുള്ള എല്ലാ പ്രവൃത്തികളിലും താമസിച്ചിട്ടുണ്ട്. കുമാരപുരത്തെ രീസ്ഥലം എന്നൊരു കവിത നിർമ്മിച്ചിട്ടുള്ളതുകൊണ്ട് ഇദ്ദേഹം കുമാരനല്ലൂർ രുഗ്മിണീസ്വയംവരത്തിൽ കുമാരനല്ലൂർ വേട്ടക്കൊരുമകനെപ്പററി പ്രസ്താവിച്ചുകാണുന്നതുകൊണ്ടു കുമാരനല്ലൂരും താമസിച്ചിട്ടുള്ളതായി അനുമാനിക്കാം. അതു് അദ്ദേഹത്തിന്റെ കിടങ്ങൂർ ഉള്ള സ്ഥിരതാമസകാലത്തായിരിക്കണം.

നമ്പ്യാർ തന്റെ ജീവിതകാലത്തിൽ അധികം ഭാഗവും നയിച്ചിട്ടുള്ളതു ചെമ്പകശ്ശേരിരാജാവിന്റെയും തിരുവിതാംകൂർ മഹാരാജാവിന്റെയും ആശ്രയത്തിൽ താമസിച്ചാണെന്നാണ് അഭിപ്രായപ്പെടുന്നതു്. പണ്ഡിതപക്ഷപാതിയും പരാക്രമശാലിയും ആയിരുന്ന തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതസ്ഥാനത്തെ നമ്പ്യാർ കൈക്കൊണ്ടതു മാത്തൂർപ്പണിക്കർ വഴിയായിട്ടായിരുന്നു. നമ്പ്യാർ ഉണ്ടാക്കുന്ന കവിതകൾ എല്ലാം വാങ്ങി ശേഖരിച്ചതും തുള്ളൽ നടത്തിവന്നതും മാത്തൂർപ്പണിക്കർ ആണ്. നമ്പ്യാരുടെ കൃതികളിൽ ശീലാവതിയും പത്തുവൃത്തവും, പതിനാലുവൃത്തവും, ഭാഗവതം ഇരുപത്തുനാലുവൃത്തവും നളചരിതം, ചാണക്യസൂത്രം ഈ കിളിപ്പാട്ടുകളും, കുമാരപുരാണാദിസ്തോത്രവും, ബാല്യകാലത്തിൽ ഉണ്ടാക്കിയവയാകുന്നു. വിദ്വൽകുലകലാധരനായിരുന്ന കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ അഭീഷ്ടപ്രകാരം ശംബരവധം, സ്യമന്തകം മുതലായി മൂന്നാലു ആട്ടക്കഥകളും ഉണ്ടാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കൃതിയായ മണിപ്രവാളകാവ്യത്തിന്റെ ശൈലി അറിയാത്തവരായി എഴുത്തറിയാവുന്ന മലയാളികളിൽ ആരുംതന്നെ ഇല്ലല്ലോ. അതു് അദ്ദേഹം ഒരു ദിവസം രാത്രികൊണ്ടു എഴുതിത്തീർത്തതാണെന്നു പറയുന്നതിലും അതിനു ഹേതുവായ വിവരം വിഷയത്തിലും എത്രത്തോളം വാസ്തവം ഉണ്ടെന്നു അറിയുന്നില്ല. എങ്കിലും അതിനെപ്പറ്റിയുള്ള പുരാവൃത്തവും ചുരുക്കമായിപ്പറയാം.

ചെമ്പകശ്ശേരി രാജാവിനു് സകലശാസ്ത്രപാരാവാരപാരംഗതനായ ഒരു ഭട്ടതിരി ഗുരുവായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇല്ലപ്പേര് ഒക്കെടത്താണ്. ഇദ്ദേഹം ചെമ്പകശ്ശേരി രാജാവിന്റെ വിദ്വത്സദസ്യനായിരുന്നതിനാൽ, എല്ലായ്പോഴും രാജാവിനോടുകൂടിത്തന്നെയായിരുന്നു താമസിച്ചുവന്നിരുന്നതു്. നമ്പ്യാർ അമ്പലപ്പുഴെ പാർപ്പു തുടങ്ങിയതു മുതൽ, ഭട്ടതിരിയുടെ ശിഷ്യത്വംകൂടി സ്വീകരിച്ചുവെന്നും. നമ്പ്യാർ ഭട്ടതിരിയുടെ ശിഷ്യത്വം സ്വീകരിച്ചതിൽ പിന്നെ അദ്ദേഹം സ്വദേശത്തേക്കു മടങ്ങിപ്പോയിരുന്ന ഒരു അവസരത്തിൽ പരദേശിയായ ഒരു ശാസ്ത്രിബ്രാഹ്മണൻ രാജസദസ്സിൽ ഉള്ള വിദ്വാന്മാരുമായി ശാസ്ത്രവാദംചെയ്തു വിജയവും രാജസമ്മാനവും വാങ്ങുന്നതിനായി വരികയും, രാജാവിന്റെ ആജ്ഞപ്രകാരം ഭട്ടതിരിയും ശാസ്ത്രിയും തമ്മിൽ വാദം തുടങ്ങുകയും ചെയ്തു. അവർ തമ്മിൽ പലദിനം വാദം നടന്നിട്ടും ജയാപജയങ്ങൾ ഒന്നും തീർച്ചയാകാറായില്ലെങ്കിലും ഇനിയും വാദം മുമ്പോട്ടുപോകുന്നതായാൽ ഭട്ടതിരി തോൽക്കാനാണെളുപ്പമെന്നു രാജാവിനു് തോന്നുകയാൽ അദ്ദേഹം അവരോടു്, "നിങ്ങൾ തമ്മിൽ വാദം തുടങ്ങിയിട്ടു് ദിവസം കുറെ അധികമായി. ഇതുവരെ, ആർക്കും ജയാപജയങ്ങൾ ഒന്നും ഉണ്ടായില്ല. ഇനിയും നിങ്ങൾ ഇങ്ങനെ വാദിച്ചു് അനവധി ദിവസം പോകുമായിരിക്കും; അതുകൊണ്ടു് കാര്യമില്ല. നാം നിങ്ങളുടെ യോഗ്യത അറിയുന്നതിനു വേറൊരു പരീക്ഷ നിശ്ചയിച്ചിരിക്കുന്നു. അതു മറ്റൊന്നും അല്ല; കവിതാപരീക്ഷയാണ്. ഇന്നു രാത്രികൊണ്ടു നിങ്ങൾ രണ്ടുപേരും പന്ത്രണ്ടുസർഗംവീതം അടങ്ങിയ ഓരോ മണിപ്രവാളകാവ്യം ഉണ്ടാക്കി നാളെ രാവിലെ നമ്മുടെ മുമ്പാകെ കൊണ്ടുവരണം. നാം അതു നോക്കി നിങ്ങളിൽ സമർത്ഥൻ ആരെന്നു നിശ്ചയിച്ചുകൊള്ളാമെന്നു പറഞ്ഞു വാദം അവസാനിപ്പിച്ചു.

ശാസ്ത്രി വലിയ സംസ്കൃതപണ്ഡിതനും കവിയുമായിരുന്നെങ്കിലും മണിപ്രവാളത്തിൽ കാവ്യം ഉണ്ടാക്കുക അദ്ദേഹത്തിനെക്കൊണ്ടു അസാദ്ധ്യമെന്നു അദ്ദേഹത്തിനു തോന്നുകയാൽ അദ്ദേഹം കവിതയെഴുതാൻ ആരംഭിക്കാതെ അത്താഴം ഊണുകഴിഞ്ഞു കിടന്നുറങ്ങി. ഭട്ടതിരി അദ്ദേഹത്തിന്റെ സ്വന്തം മഠത്തിൽ പോയി അത്താഴം ഊണും കഴിഞ്ഞു കവിതയെഴുതാൻ ഉള്ള വട്ടങ്ങൾ എല്ലാം ഉണ്ടാക്കിയുംകൊണ്ടു വിചാരിച്ചതിൽ അർദ്ധരാത്രിവരെ ആയിട്ടും അദ്ദേഹത്തെക്കൊണ്ടു ഒരു ശ്ലോകംകൂടി ഉണ്ടാക്കാൻ കഴിഞ്ഞില്ല. സംസ്കൃതത്തിലായിരുന്നെങ്കിൽ

അദ്ദേഹത്തിനു പ്രയാസമില്ലായിരുന്നു. ഈ അവസരത്തിൽ നമ്പ്യാർ വടക്കുനിന്നും അമ്പലപ്പുഴയ്ക്കു വള്ളം വഴി വരികയായിരുന്നു. ഭട്ടതിരിയുടെ മഠത്തിൽ അർദ്ധരാത്രിയായിട്ടും വിളക്കണച്ചിട്ടില്ലാത്തതു് എന്താണെന്നറിയണമെന്ന വിചാരിച്ചു് കരയ്ക്കിറങ്ങി ഭട്ടതിരിയുടെ അടുക്കലേക്കു ചെന്നു. ഭട്ടതിരി ആകസ്മികമായുണ്ടായ നമ്പ്യാരുടെ ആഗമനംകൊണ്ടു് സന്തുഷ്ടനായി വിവരം നമ്പ്യാരോടു പറഞ്ഞു. നമ്പ്യാർ, കവിത ഉണ്ടാക്കിക്കളയാം. 1 സർഗ്ഗമല്ലാതെ 12 സർഗ്ഗവും കൂടി ഇനിയുള്ള രാത്രികൊണ്ടു തന്നെ എഴുതാൻ കഴികയില്ല. 11 സർഗ്ഗം പറഞ്ഞുകൊടുക്കുന്നതുപോലെ എഴുതിക്കൊള്ളുന്നതിനു 11 ആളുകളെക്കൂടി ഉണ്ടാക്കാമെങ്കിൽ സംഗതി ശരിയാകും എന്നു് ഭട്ടതിരിയോടറിയിച്ചു. അദ്ദേഹം ഉടൻ തന്നെ തന്റെ ശിഷ്യന്മാർ അവിടെക്കിടന്നുറങ്ങുന്നവരിൽ 11 പേരെ വിളിച്ചുണർത്തി അയച്ചുകൊടുത്തു. നമ്പ്യാർ മുറയ്ക്കു് 1-ാം സർഗ്ഗത്തിന്റെ 1-ാം ശ്ലോകം താനെഴുതുകയും അതോടുകൂടെത്തന്നെ 2 മുതൽ 12 വരെ സർഗ്ഗങ്ങളുടെയും ഒന്നാമത്തെ ശ്ലോകങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. ശ്രീകൃഷ്ണചരിതം 12 സർഗ്ഗം കാവ്യവും ഉണ്ടാക്കി വെളുക്കുന്നതിനുമുമ്പായി ഭട്ടതിരിയെ ഏല്പിച്ചു. ഇങ്ങനെയാണു് ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള കേൾവി.

രാമചന്ദ്രവിലാസം എന്നൊരു സംസ്കൃതകാവ്യവും അദ്ദേഹത്തിന്റെ കൃതിയായിട്ടുണ്ടു്. ഉത്തരരാമായണം കിളിപ്പാട്ടു കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നു് രാജ്യചരിത്രകർത്താവു അഭിപ്രായപ്പെട്ടതിനെ ഭാഷാഭിമാനികളിൽ പ്രധാനികൾ എല്ലാം സകാരണം അപലപിക്കുന്നതു് സ്വീകാര്യമത്രെ.

ഇങ്ങിനെ മലയാളഭാഷയിൽ ഉള്ള പഴയ മാർഗ്ഗങ്ങളിൽക്കൂടി നമ്പ്യാരും തന്റെ കവിതാവനിതയെയും പ്രചരിപ്പിച്ചു എങ്കിലും അദ്ദേഹത്തിന്റെ ആ പ്രൗഢാംഗനയുടെ വിലാസങ്ങൾ എല്ലാം സർവ്വജനഹൃദയാകർഷകമായി പ്രകാശിച്ചതു് സ്വതന്ത്രസ്വാതന്ത്ര്യനായ അദ്ദേഹം തന്നെ ഏർപ്പെടുത്തിയ തുള്ളൽ എന്ന പുതിയ മാർഗ്ഗത്തിലൂടെയുള്ള പ്രചാരണത്തിൽ നിന്നും ആകുന്നു. അദ്ദേഹം തുള്ളലുണ്ടാക്കിയതു് അമ്പലപ്പുഴെ ക്ഷേത്രത്തിൽ കൂത്തിനു മിഴാവു കൊട്ടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അപഹസിച്ചു ചാക്യാരോടു പിണങ്ങിയിട്ടാണെന്നുള്ള സംഗതി സുപ്രസിദ്ധമാണെങ്കിലും ചുരുക്കത്തിൽ വിവരിക്കാം. "നമ്പ്യാർ അമ്പലപ്പുഴെ താമസിക്കുമ്പോൾ ഒരിക്കൽ ഉത്സവത്തിനു ചാക്യാരുടെ കൂത്തിനു മിഴാവു കൊട്ടാൻ പോകേണ്ടിവന്നു. നമ്പ്യാരന്മാരുടെ കലയത്രെ മിഴാവു കൊട്ടുകയാണെങ്കിലും നമ്മുടെ കവിപുംഗവൻ അതു അത്ര ശീലിച്ചിരുന്നില്ല. പരിചയം ഇല്ലാത്ത അദ്ദേഹത്തെ ക്ഷണിച്ചതു പതിവുകാരൻ നമ്പ്യാർക്കു ഉത്സവമദ്ധ്യേ ആലസ്യം നേരിട്ടതുകൊണ്ടും വേറെ നമ്പ്യാരന്മാർ അടുത്ത സ്ഥലത്തെങ്ങും ഇല്ലായിരുന്നതുകൊണ്ടും ആയിരുന്നു. കുഞ്ചൻനമ്പ്യാരെ ക്ഷണിച്ചപ്പോൾ തനിക്കു മിഴാവുകൊട്ടാൻ പരിചയമില്ലെന്നു പറഞ്ഞതിൽ ചാക്യാർ അറിയാവുന്നതുപോലെ കൊട്ടിയാൽ മതിയെന്നും അല്ലെങ്കിൽ നാടിനൊക്കെയും മുട്ടിപ്പോകുമെന്നും പറഞ്ഞതുകൊണ്ടായിരുന്നു പോയതു. കൂത്താരംഭിച്ചു നമ്പ്യാർ മിഴാവുകൊട്ടിത്തുടങ്ങിയപ്പോൾ തെറ്റിപ്പോയി. ആക്ഷേപിക്കാൻ വിരുതുള്ള ചാക്യാർ തിരിഞ്ഞുനിന്നു പരിഹാസം തുടങ്ങി. ചാക്യാർ തന്നെ സദസ്സിൽവച്ചു പരസ്യമായി അധിക്ഷേപിച്ചതുകൊണ്ടു നമ്പ്യാർ വളരെ മുഷിഞ്ഞു. ഉടൻതന്നെ അദ്ദേഹം കൊട്ടുനിർത്തി ഇറങ്ങിപ്പോയിക്കളഞ്ഞു. അതിൽപ്പിന്നെ നമ്പ്യാർക്കുണ്ടായ വിചാരം തന്നെ ആക്ഷേപിച്ച ചാക്യാരെ ലജ്ജിപ്പിക്കുന്നതിനുള്ള വഴി എന്തെന്നായിരുന്നു. ആ വിചാരത്തിന്റെ ഫലമായി ആ ദിവസംകൊണ്ടുതന്നെ അതിനുമുൻപില്ലാത്ത രീതിയിൽ ഒരു കവിത (കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളൽ) ഉണ്ടാക്കി അതിനെ രംഗത്തിൽ അഭിനയിക്കുന്നതിനു ഒരു വേഷവും നിശ്ചയിച്ചു. പിറ്റെദിവസം നാടകശാലയിൽ ചാക്യാർ കൂത്തു ആരംഭിച്ചപ്പോൾ നമ്പ്യാർ ആ പുതിയ വേഷം കെട്ടി അമ്പലപ്പുഴെ ക്ഷേത്രത്തിന്റെ പടിഞ്ഞാറെവശത്തു കളിത്തട്ടിന്മേൽ കയറി മേള

താളസംഗീതത്തോടുകൂടി തുള്ളൽ ആരംഭിച്ചു. കളിത്തട്ടിന്മേൽ കൊട്ടും, പാട്ടും, തുള്ളലും, ആംഗ്യവും ഭാവവും എല്ലാം കലർന്ന് ആയപ്പോൾ ഇതു് എന്തൊരു വിദ്യ ആണെന്ന് നോക്കാനായി നാടകശാലയിൽ കൂടിയിരുന്നവർ ഒന്നാകെ നമ്പ്യാരുടെ ചുററും ചെന്നുകൂടി. നാടകശാലയിൽ ചാക്യാരും നമ്പ്യാരും മാത്രം ശേഷിച്ചു. നമ്പ്യാരുടെ പുതിയ പ്രസ്ഥാനത്തിലുള്ള പ്രയോഗവും പണ്ഡിതപാമരന്മാരെ ആകർഷിക്കുന്നതിനു ശക്തിയുള്ള സാഹിത്യത്തിന്റെ കവിതാമാധുര്യവും അഭിനയചാതുരിയും കണ്ടു വന്നവർക്കാർക്കും തിരിച്ചുപോകാൻ നിവൃത്തി ഉണ്ടായില്ല. കേൾക്കാൻ ആളില്ലെന്നായപ്പോൾ ചാക്യാർ കൂത്തും മതിയാക്കിപ്പോകുകയും ചെയ്തു. ഇതായിരുന്നു തുള്ളക്കഥയുടെ ഉത്ഭവം.

നമ്പ്യാരുടെ കൃതികളിൽ, സാഹിത്യത്തിന്റെ മുഴുവൻ ശക്തിയും മനസ്സിന്റെ പരിജ്ഞാനവും പക്വതയും പ്രസന്നമായി പ്രകാശിപ്പിക്കാനായതു് തുള്ളൽക്കഥകളിൽ ആണു്. അദ്ദേഹത്തിനു മലയാളഭാഷാസാമ്രാജ്യത്തിൽ അനശ്വരമായ ഒരു കീർത്തിസ്തംഭം ഉയർത്തിട്ടുള്ളതും തുള്ളക്കഥകൾതന്നെ. സരളപ്രസന്നമധുരരീതിയോടുകൂടി തുളുമ്പിക്കൊണ്ടിരിക്കുന്ന നമ്പ്യാരുടെ തുള്ളക്കഥകൾപോലെ വായനക്കാരെ രസിപ്പിക്കുന്നതായ മറെറാരു കവനങ്ങളും മലയാളത്തിൽ ഇല്ലെന്നുള്ളതു് സർവ്വസമ്മതമാണല്ലോ. ഇപ്രകാരം തുള്ളക്കഥകൾ സർവ്വജനഹൃദയാവർജ്ജകമായി വിളങ്ങിയിരിക്കുന്നതു്, കവി വിശാലവും ഉന്മേഷകരവുമായ തന്റെ മനഃശക്തിയുടെ ഗതിയെ അനുസരിച്ചല്ലാതെ, പഴയ മാമൂൽപ്രകാരം, ഹംസം, അമ്പിളിയും ചക്രവാകപ്പക്ഷിയും തന്റെ കാവ്യനിർമ്മാണോപകരണവസ്തുക്കളാക്കി കെട്ടി കവിത എഴുതാൻ തുനിയാത്തതുകൊണ്ടും മനോഹരങ്ങളായ ആശയാഭരണങ്ങൾകൊണ്ടു തന്റെ കവിതാകാമിനിയെ അലങ്കരിച്ചിട്ടുള്ളതിനാലും പ്രതിപാദ്യവിഷയത്തിന്റെ ഗുണഭേദമനുസരിച്ചു യാഥാർത്ഥ്യത്തിലൂന്നിയിട്ടുള്ള ലളിതപ്രയോഗങ്ങൾകൊണ്ടും കവിതാരംഗത്തിൽ അവതരിപ്പിക്കുന്ന സ്ത്രീപുരുഷന്മാരെയും വസ്തുവകകളെയും തന്മയത്വമേറിയ വർണ്ണനാവൈചിത്ര്യംകൊണ്ടും രചനയുടെ ലാളിത്യംകൊണ്ടും മനോഗതങ്ങളുടെ അനുക്രമമായ ഒഴുക്കുകൊണ്ടും സങ്കല്പശക്തിയുടെ ധാരാളിത്തംകൊണ്ടും കവിതാപ്രവാഹത്തിന്റെ അതിയായ വേഗത്തെത്തടഞ്ഞും ചിന്നഭിന്നമാക്കിവെപ്പിക്കുന്ന സമ്പ്രദായമായ രീതികളേയും കെട്ടുപാടുകളേയും വകവയ്ക്കാതിരുന്നതിനാലും സർവ്വതന്ത്രസ്വാതന്ത്ര്യംകൊണ്ടും സകലവിഷയജ്ഞാനംകൊണ്ടും ആണെന്നുള്ളതു പരസ്യമാണല്ലോ.

മലയാളഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അത്യന്തം ദീപ്തമായി പ്രശോഭിക്കുന്ന ഒരു നക്ഷത്രമായ ഈ കവിയാൽ ഇങ്ങിനെ വിദ്വൽപാമരന്മാരെ ആകർഷിക്കത്തക്കവിധത്തിൽ നൂററിൽ പരം തുള്ളക്കഥകൾ ഉണ്ടാക്കിയിട്ടുള്ളതായും പറഞ്ഞുകേൾവി ഉണ്ടു്. അവയിൽ പുറത്തുവന്നിട്ടുള്ളതും രഹസ്യത്തിൽ വച്ചിരുന്നതുമായി അൻപത്തെട്ടുകഥകൾ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ടു്. ശേഷം ഉള്ളവകൾ മാത്തൂർമഠത്തിലെ ഗ്രന്ഥപ്പുരയിൽ ഇരിപ്പുള്ളതായും അറിയുന്നു. ചില കഥകൾ അഗ്നിബാധയിൽപ്പെട്ടു നശിച്ചുപോയതായി കേട്ടിട്ടുള്ളതു വാസ്തവമാണെങ്കിൽ കഷ്ടമാണു്. നമ്പ്യാരുടെ കൃതികൾ മാത്തൂർപ്പണിക്കരുടെ കൈവശത്തിൽ ആകുന്നതിനിടയായതു് നമ്പ്യാർ ചെമ്പകശ്ശേരിരാജാവിന്റെ കല്പനപ്രകാരം തുള്ളൽപാട്ടുകൾ ഉണ്ടാക്കിയാൽ ഉടനെ പണിക്കരെ പഠിപ്പിച്ചു തിരുമുമ്പിൽ തുള്ളിച്ചുവന്നതുകൊണ്ടും ദ്രവ്യസ്ഥനായ പണിക്കരുടെ സംരക്ഷണയിൽ നമ്പ്യാർ താമസിച്ചിരുന്നതുകൊണ്ടും ആണു്. നമ്പ്യാർ ഉണ്ടാക്കിയ തുള്ളപ്പാട്ടുകൾ ഏതെല്ലാമാണെന്നും അവയിൽ എന്തെല്ലാമടങ്ങിയിട്ടുണ്ടെന്നും അവയിൽ രസികത്വവും ആസ്വാദ്യതയും ഏതിനാണെന്നും മററുമുള്ള നിരൂപണം വെളിപ്പെടുത്തുന്നതോടുകൂടിയുള്ള കൃതികൾ ഈ പുസ്തകത്തിൽ ഉണ്ടെന്നും ശർക്കരയിൽ എവിടെയും മധുരംതന്നെ എന്നും ചുരുക്കിക്കഴിക്കയല്ലാതെ വിസ്തരഭയംകൊണ്ടു തൽക്കാലം നിവൃത്തിയില്ല. ഐതിഹ്യമായ ചരിത്രകഥകളോടും വിശ്വസനീ

ഗമായ മാധുര്യത്തോടുംകൂടി സർവ്വത്ര പ്രകാശിക്കുന്ന ഈ മഹാകവിയുടെ കവിതയിൽ എത്രഭാഗം വായിച്ചാലും മനസ്സിനുണ്ടാകുന്ന ആനന്ദം ഒന്നു വേറെതന്നെയാണ്.

"സമുല്ലാസം വാചാം സരസമധുനിഷ്യന്ദലഹരീ
സമുന്മേഷാദേഷ്ടീ സകലരസഭാവോദ്ബോധജനകഃ
ന കേഷാമാമോദം മനസി പരിതോഷം നവനവൈ-
വിലാസൈസ്തന്മീലദ്വികചിതമധൂളീപരിമളഃ." എന്നും

"സാ കവിതാ സാ വനിതാ യസ്യാഃ ശ്രവണേന ദർശനേനാപി
കവിഹൃദയം വിടഹൃദയം സരളം തരളം ചതരം ഭവതി."

എന്നും മററുമുള്ള ആപ്തവാക്യങ്ങൾ വെറുതെ അല്ലെന്നു കാണിക്കുന്നതു് ഇദ്ദേഹത്തെപ്പോലെയുള്ളവരാണല്ലോ. ലൌകിക സംഗതികളെ സരസമായി വർണ്ണിക്കുന്നതിനു മലയാളഭാഷയ്ക്കു ശക്തിയുണ്ടെന്നുള്ളതിനെ കുഞ്ചൻനമ്പ്യാരാണു് ഇദ്ദേഹത്തിന്റെ തുള്ളൽകഥകൾമൂലം ഒന്നാമതായി വെളിപ്പെടുത്തിയതു്. കുഞ്ചൻനമ്പ്യാരെ അനുകരിക്കുന്നതിനായി അക്കാലത്തും ഇക്കാലത്തും പല കവിപുംഗവന്മാരും പ്രയത്നിച്ചിട്ടുണ്ടെങ്കിലും ഇദ്ദേഹത്തെ കടത്തിവെട്ടുന്നതിനോ സമപ്പെടുന്നതിനോ ആർക്കും കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല പലരും പരാജിതന്മാരായി പിന്മടങ്ങുകയാണു് ചെയ്തിട്ടുള്ളതു്. ഇദ്ദേഹത്തിന്റെ വഴി ഒന്നുവേറെ ആയിരുന്നു. നമ്പ്യാരെപ്പോലെയാകുന്നതിനു കവിയിൽ വാസനയും കൂടാതെ നല്ല സ്വാതന്ത്ര്യബുദ്ധിയും ലോകവ്യവഹാരവിചക്ഷണതയും സർവ്വതോമുഖമായ ജ്ഞാനവും രസജ്ഞതയും മനസ്സിലുണ്ടാകുന്ന എല്ലാ വികാരങ്ങളേയും വാക്കുകളാകുന്ന പദ്യരൂപത്തിൽ കടഞ്ഞെടുത്തു കടന്നുകേറിയ ക്ഷണത്തിൽതന്നെ ഉറങ്ങിപ്പോകാതെ പതിഞ്ഞുവന്ന അനുകരണീയമായവ പ്രദർശിപ്പിക്കത്തക്ക ഒരു വിശേഷവാസനയും ഉണ്ടായിരിക്കണം. വിശേഷിച്ചും ഹാസ്യരസപ്രധാനങ്ങളായ കവിതകളെ അനുഗ്രഹകവിയായ ഇദ്ദേഹത്തിനൊപ്പം മലയാളഭാഷയിൽ മറ്റൊരു കവികളും നിർമ്മിച്ചിട്ടില്ല, അതു് മററു കവികൾക്കു ഇല്ലാത്തതായി ഇദ്ദേഹത്തിനുണ്ടായിരുന്ന പരിഹാസകവനപാടവവും എന്തും പിടിയും ഇല്ലാത്ത വേദാന്ത വിഷയങ്ങളേയും പ്രൌഢതരങ്ങളായ ശാസ്ത്രീയവിഷയങ്ങളേയും സാധാരണങ്ങളായ ലൌകിക സമ്പ്രദായങ്ങളേയും ഒന്നുപോലെ സരസമായും ലളിതമായും പ്രതിപാദിക്കാൻ കഴിയുമായിരുന്ന വിശേഷാൽവാസനയും കൊണ്ടായിരുന്നു.

നമ്പ്യാർ പലസ്ഥലങ്ങളിലും വച്ചു പല ഫലിതങ്ങളും പ്രവർത്തിച്ചിട്ടുണ്ടു്. അവയിൽ ചിലതു വായനക്കാരുടെ അറിവിനുവേണ്ടി ഉദ്ധരണം ചെയ്യാം. "നമ്പ്യാരു അമ്പലപ്പുഴെ താമസിക്കുമ്പോൾ ചെമ്പകശ്ശേരി രാജാവിന്റെ ഗുരുവായി "കല്ലിശ്ശ" എന്നൊരു നമ്പൂരി ഉണ്ടായിരുന്നു. അദ്ദേഹം രാജാവിന്റെ സ്വാധീനംകൊണ്ടു മററുള്ളവരോടെല്ലാം ധിക്കാരമായി പെരുമാറുകയും കൊട്ടാരത്തിൽകാഴ്ച വയ്ക്കുന്ന വസ്തുക്കൾ എല്ലാം മററുള്ളവർക്കു കൊടുക്കാതെ നമ്പൂരിതന്നെ കൈവശപ്പെടുത്തുകയും ചെയ്തുകൊണ്ടു നമ്പൂതിരിയെ രാജാവിങ്കൽനിന്നു അകററുന്നതിനു നമ്പ്യാരെ രാജസേവകന്മാർ അഭ്യർത്ഥനചെയ്തു. തനിക്കിഷ്ടമില്ലാത്തവരെ കണക്കിനു ആക്ഷേപിക്കുവാനും സൌകര്യപ്രകാരം കാര്യം പററിക്കാനും വിരുതുള്ള നമ്പ്യാർ രാജപരിചാരകന്മാരുടെ അപേക്ഷയെ സാധിക്കാൻ സൌകര്യം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു ദിവസം ചെമ്പകശ്ശേരിരാജാവു കല്ലിശ്ശയോടൊന്നിച്ചു എഴുന്നള്ളിവരുന്നതിനെക്കണ്ടു നമ്പർ അടുത്തുവന്നപ്പോൾ നമ്പ്യാർ കയ്യിൽ ഇരുന്ന പന്തം നിലത്തു ഇട്ടുകളഞ്ഞു. ഉടനെ രാജാവു അതുകണ്ടു പന്തം ഇട്ടതു എന്തിനാണെന്നു ചോദിച്ചതിനു നമ്പ്യാർ ഉത്തരം പറഞ്ഞതു "കല്ലിശ്ശവന്നതുകൊണ്ടുള്ള ഉരുപ്പിശ" ആണെന്നാണു്. അതുകേട്ട ഇംഗിതജ്ഞനായ രാജാവും നമ്പൂരിയും നമ്പ്യാരുടെ ബുദ്ധിശക്തിയേയും ഫലിത വൈഭവത്തേയും ഓർത്തു അത്യന്തം സന്തോഷിച്ചു. അന്നുമുതൽ

നമ്പൂരിയുടെ ധിക്കാരപ്രവൃത്തികൾക്കും ശകാരപ്രയോഗങ്ങൾക്കും വളരെ ഒതുക്കവും ഉണ്ടായി ട്ടുണ്ടത്രേ. തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തിൽ ഒരു ദിവസം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ തൊഴുന്നതിനായി ചെന്നപ്പോൾ നടക്കൽ ശാന്തിക്കാരനായ നമ്പി, നമ്പ്യാരോട് ആരാണെന്നു ചോദിച്ചതിനു "നമ്പിയാർ" എന്നു ഉത്തരം പറഞ്ഞതുകേട്ടു കലുഷഹൃദയനായ നമ്പി വിവരം തിരുമനസ്സ് അറിയിക്കയാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു നമ്പ്യാരെവരുത്തി ഉണ്ടായ പരമാർത്ഥം ചോദിച്ചപ്പോൾ,

"നമ്പി,യാരെന്നു ചോദിച്ചു നമ്പിയാരെന്നു ചൊല്ലിനേൻ
നമ്പി,കേട്ടഥ കോപിച്ചു തമ്പുരാനേ പൊറുക്കണം."

എന്നു അറിയിച്ചതായും തമ്പുരാൻ കേട്ടു സന്തോഷിച്ചതായും കേൾവി ഉണ്ട്. അതുപോലെതന്നെ ഇദ്ദേഹത്തിന്റെ സഹജീവിയായിരുന്ന ഒരു വാര്യരുടെയും സഹൃദയതയെ പരിശോധിക്കുന്നതിനുവേണ്ടി ഇവർ രണ്ടാളും കുളിച്ചുവരുന്ന തിരുവനന്തപുരത്തു ശ്രീവരാഹത്തുകുളം ആനയെക്കൊണ്ടു കലക്കിക്കയും അതുപോലെ കുളിയുംകഴിഞ്ഞു തിരുമുൻപാകെ ചെന്നപ്പോൾ തിരുമനസ്സുകൊണ്ട് ആദ്യം വാര്യരോട് ഇന്നത്തെക്കുളി എവിടെ ആയിരുന്നുഎന്നു കല്പിച്ചു ചോദിച്ചതായും വാര്യർ ശ്രീവരാഹത്തു കുളത്തിൽ കരികലക്കിയ സ്ഥലത്തായിരുന്നു എന്നും നമ്പ്യാരോടു ചോദിച്ചപ്പോൾ അവിടെത്തന്നെ കുളം കലക്കിയ സ്ഥലത്തായിരുന്നു എന്നും അറിയിച്ചതായും ഉടനെ മഹാരാജാവു തിരുമനസ്സുകൊണ്ടു സന്തോഷപൂർണ്ണനായിത്തീർന്നു വിദ്വന്മണി അശ്വതി തിരുനാൾ കൊച്ചുതമ്പുരാനോടു ഇവരുടെ ഔചിത്യം ഇതുകൊണ്ടു നിശ്ചയിക്കാമല്ലോ എന്നു ചോദിച്ചതായും ഒരു കിംവദന്തി ഉണ്ട്. കൂടാതെ സരസനായ നമ്പ്യാരും,പണ്ഡിതനായ വാര്യരുംകൂടി തിരുവനന്തപുരത്തു പത്മതീർത്ഥത്തിൽ കുളിച്ചുകൊണ്ടുനില്ക്കുമ്പോൾ ഒരു മാന്യകുടുംബത്തിലുള്ള ശൂദ്രസ്ത്രീ സൌന്ദര്യവതിയായ ദാസിയുമൊന്നിച്ചു കടന്നുപോകുന്നതിനെക്കണ്ടു വാര്യർ "കാന്തിയേതോ" എന്നു ചോദിച്ചു. നമ്പ്യാർ ഉത്തരമായി പറഞ്ഞതു "നല്ലതാളി" എന്നായിരുന്നു. ഇതിൽ വാര്യരുടെ "കാന്തിയേതോ" എന്ന ചോദ്യത്തിന്റെ അർത്ഥം ഇവരിൽ സുന്ദരി ആരെന്നും "നല്ലതാളി" എന്ന നമ്പ്യാരുടെ ഉത്തരത്തിന്റെ അർത്ഥം നല്ലതു തോഴി (ദാസി)യാണെന്നും പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ ഒരിക്കൽ മഹാരാജാവു തിരുമനസ്സുകൊണ്ടു അദ്ദേഹത്തിന്റെ ആശ്രിതന്മാരായ കവികളോടൊന്നിച്ചു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പുതുതായി ഒരു കമ്പവിളക്കുണ്ടാക്കിയതിനെ കാണുന്നതിനായി എഴുന്നള്ളി. മഹാരാജാവു തിരുമനസ്സുകൊണ്ടു വിളക്കിന്റെ പണികണ്ടു സന്തോഷിച്ചിട്ടു കൂടെ ഉണ്ടായിരുന്ന കവികളോടു ദീപസ്തംഭത്തെ വർണ്ണിച്ചു ശ്ലോകങ്ങൾ ഉണ്ടാക്കുവാൻ കല്പിച്ചു. അവരിൽ ഓരോരുത്തരും അത്ഭുതാലങ്കാരവൈചിത്ര്യത്തോടുകൂടി ശ്ലോകങ്ങൾ ഉണ്ടാക്കി. നമ്പ്യാർ,

"ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏകമേ ശ്ലോകാന്തം നല്ലതെന്നേ ന വിസ്മൃതം"

എന്നൊരു ശ്ലോകമുണ്ടാക്കി മററുകവികളെ ലജ്ജിപ്പിക്കുകയും മഹാരാജാവിനെ സന്തോഷിപ്പിക്കുകയും ചെയ്തു. നമ്പ്യാർക്കു കൊട്ടാരത്തിൽനിന്നും ദിവസംപ്രതി രണ്ടുകാലും കോപ്പും കൊടുക്കുന്നതിനു കല്പനയുണ്ടായിരുന്നു. നമ്പ്യാർ അതു പതിവായി വാങ്ങിവരികയും ചെയ്തിരുന്നു. ഒരിക്കൽ കലവറക്കാരൻപണ്ടാല രണ്ടിടങ്ങഴി അരിയും കോപ്പുമേ, കൊടുക്കയുള്ളെന്നു തർക്കിച്ചു. ഉടനെ നമ്പ്യാർ,

"രണ്ടുകാലെന്നു കല്പിച്ചു രാജാ,കാലൊന്നിതെന്നും
ഉണ്ടോ കാലെന്നു പണ്ടാല ഉണ്ടിട്ടിന്നിരുതരവും".

എന്നൊരു ശ്ലോകം എഴുതി തിരുമുമ്പാകെ പാടി അറിയിക്കുകയും ശ്ലോകം കണ്ടു സന്തുഷ്ടനായ മഹാരാജാവു കരവുകൂടാതെ ഭൂമികൊടുക്കാൻ കല്പിച്ചു പട്ടാക്കുകയും അന്നുമുതൽ ക്രമമായി ഇപ്പോഴുള്ള രണ്ടുനേരം ഭക്ഷണം കൊടുക്കുന്നതിനു കല്പിക്കുകയും ചെയ്തു.

നമ്പ്യാരുടെ ഹാസ്യരസപ്രധാനങ്ങളും സരസമധുരതരങ്ങളുമായ കവിതകളെക്കൊണ്ടു സന്തുഷ്ടനായ മഹാരാജാവ് ഒരിക്കൽ അദ്ദേഹത്തിന് ആയിരം പണം കൊടുത്തു. പണം കൊടുത്തപ്പോൾ ഇതിനെ നല്ലതായി ഒരു സ്ഥലത്തിൽ ഉപയോഗിക്കണമെന്നുകൂടി കല്പിച്ചിരുന്നു. നമ്പ്യാർ സ്ത്രീജിതനായതുകൊണ്ടു ദ്രവ്യം ചെയ്യുമെന്നു വിചാരിച്ചാണ് അപ്രകാരം അരുളിച്ചെയ്തത്. നമ്പ്യാർ അതുകേട്ടു പണവും വാങ്ങി സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തേക്കു തിരിച്ചു. അവിടെച്ചെന്നപ്പോൾ കിള്ളിക്കുറിശ്ശിമംഗലത്തു ശിവക്ഷേത്രത്തിന്റെ ബലിപ്പുര വീണുകിടക്കുകയായിരുന്നു. നമ്പ്യാർ താൻ കൊണ്ടുവന്ന ആയിരം പണവും ചെലവാക്കി ബലിക്കൽപ്പുര നന്നാക്കീട്ടു തിരുവനന്തപുരത്തേക്കു മടങ്ങിപ്പോയി. അവിടെച്ചെന്നപ്പോൾ മഹാരാജാവു നമ്പ്യാരോടു പണം എന്തുചെയ്തു എന്നു ചോദിച്ചു. നമ്പ്യാർ ഉടനെ അടിയൻ വസ്തുവിന്മേൽ ആക്കീട്ടുണ്ട് എന്നുത്തരം പറഞ്ഞു. കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിൽ ഇപ്പോഴുള്ള ബലിക്കൽപ്പുര നമ്പ്യാരു പണിയിപ്പിച്ചതാണെന്നുള്ളതിനു ലക്ഷ്യമായിട്ട് ആ ബലിക്കൽപ്പുരയുടെ കരിങ്കല്ലിന്മേൽ—

"ശ്രീ ബലിപ്രസ്ഥശ്ശോഭതേ ശ്രീഗുരുകാലയവാസിനഃ
രാമേണ പാണിവരേണ കാരിതോ ഭൂതയേ ധ്രുവം."

എന്നൊരു ശ്ലോകം കാണുന്നതായിട്ടറിയുന്നുണ്ട്. അതുപോലെ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്ക നമ്പ്യാരുടെ മേൽ ഒരിക്കൽ എന്തോ തിരുവുള്ളക്കേടുണ്ടാവുകയാൽ നമ്പ്യാർ കൊട്ടാരത്തിൽ കടക്കാൻ പാടില്ലെന്നും നമ്പ്യാർക്കു പതിവുള്ള അരിയും കോപ്പും കൊടുക്കരുതെന്നും കല്പനയായി. അങ്ങനെ രണ്ടുമൂന്നുദിവസം കഴിഞ്ഞു. അതിന്റെശേഷം ഒരുദിവസം നമ്പ്യാർ—

"പൂർവ്വത്വം സ്വജനേന, രമ്യം കവചകളി അരുളായനാരം
കേറാൻ വാരണമുണ്ടു, മദയാനാ കൊട്ടുമോളുകളും
ഒട്ടും അന്നമിരിപ്പില്ല തേ, മെ ഭോഗ്യകാര്യാദിക്ക കപ്പാട്ടിലും
സേവിച്ചിട്ടു് ഞാൻ പിന്നെ സ്വാപതേ! തൃജ്ജല്യനായിരിക്കേണം."

ഇങ്ങനെ ഒരു ശ്ലോകം എഴുതി തിരുമനസ്സറിയാൻ കൊടുത്തയച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു ശ്ലോകംവായിച്ചു വളരെവളരെ സന്തോഷിച്ചു കൊട്ടാരത്തിൽ മുൻപതിവുപോലെ വന്നുകൊള്ളുന്നതിനും കൊടുത്തുവന്ന അരിയും കോപ്പും കടിശ്ശിക തീർത്തുകൊടുക്കുന്നതിനും കല്പനയാവുകയും ചെയ്തു.

നമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുമ്പോൾ ആദ്യകാലത്തു പക്ഷത്തായിരുന്നു അഷ്ടി. പക്ഷത്തെ ഊണ് അത്ര തൃപ്തികരമല്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. നമ്പ്യാർക്കു പക്ഷത്ത് ഊണുകൊണ്ടു വയറിനു സുഖമില്ലാതെ ആവുകയാൽ ഇതിനൊരു നിവൃത്തി ഉണ്ടാക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. മഹാരാജാവു തിരുമനസ്സിലേക്ക പതിവായി എല്ലാദിവസം വെടിയുടെ വട്ടം ഉണ്ട്. യോഗ്യന്മാരായ സേവകന്മാർ എല്ലാം ആ സമയം തിരുമുൻപിൽ ഉണ്ടായിരിക്കും. ഈ കൂട്ടത്തിൽ വെടിപറയുവാൻ മിടുമിടുക്കനായ നമ്പ്യാർ ഇല്ലാതെ ഇരിക്കയില്ലല്ലൊ. ഒരുദിവസം മഹാരാജാവും വിശ്വാസന്മാരുംകൂടി മാളികമുകളിൽ ഇരുന്നു വെടിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ മാളികത്താഴെക്കൂടി പ്രായമുള്ള ഒരു പശു ഇഴകിച്ചുംകൊണ്ട് ഇരുന്നതിനെ നമ്പ്യാർ കണ്ടു "അല്ലാ ചൊല്ലു നിനക്കും പക്ഷത്തിലാണോ ചോറ്?" എന്നു ചോദിച്ചു. ഇംഗിതജ്ഞനായ മഹാ

രാജാവു തിരുമനസ്സുകൊണ്ടു അന്നുമുതൽ നമ്പ്യാരുടെ പക്ഷത്തിലെ ഊണുമാററി. പക്ഷത്തെ ഊണിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചു "അത്തുപോലത്തുകൊൾവോൻ കൊട്ടുന്നതോടിനിക്കെ"ന്നും മററും പരാതി പറഞ്ഞിട്ടുള്ളതും സുപ്രസിദ്ധമാണല്ലോ. നമ്പ്യാർ തിരുവനന്തപുരത്തെ താമസം മതിയാക്കി യാത്ര അറിയിച്ചു അമ്പലപ്പുഴയ്ക്കു പോകുമ്പോൾ —

"നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻപാദം തലോടീ ചിരം
പാലഞ്ചുംമൊഴിതന്നപാംഗവലയിൽ പാടിട്ടഴന്നേൻ ചിരം
കോലംകെട്ടുക കോലകങ്ങളിൽനടിക്കെന്നുള്ള വല്ലായ്മിനി—
ക്കാലംവാർദ്ധകമാകകൊണ്ടടിയനെപ്പാലിക്കണം ഭൂപതേ!"

എന്നിങ്ങനെ ഒരു ശ്ലോകം എഴുതി ഉൾക്കയ്യിൽ കൊടുത്തു. തിരുമനസ്സുകൊണ്ടു വളരെ സന്തോഷിച്ചു വീരശൃംഖല സമ്മാനിച്ചതുമല്ലാതെ അമ്പലപ്പുഴ ക്ഷേത്രത്തിൽ ചോറും പാൽപ്പായസവും പതിച്ചുകൊടുക്കുകയും ചെയ്തു. നമ്പ്യാർ അമ്പലപ്പുഴ താമസിച്ചിരുന്നപ്പോൾ ചെമ്പകശ്ശേരിരാജാവിന്റെ അടുക്കൽ അവിടത്തെ ഊണിനെപ്പററി സ്തുതിച്ചുണ്ടാക്കി കേൾപ്പിച്ചു സമ്മാനംവാങ്ങിയ ശ്ലോകംതന്നെ, ഊണു വളരെ വഷളെന്നനിലയിൽ അർത്ഥവ്യത്യാസം വരുത്തിക്കൊണ്ടും തിരുവിതാംകൂർ മഹാരാജാവിനെ ചൊല്ലി കേൾപ്പിച്ചു് ആ തിരുമേനിയോടും സമ്മാനം വാങ്ങിയതായി കേൾവിയുണ്ടു്. ആ ശ്ലോകം താഴെപ്പറയുന്നതാണ്.

"പത്രംവിസ്തൃതമെത്ര തുമ്പമലർതോററീടുന്നൊരന്നവും
പുത്തൻനെയ്യുമിളപ്പഴുത്തപഴവും കാച്ചിപ്പഴം കാളനും
പത്തഞ്ചുകറികളാസ്യമിളയും നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലമ്പിളയിൽമോർ തട്ടാതെകിട്ടുംസുഖം"

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ കാലത്തു് തൊള്ളായിരത്തി നാല്പതാമാണ്ടിലാണു് അദ്ദേഹം തിരുവനന്തപുരത്തുനിന്നും അമ്പലപ്പുഴെപ്പോയി സ്ഥിരതാമസം തുടങ്ങിയതു്. അതിൽപിന്നെ നാലഞ്ചുകൊല്ലത്തിനകം അദ്ദേഹം പരലോകപ്രാപ്തനായി. നമ്പ്യാർ മരിക്കുമ്പോൾ അറുപതിൽപ്പരം വയസ്സുണ്ടായിരുന്നതായിട്ടാണു് അറിയുന്നതു്. നമ്പ്യാർ മരിച്ചതു പേപ്പട്ടി കടിച്ചു ചികിത്സയിൽ ഇരുന്നപ്പോൾ പത്ഥ്യം അവസാനിക്കുന്നതിനു മുൻപായി അമ്പലപ്പുഴെതിരുമുൽപ്പാടിന്റെ കോവിലകത്തുണ്ടായിരുന്ന ഒരുമാസത്തടിയന്തിരത്തിനു പോയി സദ്യ ഉണ്ടതിനാൽ സുഖക്കേടു വീണ്ടും വർദ്ധിച്ചതാണെന്നാണു് കേട്ടുകേൾവി. നമ്പ്യാരുടെ കുടുംബക്കാർ ഇപ്പോഴും കിള്ളിക്കുറിശ്ശിയിൽ ഉണ്ടു്. അവർക്കു് അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്നും നമ്പ്യാർക്കുണ്ടായിരുന്ന പതിവുകൾ ഇപ്പോഴും വാങ്ങിവരുന്നതു്.

നമ്പ്യാർ ഒരുവലിയ പരിഹാസിയും സരസനും വിശാലബുദ്ധിമാനും ഉഭയവ്യുൽപ്പന്നനും സംസ്കൃതഭാഷയിൽ ധാരാളം ഗ്രന്ഥപരിചയമുള്ളവനും ഒന്നാംതരം ഫലിതക്കാരനും ലോകനടപടികളിലും വിവിധവിധക്കാരായ ആളുകളുടെ എല്ലാവിധമനോഗതികളിലും നല്ല ജ്ഞാനമുള്ളവനും ഒരു വലിയ സദ്യപ്രിയനും കഞ്ചാസേവ മദ്യപാനം മുതലായവയിൽ ഏററവും വെറുപ്പുള്ളവനും ആക്ഷേപസ്വഭാവത്തിൽ ഉന്മേഷിക്കുന്നവനും കൈക്കൂലിവാങ്ങുക, ശുപാർശികേൾക്കുക മുതലായവയിൽ വളരെ അറപ്പുള്ളവനും ആയിരുന്ന എന്നു് അദ്ദേഹത്തിന്റെ കവിതകൾകൊണ്ടു അനുമാനിക്കാവുന്നതാണു്. രസമിരിക്കുന്ന വഴിയേക്കുറിച്ചുകൊണ്ടു നമ്പ്യാർക്കു് അറിയാവുന്നതുപോലെ മലയാളഭാഷാകവികളിൽ ആർക്കും ഇതുവരെയും അറിവാൻ കഴിഞ്ഞിട്ടില്ല. ദുഷ്കവിതകൾ ഉണ്ടാക്കി മനുഷ്യരെ ഉപദ്രവിക്കുന്ന ഗ്രന്ഥകാരന്മാരോടു അദ്ദേഹത്തിനു വളരെ പുച്ഛമായിരുന്നു. തുള്ളൽക്കഥകളിൽ പലേടത്തും അവരെ ആക്ഷേപിച്ചിട്ടുണ്ടു്. കൃഷ്ണലീലയിലും മററും ആട്ടക്കാരെ ആക്ഷേപിച്ചുണ്ടെന്നു കണ്ടുകൊണ്ടു നമ്മുടെ കവിപുംഗവൻ ആട്ടക്കാരോടും

വെച്ചുപ്രായിക്കണെന്നൂഹിക്കാം. അദ്ദേഹം കിട്ടിയതെല്ലാം വച്ചു സാമ്പ്രദായികളായ വൈദ്യന്മാരെയും മന്ത്രവാദികളെയും വെളിച്ചപ്പാടന്മാരെയും കണക്കിന് ആക്ഷേപിച്ചിട്ടുണ്ട്. നമ്പ്യാർ തന്റെ കവിതയിലുള്ള പാത്രങ്ങളെ തന്മയപ്പെടുത്തുന്നതിനുവേണ്ടി കൈലാസത്തും, പാതാളത്തും, പാലാഴിയിലും, ദേവാലയങ്ങളും അളകയിലും മററും പോകാതെ അധികവും കേരളംകൊണ്ടുതന്നെ ആണ് കഴിച്ചുകൂട്ടിയിട്ടുള്ളത്. നമ്പ്യാരുടെ ദൃഷ്ടാന്തങ്ങളും, ഉപമകളും മററും വളരെ പററിയതാണ്. അദ്ദേഹത്തിന്ന മുടിയന്മാരായ കാരണവന്മാരെയും തന്തോന്നികളും ഭീരുക്കളുമായ ഭർത്താക്കന്മാരെയും പ്രതിഗ്രഹത്തിനുവേണ്ടി നടന്നലയുന്ന ബ്രാഹ്മണരെയും വിശേഷിച്ചു, പരദേശബ്രാഹ്മണരെയും ജാതിമര്യാദകൾ ലംഘിക്കുന്നവരെയും പാതിവ്രത്യവിഹീനകളായ സ്ത്രീജനങ്ങളെയും മററും വളരെ വിരോധമായിരുന്നു. നമ്പ്യാർ കേരളത്തിന്റെ ആത്മാവുമായിരുന്ന എന്ന അദ്ദേഹത്തിന്റെ കവിതകൾകൊണ്ടു ഊഹിക്കാം. നമ്പ്യാർ മററുള്ള കവികളെപ്പോലെ അതിശയോക്തികൊണ്ടല്ലാതെ വാസ്തവോക്തിക്കധികം ചുററുമുള്ള സംഗതികളെക്കുറിച്ചുമാത്രം വർണ്ണിക്കുന്നവനായിരുന്നതിനാൽ അദ്ദേഹത്തിന്റെ കവിതകൊണ്ടു അന്നത്തെ ജനസമുദായാവസ്ഥയെ നമുക്കു പരിഗണിക്കാൻ കഴിയും. തൻമൂലം അദ്ദേഹത്തിന്റെ കവിതകൾക്കുള്ളിടത്തോളം പ്രസിദ്ധിയും മാഹാത്മ്യവും മററു കവിതകൾക്കുണ്ടായിട്ടില്ല. അദ്ദേഹം പരലോകപ്രാപ്തനായെങ്കിലും യശശ്ശരീരിയായി ഇപ്പോഴും ജീവിക്കുന്നു.

"ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ
നാസ്തി യേഷാം യശഃകായേ ജരാമരണജം ഭയം"

എന്നാണല്ലോ ആപ്തവചനം. സാഹിത്യകലകളിൽ ഒന്നിച്ചു ശാശ്വതമായ കീർത്തിസ്തംഭത്തെ മലയാളത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിനെക്കുറിച്ച് മലയാളം അറിയാവുന്നവർക്കുള്ള ആദരാതിശയം അനിതരസാധാരണമാകുന്നു. നല്ല കവിതാചാതുര്യമുള്ള കവിവാണീമാധുര്യത്തെ അനുഭവിക്കുന്നതുപോലെ സുഖം മറെറാന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ശ്രീശങ്കരാചാര്യരുടെ വാഗ്മാധുരിയിൽ മനസ്സലിഞ്ഞു മാധവാചാര്യർ ചൊല്ലിയ,

"അപ്പൂപ്പും സഖിപ്പം ചിരതരമപചരം ക്ഷീരമൈദ്രാക്ഷമിക്ഷും
സാക്ഷാദ്ദ്രാക്ഷാദികഞ്ച മധുരസമയതാം പ്രാഗവിന്ദം മദന്യേ
മേചാരമേചകമന്യോ മധുരിമഗരിമാ ശങ്കരാചാര്യവാചാം
ആചാന്തോ ഹന്ത കിം തൈരലമപി ച സുധാനന്ദസിന്ധൂസമസ്തീ"

എന്ന ശ്ലോകം നമ്പ്യാരെക്കുറിച്ചു മലയാളഭാഷ അറിയാവുന്ന ഏതൊരുത്തനും ചൊല്ലേണ്ടതാണ്.

"യസ്യാശ്ചോരശ്ചികുരനികരഃ കർണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ
കേഷാം നൈഷാ കഥയ കവിതാകാമിനീ കൌതുകായ."

ഇങ്ങനെ ഒരു സംസ്കൃതവിദ്വാൻ കവിതാകാമിനിയെ സംസ്കൃതകവികളെക്കൊണ്ടു വർണ്ണിച്ചിട്ടുള്ളതുപോലെ ഒരു മലയാളകവി കവിതാകാമിനിയെ മലയാളകവികളെക്കൊണ്ടു വർണ്ണിക്കാൻ തുടങ്ങിയാൽ ഹൃദയം കവിതാകാമിനിയുടെ വിലാസമായി വർണ്ണിക്കുന്നതു മലയാളകവികളുടെ ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിതനായിത്തീരുന്ന സരസകവി കുഞ്ചൻ നമ്പ്യാരെത്തന്നെയാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

നമ്പ്യാർ "വായിൽവന്നതു കോതയ്ക്കുപാട്ടു" എന്ന രീതിയിൽ കവിതയെഴുതിയതല്ലെന്നും കവിത എഴുതേണ്ടതു ഇന്ന പ്രകാരത്തിൽ ആണെന്നു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു എന്നും നമുക്ക് ആ ദേഹത്തിന്റെ എല്ലാ കവിതകളിൽനിന്നും ഊഹിക്കാവുന്നതു കൂടാതെ

"കോൽത്തേനൊലേണമോരോ പദമതിനെ നവംപോലെ നിരന്നപോലെ
ചേർത്തീടേണം വിശേഷിച്ചിടയതിലൊരലങ്കാരവും ഉണ്ടായ്‌വരേണം
ചേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നേണമെന്നിങ്ങു വന്നേ
തീർത്തീടാവൂ ശ്ലോകം ശിവശിവ കവിതാരീതി വൈഷമ്യമത്രേ."

എന്നു തന്നത്താൻ പറഞ്ഞിട്ടുള്ളതുകൊണ്ടു തീർച്ചയാക്കാവുന്നതാണ്. സംസ്കൃതകവികളിൽ കാളിദാസനും, ഇംഗ്ലീഷുകവികളിൽ ഷേക്സ്പീയരും ഏതൊരു സ്ഥാനങ്ങൾക്ക് അവകാശികളാണോ ഭാഷാകവികളിൽ കുഞ്ചൻനമ്പ്യാർ തൽസ്ഥാനാവകാശിയാണെന്നുള്ളതു നിരാക്ഷേപമാകുന്നു. ഉഭയനപ്രസന്നയശസ്വിയായ ഈ ദേഹത്തിന്റെ കവിതകൾ എന്നെന്നേക്കും കൈരളീമഹിളയുടെ കണ്ഠത്തിൽ അമൂല്യമായ ഒരു മുക്താഹാരമായി പ്രകാശിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു മഹാകവി നമ്മുടെ കേരളത്തിനെ അലങ്കരിച്ചതു് അവരുടെയും നമ്മുടെ ഭാഷയുടേയും മഹാഭാഗ്യമെന്നുതന്നെ പറയാം. അതിനേക്കാൾ ഒരു മഹാഭാഗ്യമാകുന്നു ആ കവിതാമുക്തങ്ങൾ ഒരുമിച്ചും ചിന്നിച്ചിതറി കളിഞ്ഞും തെളിഞ്ഞും കിടന്നവയെ അതിപ്രയത്നംചെയ്തു ചെത്തു ദ്രവ്യവ്യയംചെയ്തു മിനുക്കി കൊരുത്തു നമുക്കു നല്കുന്നതിനു ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണകർത്താവായ എസ്. റ്റി. റെഡ്യാരെ നമുക്കു ലഭിച്ചതു്. അതുകൊണ്ടു കവികലമുകുന്ദനായ കുഞ്ചൻനമ്പ്യാരുടെ യശസ്സുപോലെ "വിദ്യാവിലാസിനി" മുദ്രാലയത്തിന്റെ പ്രശസ്തിയും കല്പാന്തവധി മുഴങ്ങുമാറാകട്ടെ!!

എന്നു്,

റ്റി. പ്പി. നാണുപിള്ള ആശാൻ.

ഓട്ടൻതുള്ളൽ

വിഷയാനുക്രമണിക.





മിസ്റ്റർ. റ്റി. [illegible] ശേഖരിച്ച കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളൽക്കഥകൾ

ഒന്നാം ഭാഗം

പ്രദോഷമാഹാത്മ്യം

ഓട്ടൻതുള്ളൽ.

ഫണിമതിശകലവുമംബുനദിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണനിധിയാം പരമേശ്വരനും
പ്രണയിനി ഭഗവതി പരമേശ്വരിയും
ഗണപതിഭഗവാനവരുടെ മകനും മറ്റു
ഗണപരിപാലിതഹരിഹരസുതനും
പണിയുന്നവരുടെ പാപമൊഴിപ്പാൻ
പണിക്കൂടാതെ കടാക്ഷിച്ചരുളിന
ഫണിപതിശയനനനന്തപുരേശന-
മന്മതിയാകുന്നൊരടിയനവടിയാ
തുണചെയ്തരുളുക സുഖമേ പദതളി-
രിണ പണിയുന്നേനഹമിഹ സതതം.
ധരണീസുരവരമകുടമഹാമണി
കരണീയങ്ങളിലമലമഹാമതി
തരണീസമാനൻ ദുരിതമഹാർണ്ണവ-
തരണത്തിന്നൊരു തരണീഭൂതൻ
കരുണാഗുണഗണവരുണാലയനാം
ഗുരുനാഥൻ മമ വരമരുളേണം.
അരുണാംബുജരുചിതടവിയവടിയുഗ
ചരണയുഗം മമ ശരണം ശരണം.
ധാത്രിയിലഴകിനകിള്ളിക്കുറിശ്ശി-
ക്ഷേത്രംതന്നിൽവിളങ്ങിന ദേവൻ
നേത്രം മൂന്നുള്ളൊരു പരദൈവം
ഗാത്രം പാതി പരിഗ്രഹമാക്കി
ഗോത്രം നല്ലൊരു വില്ലതുമാക്കി
ഗോത്രാധിപനെ വാഹനമാക്കി
ഗോത്രാപാലനശീലൻ മമതി-
പാത്രംതന്നിൽ വിളങ്ങീടേണം.
മാതൃാലയവാസിനി ഭഗവതി
മാനസിജരിപുജനിനന്ദിനിസുന്ദരി
കാന്തതളിർക്കുളിരിനിവാസിനി
കളമൊഴിനാഗഗാമിനി കാമിനി.
വഞ്ചിമഹീപതിവരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ-
സഞ്ചിതനാകിനസകലജനേശന-
രഞ്ചിതധനജനകലമലശാലി
പഞ്ചശരോപമമധുരശരീരനു-
ചഞ്ചലമാനസനസമാനൻ
കിഞ്ചനകനിവതുള്ളീടുകിലടിയനു
നെഞ്ചിനുവെളിവുവിശേഷിച്ചുളവാം.
പഞ്ചായുധരിപുതൻ തിരുനാമം
പഞ്ചാക്ഷരമയമഖിലശിവകര-
മഞ്ചാതനിശമുരക്കഴിയുന്നവ-
രഞ്ചുമൊരാവം അജ്ഞന്മാരുടെ
തിരുവുടലൊടുസാരൂപ്യമുദിർവതും
ഉരുതരദുരിതവിനാശനമൂലം.
ഹരശിവശങ്കരഗിരിജാവല്ലഭ!
പുരഹര! പുഷ്ടരസാന്തക! ശംഭോ!

ശരണം ഭവഭയഭവാബ്ധിപരി-
ഹരണം ചെയ്യുമതിനു ഭഗവാൻ
തരണം ചെയ്‌വതിനു വിഷ്ണോർ
വരണം നവസമീഹിതമതും
ചരണാംബുജം ചിന്തിക്കുന്നേൻ
മരണഭയം നീങ്ങി യമഭയവും നീങ്ങി
കരണം വിട്ടുമരിച്ചു ഭഗവാനുമായി-
തരണം തരസാ സംഗതിക്കും.
പ്രഥമമിയന്ന പ്രദോഷം നോറ്റാൽ
പ്രഥമിതമാകമശേഷം ദുരിതം
ശരധരശേഖരനാകിയഭഗവാ-
നിളുമശേഷമൊഴിച്ചരുളീടും.
അശനത്തിന്നുവകയില്ലാതവനതി
ഭൂരിതരധനധാന്യാദികളെല്ലാം
വിരവൊടുതാകിനകീർത്തിയുമുണ്ടാം
കൃശമദേഹത്തിനു പുഷ്ടിയുമുണ്ടാം
ദാരിദ്ര്യങ്ങളശേഷം നീങ്ങി
പ്പാരിൽ ദൃപ്യപ്പെട്ടുവാഴുമവൻ
മുറുകെയൊരാഗ്രഹമുണ്ടെന്നാകിൽ
ചൊറും മടിക്കാതെ പ്രദോഷം
നോറ്റീടുക മനുജന്മാർക്കതി-
ലൊന്നും മറ്റൊരു ധർമ്മവുമില്ല.
വിനയമിയന്നവിദർഭമഹീപതി
തനയന്തന്നുടെ ചരിതം കേട്ടാൽ
മനുജന്മാർക്കു പ്രദോഷം നോല്പാൻ
മനസികുതൂഹലമുണ്ടാം നിയതം.
കുണ്ഡിനമെന്നുപ്രസിദ്ധമതാം ശ്രീ-
മണ്ഡനമാകിയനഗരന്തന്നിൽ
വിണ്ണവർപതിയോടുതുല്യനതായൊരു
പുണ്യമഹാമതി നൃപനുണ്ടായി.
ചണ്ഡതപെരുകിനവിമതന്മാരുടെ
ഖണ്ഡനവിധികളിലധികവിദഗ്ദ്ധൻ
മണ്ഡലമവനം ചെയ്തതിനവനാ-
ഖണ്ഡലനെക്കാൾ കൌശലമേറും.
നാട്ടുകൾതോറും നായന്മാരുടെ
വീട്ടുകൾ കണ്ടാലറിയാം നൃപനുടെ
കൊട്ടുകൾ ക്രൂരമുള്ളൊരു സമ്പൽ-
പ്പെരുമകളെല്ലാമധികമനോജ്ഞം.
നാടുകളിലിഹ നൃപതിയവനുടെ
നാട്ടുകളെല്ലാം ബുദ്ധിയനന്യം
മാടുകൾ മഹിഷികൾ കാളകളും പുന-
രാടുകളെന്നിവയെണ്ണുതടപ്പാൻ
ക്രൂരകൾ പോരാത്തൊരുവകവളരെ-
ക്കാടുകൾ മേഞ്ഞുനടന്നീടുന്നു
കുട്ടുകളവയെ യുവതിജനത്തിനു-
മാടുകളുണ്ടായതാവതില്ലൊട്ടും
പിടികളൊളികമന്നിടാതൃമ-
ണ്ടാടികൾ തെരുവുകൾ പെരുവഴിതോറും
മാടികളെന്നൊരു വേശ്യാസ്ത്രീകളെ
വീടുകളമ്പുരത്തിനു സദൃശം.
നാടകമാടുക നടിമാരൊരുദിശി
പാടുക പാടുക ചൽപെരുകിന
ചാടുകൾകൊണ്ടു പുകഴ്ത്തുക നൃപനെ
കോട്ടുകളെല്ലാം ശ്രീഭഗവതിവിള-
യാട്ടുകളെന്നൊരു കണ്ടു വന്നിട-
ക്കൂട്ടുകയില്ലിതുകാരണമതിനാൽ
നാട്ടുകളും ചിലവീട്ടുകളുമതിനാൽ
കേട്ടുകളെങ്ങും കാണ്മാനില്ല
കടമില്ലാതവനുതുകാരണമൊരു
തടവില്ലിവിടെ വസിച്ചു സുഖിപ്പാൻ
കടകാദികളും കോപ്പുകൾ പട്ടും
പുടവയുമെന്നിവയില്ലാതാർക്കുമി-
ല്ലിടമില്ലാതെ വിധാതികളെന്നാൽ
മടവാർമണികളുമവരൊടുചേർന്ന്
നടമാടുന്നൊരു പുരുഷന്മാരു-
ടരവൃകളിലുമപ്പോലെങ്ങുമൊരു
ദേവബ്രാഹ്മണവിശ്വാസപൂർ-
ത്ഥവും മറ്റൊന്നാട്ടിലുമില്ല
ദേവസ്വത്തെ ഹരിപ്പാൻതന്നുടെ
ജീവനുള്ളന്നാഗ്രഹമില്ല
ദൈവഹരിക്ഷേത്രങ്ങളിലെല്ലാം
നൈവേദ്യത്തിനു പാല്പായസവും
ശീവേലി പൂജ വിളക്കും മാലയു-
മീവക സകലം സമ്പാദിച്ചു
വെൺകലന്മഹാരക്ഷത്തും ബാല-
വെൺമാടമതാകെപ്പണിയിച്ചു
ഉണ്മാൻവകയില്ലാത്തജനത്തിനു
ധർമ്മക്കഞ്ഞികൊടുത്തുതുടങ്ങി
നാട്ടിൽ ചലചലമികളിൽ പെരുവഴി
മുട്ടുമെങ്ങിടുമീടാതെ

കെട്ടുംചുമടുമെടുത്തുവരുന്നോര
പട്ടന്മാർക്ക വിശേഷിച്ചുമ്പോൾ
ഉപ്പേരാദിയുംപപ്പടകിട്ടി
കൂട്ടാനുള്ളവിധങ്ങളനേകം
നറുനെയ് ദധിയും പാലും പഴവും
കറിനാലും നാരങ്ങാക്കറിയും.

മട്ടമാറി.

ചെറിയപപ്പടം വലിയപപ്പടം
കറിയരചാറുകറിയുമത്ഭുതം!
നിറയെയുണ്ടുകൊണ്ടുമലപോലെകളി-
ത്തായിലേറിയപ്പുളികറിയുപുര-
പ്പുരിതമൊക്കവെ പെരിയവരരും
വരികകാലവും കളികാലവും
പുത്തകാരമപ്പുരിയിലെപ്പാഴ്-
മുതസുഖം വസിച്ചതുള്ളമഹോത്സവം.

മട്ടമാറി.

ശോഭാസമുദയപൂർണ്ണസുവർണ്ണ
ഖരോരാദിമഹാദാനങ്ങളും,
നരപത്തുലക്ഷം ഗോദാനങ്ങളും
മാസവരതം ബഹുഭൂദാനങ്ങളു-
മനവധിമണികനകരത്നാദികളു-
മനന്തരമാനവിശേഷമശേഷം
കനിവൊടു ചെയ്തു വിദർഭമഹീപതി
ഘനമൊടു വാണിതു കുണ്ഡിനനഗരേ.
പത്തുമൊരെട്ടും കന്യകമാരെ
പാണിഗ്രഹണം ചെയ്തു നരേന്ദ്രൻ
ഉത്തമമാരാമവരൊടുകൂടി-
ത്തത്രസുഖിച്ചു രസിച്ചു വസിച്ചു.
സന്തതിയുണ്ടായില്ലയെന്നുകാരണ-
മന്തസ്താപം കിമപി തുടങ്ങി
സന്തതമോരോ സൽക്കർമ്മങ്ങളു-
മന്തണരെക്കൊണ്ടാരംഭിച്ചു
അപ്പവുമടയും, കദളിപ്പഴവും,
പാല്പായസവും, മല, രവൽ, തേനും,
നെയ്പായസവും, ഗുളവും, തിരന്നി,-
തല്ലിതരമാമത്ഭുതഭക്ഷ്യതതിയും,
നെല്ലരി, തേങ്ങാ, നല്ലകറിയും,
വെള്ളം, വെള്ളരി, വെറ്റില, പാക്കും,

വഴുകമേറിന ഗണപതിഹോമാദി-
കർമ്മങ്ങൾകൂട്ടിക്കൊണ്ടു തുടങ്ങി.
മന്ത്രജപം, ബഹുസുരപൂജാദികൾ,
തന്ത്രവിധം, ബഹുപുഷ്പാഞ്ജലിയും,
ഭഗവതിസേവയുമെന്നിവ സർവം
ഭഗവൽപ്രീതികാരണമായി
പലവിധ മങ്ങുതുടങ്ങിയ സമയേ
ഫലമപി കിമപി കാൺമാറായി.
ഭൂമിപതിമാർപതിനെട്ടുള്ളതിലൊരു
കുമാരിഷിക്കു ഗർഭമുണ്ടായി
ദിവസങ്ങൾ കുറഞ്ഞൊരു പു-
ഞ്ചിരിപൂണ്ടു വിളങ്ങി വിളങ്ങി;
അവയവർ വിളങ്ങി മുതിർന്ന-
നവധിയുമങ്ങുതളർച്ചയുമധികം;
നരപതിവരനുടെ മാനസതാരിൽ
പരിചൊടു മോദവുമേറ്റം വളർന്നു.
നൽപൊന്നുഗർഭിണിയാകിയമഹിഷി-
ക്കോർപ്പുമാസവുമങ്ങു തികഞ്ഞു;
ശുഭമായുള്ളൊരു വിദർഭമഹീപതി
പൽപരമോദം വളർന്നുതുടങ്ങി.

മട്ടമാറി.

കാലം സാലംകൃതന്മാർ പൊൻകൊടിമര-
(ത്തിന്മുമ്പിൽ
വാതോരണത്തിന്ന വട്ടമൊക്കവേ കൂട്ടിക്കൊണ്ടു
തങ്ങളതിൽപ്പടക്കൂട്ടി പടിഞ്ഞാറുപുറപ്പെട്ടു
ഇക്കാലം വിദർഭൻറെ ദിക്കുകളെല്ലാമിങ്ങ-
നെക്കണ്ടെന്നോർത്തുകൊണ്ടു പുതശ്ശോഭ-
യോടെയും വന്നതിക്കൊണ്ടാരാഞ്ഞു പുറപ്പെട്ടു
എട്ടുദിക്കുകളെല്ലാം പൊട്ടുമാറുള്ളോരിടി-
വെട്ടുന്നപോലെപ്പടക്കൊട്ടും മുഴക്കിക്കൊണ്ടു
മട്ടും മയം കൂടാതെ പെരുത്ത നായന്മാർക്കു
പട്ടും മുണ്ടുംനൽകിപ്പെരുത്ത തെളിയിച്ചു
പട്ടുമെത്തപ്പികളും കെട്ടിയുറക്കിക്കൊണ്ടു
മട്ടറ്റവില്ലമ്പും വട്ടപ്പരിചകളും
പട്ടസമെന്നിവയും വട്ടങ്ങളെല്ലാംകൂട്ടി
പട്ടണംതന്നിൽനിന്ന പോരാതെ നടകൊണ്ടു;
നാട്ടുകാരങ്ങളും വീടുകടികളും പുഴ
കടന്നും വലിയമലകളും കടന്നപല

കാര്യമതിക്രമിച്ചു പാർത്തുകൊണ്ടിങ്ങനെ-
ക്രൂരംപറയുമവിധം കോപം പൂണ്ടിട്ടു ചൊന്ന
കുണ്ഡിനപുരത്തിന്റെ ക്രൂരവഴിയുടക്കി
കണ്ടു കിങ്കരന്മാരുടെ പടപ്പാളയമിട്ട
സാധുപുരുഷരെല്ലാമിപ്പോൾ കലഹമെല-
കല്യർ കഠിനതരമിവൻ വിജയനോടു
കൂട്ടർവിശേഷം ചൊല്ലർവിമലരാം
കല്യർ കപിവരൻ കിട്ടുംവരേണ്ടു പം-
വില്ലും കലച്ചുതരവില്ലില്ലയച്ചുവെക്കം
ചൊല്ലുന്നതുനേരിയെക്കൊല്ലുന്നതുണ്ടു കേ
ട്ടെല്ലാം വിവാദമതിന്നില്ലന്നു കരതിക്കൊ-
ണ്ടല്ലാസത്താലൊരുമൊഴി ചൊല്ലാനൊരുങ്ങുന്നു ചൊന്ന

മട്ടമാറി

കോപമിയന്നു കുണ്ഡിനപുരിയുടെ
ഗോപുരാദികളെ ചെന്നു പറഞ്ഞ്,
ചാപമെടുത്തു കലച്ചു പിടിച്ചുടൻ
ചാപലവാക്കു പറഞ്ഞുതുടങ്ങി —
"വാരാശിവിതതവിക്രമയാളി-
ലോരാനിന്നുടെ വികൃതികൾ നമ്മോ-
ടേറാ, കപൂതരേ! പോരിലൊരല്പം
വാരാതതു വന്നതെന്നറികേണം
ആലിനിക്കിവിടെ വന്നതിനാറി, നിന്നുടെ
വാര, കിങ്കരന്മാർ, മാന്യപ്രതികരും
ചോരകരാ കുടം, നരകരാ കുടം,
ചോരകരാ കുടം, പെറുകരാ കുടം,
നടപടവിട്ടകളെന്നിവ സകലവു-
മിടിപൊടിയാക്കി മുടിപ്പതിനിന്നൊരു
തടവു നമുക്കില്ല, തവക, ഇനവധി
പടവുകളും, വാനികളും, വള്ളമിളുള്ളവർ
കടവിലടുത്തുകലമ്പിപ്പാട്ടുപൊരട
വെടിയുടർന്നപോളെളിയിരിക്കം
മുന്നമിർത്തിയർന്നവരുള്ളവരും
കിട്ടുകിൽ നിന്നെ വിറപ്പിക്കുള്ള;
കമ്പുകരംനാലിനുള്ളവരാ-
ണവരെന്നാകിൽസഹംനിനക്കെ
കമ്പർത്തടുത്തു പിടിപ്പിച്ചിങ്ങനെ
തന്നെ; ചെറ്റു നിനക്കെന്താണോ?

ഇടയില്ലാത്തൊരു മൂഢൻ നമ്മോടു
പടയിൽനേരാവതുമല്ലന്നാരം
കടലും തഴുകുന്നോരു മലയുടെ
മടയിൽ പോരുക താനേവന്നു.
പടയണിയിട്ടവിലൊരവു പിടിപ്പാൻ
പറ്റുതിരിയാതില്ലാത്തവനെ
തടിക്കാനൊരുമ്പെടലില്ല, തനിച്ചൊരു
തടിയൻ തിന്നുടിപ്പാൻ കൊള്ളാം;
പടിയാത്തവനെല്ലാംകൃതികളെ-
യറിയാത്തവർ വിദൂഷകന്മാരൊരു
തരിയോളമെങ്കിലുമടക്കാനാവ
മടിയാതൊരുവനെന്നറിയേണം."

മട്ടമാറി.

കേട്ടില്ലയോ നീ നാട്ടിൽ മുമ്പു പ്രദ്യുമ്നൻ
കാട്ടിയൊരുപരാധം കേട്ടു ഞാൻ സഹിക്കാഞ്ഞു
നാട്ടിൽനിന്നവരെയോട്ടിക്കളഞ്ഞു, നമ്മുടെ
പാട്ടിലാക്കിയാളുകളും, കാട്ടിലുമങ്ങുമല-
മുട്ടിലും മരത്തിന്റെ പൊട്ടിലും, നീചരുടെ
വീട്ടിലും പലപല കോട്ടിലുമൊരുന്നോരോ
ഗോഷ്ഠികാട്ടുന്നവരെയിട്ടുകൊല്ലുമങ്ങ-
മാട്ടുകാരെന്നപോലെ ചെട്ടുകൊത്തിവർ;
കാറ്റുംമഴയുമേറ്റു മേറ്റുകൊണ്ടങ്കാട്ടി
നാറുമവരെപ്പോലെ ഏറ്റവുമിപ്പോൾമെലാ
മാറുള്ളോരുലോകരു, മാറിക്കളഞ്ഞുവാൻ
പാറും കൊമ്പില്ലാ, മുറ്റവിവർകളെല്ലാം
കൊറ്റുംകിട്ടാ, പിന്നെ മാറുള്ളസംസാരങ്ങൾ
ചെറുന്നിലുവിക്കണം, പാറുന്നില്ലാരും
(ടുള്ളം
കാൽക്കലും നമ്മോടെത്തി നോക്കുന്നവരി-
ലാർക്കും വിരുതുകെട്ടിപ്പാർക്കുന്നതിനില്ല, (കളി-
ത്തോക്കുമെടുത്തുപട കേൾക്കുന്നനേരത്തന്നേ
തോറ്റുനാവരെയുള്ളനോക്കുന്നതിക്കിലെങ്ങും
തെക്കംവടക്കംപത്തിക്കുംപടികരോടു
കേൾക്കുമ്പോളറിയാമിനിക്കുള്ള പ്രബന്ധങ്ങൾ
കാട്ടുകോവിലിലെത്തു സംക്രാന്തിയെന്നപോലെ
നാട്ടുപിള്ളർക്കുമുടെ നാണയംഗ്രഹിക്കരുതേ!

മട്ടമാറി.

എന്തിനനേകം മൊഴി പറയുന്നിതു
അന്തികഗമിയനങ്ങളശേഷവും

ഉല്പാതങ്ങൾകളൊളിച്ചിഹ
കല്പാന്തംതന്നെപോലെക്കാണെകിൽ
ജല്പിതവാന്നതുമാറിയയല്ലാം-
മില്പാർത്തൊതാകരി നികൃതി സഹിക്കണം.
ഹല്ലന്നാകിയധർമ്മനെകം
സാലപമഹീപതി സപതി വരുള്ളം.
വില്ലന്മാരിൽ വിദഗ്ദ്ധന്മാർ തൊൻതട-
വില്ലുകളും തവ രാജ്യമുടിപ്പാൻ.
ഉത്തമ മൊഴികൾ വിളിച്ചുപറഞ്ഞാ
ഞ്ഞാതനാകിയ സാലപനെന്നേൻ.
ക്ഷമാനാഥായവിദർമഹീപതി
യുദ്ധം ചെയ്യതിനുള്ള ഊതിന്;
വാർപെരിടിന നായന്മാരും
തമ്പാടി വടിവോട്ട തുടങ്ങി;
നൻപുരുഷസഹസ്രംകടന്ന-
മൻപൊടു കണ്ഡിനപുരിയിൽ നിറഞ്ഞു
വൻപടഹങ്ങളടിച്ചുമുഴക്കി
സംപ്രതി ചാട്ടചാടപടരമലോഷം
കന്തം, ചാപം, വില്ലും, ശരവും,
ഖണ്ഡത്താകകരം, ചക്രം, ശൂലം,
ചൻഡപതകിനവാളു, കട്ടത്തില,
തൊണ്ണിത്തടി, വടി, തോമരജാലം
ഉത്തമമായുധനികരമശേഷം
സത്വരമങ്ങു കരത്തിലെടുത്തഥ
ഉത്തരഗോപുരവാതിൽതുറന്നു പു-
ള്ളതുപുറപ്പെട്ടാത്തുവിളിച്ചു
ആണിവെടിവച്ചുപടയ്ക്കു തുടർന്നിതു
പണിക്രടാതെ കടന്നുടനെ,
സാലപനരേന്ദ്രവിദർമഹീപതി
സൈന്യഭടന്മാർതങ്ങളിലൊരുമ
ജന്യമഹോത്സവമതികോലാഹല-
മവികലകലശലുകൂടിയസമയേ.

മട്ടമാറി.

പടക്കുന്നൊരത്തനെരുത്തു
പടവില്ലുകരത്തിലെടുത്തു
പടുകോപമവനുകടുത്തു
പരിചോടനുമൊടുത്തു
അഥ പത്തുമോണമൊത്തുവിട്ടു
മതില ചത്തുവീണായുധമി നടുവിലുടൻ
തെരുവിനുകള്ളുകലങ്ങി
തെരുതെരെവെടിവെച്ചുതുടങ്ങി
നാരികളനുമതിലൊന്നടങ്ങി
പരിചോടുകരമൊന്നുമുടങ്ങി
നവനിണത്തുകഴഞ്ഞുവലഞ്ഞു-
മുലഞ്ഞുമൊരുതരമിഹപൊന്നു.
നാലുകരെ രാജനായർ ചാടിച്ചു-
പുലികളുടെ തെറ്റുകടിച്ചു
പ്രതിനായകനെച്ചെന്നുപിടിച്ചു
ചതിയാലെ മൂക്കകടിച്ചു
മുട്ടിപിടിച്ചുമിടിച്ചുമടിച്ചുമൊടിച്ചു
മൊതകലശലുകൂട്ടിചിലർ
വിരവോടുംവെട്ടിമരിച്ചു
ചിലരവരെ പൂണ്ടുതിരിച്ചു
ചിലരുതു ബത കണ്ടു ചിരിച്ചു
ചിലരാനികളിലങ്ങു ചരിച്ചു
പലവിധത്തിലെട്ടുത്തുകടുത്തുതകർത്തുതിമിർത്തും
രണരംഗമതം.

മട്ടമാറി.

നരവരനാകിയ സാലപനൻ പൊരു
ശരവരമാരിചൊരിഞ്ഞുചൊരിഞ്ഞഥ,
തെരുതെരെനിജഭടപടലമശേഷം
പരിഭവം ചെയ്യുന്നതുകണ്ടുടൻ
അരിശമിയന്നുവിദർമഹീശ്വര-
നരിശമനത്തിനുവന്നിതി
കരതിയുറച്ചുരഥത്തിലേറി
പരിചോടനന്തരമങ്ങളതിതു:—
“സാലപകലായമ കടിലാ നിന്നുടെ
സാഹസമെത്രവിചിത്രമിതോർത്താൽ!
നിശ്ശബ്ദമൊരുത്തൻ വന്നിഹ
നമ്മുടെ രാജ്യമൊടുക്കുവതിന്നായ്”
മുഷ്കോട്ടങ്ങളും തുടങ്ങിയതെന്തായ
ദുരഹങ്കാരമഹോ! ബത മൂഢ!
ധർമ്മമിതെന്നധർമ്മമിതെന്നും
നിർണ്ണയമതിൽ വിചാരം നാസ്തി;
അന്യജനങ്ങടെ നാട്ടിൽ ബലാൽധന-
ധാന്യസമൃദ്ധികൾ കാണുന്നേരം

തന്നുടെകരളിൽമുഴക്കമെന്നുമയി-
തിന്നിഹ കാരണമെന്നേ വേണ്ടൂ;
തന്നെക്കാൾ വലുതായിട്ടൊരുവൻ
മന്നിലിരിക്കരുതെന്നൊരു ഭാവം
നിന്നുടെമനമതിലതിശയമോടെ
വന്നുഭവിക്കനിമിത്തം നമ്മോടു
ജന്മത്തിന്നുമുതിർഭവാനിഹ
തന്നത്താനറിയാത്തൊരു മൂഢൻ;
അന്യമഹാജനമിതുകേൾക്കുമ്പോൾ
നിന്നെക്കൊണ്ടു ദുഷിക്കുമശേഷം:
എന്നതുകൊണ്ടു നമുക്കൊരു ചേതം
വന്നുഭവിപ്പാനില്ലെട സാല്വാ!
വന്നതുവന്നു, ഭവാനെ വണങ്ങി-
ത്തന്നുടെ നാട്ടിലിരിപ്പാനാഗ്രഹ-
മെന്നുള്ളിൽപ്പുനരെള്ളോളവുമിഹ
തോന്നുന്നില്ല, ധരിച്ചീടുക നീ;
നമ്മൾപൊരുമ്പോളധുനാ നിന്നൊടു
സമമായ്‌നില്ലാനെളുതല്ലെങ്കിൽ
സമരേ വെട്ടിമരിച്ചുതിരിച്ചട-
നമരേന്ദ്രന്റെ പുരത്തിലിരിക്കാം.''
ഇത്ഥമുരത്തുവിദർഭനരേന്ദ്രൻ
യുദ്ധവിധങ്ങൾ തുടങ്ങി, മഹാബലൻ
ഉദ്ധതനാകിയസാല്വനരാധിപ-
ന്നതിനെണ്ണമറ്റശരങ്ങളുതിർത്തു,
സർപ്പം ദൈവമതാകിന ബാണം
സപദി തൊടുത്തഥ സാല്വനരേന്ദ്രൻ,
അപ്പോൾതന്നെ ഗരുഡാസ്ത്രത്തെ
ക്ഷിപ്രമയച്ചുവിദർഭനരേന്ദ്രൻ
പവമാനാസ്ത്രമയച്ചിതു സാല്വൻ
പർവ്വതബാണമയച്ചു വിദർഭൻ
ആഗ്നേയാസ്ത്രമയച്ചിതു സാല്വൻ
അംഭോദാസ്ത്രമയച്ചു വിദർഭൻ
പുഷ്കരാസ്ത്രമയച്ചിതു സാല്വൻ
പുരഹരബാണമയച്ചു വിദർഭൻ
ആസുരമസ്ത്രമയച്ചിതു സാല്വൻ
അജിതശരംമോചിച്ചു വിദർഭൻ
രാക്ഷസമസ്ത്രമയച്ചിതു സാല്വൻ
രാഘവബാണമയച്ചു വിദർഭൻ
തിമിരാസ്ത്രങ്ങളയച്ചിതു സാല്വൻ
മിഹിരാസ്ത്രങ്ങളയച്ചു വിദർഭൻ
കരിശരമാശുതൊടുത്തിതു സാല്വൻ
ഹരിശരമുഗ്രമയച്ചു വിദർഭൻ
ഉത്തരമസ്ത്രപ്രത്യസ്ത്രങ്ങൾ-
തിട്ടുതിമിർത്തൊരുസമരംതന്നിൽ
കണ്ഡിതനൃപനുടെ വില്ലുംതേരും
ഖണ്ഡിതമായഥ സാല്വനരേന്ദ്രൻ
ചണ്ഡശരംകൊണ്ടവനീപതിയുടെ
മുണ്ഡമാശുമുറിച്ചു തദാനീം;
പ്രാണവിനാശമടുത്തവനിന്നു
വേണം കാരണമെന്നിയെയും
ബാണം തന്നുടെ ബലമതുമന്നി-
യെന്നും സർവ്വജനങ്ങളുമിപ്പോൾ
വീരപ്രകൃതി വിദർഭനരേന്ദ്രൻ
വീരസ്വർഗ്ഗമുടനേ വരിച്ചു,
സൈന്യമതായിട്ടുതതതിമന്നി-
മാരൊക്കെയുമിരിച്ചുവസിച്ചു.

കട്ടമാറി.

സമരത്തിൽ ജയിച്ചുള്ള സാല്വനും പടകളും
സാദരം പുരത്തിൽക്കേറി സർവ്വമപഹരിച്ചു,
കനകപ്രാകാരവും, നല്ലകാഞ്ചനകുംഭങ്ങളും,
കനത്തപൊൻപാത്രങ്ങളും, കാളള വാള്പ്പുകളും
മഹത്തുപിരാമിപാത്രം, മാഹേന്ദ്രഭംഗങ്ങളും
മാനനീയരത്നങ്ങളും, മാലാകടകങ്ങളും,
പട്ടും, പുടവകളും, പെട്ടിപ്പെട്ടികളും,
കട്ടിലും, മെത്തകളും, കട്ടകം, ചട്ടകങ്ങൾ,
രജതസത്രാദിയാകുംതാമ്രദ്രവ്യങ്ങളെല്ലാം,
രസന കൈക്കലാക്കി താമ്രചൂഡികരന്മാർ,
കൊള്ളയുമിട്ടുകൊട്ടി ഘോഷിച്ചുകണ്ടിന്നതി-
ലുള്ളപദാർത്ഥമെല്ലാമ്മുക്കുടാതെതന്നെ
കണക്കെഴുതിച്ചുംകൊണ്ടു കാര്യക്കാരന്മാർക്കും
കണക്കപ്പിള്ളമാർക്കും കരക്കാർക്കും കല്പിച്ചു,
മടിക്കാതെസാല്വനൃപൻ മാളികമീതിലേറി
മടവാർമണികളോടേമാനിച്ചു വിനോദിച്ചു.
വിദർഭനൃപാലനായി വിരവോടെതത്രവാണ
വിരഗർഭന്മാർക്കെല്ലാംപിന്നെ വിഷമം ഭവിച്ചീ
രിപ്പാൻ.

മട്ടമാറി.

മൃതനായുള്ളവിദർഭാധിപനുടെ
പതിനെട്ടംഗനമാരവരെല്ലാം
കലശലുകൂടിയസമരേ ശിവശിവ
പലവഴിയോടിക്കാട്ടകമേറി,
അതിലൊരു ഗർഭിണിയാകിയ സുന്ദരി
പതിയുടെ മരണം കേട്ടുകരഞ്ഞൊരു
ഗതിയില്ലാതെ വനത്തിൽ പുക്കട-
നതിപരവശയായ് മെല്ലെ നടന്നാൾ
പത്തുതികഞ്ഞിതു ഗർഭമവൾക്കാവി-
പത്തുമതിങ്ങനെ സംഗതിവന്നു,
അവ്വനത്തിലവൾക്കു തപ്പതി-
ന്നെത്ര മഹാപണി ശിവശിവ! കഷ്ടം!
പേറിനടുത്തൊരു നോവുതുടങ്ങി:
ഏറ്റവുമപ്പോഴവശതയായി;
മറവുമറയ്ക്കൊരുതുണിയില്ലാതെ
മറ്റൊരുവസ്തുവുമില്ലകരത്തിൽ;
കാട്ടിൽക്കൂടെനടന്നുനടന്നൊരു
തോട്ടിന്നരികെച്ചെന്നവൾ പാറി;
പെട്ടെന്നവിടെപ്പെറ്റൊരു പുരുഷ-
ക്കുട്ടി പിറന്നു നിലത്തു പതിച്ചു
പിള്ളപിറന്നതുനേരം ജനനി-
ക്കുള്ളമെരിഞ്ഞൊരു ദാഹംമൂലം
വെള്ളമതെല്ലുകുടിക്കണമെന്നവ-
ളുള്ളംതന്നിലുറച്ചു പതുക്കെ,
തോട്ടിലിറങ്ങിജലപാനത്തിന്നു
പാട്ടിലിരുന്നതുടനന്നേരം,
പൊട്ടിലൊളിച്ചുകിടക്കുംമുതല-
ക്കൂട്ടങ്ങളിലൊരുപൊണ്ണൻമുതല
തണ്ണീരങ്ങുകുടിച്ചുതുടങ്ങിയ
പെണ്ണിനെവന്നു പിടിച്ചുവിഴുങ്ങി
പൊണ്ണത്തടിയനതടിയുംവയറും
വണ്ണംവച്ചുതിരിച്ചുഗമിച്ചു
കണ്ണിണ ചിമ്മിക്കയ്യുംകാലും
മണ്ണിലിഴച്ചുകരഞ്ഞുകിടക്കും
ഉണ്ണി വിശന്നുതളർന്നു വിരഞ്ഞഥ
ഞണ്ടിക്കുന്നതുദൈവായിന്നം;
അന്നേരം പുനരതുവഴിപോവാൻ
വന്നിതുകാചന ഭൂസുരപത്നി;
തന്നുടെ പിള്ളയെയെളിയിലെടുത്തന-
ന്നപ്പോളവളന്നൊരുവഴിയിൽ,
കാലുകുടഞ്ഞുകരഞ്ഞുകിടക്കും
ബാലനെയവിടെക്കണ്ടൊരുനേരം
ആരുടെകുഞ്ഞിതു? ശിവശിവ! ശിവനേ
കാരണമെന്തിതു വന്നുഭവിപ്പാൻ?
ആരുമൊരാശ്രയമില്ലിവനയ്യോ!
പാരം കഠിനമിതെന്തൊരു കഷ്ടം!
പിള്ളയെയിങ്ങനെപെറ്റുവെടിഞ്ഞൊരു
തള്ളക്കെന്തൊരുമുട്ടുപിടിച്ചോ?
പള്ളയിലെല്ലാം നാസ്തി മുലപ്പാൽ
ഉള്ളികുടിച്ചതുമില്ലകുമാരൻ;
ഇപ്പോൾത്തന്നെപിറന്നിഹ വിരവി-
കല്ലതിന്നരികിലില്ലിവരുടെ
പൊക്കിൾക്കൊടിയുംവിട്ടില്ലിവനെയു-
ട്ടതരുതോവാ? എന്തിഹ ദോഷം?
മുലകുടിയെന്നതിൽമുൻപേകുഞ്ഞിനു
കുലസംബന്ധമതില്ലതുനൂനം;
പലരുംകേട്ടാലിതിനൊരുകുറ്റം
പറകയുമില്ലെന്നുടെപക്ഷം.
വിപ്രകുടുംബിനിതന്നുടെകൈകനേ
ക്ഷിപ്രംതാഴെയിറക്കിയിരുത്തി,
കുഞ്ഞിനെയവളെടുത്തുകുളിപ്പി-
ച്ചാദരവോടെ മുലയുംനല്കി
തത്ര വസിക്കുന്നേരം വന്നാ-
നെത്രയുമുത്തമനൊരു സന്യാസി;
നാളരുളിച്ചെയ്തിതുദിവ്യയതീശ്വര-
“നാരിവർമണിയാമന്തണർമാതേ!
നരപതിനന്ദനനേഷ കുമാരൻ
സുതസുസലക്ഷണനിവൻസുകുമാരൻ
സുതനെപ്പെറ്റൊരുസമയംതന്നെ
മുതലപിടിച്ചുമരിച്ചിതുജനനി;
നല്ലൊരുഗുണഗണമിവനെവളർത്താ-
ലതുകൊണ്ടേതും ദോഷവുമില്ലാ;
ധാത്രീസുരനല്ലീ താനെന്നാലും
ക്ഷത്രിയനത്രേ മേന്മയുള്ള
ധാത്രീദേവപുണ്യവതിക്ക്

ധാത്രീപതിസുതനാകുമിവനെ"
എന്നതുമോർത്തു പരിഭ്രമിച്ചുടനെ
നാരികളന്നൊരു ദ്വിജനുടെ
തന്നുടെ മകനെ ബലമൊടെടുത്തിട്ട്
മന്നവസുതനെ വിരവൊടെടുത്തിട്ട്
ഇങ്ങനെയൊരു വേല മുറ്റും ചെയ്തിട്ടു-
ള്ളതുമാനാമൊരുവൾപറഞ്ഞു;
തന്നുടെ മകനെ പ്പുരത്തിലുമാക്കി
തന്നുടെ ഭർത്താവാളു മറച്ചു
എന്നതുമൂലമിതൊന്നുകൊണ്ടുമ-
ന്ന ദിനങ്ങൾ കഴിച്ചീടുന്നു;
അങ്ങതികഞ്ഞു മഹീസുരപുത്രന
വേണ്ടുംക്രിയകൾ കഴിഞ്ഞതുമില്ലാ
രണ്ടുസുതന്മാരെയുമവർ നീളെ
കൊണ്ടുനടന്നുമിരുന്നുകളിച്ചും
രണ്ടുവയസ്സും മൂന്നുവയസ്സും
രണ്ടുകുമാരന്മാർക്കതായി;
മങ്ങിനടന്നുതുടങ്ങിപ്പലർക്കും
കണ്ടിതമമ്മയെല്ലാട്ടുകരണം.

മട്ടുമാറി.

എങ്കിലോ മൂത്ത പെണ്ണ തമ്പീ-
മേക പാത്രയെന്നെല്ലാരുമതാരേ
തുകലംവെടിഞ്ഞന്നുമിപ്പാ-
നാകവേനടന്നതുപൊരി
ഇമ്പമൊടു ഭൂസുരുതരുള്ളോ-
രമ്പലത്തിലക പെൺകയറി;
അമ്പലവാസികൾ പറഞ്ഞു ശീലുകൾ-
ക്കെമ്പ്രാന്തിരികൾ ചോറു കൊടുത്തു.
കന്നിമാതിനൊപ്പം കുടിവസിക്കും
ചന്ദ്രശേഖരനെ വന്ദനം ചെയ്തു,
മന്ദിരത്തിനകം മൂന്നു വലംവെ-
ച്ചുന്നോരന്തണഗൃഹത്തിലിരുന്നു;
പിറ്റേന്നാളുഷസിചെന്നുകുളിച്ചു
മറ്റൊരില്ലമഥ പുക്കു വസിച്ചു;
കൊറ്റുമന്നവിടെനിന്നു ലഭിച്ചു;
മുറ്റുമിങ്ങനെ ദിനങ്ങൾ കഴിച്ചു.

മട്ടുമാറി.

ബ്രാഹ്മണനെങ്ങനെന്നിലിവളും
ബ്രാഹ്മണിയും നിജതനയന്മാരും
ദിക്കയുമൊരു കുളിച്ചു സുഖിച്ചൊരു
പക്ഷമതങ്ങു കഴിഞ്ഞൊരുശേഷം;
പാണ്ഡിത്യാദിഗുണങ്ങളിണങ്ങിന
ശാണ്ഡില്യാഖ്യനൊരവനിസുരേന്ദ്രൻ,
ജ്യോതിശ്ശാസ്ത്രമശേഷമറിഞ്ഞോൻ
ജാതിശ്രേഷ്ഠതയുള്ളൊരുവിദ്വാൻ,
പലതുകഴിഞ്ഞു, മുമ്പരിവരുന്നതു-
മുമ്പുമനസ്സിലൊരിപ്പലുമില്ല;
രണ്ടുശിശുക്കടെ ജാതകമൊക്ക-
ക്കണ്ടുവരുത്തിയറിഞ്ഞു സമസ്തം;
രാവിലൊരുനാൾ ശിവനെത്തൊഴുവാൻ
കോവിലിൽവന്നൊരു വിപ്രാംഗനയെ
ദേവഗൃഹത്തിലകത്തു വിളിച്ചട-
നേവം കിമപി പറഞ്ഞുതുടങ്ങി:—
"നിന്നുടെ പരമാർത്ഥങ്ങളശേഷവു-
മെന്നുടെ ബുദ്ധിയിലുണ്ടിഹ ഭദ്രേ!
ധന്യനതാകിന നരപതിസുതനും
നിന്നുടെമകനുംപിന്നെ നിനക്കും
ബുദ്ധിദാരിദ്ര്യം തീരണമെങ്കിൽ,
ബുദ്ധിമാനിക്കണമെന്നുടെ വചനം
നാലുവയസ്സുതികയ്ക്കുമാരന-
മാറുവയസ്സിഹ നിന്നുടെമകനും
എന്നൊരുദിവസം തികയുന്നോരുന-
രന്തുടങ്ങി ശിവപൂജാദ്യം
തിങ്കളിൽസുപ്രദോഷംവരുമ്പൊ
നിങ്ങടെമക്കളെനോല്പിക്കേണം,
സന്തതിലാഭം ധനലാഭം പുന-
രന്ത്യകാലേ ശിവസായൂജ്യം
എന്നൊരുവസ്തുനിനച്ചാൽ മനക്ക-
ണ്ണെന്നെങ്കിലുമതുസാധിച്ചീടും;
കനിവൊടു തരും കരുണപ്രദോഷം
ശനിയാഴ്ചയുമൊത്തിച്ചു വരുന്നാൾ
സാപമഹലമിതെന്നതുതങ്ങൾ
മന്നന സംഗതി വരുമെന്നാകിൽ,
അതുമല്ലെന്നാൽ വൃശ്ചികമാസം
മുതലായിട്ടു തുടങ്ങിക്കൊൾവിൻ!
അതിനുടെനിയമവുമുരചെയ്യാമഥ.
അതിശയമകതി വിളക്കുവരേണം

മതികലചൂഡംശിവനെത്തന്നെ-
മതിതളിർത്തനിരൂപിക്കേണം;
മതിമുഖിമാരുടെ കാമനയെല്ലു-
മതിയുള്ളോർ വെടിഞ്ഞീടേണം,
അദ്ദിവസം പുലരുംവെളുപ്പി-
ന്നകമേ സൂര്യനെഴുന്നേറ്റു കുളിച്ചുട
വെള്ളപ്പുടവയുടുത്തു ശരീരേ
വെള്ളക്കുറി വിഭൂതിയതാത്തിയ-
വെള്ളച്ചാരമെടുത്തു മനോരമ-
നല്ലോരു പഞ്ചാക്ഷരമന്ത്രത്തെ
ഭക്തിപുരസ്സരമാകുംവണ്ണം
ഭക്തിഫലപ്രദമാവർത്തിച്ചുട
നിടിലന്തൊട്ടു ധനാദികൾതോറും
വടിവൊടു കുറിയിട്ടാദരവോടേ
രുദ്രാക്ഷങ്ങൾ ശിരസ്സിൽ കണ്ഠേ
വക്ഷസി കർണ്ണേ കരയുഗളേപി ച
ശിക്ഷയിലണിഞ്ഞനിച്ചുധരിച്ചുശി-
വക്ഷേത്രേ മേവീടുക വേണം;
പ്രവരബ്രാഹ്മണജാതിക്കൽപോടു
ശിവപൂജനവിധി വിധിയാംവണ്ണം
സന്ധ്യയ്ക്കത്താൽ മൂന്നരനാഴിക
മുൻപേ ചെന്നു കുളിച്ചുവരേണം,
സന്ധ്യാന്തരനെതിർനാമങ്ങള-
വന്ധ്യഫലങ്ങൾജപിച്ചീടേണം
ഹോമം, തർപ്പണ, മഭിഷേകം, ശിവ-
നാമംകൊണ്ടപു പുഷ്പാഞ്ജലിയും,
പാലും തേനും നെയ്യും കരിക്കും
നാലുവിധങ്ങളിലഭിഷേകം, ശുചി
വിലപത്രംകൊണ്ടുള്ളതിലുപുന-
ല്ലാവസ്തുവിലധികവിശേഷം;
അപ്പം, മലരും, പാൽപ്പായസവും,
ശില്പമതാകിന ഗുളപായസവും,
വെള്ളരി, വെററില, മലര, വിൽ, തേങ്ങാ,
വെള്ളവെളയുള്ളനിവേദ്യങ്ങളിവക
സംഗതിവന്നതുകൊണ്ടിന്നവ വേ-
ദ്യംവിധിപോലെ ചെയ്തീടേണം,
വിപ്രന്മാരെക്കാൽകഴുകിച്ചു ഭു-
ജിപ്പിക്കേണം സംഗതിപോലെ,
ശക്തിക്കൊത്തൊരു ദക്ഷിണ വേണം
ഭക്തിക്കൊത്തതുപോലെ ഫലിക്കും;
അന്നു ഭോജനശേഷംകൊണ്ടു
പാരണചെയ്തു സമാപ്പിക്കേണം
വൈദികവിധിയില്ലാത്തമനുഷ്യർ
വേദിയരെക്കൊണ്ടു ചെയ്യിക്കാം;
പ്രാതഃസ്നാനംഭസ്മാലേപം
ജാതികൾതോറുമില്ലാതഭേദം;
ശിവനാമോച്ചാരണവും പിന്നെ
ശിവഭവനേഷു പ്രദക്ഷിണ,മെന്നിവ
തുദാച്ചിന,മുപവാസവ്രതമിഹ
ശൂദ്രാദികൾക്കു ധർമ്മമിതുചിതം
രുദ്രാക്ഷം പൂണ്ടാണെന്നും ചില-
രതിഭേദേനം പുനരതു ചെയ്യുന്നു;
രുദ്രാക്ഷാവലി ധാരണമെന്നതു
ശൂദ്രന്മാർക്കു ദൂഷണമല്ലാ
രുദ്രപ്രീതിയവർക്കു വരിപ്പാൻ
ഭദ്രമിതെന്നു മഹാജനപക്ഷം;
ഉണ്ണുതരാതുനാരതിദിന-
മെണ്ണുയമഭാ രക്ഷതരിങ്ങിഹ
പെണ്ണുങ്ങടെ കഥ ചൊല്ലുന്നതമി-
വണ്ണമിതെന്നു പ്രദോഷം നോറ്റാൽ
ഇഹലോകങ്ങളിലൈശ്വര്യാദികൾ
ബഹുവിധം ഫലമെല്ലാവർക്കും;
പരലോകേശിവപാദപ്രാപ്തി
പരമാനന്ദം ഫലമതിഭദ്രം.

മല്ലാരി.

പ്രദോഷമൂർത്തിയൊരു പരമശിവൻ
പ്രദോഷനടനവരനാലിലവൻ
പ്രമോദനിരതനതിപൂർണ്ണനവൻ
പ്രസാദമരുളുക മമ ഭഗവാൻ!
ഗിരിമകൾവരനുടെ പദനലിനം
പരിചൊടു പലപലനവ മകുടം
സുരനരമുനിവരപരിമിളിതം
സുഖചിതകരമിരമതിലളിതം,
ജടിയുടെ പടപടശബ്ദങ്ങളും
മുടിയിലമരുപൂന്തിങ്കളിയും

കടകടമകുടഘോഷണിപ്രചലനങ്ങളും
കടിതടകലിതതുകിൽ ചലനങ്ങളും
പുരികക്കുടിലതന്നിലാവങ്ങളും
ചരിചലിതമകിതയാസ്യാവങ്ങളും
കരിമുഖരത ഗളരണിതങ്ങളും
പരിജനതതിനുതിഭണിതങ്ങളും
ഹിമഗിരിയുടെ മകൾ പാടുകയും
സുമധുരമാവങ്ങളോടുകയും
പ്രമഥനികരമഥ പാടുകയും
പ്രമദമധികമിടകൂട്ടുകയും
സരസിജഭവനുടെ വേദങ്ങളും
സകലമുനികളുടെ വാദങ്ങളും
സുരസമരപടഹനാദങ്ങളും
ചരണചലനബഹുഭേദങ്ങളും:

മട്ടമാറി.

ഇത്തരമുത്തരമുത്തമനുത്തമ-
തെരുവിചിത്രചരിത്രപവിത്രമ-
ഖിലപുരത്രയവൈരിഭഗത്രയ
ശുഭകരമത്രയി സമയേ ഫണിഗണ-
ഫണമണിഘൃണാഘൃണവിരണിതമനുഗുണ-
ഗുണഗണപരിണതമിഹ നടനം
കരതളഡമരുപരിഘടനം
പരമാലാതകപരിതരണം
സരസം സന്തതമിഹ ശരണം.
ഇങ്ങനെയുള്ള പ്രദോഷമാഹാത്മ്യ-
മെങ്ങനെ ഞാനിഹ വർണ്ണിക്കേണ്ടു?
നിങ്ങളിതിന്റെ ഗുണങ്ങളറിഞ്ഞു-
ങ്ങുകസുഖമുപവാസമുദാരം.

മട്ടമാറി.

ധർമ്മവിദ്യുതവിദർഭകുമാരൻ
''ധർമ്മഗുപ്ത''നിതിപേരിവനുചിതം,
നിരകന്നമ ശുചിവ്രതമനന്നം
നിർമ്മലാംഗി! കരതിരു സുദതിഹേ!
ഏകചക്രയിലൊരന്തണഗേഹേ
ശോകഹീനമഥ വാണു യഥേഷ്ടം
സുപ്രദോഷമഥ ശങ്കരശിവന്റെ
സുപ്രസാദമചിരേണ ലഭിപ്പിൻ!

മട്ടമാറി.

ബ്രാഹ്മണശ്രേഷ്ഠന്റെ വാക്കുകൾ കേട്ടനേരം
ബ്രാഹ്മണിക്കുള്ളിലേറ്റം സന്തോഷമുള്ളവളായി
ബ്രാഹ്മണന്മാരെയെല്ലാം വന്ദിച്ചു പോന്നങ്ങൊരു
ബ്രാഹ്മണഭവനത്തെ പ്രാപിച്ചു വാസംചെയ്തു!
ഭിക്ഷയുമേറ്റു താനും മക്കളുമൊരുനേരം
ഭക്ഷിച്ചുംകൊണ്ടു രണ്ടു മൂന്നുസംവത്സരങ്ങൾ
ശിക്ഷയിലവിടത്തിൽ വാണിതു മനക്കാമ്പിൽ
ത്ര്യക്ഷനെ വഴിപോലെ ചിന്തിച്ചു ഭക്തിയോടെ;
ശാണ്ഡില്യബ്രാഹ്മണന്റെ ശാസനമനുഷ്ഠിപ്പാൻ
ഉണ്ണികൾക്കിരുവർക്കുമൂനമെന്നിയേ കാലം
സംസ്കൃതമെന്നറിഞ്ഞു സാധുപ്രദോഷംതന്നിൽ
ശംഭുസേവനമാരംഭിച്ചു വിപ്രപത്നി;
മക്കളെപ്പുലർകാലേ കൊണ്ടുപോയ് കുളിപ്പിച്ചു
ചിക്കെന്നു താനുംകൂടെ സ്നാനവുംചെയ്തുവന്നു,
ചൊല്ലേറുംശിവക്ഷേത്രേ മൂവരും കൂടിച്ചെന്നു
മുക്കണ്ണൻതിരുമുമ്പിൽ കൂപ്പി വെള്ളച്ചാരവും
വെള്ളവുംകൂട്ടിത്തേച്ചു വെള്ളവസ്ത്രവും ധരി-
ച്ചുള്ളത്തിൽ ഭക്തിയോടെ ഉണ്ണിക്കുമാരന്മാരും
ഉമയെന്ന പേരായുള്ളോരന്നിദ്രബ്രാഹ്മണിയും
ഉചിതംപ്രദോഷംതോറും പഞ്ചാക്ഷരമന്ത്രത്തെ
പരിചിൽജപിച്ചുംകൊണ്ടു പരിതാപശമനമാം
പഞ്ചായുധാന്തകന്റെ പാദയുഗം സ്മരിച്ചും
കൂവളത്തില ചെത്തിക്കുസുമങ്ങൾ കൊണ്ടുവന്നു
മൂവരും പുഷ്പാഞ്ജലിമുടങ്ങാതെ ചെയ്തുംകൊണ്ടു്
ശാണ്ഡില്യപുത്രം നല്ല ശശിചൂഡൻ പ്രസാദി-
പ്പാൻ
ശാണ്ഡില്യബ്രാഹ്മണൻ താനരുൾചെയ്ത നമ്മോ-
ടെന്ന
ചിന്തിച്ചുകൂവളത്തിന്നിലകൊണ്ടു മാലകെട്ടി
ഭംഗിക്ക ശിവബിംബേ അണിയിച്ചു കൂപ്പി-
ക്കൊണ്ടു
വെൺതിങ്കൾമൌലിക്ഷേത്രേ വെളിയിൽപ്രദ-
ക്ഷിണവും
അന്തിയാവോളം വച്ചുമലസാതെ സേവ ചെയ്തു.

മട്ടമാറി.

കാററും കുളിരും പനിയും പരിചോടു
പാററും മഴ പുതുമാരികളെല്ലാം

ഏറ്റംകൊണ്ടവരത്യുല്ലസിപ്പി-
ന്നോരോപുറപ്പാട്ടുകളിവര-
മാറിൽച്ചെന്ന കളിച്ചോരതിനും
മാറിത്തം പിണയാതെ പ്രദോഷം
തോറുംകൊണ്ടോരനുസംവത്സരമതി-
ലേറം മാസവുമൊന്നു കഴിഞ്ഞു;
ഒരുദിനമാത്തശുചിവ്രതനാകും
ധരണീസുരേന്ദ്രകുമാരൻതാനേ
വിരവൊടു പുഴയിൽ സ്നാനം ചെയ്തു
കരമാലി വസിക്കുംനേരം
പെരുകിനകാറും മഴയും മിന്നലു-
മുരുതരമിടിയുമിയന്നോരസമയ
തിരകളടിച്ചു പിളർന്നോരുകരമേ-
ലൊരുവിവരം ബത കാൺമാറായി;
പൊട്ടുന്നിളകിയുരുണ്ടുവരുന്നൊരു
കട്ടകരികിലണഞ്ഞതുപതിച്ചു:
ഒട്ടല്ലിതുപോ മുപ്പാ കനക-
ക്കട്ടകളിട്ടുനിറച്ചോരുപാത്രം:
എട്ടുവെളുപ്പിന്നൻപോടധികമി-
ട്ടുംമഴയുംപുഴയുമിതൊന്നും
കൂട്ടാക്കാതെ കുമാരൻ വിരവൊടു
കട്ടകളുപുനരതിനുള്ളിയു-
ട്ടിയുരുട്ടിക്കൊണ്ടുതിരിച്ചൊരു
കാട്ടിൽക്കൂടെക്കടവപി ചെന്നൊരു
കൊട്ടിലൊളിച്ചഥ വച്ചു കളിച്ചു;
പിറ്റേന്നാളൊരുനേരംതന്നെ
പെറ്റമ്മയ്ക്കുവിളിച്ചഥ കാട്ടി,
തെറ്റന്നമ്മയുമമ്മകനുടെ കൂടി
തൊട്ടുനയികമനുഗ്രഹമേകി,
കണ്ഡിന്യപതികുമാരകനാമ
രണ്ണിയെ വിരവിൽ വിളിച്ചഥ ജനനി
കണ്ണീർ പൊഴിയും ജലമതിൽ മുഴുകി
കനിവോടവരോടുമിതുരചെയ്തു:—
“വിധികാരുണ്യംകൊണ്ടുനമുക്കൊരു
നിധികംഭം ബത സപദി ലഭിച്ചു
അധികം ധനമതിലധികം കനകമി-
തധിഗതമായതു നമ്മുടെ ഭാഗ്യം:
ഗണിതക്കാരൻ ബ്രാഹ്മണവരനുടെ
ഭണിതം സഫലതയഫലിതമിദാനീം;
ഫണിപതിഭൂഷണസേവയിൽ വന്നൊരു
ഗുണമിതു നന്ദന കുമാരന്മാരേ!
സൽകർമ്മത്താലാനന്ദംപുന-
രൽമതിതന്നെ വരിക്കേണം
നൽമംഗലം കൈവരുമിതെന്നാര-
നർമ്മം വന്നുവിപ്പാനളിതു
തെരുതെരെ പിന്നാലവരെകിലു-
മോദകളപ്പണമെന്നതുമ്പവം
വിരസതപൂണ്ടവർദ്ദാരിദ്ര്യത്താലനു-
മിരവുമകന്നാരുകലശലേറ്റു!
യഷ്ടികുംഭത്തിൽ പൂണ്ണാലൊട്ടി
ച്ചട്ടികലങ്ങൾ പകർന്നോളൂ!
കട്ടികൾ നിങ്ങൾക്കൊപ്പുമുള്ളത
മെന്നിട്ടുപോകല്ല ധരിപ്പിൻ!
പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും
പണവും ഗുണവും കൂടിയിരിപ്പാൻ
പണിയെന്നുള്ളതു ബോധിക്കേണം
പണയംമേടിക്കാതെതുകാട്ടും
പണവുമൊരുത്തന്നനൽകരുതാരും
ഗുണവുംവന്നുമുഴുത്തെന്നാകിൽ
ഗുണവും പൂരുഷനില്ലാതൊരുമേ
പട്ടന്മാരൊരു വസ്തുമെടുത്താൽ
പൊട്ടന്മാരിഹ തൊട്ടേയുള്ളൂ;
എട്ടുപണംമുതലുള്ളതിനവർപതി-
നെട്ടുപണംവിലവച്ചുകൊടുക്കും;
അവരൊരുവെൺകടംകൊണ്ടെങ്കിൽ
ഭവനംകൂടെനശിപ്പാറാകും;
പത്തിനുകാലുകൊടുക്കണമപ്പോൾ
പത്തിനു രണ്ടു പലിശയുമായി;
വീട്ടുവതിന്നു തരംകിട്ടാഞ്ഞാൽ
വീട്ടിൽകേറിപ്പാരുകിടക്കും
നിങ്ങൾക്കങ്ങനെ കെടുകാര്യംവരു-
മെന്നതു നിരൂപിച്ചുപറഞ്ഞു-
അംഗനമാരുടെ സംസാരത്തിനു
സംഗതി ചേർക്കണമെന്നില്ലല്ലോ.

മല്ലാരി.

അമ്മതൻമൊഴികൾകേട്ടുകുമാരൻ
ധർമ്മഗുപ്തനൊടുചൊല്ലിതു മന്ദം.

ത്തിന്നൊരുനാളൊരു ചെപ്പുന്നതകം-
പ്രാണനെന്നു നിറച്ചു ധരിച്ചീടണം
ഭൂഗോളമുതലായവയമിതാവും
ഉണ്ടെങ്കിലുമുണ്ടാകും കിമതോ?
സ്വർഗ്ഗത്തിന്റെ ധരമിങ്ങുമയിനം
പുണ്യമില്ലതിന്നു ചൊല്ലിക്കിഴവിൽ
പാതിവ്രത്യം വിളിച്ചുകൊണ്ടി-
ങ്ങെത്തുമില്ല ഫലമെന്നറിയേണം;
ഭർത്തൃശുശ്രൂഷകളില്ലാതെ തി-
ക്കുന്നോരവസരമേവ തുടങ്ങി;
ശങ്കരന്റെ മനതാരിലിതാനിം
എങ്കിലില്ലക നിനവന്നവരാമോ?
എങ്കിലുമ്പൂത്തവിപ്രന്നിയോഗം
ചൊല്ലിയാതെ ശിവമേവ ഭജേഹം.
ഇപ്രകാരം ദിവസങ്ങളിലെല്ലാ-
മിപ്രകാരമിനിയും പലകാലം
ഉണ്ണാക്കൊക്കുമിച്ചു നിതാന്തം
സ്വാന്തമതു ചേശനായൊരുപോതസ.

മട്ടുമാറി.

ഇത്ഥം സുഖമൊടിരിപ്പതിനാലും
പത്തുമൊരെട്ടും മാസം മുഴുവൻ
ഒത്തു വസിച്ചു പ്രമോദം തേടി
ക്ഷത്രിയസുതനും ബ്രാഹ്മണസുതനും
താരുണ്യവുമൊരു ലാവണ്യവുമതി-
കാരുണ്യവുമഥ താരുണ്യവുമൊരു
ചാതുര്യവുമൊരു മാധുര്യവുമൊരു
ശൗര്യവുമൊരു വൈദഗ്ദ്ധ്യവുമൊരു
സൌന്ദര്യവുമൊരു സൌശീല്യവുമൊരു
സൌഹാർദ്ദവുമൊരു സൌജന്യവുമിതി
സൽഗുണങ്ങളവർക്കെത്തിണങ്ങി
ദൃഢത പെരുകിന ഭാഗ്യമതാണെ
യൌവനസമുദയസമയേ നല്ലൊരു
ദിവ്യവധൂപാണിഗ്രഹണത്തിന്
സംഗതിക്കൊണ്ടെന്നതു ചെയ്യു ചുന-
ഭംഗമവരെക്കളഞ്ഞുറച്ചു;
തങ്ങളൊരു ദിവസം തപ്പാനകൊണ്ടു-
തങ്ങളോരുവനവിപിനം കളിപ്പാൻ
ഇങ്ങനെ കളിച്ചുമ ശിവനന്ദനത്താഴ്വര

നന്ദനയൊടു യാത്ര പറഞ്ഞു നടന്നു;
വിമലവനസ്ഥലവിലസിതമാകിന
വിപിനേ ചെന്നു വസിച്ചു തപിച്ചു.

മട്ടുമാറി.

പുഷ്പങ്ങൾ കലർന്നൊക്കെ വിരിഞ്ഞു-
മധുരസമയമായി ചമഞ്ഞു
മധുകരനികരങ്ങൾ വിരിഞ്ഞു
മണ്ഡൂകങ്ങൾ തിരിഞ്ഞു
ഉദ്യാനങ്ങളിലിളയിലതകളുമെ-
ളിളകിന കിളികളുമവിടെ നിറഞ്ഞു
നവകരവകവല്ലികൾ പൂത്തു
കളമൊഴികളുമൊത്തു തെഴുത്തു.
ചെറുതരള പുഷ്പമിതിൽത്തു-
നാമലർമണമൊന്നു കവർന്നു
വാതമതിങ്ങിയുപവനമതിലെ പടലികളും
മറ്റുള്ള കലങ്ങളുമൊത്തു.
മലകാടുകളെല്ലാം പകർന്നു
കലമാൻകളോടി നടന്നു
പുലി പന്നികളെല്ലാം നിവർന്നു
കലികാലവിലാസമുയർന്നു
മതിയലും മുലയും മതിലും കതിലും
മലകളിലൊഴുകിവെള്ളിയിലിറങ്ങി
കളിർമതിയും ഉദിച്ചു വിളങ്ങി
കളമൊഴികളും കേളിതുടങ്ങി
തളവളകളുമാരുതാകിലുങ്ങി
തരുലതകളുമൊന്നലങ്ങി
ചിറകുകളുമുയർന്നുതിളിച്ചു
തെളിച്ചുതെളിച്ചുമധികലാപം.

മട്ടുമാറി.

കന്ദകുന്ദക പുന്നാഗാശോകം
കന്ദളകരവകമരുവകനാകം
ചന്ദനതിലകകുരവകബകുളം
സുന്ദരതരവരകിംശുകരാജം
ചന്ദനശിശിരതമാലകദളിക
സ്യന്ദനവനതലമല്ലകമിളിതം
സുന്ദരനിതംബം പൂത്തലതാതം
കന്ദർപ്പന്റെ ശരങ്ങൾ നിറച്ചും
മന്ദവിലാസവിശേഷം നിറച്ചും
സന്ദിതകലഹാരസങ്ങൾ മാച്ചും

നാരികലൻ നമിച്ചു രമിച്ചു
ലസിച്ചുരസിച്ചു ഹസിച്ചു വസിച്ചു.
ശൃംഗാർണ്ണവമതു തെരണ്ടിപ്പുലരിയിൽ
മണ്ടിപ്പുള്ളകറ്റു വന്നുകൂടിനാരി-
രണ്ടുപാരക്കൊമ്പൻകാർ കൂടി
കണ്ണുസംഘടിക്കുകളെല്ലാവരും
കൊണ്ടുമൂഴങ്ങിനകോലാഹലമതു
കൊണ്ടുമനോജ്ഞവനത്താരംഭമേ
"ദ്രമിളാ" ഹാ! ഗന്ധർവ്വാധിപന്റെ
മകളാം "മംഗളമതി" തിലകമാനി
കമലാലയമുഖി സഖികളുമായി
ബകുളാദികകുസുമങ്ങളിറുപ്പാൻ
തളപാദാംബികളിച്ചു ചിരിച്ചു
വിപുലാരാമവനങ്ങളിലതിമടി
തളിരാതാളമേണ നടനായി
മലരൊളിതന്ന ചിന്ത ചലതരളിത
നളികകളരങ്ങളെല്ലാളിച്ചും പല
കേളിവിധങ്ങളിൽ മേളിച്ചും വന-
പാളികൾ കണ്ടു വിനോദിച്ചും തട-
ളാളിവങ്ങളിൽ മോദിച്ചും കന്യ-
കങ്ങടെപോതകർ മോദിച്ചും ചില
സംഗതികൊണ്ടവർ വാദിച്ചും മലർ
പൂക്കുകയും ചിലർ പാടുകയും ചില-
രാടുകയും ചിലരോടുകയും ചിലർ
ചാടുകയും മലർ തേടുകയും നട-
മാടുകയും മതവിടുകയും ചിലർ
ചന്തമോടുപന്തുമാടുമൊരുവക
ചിന്തുപാട്ടെന്നുകേട്ടവൾക്കിഹ
സന്തതമിങ്ങനെ സരസവനങ്ങളി
ലന്തികസീമനി കളിയാടുന്നൊരു
ചന്തണിമുലയാളാകിനാനല്ലാതെ
ഗന്ധർവ്വാധിപകന്യകതന്റെ
ബന്ധുരമാകിനരൂപവുമതമേ-
സിന്ധുരമന്ദഗമനവുമതിനവ
ബന്ധൂകാരുണമധരവുമിന്ദു-
ബന്ധുശ്രുതമുഖാംബുജമംഗിയും
ഇങ്ങനെകാണാത നൃപതികമാരനു
തിങ്ങിനകൌതുകമുള്ളിലുറച്ചുട-
നങ്ങ്ഗജശരശതമേറ്റമനസ്സുമ-
യങ്ങിദ്വിജസുതനോടിതു ചൊല്ലി.

മട്ടുമാറി.

"കണ്ടാലുമഹോ നല്ലൊരു വരവാർകുഴലിമണി
കണ്ടാലാനന്ദം കണ്ണിന തരുവാർ വിധിവിരിഞ്ചിയു
രണ്ടാംജന്മമിതു കൊണ്ടാടി പ്രസാദിച്ചു (ഒട
കൊണ്ടാലും ദ്വിജദേവ! പണ്ടുകിളിവാമൊഴിപ്പോം-
ലുണ്ടായിട്ടില്ലതപെണ്ണും, വേണ്ടാ സന്ദേഹമേതും
കണ്ടിവാർകുഴലിയെ കണ്ടില്ലായെങ്കിലെന്റെ
രണ്ടുനയനങ്ങളെ കൊണ്ടില്ലാഫലമേതും,
തൊണ്ടിപ്പഴത്തെത്തല്ലി മണ്ടിപ്പാൻ വിരുതുള്ള
ചുണ്ടിന്റെ ചുകപ്പു നീ കണ്ടില്ലയോ കുമാരാ!
മല്ലീവിശിഖന്റെ വില്ലിൻവിലാസത്തേയും
തല്ലിയോടിക്കുന്നൊരു ചില്ലീയുഗവും നല്ല-
മുല്ലപ്പൂമൊട്ടിനെജ്ജയിപ്പാനാംകലന്നൊരു
പല്ലും നിനച്ചാലെന്നെ കൊല്ലുമിക്കാമദേവൻ
പല്ലവമൊട്ടിനോടങ്ങുകമ്പിടിപ്പാൻ ഒരു-
ശങ്കയൊട്ടുമെന്നിയെ കൊങ്കയുഗവുംകാൺകിൽ
ലോകാധിപാവനാകാരം കാണുന്നേരം
രാകാചന്ദ്രമുഖിയോടാകാംക്ഷയില്ലാതാകും;
കല്ലോലത്തിന്റെ നല്ല ഹല്ലോഹലത്തെച്ചെന്നു
തള്ളുംകേശകലാപത്തിലും കണ്ടാലുമിന്നു
തെല്ലുംകേടുകൂടാതെ ചൊല്ലുന്നില്ലിനി ഞാനും
ചൊല്ലുന്നതെന്തിനേറെ എല്ലാമിപ്പെണ്ണിനോടു
കല്യാണം കഴിഞ്ഞില്ലാ കല്യാണിക്കെങ്കിൽ,
തെല്ലില്ലാതെകൊണ്ടിവളെ വല്ലഭയാക്കീടുവാൻ.

മട്ടുമാറി.

രാജകുമാരകഥ കേട്ടൊരുനേരം
ഏവമിതും ചൊന്നിരുവിജസൂനു ചൊല്ലി:—
"ശിവ ശിവ! കഷ്ടമിതെന്തൊരുമോഹം?
തവഹൃദി സംപ്രതികഥയോ സഖേ! ജ
ശിവജനത്തിന്ന ഭംഗംവരുത്തി-
ന്നവകാശംവരമിങ്ങോഴിൽമൂലം
സവിശേഷേണ നിനക്കെന്തിപ്പോൾ
നാവിനമിങ്ങനെ വരുവാൻ ബന്ധം?
ചഞ്ചലലോചനമാർക്കുകള്ള-
പ്പുഞ്ചിരികണ്ടുകൊതിക്കും നിന്നെ

നെഞ്ചിലൊരാർത്തിപൊറാവളർത്തേതും
വഞ്ചിതരായ്‌വരുമെന്നാലോർക്കീ;
പണമുള്ളവരോ പെണ്ണിനവരു-
ഗ്ഗുണമുള്ളവനിവരാദരവില്ല;
പണവുംകൊണ്ടിഹ ചെല്ലുന്നവനും
ഗുണവുമവർക്കൊരുതരവുമില്ല
ധനവാനെങ്കിലകത്തുകരേറി-
പ്പുനരിരിക്കാമവരും കാൽക്കൽകിടക്കും:
കനിവൊടു വെറ്റിലതിന്നുകൊടുക്കും
കനമൊടുമെത്തകരേറിയിരുന്നും,
ധനമെപ്പേരും വാങ്ങീട്ടവനെ
കനമില്ലാത്തൊരു പത്തികണക്കേ
മനസാ, വാചാ നോക്കുകയില്ലവർ
മനമൊരു കല്ലുകണക്കേ കഠോരം;
പതിയായുള്ള പണങ്ങൾ പിടുങ്ങി
പതിയെന്നുള്ളൊരു കൃപകൂടാതെ
കൊതിയനെയങ്ങു പുറത്തുകിടത്തും
കൊള്ളുകിനതിനാൻ വകയുണ്ടാക്കും
എഴുപതുപുറവയസ്സായുള്ളൊരു
കിഴവന്റെകൈയിൽ പണമുണ്ടെങ്കിൽ
അഴകിയസുന്ദരനായിട്ടവരെ
തഴുകിപ്പോരാൻ തടവില്ലൊട്ടും;
വടിയും കുത്തി നരച്ചു കുരച്ചു
കൊരച്ചുവരുന്നൊരു കിഴവച്ചാരെ
മടിയിൽപണമുണ്ടെന്നാലായവർ
മടിയാതവനെ കെട്ടിപ്പുണരും;
പിഴവിട്ടവാൻ തടവില്ലാത്തവരെ
കലമെന്നൊന്നുവിചാരവുമില്ലാ
ചലമിഴിമാരുടെ ശീലമിതിങ്ങനെ
പലരുംചൊല്ലിക്കേട്ടറിയുന്നു.”

മട്ടുമാറി.

കുരുടനെങ്കിലും ക്രൂരനെങ്കിലും
നരയനെങ്കിലും ജടയനെങ്കിലും
കടിയനെങ്കിലും കടിലനെങ്കിലും
മുടിയനെങ്കിലും മടിയനെങ്കിലും
കള്ളനെങ്കിലും കാടനെങ്കിലും
മുള്ളനെങ്കിലും മൂഢനെങ്കിലും
ചട്ടിയെങ്കിലും കുഷ്ഠിയെങ്കിലും
ദുഷ്ടിയെങ്കിലും വിദ്വേഷിയെങ്കിലും
വിരസനെങ്കിലും സരസനെങ്കിലും
വികൃതിയെങ്കിലും വിരുതനെങ്കിലും
വിമുഖനെങ്കിലും സുമുഖനെങ്കിലും
വിമതനെങ്കിലും സുമതനെങ്കിലും
പാമരനെങ്കിലും ചപലനെങ്കിലും
ഭൂതനെങ്കിലും കുപിതനെങ്കിലും
ഒന്നുനാലുപണമുള്ളവന്റെ കരി-
മുഖമിയലുന്നതവർ കണ്ടുപോകിലിഹ
മുഖമിതുതന്നെ വേണ്ടുമാഗ്രഹ-
മറിഞ്ഞു ചെയ്യുതിനു സംശയമില്ല.

മട്ടുമാറി.

ഗണികാജാതിക്കൊരുവനിലൊരു കൃപ
കണികാണ്മാനില്ലെന്നുടെ സഹജ
ഗുണിയാകിന നീ തരുണീമണികളി-
ലണയാത്തതിലെത്രയും ഭാഗ്യം.
ഇനിയും കിട്ടണമിപ്പോളിക്കണ-
മണിയും മണിദ്രവ്യവും കിട്ടണ-
മിങ്ങനെയുള്ള ദുരാഗ്രഹമല്ലാ-
തംഗനമാർക്കൊരു നേരവുമില്ല
കളമൊഴിയെന്നും കാമിനിയെന്നും,
കളമനോഹരഗാമിനിയെന്നും;
സുവദനയെന്നും, സുന്ദരിയെന്നും
കുവലയവിപുലവിലോചനയെന്നും;
വരതനുവെന്നും, വല്ലഭയെന്നും,
വരകരികുംഭപയോധരയെന്നും;
മതിമുഖിയെന്നും, മാനിനിയെന്നും,
മധുരാമൃതസദൃശാധരിയെന്നും
വസ്തുവിചാരമതില്ലാപ്പുരുഷക-
ളിസ്തുതിചെയ്തു വസിച്ചീടുന്നു.
മൂത്രം മലവും ചലവുമതിന്നൊരു
പാത്രം, പരമിഹ സുന്ദരിമാരുടെ
ഗാത്രം, ശിവ ശിവ! ചിന്തിച്ചാലതു
മാത്രം, മിനിക്കൊരു കൌതുകമില്ലാ,
നേത്രങ്ങളിലെപ്പീളയുമവരുടെ
വക്ത്രങ്ങളിലെ ദുർഗ്ഗന്ധങ്ങളും
ഒന്നുമല്ല വിയർത്തശരീര-
ത്തെന്തുയുമങ്ങനെ വിളവിളെ വഷളം വഷളം

കക്ഷങ്ങളിൽനിന്നൊഴുകും ജലമൊരു
ലക്ഷത്തിൽപ്പരമിച്ചുകളഞ്ഞും
പക്ഷമിതൊക്കെനിനക്കെന്നാകിലൊ-
രക്ഷരമുരിയാടുകയില്ലിനി ഞാൻ
ഒട്ടനടന്നമിന്നും ഗതിയൊരു
വസ്ത്രംപോലുമുടുപ്പാനില്ലാ
മാത്രദരിദ്രതയുള്ളവനിന്നക-
ളത്രംവച്ചു പുലർത്താൻ മോഹം!
ശാസ്ത്രബലങ്ങളിയില്ലാത്തവനി-
പ്പാത്രത്തിന്നതിമോഹം പാരം
താനുണ്ണാത്തൊരുദേവർ വരത്തെ
മാനംചെയ്യാനെളുതാമ്പുതമോ?
ഞാനിങ്ങനെ ചില ശാപം പറഞ്ഞു
മാനിച്ചെങ്കിലതങ്ങനെ കൊള്ളാം;
മാനിനിമാരിൽ വലഞ്ഞൊരു പുരുഷന്
ഹാനികൾ പലവക വന്നുഭവിക്കും
മാനക്ഷയവും ദ്രവ്യക്ഷയവും
സ്ഥാനക്ഷയവും ദേഹക്ഷയവും
ധർമ്മക്ഷയവും കർമ്മക്ഷയവും
ധൈര്യക്ഷയവും കാര്യക്ഷയവും
തർക്കവ്യാകരണാദി പഠിച്ചതു-
മൊക്കെമറന്നുമലർന്നുകിടക്കും;
കയ്യിൽപ്പണമില്ലാതെ വരുമ്പോൾ
കടവുംവന്നഥ തലയിൽക്കേറും;
പൊക്കംപിന്നെ സ്ത്രീജനസംഗം
പൊക്കണമൊന്നിഹ തോളിലുമേറും;
ചെക്കനുമില്ലൊരു പട്ടരുമില്ലവ-
നൊക്കത്തക്കനടക്കമകറ്റി;
ദുഷ്ടം ദുഷ്പ്രഭുസേവതുടങ്ങി-
പ്പുക്കംതിന്നു കിടക്കാംപക്ഷേ:
പറയാനുണ്ടസുരനില്ലുള്ളൊരു
പണമശേഷം വിററുമുടിച്ചും
കണ്ടജനത്തോടിരന്നു ലഭിച്ചൊരു
മുണ്ടുമുടുത്തൊരു കടയും ചൂടി
പ്പെരുവഴിമുറ്റിൽ ചെന്നസ്ഥലമവ-
ച്ചൊരുതരത്തെവനസ്ഥികഴിക്കും
കടയിൽച്ചെന്നു പുകലയിരന്നൊരു
കടയിൽതിരികിൽക്കൊണ്ടു നടക്കും;

ഇടയിലൊരിക്കൽ പരദേവതയുടെ
നടയിൽ ചെന്നു വണങ്ങിപ്പറയും,
ശിവശർമ്മാവെന്നവരുടെ നാമം
ശിവപൂജയ്ക്കു മുടക്കവുമില്ലാ,
ഇരുപത്തഞ്ചു വയസ്സുമതായി
പരിചൊടുവേദവുമൊക്കെ മുഖസ്ഥം.
"ധനമുണ്ടാവാനെന്തൊരു കർമ്മം
മനസാ, വാചാ ചെയ്യേണ്ടു ഞാൻ"
എന്നൊരുകണിയാനോടൊരു ദിവസം
ചെന്നവനുടനെ ക്ലേശിച്ചപ്പോൾ
ജാതകമൊക്കെവരുത്തിക്കണിയാൻ
പാതകമൊഴിവാൻ പ്രശ്നംവച്ചു,
"ദ്രവ്യമിതൊക്കെ നശിപ്പാനിന്നൊരു
ചൊവ്വാദോഷം കാണ്മാനുണ്ട്"
കണ്ടൻകാവിൽ ഭഗവതിനിങ്ങടെ
പരദേവതയുള്ളൊരു പരദൈവമതു
കൊണ്ടുവിചാരിച്ചപ്പോളടിയൻ
കണ്ടുവിരോധമതവിടെത്തന്നെ
നാവിലെത്തുന്നഥ നിങ്ങൾ ജപിച്ചാൽ
നാലവധിയാനുണ്ടാമ്പതമുടനേ"
എന്നതുകേട്ടഥ കണ്ടൻകാവിൽ
ചെന്നുജപിച്ചു മഹീസുരനങ്ങൊരു-
തിങ്ങൾമുടങ്ങാതപ്പോൾ ഭജ-
നങ്ങൾപണങ്ങളുമുണ്ടാമവനാൽ;
മുപ്പത്തൊന്നാംദിവസം രാത്രിയി-
ലൽഭുതമാകിനസ്വപ്നംകണ്ടു;
കെല്പോടുവന്നൊരു സുന്ദരിതാനൊരു
ചെപ്പുംനല്ലചെരിപ്പുംനൽകി.
ഇച്ഛിക്കുന്നപദാർത്ഥമശേഷവു-
മച്ചെപ്പിൽ പുറമുണ്ടാമുടനേ
നിരുപമമായചെരിപ്പുകൾപൂട്ടാൽ
നിരുപിക്കുന്നൊരു ദിക്കിൽ ചെല്ലും
ചെപ്പുംതന്നുചെരിപ്പുമെടുത്തവ-
നപ്പോൾത്തന്നെ നടന്നപ്പുരുഷൻ
കുടക്കാവിൽ ചെന്നപ്പോളൊരുവഴി-
പോക്കൻ ബ്രാഹ്മണനവിടെക്കെത്തി;
ശിവശർമ്മാവഥ ചോദിച്ചു "ഭവ-
ദ്വനം കഥ തിരുനാമമേതോ"?

"നമ്മുടെ വാസം കാശിക്കപ്പുറ-
മഞ്ചാറുദിവസം വഴികേറുമതിൽ"
"കണ്ടാൽനല്ലൊരു വേശ്യാസ്ത്രീക-
ളുണ്ടോ വിപ്രാ! തന്നുടെ ദിക്കിൽ?"
"ഉണ്ണി ഉണ്ണിച്ചിരിയെന്നൊരു പെണ്ണു-
ണ്ടുലകിലവളോടൊത്തില്ലൊരു പെണ്ണും
തലമുടികളും കണ്ണുകളും
മുലയിണയുമിണ കൊടിനടുവുമിവ
സകലവുമെത്ര മനോഹരമവളുടെ
ശകലവുമില്ലിഹ ദോഷമതിക്കും"
"ഒന്നു ഗമിച്ചുടനവളെ നമുക്കു-
ളരുമയാക്കാൻ സംഗതിവരുമോ!"
"സംഗതിവരുമതിനെന്തെ; നടന്നാ-
ലഞ്ചാറും വീട്ടിന്നരികെച്ചെല്ലാം;"
"ഞാങ്ങളിനെയല്ലിന്നിനിക്കവിടെ-
ച്ചെന്നങ്ങവളെക്കണ്ടേപോരൂ"
"ഓർത്തുതന്നിക്ക കാരത്തൊന്നോ?"
"ഞാനല്ലിതു പരമാർത്ഥമതെന്നോ;
നാത്താഴത്തിന്നു തന്നെയില്ല-
ത്തെത്തത്താറത്തിനാൽ സംശയമില്ല.
എന്നതു കേട്ടിതുമൊരുവതി-
ലൊന്നതുമായിട്ടും മറ്റതുമിട്ടും
കാലിലിട്ടിവ പിടിച്ചുനാൻ
പാലേ കാശിക്കപ്പുറമെത്താം"
എന്നുപറഞ്ഞു പുറപ്പെട്ടുടനെ
ചെപ്പുമെടുത്തു ശിവശർമ്മാവും
പെരുവഴിപോക്കദ്വിജനുംകൂടി;
അങ്ങനെ കാശിക്കപ്പുറമെത്തി
ആ ദ്വിജവരനുടെ ഇല്ലം പൂകി-
ന്നത്താഴംവഴിപോലെ കഴിച്ചവ-
ന്നുണ്ണിയുണ്ണിച്ചിരി തന്നുടെവീട്ടിൽ
തിണ്ണപ്പുറത്തിലൊരുവസിച്ചു
വാർത്തപറഞ്ഞവനവളോടുകൂടി
ചെല്ലുമുദാ ശിവശർമ്മദ്വിജനെ
നല്ലസമർത്ഥൻ പാഠകദ്വിജനെന്നു
ചെല്ലുമതിയല്ലിവക ചൊല്ലാൻ
ചെപ്പുചമച്ചിപ്പവളൊത്തുമവ വല്ലഭ-
നൊപ്പമവളൊടുകൂടി വസിച്ചു;
കോപ്പുകളൊത്തു കൊടുത്തിതു പലവക
വാർപ്പുകളും ചെമ്പുകളുരുളികളും കിണ്ടിക-
ളതുവഴി സമ്പത്തവളുടെ വീട്ടിൽ
ധനപതി വിപ്രൻ സമ്പാദിച്ചു;
അവളുടെ തള്ളക്കിഴവിയൊരുന്നാ-
ളവളോടു വെളിയിൽ വിളിച്ചു പറഞ്ഞു;
"മകളേ നിന്നുടെ വിപ്രൻകുലം
മാറുള്ളോർകളൊക്കെ മറന്നു;
പാരം കഷ്ടമൊരാപത്തിലുമുപ-
കാരം ചെയ്യാനൊരുവനുമില്ലാ
നാതിയനാപാനിവനാകിലുമേകൻ
മതിയാമോതവ വീട്ടുചിലത്താൻ?
തോട്ടം ചുഴിയും മഴയും വന്നി-
ട്ടുകളകൊണ്ടിങ്ങനെ നിറയുന്നു
എന്നാകിലുമിവൻ പലതരം പറവക
തന്നുള്ളതൊക്കെ വിറ്റു തടിച്ചു;
തിങ്ങളെന്നിനിയില്ല പണം വര-
വെങ്ങിനെയെന്നു വിചാരിച്ചാനോ?
ചൊന്നം മരതം രത്നം പതിനിയ
മഞ്ചാടികളുടെ സംഖ്യയുമില്ലാ,
എന്നാണവളുടെ ഭാഗ്യം ഗണിതമി-
ച്ചുകിൽ കിഴിവറ വരുവാനില്ല,
ചെമ്പില പുകയില പല്ലക്കാണാം
കൊമ്പിനു മഞ്ചും കാര്യമതില്ലാ,
പത്തുമറേറും വിപ്രനാക്കിന
നിത്യംചെമ്പും കൊടുത്തിരുന്നു;
മധുരക്കറിയും പാൽപ്പായസവും
മതിയാവോളം കോഴിപ്പൂവരിയും
ഉണ്ടനുദിനവും വരവിട്ടുവരുന്നവക-
യെങ്ങനെയെങ്ങനെ നഷ്ടമകന്നു?
എന്താണവിടെ വിറ്റുകളെടുത്തു
നീ താനിതു മറന്നിതു ഞാനില്ലാ
എന്നാലവനുകളപ്പെരാ തോറും
നന്നായ് നീ ചിന്തിച്ചറിയേണം"

മട്ടുമാറി.

എന്നുള്ള മാതാവിന്റെ നിർബ്ബന്ധംകൊണ്ടോ താനോ
ചോദിച്ചറിഞ്ഞുംകൊണ്ടു മടിച്ചുകൈക്കലാക്കി
ചെപ്പും ചെമ്പിപ്പും തന്റെ പെട്ടിയിലിട്ടുപൂട്ടി;

വിപ്രനാ ചെലവിന്നമിപ്പൊഴതയാക്കിപ്പിന്നെ
തന്നുടെ വീട്ടിൽനിന്നു തള്ളിപ്പുറത്താക്കി
ഉണ്ണി ഉണ്ണിച്ചുവിരിയും തള്ളയുമൊരുമിച്ചു
കണ്ണിൽ കാണാത്തദിക്കിലാട്ടികളഞ്ഞപ്പോൾ
പട്ടിണിയിട്ടുകൊണ്ടു പാരംപൊറുതിയായ
പട്ടിയെപ്പോലെ വിപ്രൻ പാഞ്ഞുനടന്നീടുന്നു.

മട്ടുമാറി.

ഇങ്ങനെ കനിവില്ലാത്തൊരുജാതിക-
ളാം ദുർഗ്ഗുണന്മാരെന്നോർത്തീടണം
എങ്ങനെയെങ്കിലുമർത്ഥമാർജ്ജനം
തങ്ങടെ കൈക്കലൊതുക്കും സാഹസ!
ഇത്തരമുള്ള ശുചിവ്രതവാക്കിനാ-
ലത്തൽവചനായുതിയാമദതോ
സത്വരമൻപൊടു രാജകുമാരൻ
ചിത്തരസേന നടന്നതിലുള്ള-
യന്ത്രരഥമേറി ഗന്ധർവ്വവിദ്യാ-
കന്യകമാരുടെ മുന്നിൽ ചെന്നു
നിന്നൊരു സുന്ദരവദനെക്കനിവോടു
തന്നരികേ ചെന്നു കണ്ടൊരുനേരം,
കൗതുകവിസ്മയകാമപ്രസര-
സാകുലമാനസയായകുമാരി
കനിവോടു തന്നോടു ചോദ്യം ചെയ്തു:—
"കനകസമാനമനോഹരകാന്ത!
നളകൂബരനോ നളരൂപനോ!
നളിനായുധനോ! നാരായണനോ!
ശചിനിമിഷങ്ങളിലൊരുവൻ താനോ!
വിശോകമനോഹര! വട വഹിയ്ക്കാൻ മെ
ഗാത്രമിതം തവകാൺകനിമിത്തം
നേത്രയുഗംമമ സഫലമിതായി;
കോ ദേശമെന്നറിവാൻ ഞാനൊന്നു
പാത്രമതോതോ പരമിഹലോകേ!"
എന്നതുകേട്ടുരചെയ്തു കുമാരൻ:—
"എന്നുടെ നഗരം കുണ്ഡിനനഗരം
വൈദേഹി വല്ലഭ സമാനൻ
വൈദർഭൻ നൃപനെന്നുടെ താതൻ
സാല്വമഹീപതിമൂഢൻ വന്നഥ
സമരേ താതനെ ഹനനംചെയ്തു
മുതലുള്ളതുമവനൊക്കെഹരിച്ചു
മുതലപിടിച്ചെന്നമ്മ മരിച്ചു;
ഉണ്ണിയെന്നെയുമൊരു ദ്വിജപത്നി
ഉടനെ സന്തോഷത്തോടു വളർത്തി;
ഇതിനുള്ള സ്വഗുണനാം വിപ്രകുമാരൻ
വിനയനിധിയവനെന്നുടെജ്യേഷ്ഠൻ
ധർമ്മഗുപ്തനെന്നാണെൻ നാമം
കർമ്മവശാലിങ്ങനെയെന്നാലും
ഏകചക്രപുരംബ്രാഹ്മണഗേഹേ
ഏകാന്തസ്നേഹേന വസിക്കുന്നു,
ഭിക്ഷയെടുത്തു ദിവസം കഴിച്ചും
ഭക്ഷണവസ്തുക്കളന്വേഷിച്ചും
അക്ഷയമതുമറിവീല, ദൈവം
തക്കതുചെയ്തിനിപരിശുദ്ധമാക്കാം."

മട്ടുമാറി

അന്നേരം ജ്യേഷ്ഠനതിമോദമോടെ
കന്യാമണികളെ കാൺകയുമായി
മദനസമാനൻ വരമണിയായ്
"വരതനു! നിന്നോടോതിടു ഞങ്ങളെ!
മതിമുഖി! നിന്നുടെ വദനാംബുജമിട-
മരതകമണിയും കാൺകനിമിത്തം
മതികലരുന്നൊരു കൗതുകമധികം
പറവാനില്ലിതു മംഗലനയനേ!
എന്നതുകാരണമിഹ ഞാൻ വന്നതു-
മെന്നറിയിച്ചിടുക നീ സുന്ദരി!
ഇന്നു നമുക്കിഹ സുദിനം നിശ്ചയ-
മിതുപോലെ കാണ്മതു മംഗലം
ഉരചെയ്യണം നീ! സതിയോ? രതിയോ?
ഇന്ദ്രപ്രിയയോ വാണിയോ ശചിയോ?
നിന്നുടെപേരും വാർത്തകളെല്ലാ-
മെന്നോടുരചെയ്ക മനോഹരശീലേ!
പങ്കജവദനയനേ പറകെടോ
നിൻകനിവെങ്കലുണ്ടാവേണം
പങ്കജശരശരമേറ്റു നമുക്കതി
സങ്കടമെന്നേ പറവാനുള്ളൂ."
എന്നുരചെയ്തതു കേട്ടുകുമാരി;—
"എന്നുടെ താതൻ ഗന്ധർവ്വേന്ദ്രൻ
ദ്രമിളാഖ്യൻ പരമേശഭക്തൻ
സുമതി സുശീലൻ സുപ്രതിതൃപ്തൻ
"അംശുമതി"യിതി നമുക്കിഹനാമം
കിംശുകപുഷ്പസമാധരി! സുമതേ!

വംശവിസ്തൃതിയിന്നിനക്കുമെനിക്കും
സംശയമില്ലിതു മമ മനസ്സിൽ
സകലഗുണനിധിയാകിന ഭർത്താവിൻ
സമുചിതമാം സന്നിധാനമതിൽ
സഫലം നിന്നിൽവിവാഹം നമ്മുടെ
സർവമനോരഥമപി സാധിക്കും,
പാർവണചന്ദ്രമനോഹരവക്ത്രേ!
ബാലികമാരെ ജനകൻ നമ്മുടെ
വേളിക്കും വഴിയുണ്ടായ്‌വരുമേ
മേളിക്കും നാമിരുവരുമുള്ളവി .
കേളിക്കുതരമായ്‌വരുമെന്നാൽ
നാളെക്കഴികെ വിവാഹം വേഗം-
നാളെക്കൊണ്ടു വരുന്നതുമിഹ ഞാൻ
നാളേക്കും ഗുണമില്ലാ. വന്നാൽ
നീളെക്കും ഗുണമങ്ങുതന്നെ
മൂന്നും നമ്മുടെ വാഞ്ഛിതമിപ്പോൾ
പാരം ചേതസി താതനുമുണ്ടേ
ചൊന്നും സംശയമതിനില്ലിവിടെ
മറെറന്നാളിഹ വരിക സുശീലാ!"
എന്നുപറഞ്ഞവൾ തന്നുടെ ഗളമതിൽ
നിന്നൊരു ഹാരമെടുത്തു കുമാരൻ
തന്നുടെ ഗളഭുവി ചേർത്തു ഗമിച്ചിതു
കന്യകയും സഖിമാരും തരസാ

ഃ മട്ടുമാറി (പായ്ച്ചുതാളം)

രമണീമണിവചനമിതി സരസമൊടു കേട്ടവൻ
രാഗംവളർന്നൊരു രാജവീരൻതദാ
കുതുകമൊടു കന്യകാസൗഭഗാതിസുന്ദരൻ
കുവലയദളാഭം നൃപാലബാലകൻ,
അടവിതടമചലതടമപികൊട്ടുകടന്നവൻ
ആരണനാഥന്റെ ആലയം പ്രാപിച്ചു,
ജനനിയുടെ നികടഭുവി നിഖിലമപി ചൊന്നവൻ
നീതിമാനായവൻ കൂപ്പിനിന്നീടിനാൻ
"വരികരികിൽ മകനെ വരിക തവ മംഗലം
വൈകുവാനെന്തു നീയിങ്ങുവന്നീടുവാൻ!
അയി കമലകുലകമിഹ തവ മനസിയുണ്ടെന്നു
ആനനകാന്തികൊണ്ടറിഞ്ഞീടിനേൻ;
ഭൂപകരിപുമദനാ! തവ പരമസുഖകാരണം
പാതിരാ നേരായ പാർത്ഥിവാനന്ദനാ!"
ഇതി ജനനിവചനമിഹ സദയമിഹ കേട്ടവൻ
ഇന്ദ്രഭവോത്തമനാശു ചൊല്ലീടിനാൻ:—
"പരമശിവഭജനമതു പരിചൊടഥ ചെയ്തു ഞാൻ
പാരാതെ കാനനേ ചെന്നിരിക്കുംവിധൌ
ഗഗനചരികുലമണിയുമൊരു മാനിനി
ഗന്ധർവകന്യകാ തത്ര വന്നീടിനാൾ
കളകളരവകളഗമനകളഭസുഭാഷിണി
കാനനേയെന്നെയും കണ്ടുകാമിച്ചവൾ
മമ മൊട്ടുമധുരതരവചനമപി ചൊന്നവൾ
മാലയിട്ടീടിനാൾ മന്ദമന്ദം തദാ
ഉഷസി മമ ജനകനൊട്ടുമിവിടെവരുമീ ഞാനു-
മൂനമില്ലെന്നു പറഞ്ഞു മറഞ്ഞവൾ
സുരതരുണീജനമണിയുമണിമകുടമാലിക
സുന്ദരിയെന്നുടെ കാന്തയായ്‌വന്നിഹ
ജയജനനി! തവകരുണപരിണതി മവിക്കയാൽ
ജന്മംസഫലമായ് വന്നിതു സാമ്പ്രതം."
കനിവിനൊടുതനയനുടെ വചനമിവകേൾക്കെ
കൌതുകം പൂണ്ടുചൊല്ലി വിപ്രാംഗനാ:—[ഞാൻ
"പരമമുദമൊടുമിതു വചനമിതു കേൾക്കയാൽ
പാരംതെളിഞ്ഞു മേ കണ്ണുകളിങ്ങനെ
നിരവധികരുചിരുചിരകനകമണിതങ്ങളിൽ
നീതിയിൽ ചേർന്നപോൽ നിങ്ങളും ചേർന്നിതു;
വേഷജനഫലമഖിലമഴകൊടുധരിക്ക നീ
രാവംതെളിഞ്ഞു സുഖേനവസിക്കനീ."

മട്ടുമാറി.

തനിക്കുള്ളൊരഭിലാഷമിനിക്കാലം വൈകി
ടാതെ
ലഭിക്കുമെന്നോർത്തു ചിത്തം കുളുർത്തുരാജകുമാരൻ
തരത്തിലിവിവർത്തമാനമുണർത്തിച്ചു മോദിപ്പിച്ചു
രസിച്ചു ദ്യൈവസ്ഥാനം തന്നും വസിച്ചു വിപ്രാലയ-
ത്തിൽ
തളത്തിലിരുന്ന തന്റെ ഗളത്തിൽ വിളങ്ങീടുന്ന
വെളുത്തമുത്തുമാലയെ വളർത്തമാതാവേകട്ടി-
പ്പറഞ്ഞൊരവസ്ഥയെല്ലാം കാർത്തൊന്നുനിക്ക-
മില്ലെ-
ന്നറിഞ്ഞൊരമാതാവെന്നുള്ള പരിജ്ഞാനമുള്ളവാ-
കി

ഗന്ധർവ്വകന്യകയും ബന്ധുസ്ത്രീകളുംകൂടി
ഗന്ധർവ്വരാജാവിന്റെ ഗേഹത്തിലങ്ങുചെന്നു
വന്ദിച്ചു താതനോടുമൊന്നിച്ചിരുന്നു ശുഭ-
മാകിന ചന്ദ്രാംഗദനൃപന്റെ വൃത്താന്തം
ശ്രവണകൌതുകത്തോടെ താതനെ ഗ്രഹിപ്പിച്ചു
സന്തോഷമിയന്നോരു ഗന്ധർവ്വരാജൻ തന്റെ
ബന്ധുജനത്തെയെല്ലാമന്തികേവരുത്തികൊ-
ണ്ടന്തമില്ലാതുള്ളോരു പൊന്നും പണവും പട്ടും
ചന്തമേറുന്ന ദിവ്യരത്നങ്ങളും ഭൂഷണങ്ങളും
ദന്തികളും കുതിരകളും തേരുകളും കാലാളുകളും
നാനൂറാളും പല്ലക്കുകളിത്യാദിപദാർത്ഥങ്ങ-
ളൊക്കവേ സംഭരിച്ചു കെട്ടിച്ചുകൂപ്പിച്ചുംകൊ-
ണ്ടക്കാട്ടിൽവന്നുയോഗം കൂട്ടിപ്പാർത്തൊരുനേരം
വിപ്രകുമാരനോടുമൊന്നിച്ചു ധർമ്മഗുപ്തൻ
തൽപ്രദേശത്തുവന്നുനോക്കുന്നനേരം ബഹു
ദിവ്യന്മാരുടെയോഗം ദിവ്യസ്ത്രീകളുടെയോഗം
ദ്രവ്യസമ്പത്തുകണ്ടു വന്ദിച്ചുമോദത്തോടെ.

മല്ലാറി.

ഭ്രമിളനതാകിന ഗന്ധർവ്വാധിപ-
നതികുതൂഹലമോദത്തോടെ
നൃപതിസുതന്റെ കരാംബുജയുഗളം
സപദിപിടിച്ചു പുണർന്നവരും ചെയ്തു,
ആമോദാദരമവരുടെ വാക്കുകളും
കാമോദരി രാഗത്തിലുരിച്ചു:—
"കേൾക്കസഖേ! കേവലം മേ വചനം
കേളിഗുണവസതേ!
ആക്കമിയന്നോരു നിന്നുടെ വാർത്തകളും
അഖിലവുമെൻ മകൾ ചൊല്ലിക്കേട്ടു
ഇന്നലെ ഞാൻ മമ പരദൈവതമാം
ഇന്ദുചൂഡന്റെ പദതളിർതൊഴുവാൻ (കേൾക്ക)
ചെന്നിതു കൈലാസാചലസീമനി
ചേതസിപെരുകിന ഭാവനയോടെ (കേൾക്ക)
ചരണസരോജസമീപേ ചെന്നഥ
പരിചോടു വന്ദനംചെയ്യുന്നേരം
പുരഹരഭഗവാനെന്നോടു ശുഭം
സരസതരം ഗിരമരുളിച്ചെയ്തു (കേൾക്ക)
"ഭ്രമിളസഖേ! ശൃണു സാധുവിശേഷം
സുമഹിതനാകിന ഭൂസുരസുതനും
വിമലസപത്നി വിദർഭനന്ദനനും
മമ പൂജനം ചെയ്തിടുന്നു (കേൾക്ക)
വിധിപിഴയാതെ പ്രദോഷം തോറും വ-
ന്നവധികൂടാതെ ബാലന്മാരവർ
മതികരുവേ മമ ശൈവമിദാനീ-
മതിശയതരമുളവാകി നിയതം (കേൾക്ക)
വിപ്രകുമാരനു ധനമുണ്ടാവാൻ
ക്ഷിപ്രം ഞാനൊരു നിധിയും നൽകി
മൽപ്രിയനാകിന രാജകുമാരനു
സുപ്രിയമാത്തു വരത്തീടേണം (കേൾക്ക)
ഭ്രമിള! നിന്നുടെ മകളായുള്ളൊരു
കമലായതമിഴി കന്യാമണിയെ
മമഹിതനാകിന രാജകുമാരനു
മമതകലർന്നു കൊടുത്തിടേണം (കേൾക്ക)
ധന്യതപെരുകിന നൃപസുതനും തവ
കന്യകയാകുമൊരംഗനയും
അന്യോന്യം ബത കണ്ടുമനോഭവ-
മഖിലവുമാത്തു പറഞ്ഞു പിരിഞ്ഞു (കേൾക്ക)
കാണിവിളംബമതെന്നിയിവരുടെ
പാണിഗ്രഹണമഹോത്സവമധുനാ
വേണമതിങ്ങിനെ ഭഗവാനെന്നോടു-
മേവം വിളിച്ചരുൾചെയ്തു കുമാര! (കേൾക്ക)
ബാലാ! വരികബലാ! സരസഗുണശീലാ!
യുവതിജനലീലാരസികാ! നിന്നെ-
ക്കണ്ടൊരുനേരമിനിയ്ക്കുണ്ടായ
സന്തോഷത്തിന്നുണ്ടോ അവസാനം
നീ മടിയാതെ നില്ക്കുന്നതെന്ത്യേ?
കേളീരസികയാകും നാളികമുഖിയുടെ
വേളികഴിച്ചുവരെ ലാളിച്ചുകൊണ്ടുപോക!
കേളീരോളികളും ശുകപാളിമൊഴിയെ ഞാനു-
മാളീജനങ്ങളോടെ തെളിച്ചയച്ചീടാം.
ഏവം പറഞ്ഞു നിജഭാവം തെളിഞ്ഞു ശൈവ-
സേവപ്രിയനാമുപദേവപ്രധാനിവീരൻ
അംശുമതിയെ വിളിച്ചുത്സവത്തിന്നുമഹി-
മാംശുമുഖനാം കന്ധിനരേശനു ദാനംചെയ്തു
ഗന്ധർവ്വകന്യകടെ വേളികപിന്നെമറു
ബന്ധുക്കളോടും വേണ്ടാ സന്ധിപറകവേണ്ടാ,
കാന്തനാകുംപുരുഷൻ താൻതന്നെ ചെന്നവിടെ

പെരുതായിട്ടൊരു ഗുണമുണ്ടൊട്ടു-
മതുതാനിഹ പറകില്ല സഖേ! ഞാൻ.
കുയിലും കാകനുമൊരുനിറമെന്നു
കരുവില്ലതിനു പലർക്കും ബോധം;
നാദംകൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമുള്ളൂ ബധിരശ്രോതാവേ!
മാവിന്നഗ്രേ ചെന്നുവസിച്ചാൽ
കാകൻ നീയൊരു കോകിലമാകും;
കാണികൾ നിന്നെ കുയിൽക്കുയിലെന്നു
നാണിയമെന്യേ നടത്തിക്കൊള്ളും,
ആയതുമുചിതമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ,
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടന്തന്നിൽ
ചേറുപിരണ്ടു കണ്ടാലുരുവില-
വേറില്ലാത്തൊരു കസ്തൂരിക്കോ;
എന്നല്ലാതൊരു മന്ദന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കരുമണിയും തിരുനെറ്റിക്കൊരു
പങ്കം പിരകാനെന്തവകാശം?
ശകലശിവകിവ ചോരന്മാരെ
ശേകിച്ചുവനൊരു ബ്രാഹ്മണൻ
പൂണ്ടെപ്പാന്ത ഭർത്താവിനെ പാലന
ചോരന്മാർക്കിന്നവകാശം?
ചതിയെന്നുള്ളൊരു തത്ത്വം പോലും
കളിയായ്ക്കിപ്പുറവാനും ചേലാ;
ജളനെന്നാലും സ്വാമിക്കേകാ-
ന്തുള്ളവാകും ഗുണമെന്നിതിനർത്ഥം."

ശാസ്ത്രങ്ങൾ വ്യാകരണസൂത്രങ്ങൾ നല്ല തർക്ക-
വാദങ്ങൾപിന്നെ ധർമ്മശാസ്ത്രങ്ങൾ പുരാണങ്ങൾ
വേദം ഗ്രന്ഥം മന്ത്രവാദം ചികിത്സാഗ്രന്ഥ-
ങ്ങൾ ശാസ്ത്രവിദ്യാവിനോദങ്ങളിവകളും
ആട്ടം കളികൾപിന്നെ ച്ചാട്ടം ഞാണിന്മേലേറി
ഓട്ടം തുള്ളലും പല കൂട്ടം ഗ്രഹിച്ചവരും,
കോട്ടംകൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെ വിദ്വൽക്കൂട്ടത്തെ ബോധിപ്പിപ്പാൻ
ഒട്ടേറെയുള്ളതെന്നതൊക്കെയും നമുക്കെങ്ങാൻ
മുട്ടും മനസ്സിൽ നാം ചുറ്റിപ്പിച്ചതെല്ലാം,
വിട്ടുപോകരുതല്ലോ കിട്ടും പരിഹാസങ്ങൾ;
കേട്ടും കവികൾ ചിലർ കേട്ടും പ്രയോഗിക്ക-
ത്തട്ടും ദൈവമെന്നാൽ തട്ടുമവന്നും [ഭേദം
ഇഷ്ടം ലഭിക്കയുമില്ലനിഷ്ടം ലഭിക്കയുമാം;
ഇതറിഞ്ഞുവിചാരിക്കുമ്പോളിത്താഴിലെല്ലാതല്ലാ
ചിത്തം ഗുരുക്കന്മാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരു ഭാഗ്യമുള്ളതെന്നതേ വേണ്ടു.

ഉലകരെ പെരുമാൾ വാഴുംകാലം
പലകടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും പല്ലും മുറവും
മുലയും കരവഴകിപ്പോയൊരു
ചലമിഴിമാരിവിടാരുമേയില്ല,
മലയാളം പരദേശങ്ങളിലും
ഫലമില്ലാത്ത ഗൃഹങ്ങളുമില്ല,
ജലമില്ലാത്ത കുളങ്ങളുമില്ല,
ഫലമില്ലാത്ത മരങ്ങളുമില്ല,
ഫലമില്ലാത്ത വിവാദവുമില്ല,
ഓത്തില്ലാത്ത മഹീസുരരില്ല,
കൃത്യില്ലാത്ത നരന്മാരില്ല;
പോത്തില്ലാത്ത കൃഷിക്കാരില്ല,
ചാത്തില്ലാത്ത ധനവ്യയമില്ല;
കള്ളപ്പറയും നടക്കുന്നവരും
കള്ളുകുടിച്ചു മറിക്കുന്നവരും
പൊള്ളപറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലസൂയ മുഴുക്കുന്നവരും
കള്ളന്മാരും കശ്മലജാതികൾ
ഉള്ളൊരു ദിക്കുകൾ കാണ്മാനില്ല
എള്ളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല
ഉത്തമഗുണനാമുലകരെ പെരുമാൾ
ഉത്തമമവനിസുഖത്തൊടുവസന്തി
പത്തനസീമനി പരമാനന്ദം
സ്വാസ്ഥ്യത്തോടെ വസിക്കുംകാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമശേഷം വായിച്ചൻപൊടു
യാത്രീശനനെ ബോധിപ്പിച്ചതു-
മാത്രം ഞാനിഹ കഥനംചെയ്യാം.

ഉത്തമം ഗുണമിളമഹാഗന്ധർവൻ
തത്ഭവം ഗിരമുരചെയ്തപ്പൊളക്കെ
പുത്രനെയാത്രയുമാക്കിത്തരസാ
തത്രമാഞ്ഞിതു മഹിതചരിത്രൻ.

മട്ടുമാറി.

ആനപ്പുറങ്ങളോടും സേനാഭടന്മാരോടും
നാനാവാദ്യങ്ങളോടും കൂടിമേളിച്ചു നല്ല
മോടികലർന്ന വനവാടികടന്നുമെല്ലെ
കൂടിനടന്നുചെന്നു ശ്രീപ്രാസാദാവലോക-
ചക്രമേശനുമേറ്റം വിപ്രാത്മജൻതാനെ
വീണുനമസ്കരിച്ചു മാതാവിനേയും ചെന്നു
ജാതമോദേന വീണുവണങ്ങി വഴിപോലെ
സീതാവല്ലഭനോടു തുല്യൻ നൃപതിപുത്രൻ
സന്തോഷവാരിധിയിൽ നീന്തുന്നമാതാവിനെ
ഗന്ധർവകന്യകയും ചെന്നു നമസ്കരിച്ചു;
വൈദർഭരാജ്യംതന്നിൽ ചെന്നുകൊണ്ടടിയങ്ങൾ
വൈരിയെജ്ജയിച്ചിങ്ങുവൈകാതെവരുന്നുണ്ട്
അത്രനാളുമെൻ മാതാവത്രവസിക്കവേണം
അത്രവിരോധംതീർന്നാലത്രഗമിച്ചുകൊള്ളാം.

മട്ടുമാറി.

ഇങ്ങനെയാത്ര പറഞ്ഞു കുമാരൻ
തിങ്ങിനപുരുഷന്മാരൊത്തൊരുക്കൂടെ
മാർഗ്ഗിയിലങ്ങു നടന്നുതുടങ്ങി
മാർഗ്ഗമതിങ്ങിഹ സാലമുപ്രാപം;
അഗ്രജനാകിന ഭൂസുരസുതനെയു-
മഗ്രേ സപദി നടത്തിക്കൊണ്ടഥ
ഉഗ്രതപെരുകിന ഗന്ധർവാദിസ-
മഗ്രബലേന സമേതനമരൻ,
കൊട്ടും കുഴൽവിളി കോലാഹലമിട-
മൊട്ടും കുറവുവരാതെ ദിഗന്തര-
മെട്ടും ഝടിതിമുഴക്കിക്കൊണ്ടണി-
യിട്ടും പൊട്ടുപൊട്ടെ വെടിയും വെച്ചഥ
കാട്ടുകടന്നു വിദർഭമഹീപതി
നാട്ടുചുകണ്ണു വിളിച്ചുപറഞ്ഞു:—
“മാറ്റുകളാരുകളും വിപ്രന്മാരും
മാടണിമുലമാർ ബാലന്മാരും
മറെറാരടിക്കിന മാറിക്കൊൾവിൻ
മറെറന്നാളിഹ വന്നേപോർക്കാം;
പടയിൽവരുന്ന ഭേദമതിൽ ചില-
രിടയില്ലാതെയുമുണ്ടാമായവർ
ഝടിതികടന്നു കലമ്പിക്കലശലി
ഖടിയോ പിടിയോ ഒന്നുപിണയ്ക്കും;
അതുതരമിതന്നവിലക്കാനുള്ളോ-
രെജമാനന്മാരറിയും മുൻപേ
തരംതരെ ബ്രാഹ്മണപുത്രന്മാരുമുറക്ക-
നതെരമാപത്തുളവാക്കീടും
പിന്നെനിനച്ചാൽ ഫലമില്ലിവക-
ളുന്നേരനോ കരുതീടേണം
ഞായംന്നാക്കി നടപ്പാൻ നമ്മുടെ
നായന്മാരെപ്പഠിപ്പിച്ചിട്ടില്ലാ;
നായും നായരുമൊക്കമിനിക്കൊരു-
പായം വരുമെന്നുള്ളവിചാരം
ഒരുവിധത്തിനുമില്ലതരിമ്പും
മിനുകിലായവർ തൂങ്ങികിടക്കും;
കണമുറത്തിൽ കലരും തലയും
കരണനാഥർ കേറിയെത്തും;
നാരങ്ങനൊന്നുള്ളാര ശങ്കയു-
മന്തരമെന്നൊരു ബ്രാഹ്മണവൃദ്ധി-
ളരെന്നുക്കൾക്കതിമ്പില്ലവരെ-
ബന്ധുക്കൾക്കുമതങ്ങിനെതന്നെ;
ള്ളുതടിച്ചുനടക്കുന്നവര
കള്ളുകുടിച്ചാൽ മറെറാരുമാറ്റും
മുള്ളപറഞ്ഞു പലർക്കും ചിലതൊ-
കൊള്ളും പ്രഹരവുമങ്ങിനെയുള്ളു;
കൊള്ളയിടാനും വീടുകളൊക്കെ-
ക്കൊള്ളികൾവച്ചു ദഹിപ്പിക്കാനും
ഉള്ളതുകത്തിക്കുവാനും പുന-
രെള്ളോളം മടിയെത്തവരില്ല.
അവരുടെ യജമാനന്മാർക്കും പുന-
രവരെയമർപ്പാൻ കഴിവുമില്ലാ:
കവരുന്നതിനൊരുപാതികൊടുത്താ-
ലവരതിനിന്നു സഹായം തന്നെ,
എന്നതുകാരണമിന്നും നാളെയു-
മെന്നുടെനാട്ടിൽ പാർക്കുന്നോരും
പെണ്ണും പിള്ളകളും ഗോബ്രാഹ്മണരും
കണ്ണും ചെവിയുമതില്ലാത്തവരും

ഉണ്ണികളും ചിറ്റമ്മമാരും
ബന്ധംകൊണ്ട് കിഴക്കൻവാതം
ചടയൊന്നുമുള്ള കോമരങ്ങൾ
ഉടയുന്നതിനിക്കമ്മാരും,
അമ്പലവാസികളെപ്പോലിരിമാ
രായുധമില്ലാത്തോരുണ്ണായന്മാർ
ഞങ്ങളെന്നുള്ളവരെല്ലാം വിരവിനൊ-
ടങ്ങൊരുനാട്ടിന്മാറിക്കൊൾവിൻ;
ഞങ്ങടെ കോപ്പുകൾ പാത്രങ്ങളുമിവ
ഞങ്ങടെ കൈക്കലിരിക്കവേണ്ട;
നമ്മുടെ വീട്ടിൽ കിണ്ണികൾ നാലും
നാലുമുനാഴിച്ചെമ്പുംപോയി,
നമ്മുടെയില്ലത്താത്തന്മാരുടെ
ചിറ്റം പൊന്നുതാലികളും പോയി,
ഇല്ലത്തൻപത്തുഗ്രന്ഥംപോയി,
ചെല്ലകിടന്നതശേഷംപോയി,
എന്നുടെ വീട്ടിലൊരോട്ടുകിണ്ടിയു-
മൊന്നരവസ്ത്രം കവറുംപോയി.
അയ്യോ! നമ്മുടെ കന്നുകളെല്ലാം
പയ്യോടുപെറ്റുകിടാക്കളെപ്പോയി,
അപ്പംവിറകും ശർക്കരവിറകും
അപ്പനൊരെല്ലാം മുതലുണ്ടാക്കിയ-
തിപ്പോൾ നമ്മുടെ നിർഭാഗ്യതകൊ-
ണ്ടെപ്പേരുംപടതന്നിൽ നശിച്ചു;
ചിരുതപ്പെണ്ണവൾ മിന്നും മൂക്കും
കരുതിപ്പോകാഞ്ഞിട്ടു കളഞ്ഞു
ഇളയച്ചിക്കുള്ളാഭരണത്തെ-
ക്കളയിച്ചുടുപ്പട്ടതുതന്നെ;
കോതപ്പെണ്ണിനു കാതിലപോയി
നീലിപ്പെണ്ണിനു താലികൾപോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ചക്കിയതോരൻ മുണ്ടുംപോയി
ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
ചെട്ടിപ്പെണ്ണിനു പെട്ടികൾപോയി;
കണ്ടച്ചാരുടെ മുണ്ടുംപോയി;
ചെണ്ടക്കാരുടെ ചെണ്ടകൾപോയി;
കേളച്ചാരുടെ വാളുംപോയി;
കാളൻനായരുടെ ചങ്ങലപോയി;
ചിരികണ്ടച്ചാർ പടയിൽ ചാടി-
ച്ചുരികകളുമൊന്നു ചൂടേറ്റുപോന്നു;
കോതച്ചെട്ടീടെ കണ്ണുംപോയി
കോന്തിക്കമ്മാരുടെ കൊട്ടാരംപോയി;
ചെറുകിളച്ചിച്ചെരുപോലും നമ്മുടെ
ചങ്ങാതിക്കൊരു ശ്രമമായി,
എന്നെല്ലാം ചില ബ്രാഹ്മണവാക്കുകൾ
പിന്നാലെകൾക്കും പടപിരിയുമ്പോൾ
പണവും പൊന്നും പാത്രവുമാരൊ
പണയങ്ങളുമണിയാഭരണങ്ങളും
മന്നം പാഴിൽ കളയാതൊക്കെയു-
മിന്നൊരടിക്കിന്നമാറിക്കൊൾവിൻ!
ഇങ്ങനെയങ്ങു വിളിച്ചുപറഞ്ഞഥ
തിങ്ങിനബന്ധപ്പാടും പെരുകിന
ഗന്ധർവ്വപ്പട തേരും കരികൾ
മത്തിപ്പടകളുമങ്ങുകരേറി
കണ്ഡിനപുരിയുടെ ഗോപുരസീമനി
കമ്പിതനാകിന രാജകുമാരൻ
ചണ്ഡശരാസനമെന്നുകുലച്ചതി
ഖണ്ഡനചതുരൻ പുനരഥ ചൊല്ലി:—
“നമ്മുടെ ജനകനെ വെട്ടിക്കൊന്നിഹ
നമ്മുടെ നഗരമടക്കിയിരിക്കും
ഭൃത്തിയാകിയ സാധ്വാനികുല-
വഹമതിയുള്ളൊരു കാണണമിപ്പോൾ;
തന്നത്താനറിയാത്തൊരു നിന്നെ
തടിപുനരിടുന്നപൊടിയാക്കാതിഹ
വിടുമോ ഞാനിഹ തടിയാരുടിയാ
വിടുമോബാ! നിന്നെയതിന്നു കൊള്ളാം?
മന്ഥതിനിന്നീ പരരാജ്യങ്ങൾക-
ടന്നാമതാക്കാനുള്ളൊരു മോഹം;
ഞങ്ങടെയുകയില്ലനിനക്കൊര-
നർത്ഥംവന്നിഹ തലയിൽകേറി;
വൃത്രംനിന്നുടെ വിക്രമവിതുലക-
ളൊത്തിതാ കവന്നഹമിഹ ശൂരാ!
അതുവസിക്കും വിപ്രകുലം തവ
പുത്രകളേസമൂഹം പിന്നെ
പരും ചാതുർവ്വിലം ക്ഷത്ര-
ക്ഷത്രിയനിന്നു നശിക്കുമശേഷം
കൊമ്പൻകരിയുടെ മിക്കപിടിപ്പാ-
നൻപതുകവരികളുടെച്ചുതക-

ലമ്പിയരുതാംവല്ലതാതോ ശിവ
ശങ്കിതന്ധനോ തന്റെ ദുർമ്മോഹം! -
കേസരിവരന്റെ ഗിരികന്ദരത്തിൽ
കേവലമൊരുമൃഗവാനരം മൂഢൻ
കേറിയിരിക്കാൻ മോഹിക്കുന്നു
കേട്ടവരാരു ചിരിക്കാതുള്ളൂ!
പോരാനമ്മുടെ പുരിയിലിരിപ്പാൻ
ക്രൂരതവാപാകനായതിട്ടുവതിന്
വാടാ! നരകുലമേടാ! നരപതി
മൂഢാ നമ്മുടെ നാടായുള്ളതിൽ
ഇരുന്നിഹമലവിടാമിളു മാ
വിടാതുതയ്യോ കരുതിയ മോഹമാ!
കാടാപ്പുതമിനിവാസത്തിന ഖേദം
വേടാദികളൊക്കെത്തന്നേ."

മട്ടുമാറി.

ധർമ്മത്തെ ഭേദിക്കുന്ന ധർമ്മഗുപ്തന്റെ വാക്യം
ധർമ്മത്തെ മോചിക്കാത്ത കർമ്മത്തിനനുകൂലം
കേട്ടപ്പോൾ ഭയപ്പെട്ടു സാലനാം ക്രൂരക്കാരം
കൂട്ടാക്കാതിങ്ങിനെന്നാൽ കൊട്ടംവരികേയുള്ളു.
ഗന്ധർവ്വരാജം മാറ്റാ ബന്ധുരാജാക്കന്മാരും
സിന്ധുരവൃന്ദങ്ങളും സിന്ധുജവൃന്ദങ്ങളും
ഒക്കവേ കൂടെ വന്നു വിക്രമിക്കുന്നേരം
ജയിപ്പാൻ നാമെല്ലാരും തോറ്റുപോന്നതേ വരൂ;
ഉപായമാരായുകിലോ മാനമോടെതിർപ്പത്
ഏറവുമനസ്സിൽമുട്ടി തോറ്റു ഭംഗമുന്നാരം
മാറിക്കണ്ടവരെന്നാലോകർ വാഴ്ത്തുകയും
മാറിക്കൊള്ളുകയും നല്ലു നമ്മുടെ വൃന്ദമെല്ലാം;
ചെന്നു കെട്ടുകയെക്കാൾ നിന്നു കെട്ടുക നല്ലൂ
എന്നുള്ള ചൊല്ലിനിപ്പോളെങ്ങുമേനിക്കയില്ലാ
തന്നെക്കാൾ വലിയോനെ താണുസേവിച്ചിടാ
ഞ്ഞാൽ
പിന്നെത്താഴ്ച്ചയായി പിന്നാക്കം പോരുക
യുള്ളൂ
അന്യന്റെ രാജ്യം കിട്ടാനാഗ്രഹിക്കുന്നവൻ
തന്റെ രാജ്യംകൂടെ തനിക്ക ലഭിക്കാതാകും
ഇവണ്ണം വിചാരിച്ചു സാലനാം ബന്ധുക്കളും
സേവിക്കതന്നേനല്ലു എന്നങ്ങു നിശ്ചയിച്ചു
വെള്ളക്കൊടിയുംകൊണ്ടു വേഗേന പുറപ്പെട്ടു
വെള്ളക്കടയും താഴ്ത്തി വേഷം പകർന്നപോലെ
പട്ടുംപണ്ടവുംപൊന്നും കെട്ടിയെടുപ്പിച്ചുംകൊ-
ണ്ടൊട്ടും താമസിക്കാതെ കൊട്ടുംകുഴലുംമാറി
കാരിയക്കാരന്മാരും കാര്യസ്ഥന്മാരുംകൂടി
വൈരിയെക്കാണ്മാനായി വൈകാതെ തന്നെ
ചെന്നു;
വൈദർഭനവന്റെ വൈരസ്യംപോക്കിടുവാൻ
വൈരാഗ്യമുള്ളസാലൻവന്ദിച്ചുവഴിപോലെ

മട്ടുമാറി.

"വന്ദിക്കുന്നതെന്തോ! ശിവശിവ!
വളരെ വയസ്സേറുന്ന ഭവാനിഹ
നിന്ദിക്കാതെയിരുന്നാലുമതി
നിരവധി പിഴകളുമിങ്ങൊഴിവാക്കാം"
എന്നു പറഞ്ഞു വിദർഭകുമാരൻ
ചെന്നു പിടിച്ചു പുണർന്നു മുദാ
തന്നുടെ അരികിലിരുത്തി കുശലങ്ങ-
ളൊന്നൊഴിയാതെ പറഞ്ഞറിയിച്ചു
സന്തോഷിച്ചഥ സാലനരേന്ദ്രൻ
സകലദ്രവ്യങ്ങളുംകൊടുത്തു
മന്ത്രികളോടുംകൂടിത്തന്റെ
മഹിഗൃഹത്തിന്നരികിന്ന
ആയുധസഹിതം വാങ്ങി വിദർഭൻ
രാജഗൃഹത്തിന്നതെന്ന കൊടുത്തു;
പിന്നെ വിശേഷിച്ചുനവധിപട്ടും
പൊന്നും പണവും മണിഭൂഷണവും
സമ്മാനിച്ചിട്ടു സാലപ്രധാനം
സാലൻ തന്റെ കാര്യക്കാർക്കും
സമ്മോദിച്ചഥ സാലമഹീപതി
സമയംചെയ്തു "സഖേ പുനരിഹ നാം
തമ്മിൽ കലഹിക്കരുതൊരുനാളും
ജന്മികൾ നാമിരുവരുമുള്ളന്നി"തി
യാത്രപറഞ്ഞു നരമഹീപതി
ഗോത്രമഹത്തരനാകിന സാലൻ
പല്ലക്കുംമുകളേറിക്കൊണ്ടഥ
പടയും കുടയും ഘോഷത്തോടെ
നല്ലമുഹൂർത്തേ തൻപുരി പുക്കട-
നല്ലാരോടെ സുഖിച്ചുവസിച്ചു
കണ്ഡിനനഗരം പുക്കിതു ഗുണഗണ
മണ്ഡിതനാകിന രാജകുമാരൻ

കണ്ഠവലയകടകാദികളണിഞ്ഞുട-
ൻ മണ്ഡപമതിൽ വസിച്ചു മഹീശൻ
ഗന്ധർവ്വാധിപ മകളുടെ ദിവ്യസു-
ഗന്ധമനോഹര ചാരുശരീരം
ഹന്ത പുണർന്നു രമിച്ചു രസിച്ചു-
ന്നതപുരമതിൽ വാണുസുഖിച്ചു.
സുപ്രിയഹിതനായുള്ള ശുചിവ്രത-
വിപ്രനൊരില്ലം തീർത്തുകൊടുത്തഥ
നെല്ലും പണവും ഭണ്ഡാരങ്ങളു-
മെല്ലാമനവധി ദാനം ചെയ്തു.
കനിവൊടു ഗുരുതരദേശേ മേവും
ജനനിയെ വേഗാലിങ്ങുവരുത്തി
പുനരപി പുനരപി തൊഴുതു വണങ്ങി
ഘനതരഭക്തിവിശേഷത്തോടെ
നാനാലങ്കൃതമാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു.
പ്രിയസുതനായ ശുചിവ്രതനുള്ളിൽ
പ്രിയമായുള്ളതു ദാനം ചെയ്തു
നിയമമിയന്ന പ്രദോഷദിനങ്ങളി-
ലുപവാസത്തിനു ഭംഗവുമില്ലാ.
പുരഹര! ശങ്കര! ശങ്കര! ശിവനേ!
ഹര! ഹര! ശശധരശേഖര! ശംഭോ!
ഗിരിജാവല്ലഭ! ഗിരിശ! മഹേശ്വര!
പരിപാലയമാം പരിപാലയമാം!
ഇങ്ങനെ ശിവനുടെ പാദസരോജേ
തിങ്ങിനഭക്ത്യാ വന്ദനം ചെയ്തു
മംഗലശാലി വിദർഭമഹീപതി
മങ്ങാതവിടെ വസിച്ചുസുഖിച്ചു.
ഈദൃശമായ പ്രദോഷമഹത്വം
സാദരമേവം കഥിക്കുന്നവരും
മോദമിയന്നിതു കേൾക്കുന്നവരും
വേദമയാകൃതി പരമേശ്വരനുടെ
പാദസരോജേ ചെന്നു സുഖിച്ചു
കേടുകൂടാതവിടെ വസിക്കും;
വേദിയകുലപതി മമ ഗുരുവരനുടെ
പാദസരോജം ശരണം ശരണം.

ഇതി പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ സമാപ്തം.

കിരാതം

ഓട്ടൻതുള്ളൽ.

ഹരിഹരതനയൻ തിരുവടി ശരണം
വിരവൊടു കവി ചൊൽവാൻ വരമരുളേണം
മുതലരടിയനൊടടൽ കളവാനായ്
കരുതുന്നേൻ കരുണാമൃതസിന്ധോ!
കരികരടികൾക്കഴുവാപുലിസിംഹം
വനമതിൽ നിന്നു വധിച്ചതുപോലെ
മനമലർ തന്നെയൊഴിച്ചുകരം നിത്യം
തഴകഴൽ വിലസീടുന്നവനല്ലോ?
ഞാണിമതി കലയും തുമ്പയുമെല്ലാം
ഫണിപതിഫണഗണമണികളുമണിയും
പുരഹരനുടെ പദകമലേ പരിചൊടു
പണിയുന്നവരുടെ പാലകനീശൻ
പ്രണയിനിയാകിന മലമകൾ താനും
പ്രണയസുഖേന രമിപ്പാനായി
ക്ഷണമൊരു കരിവരമിഥുനമതായി
ക്ഷണികമതാകിന വിഷയസുഖത്തിൽ
തേരിലൂറച്ചിരിന്നില്ലാർ വിവരം
"കൊടിമരമൊളുപിടിച്ചിരിക്കുകി
പ്പടിയെൽവന്നുവസിക്കുന്നതാരയോ!
കൊടിമരമിളകിമൂറിഞ്ഞെന്നാകിൽ
പൊടിയാമെന്റെ ദേഹമശേഷം
മണ്ണായെപ്പൂനരെന്തിനിവിപ്പാ?
നരവിന്ദാക്ഷം നിശ്ചയമല്ലോ
പട്ടുപുണത്തിനുതുകലില്ലാതെ
ചട്ടുമറിഞ്ഞാലെന്തിനുകൊള്ളാം.
ചത്തുമനുഷ്യൻ വിത്തംകൊണ്ടെന്ത
കൃത്യമുള്ളതോ പൃഥ്വീദേവ!

പിണ്ഡംവെപ്പാനാളുണ്ടാകുക
ബന്ധമതായെനിക്കില്ലെന്നാകിൽ
സുതന്മാരുണ്ടായവനിവിടത്തെ
പിതൃപിണ്ഡത്തിനടിയുണ്ടാമോ?"
വേളികഴിപ്പാൻ മുതലില്ലാഞ്ഞാൽ
വേദിയന്മാർക്കു സുതന്മാരാവൂ?
ഇത്തരമവനിസുരനും ചൊല്ലി
മുത്തരമുത്തരമുരചെയ്തുടനെ
സത്വരമദ്ധ്വരമേറിനടന്നു
ചിത്തരസേന വനങ്ങൾകടന്നു
നന്ദജവാഹനനാകിയ ഭഗവാൻ
കുണ്ഡിനനഗരം പ്രാപിച്ചുടനെ
കുണ്ഡിനനരപതി ഭീഷ്മകനപ്പോൾ
കുണ്ഡികതന്നിൽ നിറച്ചു ജലവും
ധൂപം ദീപം കുസുമം ചന്ദന
ലേപനമെന്നിവയാൽ പൂജിച്ചും
ശ്രീപതിയെ ബഹുമാനിച്ചഴകോടു
ഭൂപതി ദീർഘനമസ്കൃതി ചെയ്തു;
കാന്തനാണിവനെന്നോർത്തിട്ടെന്നി
ഭയം തനിക്കില്ലിത്തിരിയെന്നി
വിപ്രൻ ചൊന്നാൻ രുക്മിണിയോടും
സുപ്രിയമാകിയ വചനം ചൊല്ലി

രുക്മിണിയും തവ രുക്മിണീ
രുക്മിണിസോദരി നിന്റെ ചരിതം സാധു- വാഴുന്നു
സുകൃതത്തിന്നൊരു പാത്രമവൻ മേലിൽ- രുക്മിണി
ദ്വാരകാപുരിതന്നിൽ ചാരത്തെയകംപൂക്ക
നാരായണനെക്കണ്ടു നലമൊട്ടുഞാനും — രുക്മിണി
സുന്ദരാംഗനേ! നിന്റെ സന്ദേശമറിയിച്ചു
സന്ദേഹമിനി വേണ്ടാ സാരസനയനേ!— രുക്മിണി
നമ്മുടെയൂരെന്നിന്നു നിന്നെഴിലുവലിച്ചപ്പോൾ
മനമോർത്തിരിക്കേണം മടങ്ങി ഗോവിന്ദൻ— രുക്മിണി
ചന്ദ്രമോഹിനി നിന്റെ ചാരുരൂപസൗന്ദര്യം
ചിന്തിച്ചു പുറപ്പെട്ടു ചിരം താനേനാഥൻ— രുക്മിണി

കുണ്ഡിനപുരത്തെന്നിൽവന്നാനിന്നൊരുകാന്തൻ
കണ്ടിതംകളകനീ കുവലയനയനേ!

രുക്മിണി

ഭൂസുരവരനുടെവാക്കുകളിങ്ങനെ
ഭാസുരസുഖമൊടു കേട്ടൊരുസമയേ
ഭൂമിപനന്ദിനിയിങ്ങനെമോദാൽ
ഭൂമിയിൽവീണുവണങ്ങിപ്പറഞ്ഞാൾ:—
ഇത്യുപകാരം ചെയ്യുവാനൊരു
പ്രത്യുപകാരം ചെയ്യതിനിപ്പോൾ
ക്ഷിതിതലമൂന്നുമേകം ചെയ്താലും
മതിയാമെന്നതു തോന്നുന്നില്ല;
കൈതൊഴുകെന്ന്യേ മറ്റൊരു മാനം
ചെയ്തു കടത്തെയൊഴിപ്പാൻ വിഷമം
കൈതവമല്ലിതു നിന്തിരുവടി മമ
ചെയ്തുപകാരമസാരവുമല്ല
അറിവുള്ളോരിനി ചെയ്തുപകാരം
മറവില്ലെന്നുടെ മാനസി മഹിതം
കുറവില്ലിനി മമ കാര്യമശേഷം
തിറമൊടു സാധിച്ചീടും ഭൂസുര!
കന്യകയൊന്നു കേട്ടരുളീടാൻ
ധന്യത പെരുകിന ധരണീസുരേന്ദ്രൻ
നിന്നുടെ കൃപയുണ്ടെന്നാലുള്ളകൊ-
ണ്ടെന്നുടെജന്മം സഫലമിദാനീം
അന്തർമ്മോദം ഞാനും നമ്മുടെ
ബന്ധുക്കളുമടിയാർ കുടിയാരും
സന്തതിയും ദ്രവ്യസ്വവുമെല്ലാം
സന്തതമിനിഭവ താതനധീനം.

ഇല്ലത്തെച്ചിലവിനു നെല്ലുംപണവുമിവ-
യെല്ലാമിക്കോയിക്കൽനിന്നല്ലോ കൊണ്ടുപോ-
കുന്നു
അല്ലാതൊരാശ്രയവുമില്ല രുക്മിണിനിങ്ങ-
ളല്ലാതൊരാധാരവുമില്ല നമുക്കപിന്നെ
വല്ലാതൊരാവശ്യത്തിങ്കൽവല്ലോരോടുംചോദിച്ചാ-
ലില്ലെന്നവർ നമ്മോടു ചൊല്ലുകയുമില്ലിപ്പോൾ
തെല്ലുപേടിയുമവരെല്ലാമീ നമ്മെയാരു
വല്ലാത്ത മോഹമൊരു വല്ലതിപ്രയോഗിക്കും
തമ്പൂരിയച്ചനോടു വമ്പുതുടങ്ങീടൊല്ല
തമ്പുരാൻതന്റെതിരുമുമ്പിൽനിൽക്കുന്നേരം
തമ്പുരാൻ തനിക്കുമീ നമ്പൂരാരറിയിച്ചാ-
ലമ്പോടെ കല്പിപ്പാനൊരു തരിമ്പും സംശയമി
എന്നുള്ള ബോദ്ധ്യമാനമിന്നും നമുക്ക മന- [ല്ല
മെന്നും കുറവില്ലതിനോ നമുക്കവേണ്ടു.

സത്കരിപ്പാൻ ഭോജനത്തിനിങ്ങ-
നത്യന്തമിക്കില്ലവസരമൊട്ടും
വിദ്വാന്മാരൊത്തുമ്മാറിപ്പാൻ
വിദ്വാന്മാർക്കെളുതാവുള്ളു;
ഇങ്ങനെ രുക്മിണിയോടു പറഞ്ഞുട-
നങ്ങുഗമിച്ചാനവനിസുരേന്ദ്രൻ.

രുക്മിണീ സ്വയംവരം
ഒന്നാംകളം സമാപ്തം.

രുക്മിണീ സ്വയംവരം

രണ്ടാംകളം

ആക്കാലത്തദ്വാരകതന്നിൽ
ചൊൽക്കൊണ്ടീടിന ബലഭദ്രൻതാൻ
ചക്രായുധനാമനുജനൊടേ കാ-
വൽക്കാരൊടു വക്കാണവുമേകി
നമ്മുടെ സോദരനെങ്ങു ഗമിച്ചു?
നമ്മെയൊളിപ്പതിനെന്തവകാശം?
നിങ്ങൾ ഗ്രഹിക്കാതൊരു ദിശിപോവാൻ
സംഗതിയില്ലതിനില്ല വിവാദം
പരമാർത്ഥം പറയാതെന്നാൽ നിങ്ങടെ
ശിരസികലപ്പപതിപ്പിപ്പൻഞാൻ
ഇന്നലെയസ്തമയത്തിനുമുമ്പേ
നന്ദകധരനേയിവിടെക്കണ്ടു
രാവെങ്ങാനും പോയെന്നാലീ
നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മൂക്കോളമതു
കള്ളുകുടിച്ചു കിടിച്ചുമയങ്ങി
തൊള്ളതുറന്നു കിടപ്പുകിടന്നട-
ങ്ങെള്ളോളം കാലമുറങ്ങുവതിന്നോ:

നിങ്ങളെയിവിടെക്കാവലിനാക്കി?
നിങ്ങടെ നാശമടുത്തിതറികിൻ
ഇങ്ങനെയുള്ള ജളന്മാരെല്ലാ-
തിങ്ങും ഭൃത്യജനങ്ങളുമില്ല
തിന്നു കുടിപ്പാൻ നിങ്ങൾക്കൊരു വക
വന്നതുമില്ലേ നമ്മുടെ നാട്ടിൽ
ഒന്നിനുമിപ്പോളൊരു മുട്ടില്ലാ-
തൊന്നിനുമേതും ഞങ്ങൾക്കതിരുപ്പാരം.
തന്നു പുലർത്തുന്നവരെന്നങ്ങനെ-
യെന്നുള്ളതുമിവരറിയുന്നില്ല;
തങ്ങടെ തങ്ങടെ സാമർത്ഥ്യംകൊ-
ണ്ടങ്ങിനെ ചെലവു കഴിച്ചീടുന്നതു-
മെന്നൊരു ഭാവമിവർക്കെന്നതു-
മൊന്നുകലമ്പുംനേരത്തറിയാം.
പട്ടിണിയായ് കിടക്കുന്നേരം
പട്ടികളെക്കാൾ പരവശരാവും
കാട്ടിനകത്തും കരഞ്ഞീന്നാൽ
ഗോഷ്ഠികൾ മുന്നേപ്പോലെയുമൊക്കും;
ശത്രുക്കളിട്ടു ശകാരിച്ചാലൊരു
കുത്സിതമെന്നതുമില്ലാതായി
കണ്ടാലറിയാത്താളുകളോടടി-
കൊണ്ടാലറിയും പലരുമതോർത്താൽ
കൊണ്ടാലും പുനരറിയാത്തവരെ-
ക്കൊണ്ടെന്തൊരു ഫലമെന്തുപകാരം?
കുണ്ഡിനവാസികൾ പറയുന്നതിനെ
[illegible]
കംസാന്തകനവനെങ്ങനെയുള്ളൂ
[illegible]
സംശയമില്ലതു [illegible]
വംശമൊടൊക്കെ ബലഭദ്രൻതാൻ.
ഇങ്ങിനെ ഭഗവാൻ [illegible]
തിങ്ങിനകൊണ്ടാലാരും ചൊല്ലുമ്പോൾ
ശീതാംശുസമാനൻ [illegible]
കൈതൊഴുതും ചൊല്ലീടുന്നേരം.
ഇന്നാലേ തിരി ശൗരിയുടെ ബന്ധു-
ചുമടിച്ചുവിളങ്ങുന്നേരം
ചുന്ദരനായ കൃഷ്ണൻ [illegible]
ല്ലടവയുമായൊരുവൻ

നരജനാടെമണിമാളികമേൽ
ചെന്നുകരേറിയിരുന്നു
വന്നതിനുടെ കാരണമാദര-
നന്നനുപമനോടറിയിച്ചു
കുണ്ഡിനപുരിതന്നിൽ വിളങ്ങിന
കളിർമതിമുഖി രുക്മിണിയാം
പെണ്ണിനുടെ ഗുണഗണമഖിലവു-
മൊന്നു പറഞ്ഞറിയിച്ചു,
സോദരനും ജനനിയുമച്ഛ-
നിച്ഛമറിച്ചുതുടങ്ങി.
സാദരമഥ ശിശുപാലനു
കൊടുക്കണമെന്നവർപക്ഷം
ആയതുകേട്ടായിപ്പിടിച്ചവ-
ളെന്നെയയച്ചിതു ദ്രുതം
ആയതമിഴിയാകിയ രുക്മിണി-
യെന്നറിയിച്ചിതു വിപ്രൻ
ദാരുകനെ വിളിച്ചുപറഞ്ഞുടനെ
യുറക്കമുണർത്തിമുകുന്ദൻ
തരമൊടുവിപ്രവരത്തിനൊ-
ത്തതിനായിത്തനതെല്ലാം
സാരഥിയൊടുമൊത്തീടുമ്പൊഴ്
ചെന്നാര തേരതിലേറി
[illegible]
കളിച്ചുരസിച്ചു തിരിച്ചു
നാടിയനമതുകണ്ടിഹ നിന്നിതു
മിന്നുകിലപ്പുറമപ്പുറം
[illegible]
മഞ്ചമ്പിശയുമില്ല.
ഇങ്ങിനെയവരങ്ങണഞ്ഞു
കുണ്ഡിനനഗരംനോക്കി
ഇങ്ങിനെ പരമാർത്ഥം തിരിതിൽപര-
മൊക്കെ വിചാരിച്ചാലും.
ഇത്തരമവരുടെ ഘോഷികളും പാവ വഴികളും
പരമാർത്ഥമറിഞ്ഞീടാതെ
ദമഘോഷസുതൻ [illegible] ഉജ്ജ്വലതേജൻ
പുരുഷോത്തമ [illegible]
രഥികളതികൾ പടകളും ഗജവാജികളും
തലമേറിന മന്ത്രികളും

നമ്പൊരു ബ്രാഹ്മണപതികളും കുലപതികളും
പലരോടിടചേർന്നാരെ
ചിന്തിച്ചു ചിരകാലം ചിന്തയിലിയലുന്ന
ഭാവമതൊന്നുംചെയ്തു
ആരാനും അറിയുന്നോ ആരും ശ്രദ്ധിയാതെ
പോയി മമ സഹജൻ
വൈദർഭീവരണാർത്ഥം വൈരികൾ മരു-
വുന്ന കുണ്ഡിനപുരി
കണ്ണന്മാർ കടിയന്മാർ കുമതികൾ പലരും
കൊതിച്ചിരിക്കുന്നു
കള്ളാടൻ ശിശുപാലൻ കള്ളൻ കരുപൂംഗവൻ
ജരാസന്ധൻ
അന്നേരം അനുജൻതാൻ നതവയർമണിയെ
സ്വയം ഹരിക്കുമ്പോൾ
എല്ലാരും എഴുന്നേറ്റും വില്ലുംശരവുമെടുത്തു
പടയുടനും
ബാലൻമമ സഹജൻതാൻ ബന്ധുവിഹീനൻ
വലഞ്ഞുപോകില്ലല്ലീ!
നാട്ടിലിരിക്കും നായന്മാരെ
കൂട്ടിസ്വരൂപിച്ചീടുക വിരവൊടു
കൊട്ടിഘോഷിച്ചാളുവിളിച്ചു
കൂട്ടിക്കൊണ്ടുവരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും
കാര്യസ്ഥന്മാരെജമാനന്മാ-
രായിരമായിരമാൾക്കധിപന്മാർ
പട്ടാണികൾ പല കുതിരക്കാരും
കോട്ടപ്പടിയിൽ കാവൽക്കാരും
കാട്ടാളന്മാർ മുക്കോപ്പറിയകർ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തുസ-
ഹസ്രാധികമിഹവന്നീടേണം
നീലാംബരനുടെ ശാസനയിങ്ങിനെ
നീളെനടത്താനാദരവോടെ
ഭൃത്യന്മാരെയയച്ചു വെക്കമ-
മാത്യന്മാരിലധിപൻസാത്യകി
കല്പനപറവാൻ കുറവില്ലാത്തവർ
കെല്ലാരുനാട്ടിൽ നടന്നുപറഞ്ഞു;

കേട്ടവർകേട്ടവർ വരവുതുടങ്ങി
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
"നായന്മാരെ വരുത്തുന്നെന്തൊ-
ന്നായതു താനുമകേട്ടോ ചൊവ്വേ"?
"കല്പനയെന്നതു മാത്രംകേട്ടു അ-
തിൽപരമുള്ളതെനിക്കറിയാമോ?"
"ദ്വാരാവതിപുരി വെട്ടിയടക്കാൻ
വൈരികൾ വരവുണ്ടെന്നതുകേട്ടു"
നാരായണനുടെ നഗരമടക്കാ-
നാരെന്നാകിലുമെളുതല്ലിപ്പോൾ
"എന്തിനു താനിഹ ക്ലേശിക്കുന്നു
തന്തിരുവടിയുടെ കല്പനയെന്നാൽ
എന്തെങ്കിലുമതു സാധിക്കാതെ-
ന്തിനുകൊള്ളാമിജ്ജനമെല്ലാം"
"വീട്ടിലൊരമളി നമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാമല്ലോ
മാക്കോച്ചാരുടെ മകനും നമ്മുടെ
മൂക്കച്ചാരും തമ്മിലടിച്ചു
നാലുപണംകൊണ്ടൊരുവാക്കുണ്ടു
മൂലംതങ്ങളിലിങ്ങനെ ചൊല്ലാൻ
ഊക്കും കോപമടക്കരുതാഞ്ഞവർ
മൂക്കുകടിച്ചു മുടിക്കുപിടിച്ചു
ഇങ്ങനെയുള്ളൊരു കലശലുകേട്ടട-
നങ്ങോറാച്ചിരികണ്ടച്ചാർ
ചെടിയുത്തങ്ങളവരുടെയിടയിൽ
ചാടിക്കേറി പിടിച്ചുവലിച്ചു
വല്ലൻവാഴകണക്കെയിഴച്ചാ-
പ്പൊല്ലന്മാരെപ്പുറമേനീക്കി;
നായന്മാർ പലരങ്ങനെയെല്ലാം
കോയിക്കൽ ചെന്നങ്ങറിയിച്ചു
കാര്യക്കാരതു കേട്ടുടനേ നാ-
ലാൾപ്പട്ടന്മാരെയയച്ചു
പട്ടന്മാർ വന്നന്നവടെവീട്ടിൽ
തൊട്ടതശേഷം തല്ലിമുടക്കി
തിരുവാണയുമിട്ടായവരോരോ
കുരുമാനം ചെയ്തതു പറവാൻ വിഷമം
മന്നിൽപായിച്ചു നമുക്കതു
വന്നുവെച്ചതുമെന്നറിയേണം

ആരാൻതമ്മിലടിച്ചതിനെന്നൊരു
ചേരാനെന്തവകാശം പാർത്താൽ
വീട്ടിൽ വരുന്നവർ കാട്ടിയദോഷം
വീട്ടിലെ നായന്മാർക്കുവരാമോ
ഇങ്ങിനെയുള്ള തിരക്കംവന്നാ-
ലെങ്ങിനെ കല്യാണം കെട്ടീടേണ്ടു
കല്യാണ കോലാഹലമതു വരുമോ ഇനിമേലൊ-
രുപ്പാനും പുനരെളുതല്ലല്ലോ."
പത്തുവിതച്ചാലഞ്ചുപത്തും വിളയും കണ്ടം
പത്തുപാട്ടുള്ളതെഴുത്തു മനക്കാനും കൊ-
ടുത്തു എജമാനന്മാർ പത്തുപണം കയ്യിലെ-
ടുത്തുകൊടുത്തെന്നാൽ പൊറുത്തു നാതല്ലെന്നാൽ-
റുത്തുപോമെന്നല്ലാതെത്തുപണിയുടങ്ങും, (പൂ-
ശത്രുക്കളോടു പടയെടുക്കുന്ന നേരമങ്ങു
പത്തുമാറിയെന്നാകിലപ്പുപിന്നെയങ്ങൊരു
വസ്തുക്ലേശവുമില്ലെന്നോർത്തു നടന്നാനേകൻ;
ഇത്തരംപറഞ്ഞു മറ്റൊരുത്തൻ "നമുക്കതുവ-
പൂത്തൻകടമുണ്ടതിൽ പലതുമില്ലിപ്പോൾ- കൊ-
ടുത്തുപോയാൽപിന്നെ പലതുമില്ലെന്നു- ക്കൊ-
ണ്ടതിൽവിശേഷിച്ചു വരത്തില്ല നായന്മാരേ
ഇക്കപ്പുകയിലയ്ക്കു തോക്കുപണയംവെച്ചു
പാക്കുകൊടുത്തക്കടംപോക്കുന്നതുണ്ടെന്നൊരു
വാക്കുംപറഞ്ഞുകൊണ്ടുപോകുന്ന കണ്ടച്ചുട്ടൻ
തോക്കുംകൂടാതെചെന്നാൽതോല്ക്കുമബ്ബാലക്കാരൻ
വാസ്സ്യന്നാപ്പടതന്നിൽ നേരിടുന്നനേരമെല
പോക്കുംമുറിവുമുണ്ടുണ്ടാകുമറിഞ്ഞുകൂടാ;
കല്യാണത്തിനുവീട്ടിൽനെല്ലും പണവുമൊന്നു-
മില്ലാഞ്ഞുതുണ്ടുവാളും വില്ലുമെടുത്തുവിററു
നെല്ലുംപണവുംവാങ്ങികല്യാണവുംകഴിച്ചു
വില്ലാളിവീരന്മാരെല്ലാംപടയ്ക്കൊരുങ്ങി-
ച്ചെല്ലുവാൻ കല്പനവന്നു വല്ലാതെ നാണംകെട്ടു-
വരല്ലാ പണ്ടത്തിനിങ്ങളെല്ലാമായുധമുണ്ടോ?
തണ്ടുകൈകളുംവീശിക്കൊണ്ടുപടയ്ക്കു ചെല്ലും
തണ്ടുതപ്പിക്കവെടികൊണ്ടുമരിക്കയല്ലാ-
തുണ്ടോമറ്റൊരുകാര്യം? ചെണ്ടക്കാരനെന്നപോലെ
കൊണ്ടുകാലന്റെവീട്ടിൽ മുണ്ടുവിരിച്ചിരിക്കും
പണ്ടുള്ള പരാക്രമംകൊണ്ടുള്ള കീർത്തികൾക്ക-
ഴുക്കായിപ്പുരമേല്പാകണ്ടാലും കാലദോഷം."

ഇങ്ങനെ പലപല നായന്മാർ പ-
ന്നാളപ്പുരത്തിൽ നിറഞ്ഞൊരു സമയേ
ഉദ്ധവർ സാത്യകികൃതവർമ്മാവുമ-
മറ്റു യദുപ്രവരന്മാരോടും
മത്തഗജപ്പടകുതിരപ്പടകളു-
മൊത്തുരഥങ്ങളുമനവധികൂടി;
ബലദേവൻനിജകുലബലസഹിതൻ
ജലധികടന്നു രഥത്തിൽകേറി
പുരസാരത്തൊടുകൂടിക്കുണ്ഡിന-
പുരവരഗോപുരസീമനി ചെന്നു;
പടകൾക്കെല്ലാം പാളയവാടികൾ
പലതരമവിടെക്കെട്ടിത്തീർത്തു;
പടഹംതുടിപറതാളംചേ-
ലൊടുപൊടിപെട വെടിയും കലശലുകൂട്ടി
ഉടനേ നരാധിപനാമനൃപൻ
കുടതഴ ചാമരമെന്നിവയോടെ
വെക്കം ചെന്നു വിദർഭനരേന്ദ്രൻ
സൽക്കാരാദികൾ ചെയ്തുവണങ്ങി;
പൊക്കമതേറിന മണിമഞ്ചാഗ്ര
ചിരകന്നവിടെയിരുത്തിനിദാനം
ഉദ്ധവർകൃതവർമ്മാദികൾചെന്നു-
ത്തമപൂരുഷനെ വന്ദിച്ചുടനേ
ചിത്തസുഖേന വസിച്ചുസമായാ-
മിത്തരം ബ്രാഹ്മണരവിടെനിറഞ്ഞു
കെട്ടുംചുമടുമെടുത്തൊരുകൂട്ടം
പട്ടന്മാരുടെ വരവുതുടങ്ങി
കട്ടികളൊരുവക ദുസ്സാമർത്ഥ്യം
കാട്ടിക്കരപിടി വാക്കുപറഞ്ഞും
കൊട്ടിലിൽ വന്നു സ്ഥലംവെയ്ക്കുന്നവ-
രൊട്ടല്ലുറകൊരു നൂറുസഹസ്രം
കെട്ടുകളൊക്കെയഴിച്ചതിലുള്ളൊരു
പട്ടുകൾ പുടവകൾ ഇട്ടിട്ടികളുമി-
രട്ടകരിമ്പടമുറമാൽ വകകളി-
രട്ടിപ്പട്ടുമണപ്പാടൻവക
കോട്ടാർമുറി പാണ്ടിക്കവണികൾ
പട്ടാണിത്തുകിൽ പൂമുണ്ടുകളും

പെട്ടന്നൊക്കെയഴിച്ചുനിരത്തി
ചെട്ടികളൊരുവക കൊങ്കണിജാതികൾ
കൊട്ടിൽനിറഞ്ഞു പുറത്തുകവിഞ്ഞു
കടയും സഞ്ചിയുമൊരുമാറാപ്പും
വടിയുമെടുത്തിഹ മണ്ടിവരുന്നു
കൊമ്പയിൽക്കൊങ്ങുവിയർത്തുതളർന്നിഹ
നെരുവിൽപ്പിട്ടു പടിപ്പുരകേറി
നമ്പൂരാരൊരു ലക്ഷംകൂടിയ-
കമ്പുകന്നൊരു തിക്കും മുഷ്കും
കടകം തടഞ്ഞുമിടഞ്ഞുംപൊടിഞ്ഞും
ഝടഝടശബ്ദമുഖരീകാരികളുടെ
തടനംതുമ്മിൽ തിക്കിത്തെറിച്ചുട-
നടതാനൊന്നു കാ; നുരപ്പുക്ക;
ഉട്ടിനുമുമ്പുപ്രതിഗ്രഹമെന്നു
കെട്ടഴിച്ചുപല കൂട്ടത്തോടെ
കൊട്ടിലിലിങ്ങുകരേറിച്ചെന്നാർ
കൊട്ടിലിലന്നു മഹീസുരവൃന്ദം;
രുക്മിണിതന്നുടെ സോദരനാകിയ
രുക്മിയുമിവനുടെ സഹജന്മാരും
പെട്ടിനിറച്ചുള്ള പൊന്നും പണവും
കെട്ടിയെടുപ്പിച്ചാദരവോടെ
കൊട്ടിലിൽവന്നു കൊടുത്തുതുടങ്ങി
വൃഷ്ടികണക്കിനെ വളരെ ദ്രവ്യം
നമ്പൂരാർക്കു പ്രതിഗ്രഹമെന്നാ-
ലമ്പുവഴിയൊരുനപ്പിൽനടക്കാം
വാരമൊളിച്ചൊരു കലശമുഹൂർത്തമ-
താരംഭിക്കാൻ ഭാവിക്കുമ്പോൾ
കടയുംസഞ്ചിയുമായിക്കൊണ്ടോ-
ടുന്നൊരു മുന്നൂറവനീസുരന്മാർ,
സോമത്തിനു രാശിയെടുത്താൽ
ചോമാതിരിമാരക്കിത്തിരിമാർ,
നമ്പൂതിരിമാരെമ്പ്രാന്മാരു-
കംപൂകുന്നു കാണാമുടനെ.
വേളിയൊരേടത്തുണ്ടെന്നുള്ളു
കേളിപരക്കുംമുമ്പേതന്നെ
വിപ്രന്മാരു സപദി ഗ്രഹിക്കും
ക്ഷിപ്രംചെന്നു പുറത്തളമേറും.
കാശിലെകിലുകമൊരുകലശത്തിനു

രാശിയെടുത്താലവിടെക്കാണാം
രാശിക്കാഗ്രഹമെന്നല്ലാതൊരു
കാശിനുകാരം വഴിമണ്ടുന്നു
നാല്പത്തുപണം ചോമാതിരിമാ-
ർക്കിങ്ങിനെതന്നെ കൊടുത്തീടും;
അക്കിത്തിരിമാർക്കിലൊരനേകമ-
തൊക്കെ വിശേഷക്കാരുടെ വകയിൽ
നന്നാലുപണം നമ്പൂരാർക്ക്
എമ്പ്രാന്മാർക്കതിങ്ങിനെതന്നെ
മൂന്നൂന്നുപണം പട്ടന്മാർക്കതി-
ലൊന്നുകുറച്ചു ചിലമ്പാണിക്ക്
അമ്പലവാസികളാരോ പണമതി-
ലല്പാല്പമുള്ളോർക്കുകൊടുക്കാം;
ഇങ്ങിനെയുള്ളൊരു സംഭാരത്തിനു
സംഗതിപോലുമിതവിടെക്കാണാം
ഇത്തരമൊക്കെയും വാരിക്കോരി-
ത്തെരുതെരെയങ്ങു കൊടുത്തുതുടങ്ങി;
കനകപ്പാത്രിയും പണവും രാശിയു-
മനവധി രത്നവുമാഭരണങ്ങളു-
മവനീസുരന്മാരെ വിളിച്ചു
ശിവ!ശിവ! നല്ലൊരു പരമാനന്ദം.
രണ്ടുകരങ്ങൾ നിറഞ്ഞപ്പോൾ കറി-
മുണ്ടുവിരിച്ചതിലാക്കിമുറുക്കി
കെട്ടിത്തലയിലെടുത്തുകരേറി
കുട്ടിപ്പട്ടർക്കിതുമടിയാക്കി
കെട്ടിയെടുപ്പിച്ചങ്ങിനെയവർപണി
പെട്ടന്നൊരവനീസുരന്മാർ;
സദ്യക്കിലവയ്ക്കുന്നപ്പോൾ ചില-
രുദ്യോഗിച്ചു ഭുജിച്ചുതുടങ്ങി
വമ്പന്മാരെ വിളിച്ചുവരുത്തി
കല്പനപറവാൻ കാര്യക്കാർപുന-
രപ്പൊഴുതൊരു ദിശി വന്നിരുന്നു
കെല്പൊടുനിന്നു പറഞ്ഞുതുടങ്ങി;
"സംഘങ്ങളിലെപ്പതിന്മാരേ!
ശങ്കിക്കാത്ത ശാന്യരെല്ലാം
സത്രക്കൊട്ടിലിൽ നിന്നുഗമിക്കണം.
മറ്റുനടന്നാകഴിഞ്ഞൂട്ടുതാരും
ചോറും കറികളുമുപദംശങ്ങളു-

മറ്റംമുമ്പേ വിളമ്പീടേണം
ചോറിനു പുറകേ കറികൾ വരാഞ്ഞാൽ
മാറികൾ നിന്നു ചൊകാടുക്കും;
എലവെച്ചുടനേ ചോറുവരാഞ്ഞാൽ
കലഹിച്ചുടനേ തിരിക്കും ചിലര്
കതിരേക്കൊണ്ടു വിളമ്പിവിളമ്പി-
ത്തരതരമോരോന്നൊക്കെ നികത്തീടേണം.
ഇലകളിൽ വളരെത്തേമ്പിപ്പിക്കും
വിലയുള്ളോനോക്കി നടത്തീടേണം
പിശകിവിളമ്പിത്തേമ്പിപ്പിച്ചാൽ
പിഴയുണ്ടാവുതമെന്നറിയേണം
കിട്ടിയതൊന്നും മതിയാകില്ലാ
പട്ടന്മാർക്കു ബോധിക്കേണം
ഹേടബഹുവാവിട്ടുവിളങ്കണമേക്കാ
പോരട്ടേമൊത്തക്കറികിറി സാദം"
ഇങ്ങിനെ പിശകി വിളമ്പിച്ചങ്ങിനെ
ചിങ്ങൻപഴവും നെയ്യുംകൂട്ടി
ചളപിളയാക്കി ശേഷിപ്പിച്ചു
വളവളെവാരി വിരച്ചുതിരിച്ചും
പപ്പടവും പഴവും പഞ്ചാരയു-
മപ്പവുമെന്നോരു മുണ്ടിൽകെട്ടിയി-
ടത്തുകയ്യിലൊതുക്കുംകൊണ്ടു പു-
റത്തങ്ങുണ്ടു പുറപ്പെട്ടുടനേ
വെറ്റില പുകയില കൊൾവതിനായു
വിറപിടിച്ചു തിരിച്ചുനടക്കം
കാവൽക്കാരെത്തിക്കിടിച്ചവർ
യാവതിനെച്ചുമതൊത്തീടേണം;
സദ്യകഴിച്ചെന്നാവതത്താ-
നഭ്യോഗിച്ചു നടക്കുന്നാളുക-
ളിട്ടികിളിൽപലതരമായുള്ളവ-
രിത്തിരിപാകംവന്നൊ അറിയു.
നാനാവിധമിവ കാട്ടുന്നവരുടെ
നാശംവരുമേ സംശയമില്ല
കൊല്ലാവുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻ കല്പനയുണ്ടെന്നറിവിൻ
കൊല്ലരുതാത്തവരെപ്പട്ടത്തിൽ
കൊള്ളരുതാത്ത വഴിക്കുകൂട്ടും
ഞോണ്ടിപ്പാൻ ചിലർ ഭാവിച്ചാലതു
ശാസിയതെന്നേ വന്നുവെച്ചു;
കുട്ടംകൊണ്ടു പുറപ്പെട്ടാലൊരു
വെട്ടുംകൊണ്ടു മരിക്കുമുടനേ
അയ്യോകൊണ്ടൊരു ഭയമില്ലനമുക്കി-
ന്നിതുകൊണ്ടേ പുനരധിയുള്ളു;
നാട്ടിന്നു ചൊവ്വ കഴിപ്പുണ്ടായാൽ
നാട്ടിന്നു ഹാനി നമുക്കുംഹാനി
സംഘങ്ങൾക്കതുതാപ്പുണ്ടെന്നാൽ
സങ്കടമേതും വരുവാനില്ല
കൽപനപോലെ നടപ്പാൻനിങ്ങൾ-
ക്കൽപം കുറവു ഭവിച്ചീടൊല്ലാ
എന്നാൽ ഞങ്ങൾ ഗമിച്ചീടുന്നേ-
നെണ്ണയെടുപ്പാൻ കാലംവൈകി
എന്നുപറഞ്ഞു യമഭടന്മാർ
മന്നവനോടറിയിപ്പാൻപോയാർ.

കുളിച്ചുമെണ്ണതേച്ചും കുളിച്ചും പോയചൊല്ലി
വിളിച്ചും ജലംതന്നിൽ പുളച്ചും തെരുതെരെ
നടന്നും പുരകളിൽ കടന്നും സ്ഥലംവെച്ചും
കിടന്നും ചിലരങ്ങു കടന്നൊന്നുപോര
വിളമ്പി വരുംമുൻപേ കലമ്പിയൊരുകൂട്ടം
സ്ഥലംപിടിച്ചിതന്ന കലമ്പിരിക്കുംചിലർ

കറിയരിവെച്ചു വെളുത്തരിച്ചോറും
കറികളുമൊട്ടുവിളമ്പിനിരന്നു
നറുനെയ് ശർക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുനൂറും
തുറന്നുവെച്ചൻ പപ്പടമൊരുവക
തേങ്ങനല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറിചില പച്ചടികിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേനവറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻവിധ-
മൊക്കെപ്പറവാൻ നേരംപോരാ;
പാലുംനെയ്യുംമോരും പലവക
കോലാഹലതരമെല്ലാമെച്ചാം
കൊണ്ടാപ്പപ്പടമെന്നൊരു ദിക്കിൽ
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ടാവളരെ

ശർക്കരയുണ്ടകളുമായിക്കൊണ്ടോ
പച്ചടികൊണ്ടോ കിച്ചടികൊണ്ടോ
പഞ്ചാരപ്പൊടിയൊരുപാടുകൊണ്ടോ
മധുരക്കറിയോ മഥിതക്കറിയോ
മതിമതിപോരാ കോരിക്കൊണ്ടോ
എരിച്ചകറികൊണ്ടോ പുളിച്ചകറികൊണ്ടോ
പരിപ്പുകൊണ്ടോ നല്ല കരിമ്പിൻനീരുകൊണ്ടോ
ഉരിപ്പുകാരാ തന്റെ ഇരിപ്പുപിരതല്ല
നിരപ്പിൽ നടന്നൊന്നു മറിപ്പിലതല്ല
എരിച്ചു കറിവെച്ചുകറിച്ചതെന്നേ പിന്നെ
പുളിച്ചകറിയൊന്നതിളച്ചാലുടൻ പോരും
പഴത്തിനൊന്നും നല്ല പഴുപ്പുമതിയല്ലാ
പഴപ്രഥമൻപോലും കഴപ്പുമായിപ്പോയി;
കരിമ്പിൻനീരിനൊരു തരിമ്പു പുളിയുണ്ട്
വരുത്തവിയലെല്ലാം കറുത്ത നിറമായി
കടിച്ചുകൂടാ, തെല്ലു പൊടിച്ചുകൊണ്ടെന്നാലും
ഒടുക്കമില്ലാത്തവർ കടക്കപ്പുറത്തോട്ട്
കടക്കുംനേരമങ്ങു തടുക്കുന്നെന്നും ചിലർ
കറിക്ക കറവുകൾ കഥിക്കും നേരമിങ്ങു
വെറുപ്പുവരുമിനി മറിപ്പുവസ്തുമിപ്പോൾ
സദ്യമനോഹരമെന്നിഹവന്നവ-
രുദ്യൽഘോഷം വർണ്ണിക്കുന്നു
നൃപനൊരെട്ടാം രാശിയെടുത്ത്
വേർതിരിച്ചൊരു കിഴിയായ്ക്കെട്ടി
അങ്ങിനെ ലക്ഷം കിഴിയുണ്ടാക്കി
ഭംഗിയൊടോരോ പൊന്നിൻതളികയി-
ലിട്ടനിരച്ചതിലോരോരോ കിഴി
പട്ടന്മാർക്കുകൊടുത്തുതുടങ്ങി
കിഴിമേടിക്കും പട്ടന്മാർക്കോ
വഴിയേയുള്ളൂ പുറത്തുകടപ്പാൻ
മേടിച്ചാളുകൾ മറ്റൊരു വഴിയെ
ചാടിച്ചെന്നു കരേറാൻമേലാ.
ഏടയിൽചെന്നു കലമ്പുന്നവരെ
പിടലിപിടിച്ചുപുറത്തുതള്ളും;
വടിയും തടിയുമെടുത്തുനടക്കും
ഭടജനമനവധി ഏടയിൽകാണാം
സർവ്വാണിപ്പണമിങ്ങിനെവിരവൊടു
സർവ്വമഹീസുര നികരങ്ങൾക്കും
സപദികൊടുത്തു പ്രസാദിപ്പിച്ചു
നൃപതികുമാരകനാകിയ രുക്മൻ;
കന്യാമണിയുടെ വേളിക്കുള്ളൊരു
സന്നാഹങ്ങൾ തുടങ്ങിപ്പലരെ
കാലമടുത്തു മുഹൂർത്തമഹോത്സ-
വാലമഹീപതിയോടറിയിക്കാം;
എന്നൊരു വാർത്തകൾ കേട്ടനേരത്തപ്പോൾ
മന്നവനാകിയ ശിശുപാലൻതാൻ
ക്ഷൌരംചെയ്യിപ്പിച്ചുകളിച്ചു
ഗോരോചനവും തൊട്ടു ലലാടേ
തലമുടിനന്നായ്ക്കെട്ടിമുറുക്കി
തിലകം ചാർത്തും കുറികളുമിട്ടു
വളകളുമിട്ടു കരങ്ങളിൽ മുഴുവൻ
കളഭംകൊണ്ടു മുഴുക്കാപ്പിട്ടു
ചേലപ്പട്ടിനെ കെട്ടിയുടുത്തു
പാരില മാലകൾ പലതുമണിഞ്ഞു
പൊന്നരഞ്ഞാണം തോൾവളകടകം
പൊന്മണിഹാരം കുണ്ഡലമെന്നിവ
കോപ്പുകളിട്ടു ഞെരിഞ്ഞുപിരിഞ്ഞ്
കാപ്പുകെട്ടിക്കരമതിലുടനെ
ആയിനിയൂണുകഴിച്ചുപുറപ്പെ-
ട്ടായിരമാമ്പടിപിമ്പിൽനടന്നു;
മുമ്പിൽതന്നുടെ ബന്ധുപ്പുരുകളു-
മൻപിനകോലാഹലമിടകൂടി;
ആരുമ്പിളിച്ചുടനവനിസുരന്മാ-
രാൽത്താരകേറിനിരക്കെയിരുന്നു
രുക്മിയകമ്പടിയായുമുമ്പിൽ
തിഗ്മപരാക്രമശാലിനടന്നു
മണിമഞ്ചത്തിൽ കേറിയിരുന്നു
മണിഗണഭൂഷിതനാം ശിശുപാലൻ.

തുടങ്ങി മഹാഘോഷം തുടികൾ പടഹവും
നടുങ്ങി മഹീലോകം നഗരനികരവും
അണിഞ്ഞു പുറപ്പെട്ടൂരലസമിഴികളും
കനിഞ്ഞു നടക്കുന്ന മുഖ്യവൃഷലികളും
വിടന്മാർ ഭടന്മാരും വികൃതഗതികളും
നടന്മാർ ശഠന്മാരും നഗരവാസികളും
നിറഞ്ഞു പുരംതന്നിൽ ബഹളഗളഗളം
പറഞ്ഞുമഹാഘോഷം പലതുമവിടങ്ങും.

നാളിക മുഖിതാനാളീജനങ്ങളുമായ്
തെളിച്ചു മെല്ലെമെല്ലെ ലാളിച്ചുനടന്നു
കാളീഭഗവതിയെക്കണ്ടു വണങ്ങിടുവാൻ;
കാളമേഘരുചിരകേളികാവകരപാളിയാമമല-
കേളിസുന്ദരിമ
വാളാർകുഴലിമാരിയും കണ്ടാലുമോരോ വക
തളിരാർശരന്മാർ പലതരമായിട്ടുണ്ട്
കണ്ടാലഴകുള്ളോരു കാമുകന്മാരാമിവർ
രണ്ടുപന്തിയായിക്കൊണ്ടു നിൽവതിവു
കണ്ടുകാമകണ്ണുകൊണ്ടുഴലുന്നു.
ധന്യേ! നീ കണ്ണിനിയ്ക്കും നിന്നെക്കൊതിച്ചുകൊ
ണ്ടുന്നെവന്നിരിക്കുന്നു മന്നിലെ നൃപന്മാർ ചിലർ
തന്നാത്മാൻ മാക്കം മന്നവന്മാരാമിവർ
നിന്നെവെച്ചു പുനരന്യപതികളു-
മൊന്നുമില്ലറിക നന്നിതു സകലം.
ഇങ്ങുനിന്നുടെ തന്ദീന്നു വന്നു വസിച്ചിടുന്ന
നാളതനയനതി സുന്ദരവദനൻ
സുന്ദരിയിവൻതന്നെ നിന്നുവിവാഹം ചെയ്യും
നന്ദനനാ തവ വന്നകാര്യമിതി ചൊല്ലിയെന്നു
സുന്ദരവദനന്
ഇങ്ങിനെ സഖിമാരിലൊരുത്തി ചൊല്ലി
തിങ്ങിന മോദമൊടു മേദിനീശ്വരൻ
സാദരമരികേ ചെന്നു കണ്ടവിടെ
ചെറിയൊരു വള്ളിത്തുമ്പു മേലേ
വയ്ക്കുന്നു
വേളിക്കൊരുങ്ങിവരുന്നൊരു കാൺമാൻ
വേശ്യപ്പെൺകളൊന്നാകെ
മേളിച്ചു മേൽ ചൊല്ലി
മാളികമേലേറിനിന്നു
നാട്ടുകാർ തങ്ങടെ വീട്ടിലിരുന്നു
ളിച്ചുകയറ്റപ്പറഞ്ഞുതുടങ്ങി
കൊച്ചുങ്ങളൊക്കെ കൊതിച്ചു
നിച്ചിരിയ്ക്കുന്നില്ലാതനാണം;
ഭിക്ഷയ്ക്കൽപോയ് കാഴ്ചകൾ കാണ്മാൻ
സ്ഥായികൾ ചിലരെന്നാകിൽ
പോയിക്കണ്ടുവരാമെന്നായതി-
നായിക്കൊണ്ടൊരു പുരുഷൻ വേണം
കുഞ്ഞുങ്ങളൊക്കെ നമ്പൂതിരി
ഭിക്ഷയ്ക്കാണ്ടുപറഞ്ഞീടെല്ലാം-
രത്നാഭരണം പണിയിച്ചുകൊടുത്തതു
കണ്ടിക്കാളിക്കിരവുകൊടുത്തു
തന്നുടെയരയിലെടുത്തിടുവതാ-
പെണ്ണിനു സംഗതിവന്നതുമില്ല
നങ്ങിനെ വരുമല്ലൊ താതനെന്നിത്തരം
തങ്ങളിലുരുത്തുകൾകൊണ്ടുവരുന്നു;
ഇച്ചനായരൊഴിച്ചുപ്പിന്നെ
കാഴ്ചയ്ക്കും ഞാൻപോരില്ല
താച്ചൻനായരുമായിപ്പോയാൽ
താഴ്ച വരുമെന്നുമില്ലിക്കാലം
തരംകൂറൊക്കൊച്ചിളയച്ചിയു-
മവളുടെ നായരുമൊത്തിച്ചുപൊട്ടു
ചെന്നൊരുമിക്കിലിതിക്കന്നേരം
വന്നവരെല്ലാമൊക്കെയിച്ചു
നരങ്ങളായുതകെട്ടുകയെച്ചു-
നരങ്ങളും പലവാക്കു പറഞ്ഞു
കൊച്ചിളയച്ചികരഞ്ഞുംകൊണ്ടു
പച്ചപ്പട്ടുമായിപ്പോയി
നിച്ചിരിയുമായി വരുമാറെ-
ടിച്ചിരിയാട്ടുകാരിന്നു
ഇക്കാലത്തെ കാഴ്ചകൾ കാൺമാ-
നിലുള്ളത്തിനു വിഷമം തന്നെ
കൾക്കടിയന്മാർ പലതരമായെ
തിക്കുകൾകൊണ്ടു സഹിപ്പാൻ മേലാ
പലരൊരു പടയണി കാൺമാൻ നമ്മെ
ക്കൊണ്ടു പൂഴ്ക്കുട്ടാനിവിടാൻ
ചിലർക്കാരൻ ചെല്ലുന്നേ-
ന്നുലകൊരുവനുമൊരു വൈഷമ്യം
നരകരെയുണ്ടൊരു തുള്ളക്കാരൻ
നടുകെ തട്ടേൽ വന്നു കയറി
പറയൻകഥചൊൽവാനൊരുഗണപതി
കഥയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കെ
തട്ടേൽ കേറിത്തുള്ളൽ തുടങ്ങി
ഇങ്ങിനെ തുടങ്ങി മുറിക്കാർ തമ്മിൽ
ശണ്ഠതുടങ്ങി പ്രഹരം കൂട്ടി
കണ്ടുവസിക്കും നായന്മാരവർ
രണ്ടുമുറിക്കാരോടിക്കൂടി
കല്ലും തടിയുമെടുത്തവർ തമ്മിൽ

തല്ലും തള്ളും കലശലുംകൂട്ടി
നമ്മുടെ വിദ്വാനേറവനടന്നു
നമ്മെ മറന്നു പറന്നു തിരിച്ചു
മണ്ടുംനേരം മുണ്ടും പോയൊരു
കണ്ടകിണററിൽ ചെന്നു പതിച്ചു
കൊണ്ടന്നവനെ കാണാഞ്ഞിട്ട്
കണ്ടവരൊക്കെ കരഞ്ഞു പറഞ്ഞൊരു
വണ്ണം ഞാനിഹ വീട്ടിൽ പോന്നു-
പൊണ്ണനെയിന്നും ഞാൻ കണ്ടില്ലാ
ലോകമതിങ്ങിനെ വരുമുടനേ ചില
ലോകന്മാരുടെ കൂടെപ്പോയാൽ
പക്ഷിപ്പെണ്ണിനു ശങ്കരനെന്നൊരു
പക്ഷിവായൻ ചൊല്ലുതുടങ്ങി
കൈക്കലിരിപ്പുള്ള ചൊങ്ങാതിക്ക-
ച്ചുക്കച്ചുള്ളയെന്നാകിലുമില്ലാ
കച്ചുയുക്കാനില്ലാഞ്ഞവളെ
കാട്ടക്കായിക്കൊണ്ടു തിരിച്ചാൽ
ആനന്ദിച്ചു നടക്കും വിപ്ര-
ന്മാനകളിപ്പാൻ വകയുണ്ടാകും;
ഞാനൊരു കാട്ടക്കിളികന്നെങ്കിൽ
സ്ഥാനത്തുള്ളതിലൊരുവൻ വേണം
പണ്ടുപണിക്കരുനിൽക്കും കാലം
കണ്ടുള്ളകാഴ്ചതന്നെയുറച്ചു
കണ്ടവരാളന്മാരുടെ പുറകെ
മണ്ടിനടപ്പാനിവരൊടുകൂടാ
കാൺമാൻ വിധിയില്ലാത്ത ജനത്തിനു
മാമകത്തിനു പോയാലും ശരി
ഏതിനൊരുതരവുണ്ടാം മാററികൾ
യാതൊന്നിനു കോപ്പിട്ടു തിരിച്ചു
തൊഴുകറിയിട്ടു പമഞ്ഞൊരു കഞ്ഞി-
പ്പുടവയുടുത്തും മോടികൾകൂട്ടി
കൊടുവെയിൽകൊണ്ടൊരു കാട്ടപ്പുതലി-
ലുടനേ ചെന്നൊരു ദിക്കിലിരുന്നു
ഒരുവില്ലിനിയെന്നോർത്തവളപ്പോൾ
തൊഴുവാൻ വഹിയാതായി മടങ്ങി
വിട്ടലോഷി! നീയെന്തിനു വന്നു?
ഉടനൊരു പരിഹാസത്തിനുമാത്രം
കൊച്ചിനുമാസം പത്തായില്ലവ-
ളിച്ചീരിക്കാട്ടക്കായിയൊരുങ്ങി
നിച്ചിരിയന്തികടിഞ്ഞൂൽപെററൊരു
കൊച്ചിനെയിന്നിവർ കൊല്ലും താനും
വേശ്യകളൊന്നു നടിക്കും നേരം
വാശ്ശുതൊരു പരിഹാസവുമുണ്ടാം
സംപൂരമിവർനമ്മെക്കണ്ടാൽ
ദയ്മ്പുള്ളുങ്ങണതൊരുവൻ ചൊല്ലും
വീട്ടിൽ വരുമ്പോൾ സരസന്മാര്
പാട്ടിൽ വരുമ്പോൾ വിരസന്മാര്
കൂട്ടിക്കൊണ്ടൊരു സഭയിൽ ചെന്നാൽ
കോട്ടമറിഞ്ഞു പറഞ്ഞു ചിരിക്കും
പട്ടന്മാരുടെ കൂടെപ്പോയാൽ
ഒട്ടുപൊറുപ്പില്ലെന്നൊരുപക്ഷം
ഗോഷ്ഠികളാരാൻ ഭാവിച്ചാലവർ
കൂട്ടത്തോടെ വടിയുമെടുക്കും
പോടാളുവാ! പിത്തളയോളി!
കൂടാകസ്തുതികളെന്നു കയർക്കും;
കേട്ടുകളോരോന്നോർത്തു തുടർന്നാൽ
കൂട്ടകയില്ലാ കാട്ടകൾ കാൺമാൻ
രുക്മിണിതന്റെ സ്വയംവരഘോഷം
അചിരമനോഹരമായിട്ടു കാൺമാൻ
പെണ്ണുങ്ങളിലൊരു പെണ്ണിനുമാഗ്രഹ-
മെന്നുള്ളതിനൊരു കുറവില്ലേതും.

പെണ്ണുങ്ങൾ വിരവോടിവണ്ണംപറഞ്ഞുപല
പൊണ്ണന്മാരോടും നല്ല ബന്ധുമാരോടും കൂടി
കുണ്ഡിനപുരം പുക്ക പെണ്ണിനെക്കാണ്മാൻവന്നു
തിണ്ണം നിറഞ്ഞു പല തിണ്ണപ്പുറങ്ങളേറി
കൊട്ടും കുഴൽ വിളിയും പാട്ടും പല വിധങ്ങൾ
കേട്ടുരസിച്ചു പല കൂട്ടംവസിച്ചനേരം
വെളിയത്തുന്നേരം നാളികമുഖിയാളും
ആളിജനവും കൂടി കേളീവിനോദത്തോടെ
കാളീഭഗവതിതൻ കേളീഭവനത്തിൽ പ്ര-
താളീപ്രദേശത്തു പ്രവേശം തുടങ്ങിനെല്ലേ.
ഉത്സവദേവിവാണരുളും ചാരുഗേഹം തന്നിൽ
രുക്മിണിയും തോഴിമാരും വിപ്രനാരിമാരും
മംഗലമെല്ലാം ചെന്നനിന്നു വന്ദനങ്ങൾചെയ്തും
സുന്ദരീരുക്മിണിതന്റെ കാമമുരചെയ്തു
"ചന്ദ്രചൂഡജായേ! ദേവി! ചണ്ഡി! ചാരുശീലേ
വല്ലവീവല്ലഭൻ ദേവൻ വാസുദേവനെന്റെ
വല്ലഭനായ്വരവേണം വൈകിടാതെ തന്നെ

ഭൂതലേഴുഭുവനങ്ങൾക്കും വേദാന്തമായതിലൊരു
നാരായണനെന്നു ചൊല്ലും പേരായൊരു ദേവം
കരുണാവാരിരാശി! കൃഷ്ണൻ ശരണാഗതരക്ഷകനാം
തരുണാംബുജവാഹനമിവൻ മനതാപം നാശിക്കേണം
ഹരജായേ! നിൻപാദാംബുജം ശരണം മമ ഭഗ-
വതി!
പരമാനന്ദാകാരേ! ശിവേ! പരിപാലിക്കേണം-
നീയെന്നും"

വരമൊഴിമാരവരോടു വാങ്ങി മനോഹരി
ഉത്തരസുഖമൊടു നടനം പഠിച്ചാൾ
നടവരകലയുടനഖിലവുമവളെ
വരവൊടു കണ്ടു കൗതുകമോടെ
സരസിജശരനുടെ ശരതതിയേററു
പരവശവികൃതികളായ്ത്തുടങ്ങി
ഹരിഹരശിവശിവ നരവരവികൃതിക-
ളുരചെയ്‌വാനുരഗേശനുമലസൻ
കന്യകതന്നുടെ വദനസരോജേ
കണ്ണുകൾ രണ്ടുമുറപ്പിച്ചിട്ടൊരുവൻ
തന്നെത്താനെ മറന്നു വസിച്ചു-
ന്നന്തമെഴാതൊരു കുറികളനേകം;
മറ്റൊരു മന്നൻ വാല്യക്കാരൻ
വെററിലവെച്ചു കൊടുത്തതുവാങ്ങി
തലമുടിതന്നിലതെല്ലാം ചൂടി
പലമൊഴിയാളെക്കണ്ടു വസിച്ചാൻ,
വെള്ളിയടപ്പനെടുത്തു തുറന്നതി-
നുള്ളിലിരിക്കും ചുണ്ണാമ്പെല്ലാം
പച്ചപ്പുഴുവെന്നോർത്തു മുഖത്തു
തേച്ചു തുടങ്ങി മറെറാരു നൃപൻ
അവളെക്കണ്ടു ഭ്രമിച്ചൊരു ഭൂപതി
പവിഴംകോർത്തൊരു മാലയെടുത്തു
കുന്നിച്ചോരമണികളെടുത്തതു
കൊണ്ടുടനെച്ചുനവധികരം തുടങ്ങി;
മററൊരു നരപതിമഞ്ചത്തിൽ നി-
ന്നേററു പഴുക്കപ്പലതും കാൺകെ
ഏറ്റം ദോഷൻ കാട്ടുപിടിച്ചുട-
നെഞ്ഞംവിട്ടുടനൊന്നാരപ്പോരം;
ഗ്രന്ഥമഴിച്ചു പിടിച്ചൊരു വിദ്വാൻ
ബോധം വിട്ടുപറഞ്ഞു തുടങ്ങി

"സുഗ്രീവൻ ധൃതരാഷ്ട്രൻ ശകുനി-
ശ്ശുഗ്രീവൻ ദമയന്തിവിരാടൻ
ലക്ഷ്മീഭഗവതിതുപ്പുണമുനി
ലക്ഷ്മണനങ്ങൻ"എന്നിവരെല്ലാം
മുട്ടമൊത്താൻ വിരുതനൊരുത്തൻ
മദനമേറ്റു പിടിച്ചൊരു ദോഷൻ
കട്ടിൽപ്പുറമെ മുട്ടമാക്കി
കൊട്ടിയതിനൊത്താംഘോഷിച്ചു;
മാടക്കഴലെന്നോർത്തൊരു നൃപതി
കൂടെനടക്കും ശാസ്ത്രിജനങ്ങടെ
പുസ്തകമൊന്നു വലിച്ചു മുഖത്തു
ഹസ്തംകൊണ്ടഥ ചെയ്തു തുടങ്ങി;
തപ്പിനവിരുതുള്ളൊരു ധരണീശൻ
തപ്പില്ലാതെ തിരപ്പിത്തന്നുടെ
മുന്നിലിരിക്കും മൂഢവിപ്രൻതൻ ക-
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാരദാതരിയുടെ രൂപം തന്നുടെ
ചേതോദർപ്പണമതിൽ നിഴലിച്ചു
കണ്ണടച്ചുധരക്കണ്ണി തകമിണി!
എന്നുജപിച്ചു വസിച്ചാനൊരുവൻ;
വിദ്വാൻ താനെന്നറിയിപ്പാനൊരു
വിദ്വാൻ ഗ്രന്ഥമഴിച്ചു പിടിച്ചു
പ്രാതിശാഖ്യമിതിശ്രുതിതാനെന്നാ
പദവും പൊരുളും ചൊല്ലിവസിച്ചാൻ;
തംബുരുമുള്ളവൻ താനൊന്നൊരുവൻ!
തംബുരുകയ്യിലെടുത്തു പതുക്കെ
സരിഗമപധനിസ എന്നും ചൊല്ലി
പരിചൊടുപാട്ടും പാടി വസിച്ചാൻ.
വണ്ടാർകുഴലിവരാനുമരികെ-
ക്കണ്ടാനന്ദിച്ചവളുടെ രൂപം
കൊണ്ടൊരു ശ്ലോകം കെട്ടിത്തീർത്തു
കൊണ്ടാടിച്ചിലപൊള്ളു പറഞ്ഞും;
സുന്ദരിമാരുടെ രൂപം തീർപ്പാൻ
സൌന്ദര്യാദിഗുണങ്ങളെവളെ
പണ്ടേ പണ്ടേ പങ്കജസംഭവ-
നുണ്ടാക്കിപ്പലപെട്ടിലിട്ടു
പൂട്ടിത്തന്നുടെ പുരിയിൽ പരിചൊടു
പാട്ടിലിരിപ്പതശേഷവുമിപ്പോൾ

രുക്മിണിതന്നുടെ രൂപംതീർപ്പാൻ
ഉലകിലൊക്കെയടിച്ചു കുലിച്ചിഹ
ചിലവിട്ടതിനാലെത്തിപ്പോയൊരു
തിലമാത്രം ബാക്കിശേഷിച്ചില്ല;
നഷ്ടിപിടിച്ചുംതാൻമുതലാക്കിപ്പാരം
സൃഷ്ടിപ്പാനും സാധനമില്ലാ
എന്നതുകാരണമന്യസ്ത്രീകളെ-
ക്കൊന്നിനുമിപ്പോൾ പൂർത്തിയുമില്ലാ
തലമുടിയുള്ളൊരു പെണ്ണിനു ചന്തം
മുലയില്ലാതെ ചമഞ്ഞിരുന്നു;
നല്ലമുലച്ചികളൊരുവർകണ്ടു
പല്ലുകളെല്ലാം വെളിയിൽ കാണാം;
വണ്ണംകൊള്ളാമൊരു നാരിക്കൊരു
കണ്ണിനുസ്സിയതങ്ങിനെകാണാം,
ഒപ്പാഴുള്ളൊരു പെണ്ണുങ്ങൾക്കു
ചൊല്ലാണും ഗുണമെല്ലാമില്ലാ
വാരിജഭവനുടെ ദാരിദ്ര്യംബത
കാരണമെന്നതിനർത്ഥവുമിതരം.

ഏവംവികൃതിയുള്ളകോലം പ്രകാശിപ്പിച്ചു
ഭൂപാലകന്മാരെല്ലാമേറുന്നകാലമങ്ങ്
ചേദിഭൂപാലനോടാലോചിച്ചുതന്റെകാര്യം
സാധിക്കുമെന്നുതന്നെ ബോധിച്ചു ശിശുപാലൻ
മാലയേല്പാനുള്ളൊരു കാലമെന്നോർത്തുകൊണ്ടു
നാലുഭാഗത്തും വാദ്യഘോഷാരവങ്ങൾകൂട്ടി
മാലോകരെല്ലാമെന്നെയാലോകനം ചെയ്യണം
നാലാഴിനടുവിലെ ഭൂലോകമൊക്കെ ശിശു-
പാലനധീനമതുകാലം ദൈവമെന്നവ-
ലേപമേറിച്ചുമദശീലൻ മരുവുന്നേരം;

അന്നുമധുസൂദനൻ തന്വംഗിയെക്കണ്ടു
മന്ദതരളാക്ഷൻ മഞ്ചത്തിൽനിന്നാശു
അവനിയിലിറങ്ങിവന്നാനന്ദമൂർത്തിതാൻ
കമലദളനേത്രയാം കന്യയെപ്രാപിച്ചു,
കരമതുപിടിച്ചുടൻ കാര്യമൊന്നോതിനാൻ:—
"അചിരഗുണമോഹനേ രുക്മിണി മൽപ്രിയേ
അചിരമനുരാഗിഞാൻ സുന്ദരികളേടോ!
കനിവിനൊടുനിന്മുഖംകാണ്മതിനാശഞാൻ
മനസിജമൂറ്റകൗതുകാൽ മരുവിവന്നീടിനേൻ
മമതരുണീ നീയെടോ! മാനിനീമൗലികേ!
മമതയുടയോരമാം മാനിക്കനീ മുദാ
തരികപരിരംഭണം താരമ്പബാധയേ!
പെരികെവളരുന്നഹോ പ്രേമമാരപ്രിയേ!
കരികളുടെമാറിനി! കാമിതം തേടിമേ
തെളിവോടുവരികജേ! തേരിലേറിടുക
വളിതനു! വല്ലഭേ! ലജ്ജമോചിക്കനീ"
സുരുചിരമിങ്ങിനെ സാധുവാക്യംപറ-
ഞ്ഞതിമതിവരത്തിനാനംബുജാക്ഷൻ മുദാ;
നരപതികളൊക്കവേ നോക്കിനില്ക്കവേയവ
നേകരിപുമാധവൻ നാരിയെക്കൈക്കൊണ്ടു
വിരവൊടുതന്നുടെ തേരിൽചൂഡാമണി
വീരചിതമഹോത്സവം വിശ്വലോകാധിപൻ

അംഗമഹീപതി, മഹിഷമഹീപതി
വംഗമഹീപതി, സിന്ധുമഹീപതി,
ആന്ധ്രമഹീപതി, സിംഹളഭൂപതി
കരൂശമഹീപതി കരധരണീപതി,
കൊങ്കണഭൂപതി, കോസലനരപതി,
മങ്ങനെനാവരനിവരെല്ലാം
കന്യാഹരണംകണ്ടുകലമ്പി-
ച്ചുന്നാഹത്തോടുകൂടെയടുത്താർ,
നില്ലെടാകള്ളാ നിന്നുടെ തൊഴിലിതു
നല്ലതിനല്ലവല്ലവബാലാ!
വല്ലവനെങ്കിലുമിങ്ങനെ ചെയ്താൽ
കൊല്ലുമതിന്നൊരുകില്ലുമതില്ലാ
ശിശുപാലന്റെകളത്രമതിന്നൊരു
പശുപാലന്നതൊട്ടാമോ മൂഢ!
നാത്രുകമഹോദരവർമാഘ്ണമെന്നാലു
ശിശുവായെന്നോ ശീലമിതല്ലാ
പാലും തൈരും കട്ടുകവർന്നൊരു
ബാലാ! നില്ലെടാ! ഗോപകുമാരാ!
നാലുജനങ്ങടെ സഭയിൽനിന്നക്കൊരു
നാളും വരുവാൻ സംഗതിയുണ്ടോ?
മാതുലനെക്കൊലചെയ്ത കുമാരാ
പൂതനയെക്കൊലചെയ്ത കുമാര
കൈതവമല്ലാതൊരുകർമ്മം നീ
ചെയ്യുവതല്ല ജനിച്ചപ്പിന്നെ
വെണ്ണകവർന്നുഭുജിച്ചുതടന്നം
പെണ്ണുങ്ങടെവസനം മോഷ്ടിച്ചും
കണ്ണിൽകണ്ടതു കട്ടുമുടിച്ചും

കഞ്ഞികുടിപ്പാനില്ലാതാക്കി
യജമാനന്മാർ പലരെയുമവരുടെ
പ്രജകളുമനവധികാര്യക്കാരും
മേനോന്മാരും പണിക്കരുമെന്നിവർ
നാനാജാതികൾ നോക്കിയിരിക്കെ
എടയന്മാരിലൊരുത്തൻവന്നു
മടികൂടാതിക്കന്യാരത്നം
ഝടിതിപിടിച്ചുരഥത്തിൽകേററി
പടഹമടിച്ചുതിരിച്ചതുകൊള്ളാം.”

കൊട്ടപ്പിൻ താഡനംപോരാതെ-
ഞെട്ടപ്പിൻ! കള്ളനെച്ചെന്നു
തട്ടപ്പിൻ കന്യകമെല്ലെ
പ്പിടിപ്പിൻ ചേദിഭൂപന്നു
കൊട്ടപ്പിൻവില്ലുകളെല്ലാ-
മെട്ടപ്പിൻ! ബാണമെയ്യാതെ
തട്ടപ്പിൻ! യാദവന്മാരെ
മുടിപ്പിൻ! ഭൂപാലന്മാരേ
നടപ്പിൻ! തേർത്തടമെല്ലി-
പ്പൊടിപ്പിൻ! കൃഷ്ണന്റെമാറിൽ
തറയ്ക്കിപ്പിൻ! പാരാതെവേഗം
ഒരിപ്പിൻ കൂട്ടത്തിൽവന്ന
മരിപ്പിൻ! പേടിയുള്ളോരി-
ങ്ങിരിപ്പിൻ! പെണ്ണിനെച്ചൊല്ലി
മരിപ്പിൻ! മന്നവന്മാരേ!
ധരിപ്പിൻ കംസനെക്കൊന്ന
ശൗരെനസഹേരിക്കണ്ണ-
മൂടനേസംശയംവേണ്ടാ
വിടനെക്കൈക്കലെത്തുമ്പോൾ
വിടൊല്ലാമന്നവന്മാരേ!

ഇങ്ങനെപലപലദുർഗ്ഗുണവാക്കുകൾ
തിങ്ങിനമദമൊട്ടുഘോഷിച്ചങ്ങിനെ
മുറവും നൃപതികൾവന്നുരഥത്തിനു
ചുററുംനിന്നതുനേരത്തുസമരേ
സാത്യകിവീരൻ കൃതവർമ്മാവും
സാത്വതസംഘവുമവരുടെ പടയും
ഉദ്ധവരും ബലദേവനുമൻപൊടു
യുദ്ധംചെയ്വതിനെത്തിയതിൽ;
“ക്ഷത്രിയകീടകഭൂപന്മാരേ!
ശത്രുതകൊണ്ടൊരുഫലമില്ലെല്ലും
എലികളൊരായിരമുണ്ടെന്നാകിലൊരു
പുലിയൊടുകലഹിപ്പാനെളുതാമോ!
കുറുനരിലക്ഷം വന്നാലിന്നൊരു
കേസരിവീരനെവധിപ്പാനെളുതോ?
നിങ്ങൾക്കീവക കന്യാലാഭം
സംഗതിവരുമോ? ചപലന്മാരേ!
ഞങ്ങടെവാർത്തകൾ താനറിയാത്തവ-
രിങ്ങിനെവന്നുതരംകെട്ടുഴന്നു
ഉപ്പുമുഴുന്നനടക്കമവന്നൊരു
കപ്പലുകടലിലിറക്കാൻമോഹം
നായ്ക്കൾ ചപ്പിനടക്കുന്നവനൊരു
തമ്പിലിരിപ്പാനാശകണക്കെ
കുണ്ടുകിണററിൽ തവളക്കെന്തിനു
കുന്നിന്മീതെപോകാൻ മോഹം
ചെറുതുമ്പാൺവഴിവട്ടംമാത്രം
കഷ്ടിച്ചുള്ളപറക്കുംകോഴികൾ
ഗരുഡനെപ്പോലെ ചിറകുംവീശി
ഗഗനഗമനം വാഞ്ഛിക്കുന്നു
ഞാഞ്ഞൂലെന്നൊരുകൂട്ടം ഭൂമിയി-
ലഞ്ഞൂറായിരമെണ്ണംകൂടി
സാദപിച്ചുകിലനന്തനൊടൊക്കും
ധരണിയെത്താങ്ങാനെളുതായ് വരുമോ?
കൊതിയന്മാരേ! മതിയന്മാരേ!
മതി! മതി! നിങ്ങടെ മതിയിലെമോഹം
മതിമുഖിയാകിയ രുക്മിണിതന്നിലെ
മതിരതിയൊക്കെ വൃഥാഫലമിപ്പോൾ
ആയനിയുണ്ടവളാഞ്ഞൂർജ്ജഗ-
നായവനാണോ പെണ്ണോ ചൊൽവിൻ
ചെഞ്ഞാതിക്കിനിവേളികഴിപ്പാ-
നെങ്ങാനൊരുപെണ്ണുണ്ടായ് വരുമോ?
ചേദിമഹീശനു വേളിമുടങ്ങി-
ച്ചേർന്നുവന്നതുമൊട്ടുപൊറുക്കാം
മലയാളത്തും പരദേശത്തും
തലയുംപൊക്കിനടപ്പാൻമേലാ
ഭംഗിപറഞ്ഞുപ്രതിഗ്രഹമെല്ലാം
വാങ്ങിക്കൊണ്ടവർതന്നെയിരിപ്പാൻ
പരിഹാസത്തിനുവട്ടംകൂട്ടി-
പ്പഥിപഥിവന്നവർപരത്തീടുന്ന
യുദ്ധമഹോത്സവമുടനെത്തുടരുകി-
ലുലുതരമാവമരശേഷതീരം.

ഉദ്ധവർ കൃതവർമ്മാസാത്യകിസങ്കർഷണരുക്കളു-
മുടനെ
ഉലാത്തതിനൃപതിബലത്തൊടു യുദ്ധവിധങ്ങൾതു-
ടങ്ങി
വില്ലുശരംചുരികകുന്തമിടങ്ങലം വാളുംകുന്തം
നല്ലഗദകൾവാളുവരിപകൾ മുൾത്തടിവജ്രപ-
രിഘം
ചന്തക്കഴലിട്ടികൾ ശക്തികളിങ്ങനെ പലതരപീക
കളും
ചന്തത്തോടുപലവിധമായുധമതിവേഗത്തൊടു തട-
വാർ
വെട്ടുംപൊടിവെട്ടിക്കുത്തിടയിട പടപടവെന്നൊരു-
ശബ്ദത്തോടെ
തട്ടു ചിലകഴൽവിളി നിലവിളികൾ പലതുംകൾ-
വൻപുകൾകൊട്ടി
ആനപ്പുറകതിരപ്പുറകളുമിവ്വക മാറിമറിക്കും
സേനാപതിമന്നവകികളുമൊത്തപടത്തലവ-
ന്മാർ
പട്ടാണികൾപലതരമിങ്ങനെ കളകളമിളകി-
നിറഞ്ഞു
പെട്ടെന്നൊരു സമരമഹോത്സവമിതു ചുറ്റുമുള്ളവ
രാളും
സാത്യകിയുടെശരങ്ങളേറിവരുന്നവരങ്ങി-
നൃപന്മാർ
നൃപതികളുടെ കണ്ണുപൊടിഞ്ഞു ചിലരുടെ
കാലുമൊടിഞ്ഞു
നൃപനൊരുവൻപല്ലുതകർന്നൊരുമല്ലന്മാർ ചത-
ഞ്ഞു
വസ്ത്രംചോരയാലരുണം പോയിതു ചിലർ കലമിച്ചു
ശത്രുംപോയ് നാണം കെട്ടതുകൊടി തിരിനടന്നു
തിരിച്ചു
പെണ്ണിനെ മോഹിച്ചുലമിപ്പോരുമാനക്ഷയമധി
കമഹോ!
വന്നാളുമിനിമതിമതി നമ്മുടെവീട്ടിലിരുന്നാൽ
പോരും
ഇത്തരമതിഭയമിടകൂടിനൃപജനസമൂഹമശേഷം
സത്വരമങ്ങോടിയൊളിച്ചു ശമിച്ചുഗമിച്ചു-
വസിച്ചു

മട്ടുമാറി.
വാളുമെടുത്തു പിടിച്ചു കളിച്ചു-
ച്ചീറലൊന്നോടിയടുത്തിതു രുക്മൻ
വേളിമുടക്കിയമൂഢാ! നില്ലെട
കേളിവിടിന്നരുമിതല്ലെട കൃഷ്ണാ!
ഗോക്കളെമേച്ചു നടക്കുന്നവനി-
പ്പോൾക്ഷമമെന്നാഗ്രഹിച്ചിട്ടുണ്ടോ!
നോക്കെടാ! നിന്നുടെ കുലബലധനജന-
മൊക്കെയുമറിയുമ്മിതിതും രുക്മൻ
ശിശുപാലന്നുകൊടുപ്പാനായി
ശിശുവായന്നേകല്പിതമാക്കിയ
മദസോദരിയെക്കട്ടോരു നിന്നുടെ
ദുസ്സാമർത്ഥ്യം നന്നൊരുക്കട്ടെ;
പാലും വെണ്ണയുമതല്ലെട കൃഷ്ണ!
പോരുംനിന്നുടെ പൌരുഷമെല്ലാം
നമ്മോടു മുട്ടി പെൺകൊടിയാളെ-
ക്കൊണ്ടുതിരിപ്പാൻ നല്ലൊരു പാത്രം
നമ്മോടുവന്നതും കൊണ്ടുമുടിച്ചാ-
ലമ്മാതിരിപ്പാനൊരു വകയില്ലാ;
കട്ടുകളിച്ചും കാലികൾ മേച്ചും
വട്ടുകളിച്ചും കാട്ടിലൊളിച്ചും
മട്ടാർമൊഴികടെ പുടവകവർന്നും
നാട്ടാരോടു പിടിച്ചു പറിച്ചും
പെരുവഴിപോകുന്നോരം ചെന്നൊരു
പെരുമണ്ണാനെക്കത്തിക്കൊന്നും
പെരുതെടാ!നിന്നുടെ വിരുതുകളിങ്ങിനെ
കരുതിപ്പോരുതിക്കൊള്ളുകെടില!
ഇങ്ങിനെ വന്ന ശകാരം കൂട്ടി
സംഗരസീമനികന്നൊരു സമയെ
തിങ്ങിനകോപാലോടിയടുത്താൻ
മംഗലമൂർത്തിമുകുന്ദനമപ്പോൾ;
പടയുടെ കലശലുകേട്ടപ്പോൾ ചിലർ
പടികളടച്ചു മുടക്കനുമിട്ടു
ഊട്ടിനു വന്നൊരു പട്ടന്മാർ ചിലർ
കെട്ടു മെപ്പെട്ടുഴറിത്തന്നുടെ
കുട്ടികളെച്ചിലർ തോളിലെടുത്തും
കട്ടിസ്സാരം കെട്ടിനമീതെ
കെട്ടിമുറുക്കിയോവതി ചെയ്തു

ചന്ദ്രക്കാരൻ കലവറപൂട്ടി-
ച്ചുണ്ണത്താപ്പിഴുതിട്ടുമുറുക്കി
കന്നെടുത്തു കറക്ക വിളിച്ചുക-
തിച്ചുറ പാടിപ്പാതയെ തിരിച്ചും
നാച്ചികൾ ചൂലും മുറവുമെറിഞ്ഞും
മച്ചിലൊളിച്ചും മണ്ടിനടന്നും
നച്ചുണെ വിളിയെടിയമ്മോക്കിപ്പോൾ
കൊച്ചിനെ വേണ്ടാ കോയിക്കൽ ചില
നിച്ചിരിയത്തികളുണ്ടവർ മേനികൊ-
തിച്ചുനടക്കുന്നെന്നിഹ കേട്ടു;
കള്ളന്മാർക്ക തനിക്ക പിറന്നൊരു
പിള്ളയെ വേണ്ടാതായാൽ പിന്നെ
തള്ളയിലൊരു കനിവുണ്ടായ് വരുമോ?
പള്ളപൊറുപ്പാനിങ്ങു വലഞ്ഞു
പടവന്നന്നതെ വീട്ടിൽ കേറി-
പ്പടിയും കതകും തല്ലിയൊടിച്ചു
കൊടിയും വാഴയുമൊക്ക നശിക്കും
മുടിയും നമ്മുടെ നാട്ടുകളെല്ലാം
ഇങ്ങിനെയിവരെയൊട്ടും കൊന്നിനി-
യെങ്ങൊരു ദിക്കിനു പോയിടണം?
ബാദ്ധ്യങ്ങളൊട്ടു കയർത്തു വരുന്നൊരു
രുക്മനെ വിരവിലൊട്ടു മുകുന്ദൻ
വെക്കം ചെന്നു പിടിച്ചുടനവനുടെ
ഖഡ്ഗവുമിങ്ങു പിടിച്ചു പറിച്ചു,
തലമുടിപിടിപെട്ടസികൊണ്ടവനെ
കൊലചെയ്യാനുടനാരംഭിച്ചു;
കാടൻ പൂച്ചപിടിച്ചെലിപോലെ
മൂഢൻ നിന്നു വിറച്ചു ഉടനെ;
ആയുധമൊക്കെ കളഞ്ഞു വിറഞ്ഞുട-
നായതമിഴിയാം രുക്മിണിയപ്പോൾ
തൃക്കാൽ ചെന്നു പിടിച്ചു പറഞ്ഞു
ചക്രായുധനോടു ചപലാപാംഗി.

മുഖാരി.

"കരുണാസാഗരനാഥ! ശരണം നീ ശരണം
ചരണാന്തേ പണിയുന്നൊരുത്തരെച്ചോ കോപം
കലനാരം വരുത്തൊല്ലാ കുവലയനയന!
കൊലചെയ്തീടരുതെന്റെ സഹജനാമിവനെ
ഇവൻ ചെയ്തോരപരാധം കഠിനമെന്നാലും
സഹിക്കേണം മുകിൽ വർണ്ണ! നമുക്കുള്ള ബലം
പെരുപ്പം കൊണ്ടിവനോർത്താലതുകൾ പറ-
ഞ്ഞതു
വെറുപ്പമിന്നതു കേട്ടാൽ വധിപ്പാനംതോന്നും;
പൊറുപ്പാനെല്ലാരുമോഹം വരുമോ കൊല-
ചെയ്യാൻ
പുറപ്പെട്ടു തരിക്കുമേ സനകാദിസകലം
ഒരുദോഷംപൊറുക്കേണംപെരുതായിവന്നാലും
നിരുപിച്ചു സഹിക്കേണംനിഖിലേശാ കൃഷ്ണാ!
ഇതിനെല്ലാംനിമിത്തംഞാനെന്നല്ലോവരുന്നതും
അതുപാരം മമഖേദം മധുവൈരിൻ നാഥാ!
നമസ്തേ ശ്രീഗോവിന്ദ! നമസ്തേ ഗോപാല!
നമസ്തേ ശ്രീധര വിഭോ! നമസ്തേ മുരവൈരേ!"

മുഖാരി.

ഇങ്ങിനെ വന്നു കരഞ്ഞു പറഞ്ഞൊരു
മംഗലമൃദുമൊഴിയാളെക്കണ്ടുട-
നങ്ങിനെയെന്നരുൾ ചെയ്തു കൃപാനിധി!
അംഗനമാർമണിയോടന്നരുളാൽ
"മൽപ്രിയകാമിനി! രുക്മിണി! തവപൂ-
ർവ്വപ്രിയമുദിതം ഞാൻ ചെയ്യുന്നു
ദുഷ്പ്രവൃത്തിയാകിയ ഭോഷനിവനതി
ദുഷ്കൃതമേറ്റിമഹാശഠനായവൻ
ധിക്കാരങ്ങൾ പറഞ്ഞതശേഷമു-
മിക്കാലത്തു സഹിക്കാമിഹ ഞാൻ;
പങ്കജനയനേ! നിന്നുടെ ചേതസി
സങ്കടമേകിലധികം സങ്കട-
മെന്നാലൊരു പിഴയിന്നു പൊറുക്കാ-
മെന്നരുൾ ചെയ്തു പതുക്കെ മുകുന്ദൻ
പാണികൾ കൊണ്ടഥ രുക്മിണിതന്നെ
പാണിപിടിച്ചു പുണർന്നു വസിച്ചു.
ദുഷ്ടതപെരുകിന രുക്മനെ വിരവൊടു
മുഷ്ടികൾ കൊണ്ടു ശിരസ്സിലടിച്ചു
ഖഡ്ഗം കൊണ്ടുടനവനുടെ തലമുടി
ചികഞ്ഞങ്ങു ചിരച്ചൊരു ശേഷം
നാലുമൊരൊന്നും കുടുമകൾ വെച്ചൊരു
കോലം കണ്ടാൽ ചിരിയാമങ്ങിനെ
നാണക്കേടു വരുത്തിയയച്ചു
പ്രാണൻമാത്രം പോയതുമില്ലാ.

മൂന്നും രണ്ടും കൂട്ടമുണ്ടാക്കാൻ
പോന്ന പൂരത്തിൽ പുക്കൊരു രുക്മൻ
കതകടച്ചു പുതച്ചു കിടന്നു
ഹിതമല്ലാത്തതു ചെയ്ക നിമിത്തം.

വിശ്വംഭരനാം കൃഷ്ണൻ വിശ്വാസപരനിതനായി
തേരിൽ കരേറിയ ഭൈമിവധുവൊടുംകൂടി
സീരായുധനൊരുമിച്ചു പാരാതെ കൈവണങ്ങി
ദ്വാരാവതിക്കു പോവാനാരംഭിച്ചുഴറ്റോടെ
കൊട്ടും കുഴൽ വിളിയും പാട്ടും തഴകളാല-
വട്ടംതൊപ്പിട്ടിക്കുടകളും, നൃത്താദികളെ
മട്ടും എന്നിവ കൊണ്ടാട്ടങ്ങളും മേളങ്ങളും പല
കൂട്ടി നടന്നു ചെന്നു ക്ഷമിച്ചു കടന്നു;
വിപ്രന്മാരോടും കൂടി ദ്വാരകാപുരം ചാല
സുപ്രദേശം ലംഘിച്ചു ഉടൻ ചെന്നു കൃഷ്ണൻ,
പുള്ളിമാൻ മിഴിയാളും വെള്ളിത്തോമ്പിമേലേറി
പള്ളിക്കട്ടിലിന്മീതെ ചെന്നങ്ങധിവസിച്ചു;
നന്ദനന്ദനൻ കൃഷ്ണൻ മേളിച്ചു പുലർകാലേ
നന്ദിച്ചു മാതാവിനെ വന്ദിച്ചു താതനേയും
വന്ദിച്ചു വഴിപോലെ വേളിച്ചു രുക്മിണിയെ
ലാളിച്ചങ്ങവളുടെ വേളികഴിച്ചു നല്ല
കേളിയുമാടിക്കൊണ്ടു മാളികതന്നിൽ വാണു;
നാളികമുഖിയുടെ ലാളിതവൃത്തികന്ന-
മാളികെ സകലമൂലമെന്നതേ പറയാവൂ.
ഇങ്ങിനെ രുക്മിണി ഹരണം ചെയ്തു
ഭംഗിയിലംബുജനയനൻ കൃഷ്ണൻ
മംഗലമിക്കഥ കഥനം ചെയ്താൽ
സംഗതമായ്വരുമഖിലാനന്ദം;
ഉലകളൊപ്പതമാളികയെല്ലാം
നലമൊടുമനസി നിനച്ചു വസിച്ചു
ഉലകിടെ പൊലിമവരുത്തിതരികാം
കലമലപുഷ്ടിയുമുളവാം ഭദ്രം.

—:o:—

മംഗളം.

സുരതടിനീ നിലയോത്തമ! മുരരിപോ!
സരസിജലോചന! പാഹി
സുരപതി വിജയൻ തരമണിയാം യദു–
വര! കരിവരദ! പാഹി
മത്സ്യകൂർമ്മസൂകരനരഹരി
വാമന ഭൃഗുവര! പാഹി
ശ്രീരാഘവജയ! സീതാവരജയ!
പീതാംബര!ജയജയ പാഹി
ശ്രീവസുദേവാത്മജ! ജയശൗരേ!
ശ്രീലക്ഷ്മീരമണ!മാം പാഹി
വാരിജഭവമുഖസുരവരവിനുത!
സാരസനയന! ശൗരേ!
നീരദമോഹനദിവ്യകളേബര!
ഹാരവിരാജിതകണ്ഠ!
ദേവകിനന്ദന!യാദവബാല!
ദേവജനാവനശീല!
വസുദേവാത്മജ! വാനവർ പാല!
വാസവവിനുതമുരാരേ!
മന്ദസ്മിതകുണ്ഡലമണ്ഡിതഗണ്ഡ!
ഖണ്ഡിതഷണ്ഡ! ലോലാ
രഞ്ജിതമന്ദസ്മിതശോഭിത
ബിംബാഫലാധര! നാഥ!
മാരാലർ പാദമരുത്തിഹ പാലയ!
ഘോരാരാതിക്ഷയവഹസ!
നളിനാസനമുഖസുരഗണപൂജിത!
അന്ധകജനപാലനപാഹി
മനസിജനാശന! ജനിമൃതിമോചന
മഹിത ഗുണാലയപാഹി
ശിശുശശിശേഖര! ശിവപുരശങ്കര!
ശിതിഗള! ശംഭോ! പാഹി!
വനേചർസേവിതവാസുകിഭൂഷണ!
വരമതളീശകപാലദ
യക്ഷശാപവരദാനതജന
മോക്ഷദ! മാം പര പാഹി
ശ്രീപൂർണ്ണത്രയീമന്ദിരനാഥ!
ശ്രീപുരുഷോത്തമവരദ
ശ്രീഗുരുവായുപുരേശ! ഹരേ മാം
പരിപാലയമാം ദേവ!
നാരായണജയ! നാരായണജയ! നാരായണ
കൃഷ്ണ! ശരണം ശരണം.

രുക്മിണീസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

ഘോഷയാത്ര

ഓട്ടൻ തുള്ളൽ.

നന്ദിതശശികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിനപുരരിപുതിരുവടിയോൻ
പ്രണതശിവകരനഗജാരമണൻ
കരിണീവടിവു ചമഞ്ഞു വിളങ്ങിന
തരുണീമണിയാം ഗിരിസുതയൊടുസഹ-
കരിവരവേഷം പൂണ്ടൊരു ദിവസം
കരിഹരിശരഭവരാഹമഹാഖഗ-
പരിവൃതമാകിനവിപിനംതന്നിൽ
പരിചൊടുവിഹരിച്ചീടിനസമയേ
പെരുകിനമധുമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളതളിരസംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളമധുകരമൃദുകളാലാപംകൊണ്ടും
സരസിജശരശരനികരംകൊണ്ടും
സരസികമൃദുവാഗ്വളികൾകൊണ്ടും
പരവശമാനസരാമവരന്മാർ
പരിചൊടണഞ്ഞു പുണർന്നൊരുനേരം
തരസാവന്നുപിറന്നു വിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിന പരദൈവതമേ
വരമരുളീടുക വന്ദിക്കുന്നേൻ.

മട്ടുമാറി.

കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലൊരുതിരമിഴിവില്ലാട്ടംകൊണ്ടുമമ
കല്യാണമരുളുക കല്യാണി വാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്നമേനിയുള്ള
സല്ലോചനങ്ങളോടെ തെല്ലോടിടകലരും
മല്ലായുധന്റെപട വില്ലോടുതുല്യമാകും
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മുല്ലാസപൂർണ്ണമുഖ വില്ലാതെവിലസുന്ന
സല്ലാപമധുരസാസല്ലാളനങ്ങൾകൊണ്ടു-
മെല്ലാനേരവുമെന്നെ കല്യാണി! കാത്തുകൊൾക
കല്യേ! ഭഗവതി! നീയല്ലാതിനിക്കഗതി-
യില്ലാമമമനസി വല്ലായ്മവന്നീടുന്ന-
തെല്ലാമകറ്റിപ്രതിമല്ലന്മാരുടെ മദ-
മെല്ലാംകെടുപ്പതിനു നല്ലൊരുവചനകൗ-
ശല്യംതരിക മമ ശല്യങ്ങൾതീർത്തുകൊൾക
മല്ലാധിപാസജാത [illegible]
[illegible]
[illegible]
നല്ലൊരമൃതരസ കല്ലോലജാലങ്ങൾക്ക
മുഖ്യങ്ങളാം കവികൾ ചൊല്ലും ജനങ്ങളുടെ
[illegible]
മുല്യംകൊടുക്കയില്ലയെന്നറിഞ്ഞീടേണം
[illegible] ചൊല്ലുന്നവനൊരുത്തിൽ
[illegible] നല്ലതിരുപടിച്ചാല-
ത്തല്ലാതെ [illegible] ഇതിങ്ങനെ-
യില്ലാ പരിഹാസമല്ലാതെവരികില്ല;
കല്ലാതെയാകവനം ചൊല്ലുന്ന പുരുഷനെ-
ക്കൊല്ലാതെകൊല്ലുമിന്നെല്ലാമഹാജനങ്ങൾ;
വല്ലാത്തദുഷിവാക്കുതെല്ലും സഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലും തെല്ലുമിവനെ
ചൊല്ലുമ്പോൾവേദനകളെല്ലാം ശമിച്ചുപോകും
വല്ലാത്തവാക്കുകളിലല്യംതറച്ചപോലെ
നല്ലവരുള്ളതിനില്ലിങ്ങവസാനമ-
തെല്ലാംവിചാരിക്കുമ്പോൾ ചൊല്ലുന്നതെളുതല്ല;
നല്ലഗുരുകടാക്ഷമല്ലാതൊരുശരണ-
മില്ലാമനുഷ്യർക്കുചൊല്ലാമൊരുക്കമിനി;

മട്ടുമാറി.

ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻ മമ വരമരുളേണം
ധരണീസുരപ്രഭുചമ്പകനാടാം
ദേവീവാകരദിനകരനരശൻ

ധരണീധരന്റെ ചരണാംബുജയുഗ
ശരണീകൃതനിജകരണീയൻ ധൃത
കരുണാമൃതരസവരുണാലയനതി-
തരുണാമിതരുചിപരിണാഹകലാ-
ധരുണാമലനവകിരണാവലിയുടെ
പരിണാമായിതകരുണാകാരൻ;
അരുണാംബുജനിഭചരണാംഭോരുഹ-
തരുണാപാംഗസ്പർശനാനന്ദൻ
ഹരിണാങ്കനകവിതരണാദിഷുസുര-
തരുണാനീതിവിശ്രുതനാമൈശ്ച
ഗിരിണാസമഗുണനാമതനാ, സുമധുര
തരുണീമാനസഹരണോചിതനിജ
കരണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ, സുരണോദഗ്രൻ,
ചരണോൻമുഖജനശരണോന്നിദ്രൻ;
ധരണീപാലനശീലൻ നരപതി
ചരണംപരിചൊടുവന്ദിക്കുന്നോൻ
വരണംമമഗതിപരിണാമസുഖം.

ശ്ലോകം.

ഗോഷ്ഠീസാവിരളാനയപ്രഖ്യതരാ
  സന്താപൂർവ്വർമ്മദായിനാം
നക്തീസാഖലുദുർല്ലഭാനകസ്തുതി
  സ്സ്വീഷ്ടംയദിയം മനഃ
ദുഷ്പ്രാപണതരംബുജീരജരജോ
  രാജിന്ന്യരഘൂണയേ
ദുസ്സാധ്യംസുഖം തദാവിലയതേ
  ദുഃഖാനുവൃത്തിന്നയൽ;

ഇതിനൊരുപൊരുളുപറഞ്ഞീടാമല്ലൊ
മതിമാന്മാരറിയേണമിദാനീം;
അതിയായുള്ളഗുണങ്ങൾവരുമ്പോ-
ളതിലൊരുദോഷമകപ്പെട്ടീടുമല്ലോ;
ഭൂവം നല്ലമഹാജനമെല്ലാം
ചുററുംവന്നുനിറഞ്ഞുസഭായാം
കററംനോക്കിപ്പറവാൻ വലിയൊരു
കററികണക്കിനെ നില്പൂചിലരിഹ;
ദോഷഗ്രാഹികളില്ലാതുള്ളൊരു
ഘോഷജനന്മാരുടെസഭയുമഹോ;

ഭേഷമക്കാരാരിയാകിയപെണ്ണിന്
ഭൂഷണമൊന്നതുമുരവെച്ചീടാം;
പല്ലവമെന്നതുപോലെ ദേഹം
പല്ലമ്പുന്തുകണ്ടുമറന്നാലതും!
നല്ലകടാക്ഷം നല്ലൊരുഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കിലു-
മല്ലാതുള്ളൊരു ദോഷമവർക്കും
കല്ലുകണക്കെ കഠിനംഹൃദയമ-
തല്ലാതുള്ളവരും ദുർല്ലഭമല്ലോ;
പാരതെയൊഴുകാത സലിലത്തിന്നൊരു
നീരസമുണ്ടതുബോധിക്കേണം,
തീരത്തുള്ളൊരുപൊടിപടലംമൂല
മേപാടെന്നൊരുമൊന്നുംകലങ്ങും
എന്നതുപോലെ നല്ലസുഖത്തിനു
മൊന്നവിതമും ദുഃഖാഗമനം
അന്നന്നോടൊത്തൊരുപോലെപം
വന്നിടക്കൊണ്ടുള്ളസുഖം ബദ്ധ-
ദുർല്ലഭമെന്നറിയിച്ചീടേണം
നല്ലബുധന്മാരഖിലമിദാനീം"
ചൊല്ലിയപദ്യത്തിന്റെ പൊരുളിതു
വല്ലമതൊട്ടുഗ്രഹിച്ചീടേണം,
ദൂഷണവാക്കുകൾ ചൊല്ലുകയെന്തു
ഭൂഷണമെന്നുനടിച്ചുനടക്കും
ദോഷജ്ഞന്മാർപലരുണ്ടതിനാലി-
ബ്ഭാഷാകവിതമഹാവൈഷമ്യം
ഗുരുകൃപമൂലമതും പരമറിവാൻ മമ
സുകൃതവരവാൻ വരമരുളേണം;
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾ നൽകീടേണം;
നഗവരനന്ദിനിമാതൃമതാം
ഭഗവതിസതതം കാത്തരുളേണം;
വിഗതകളങ്കം കവികളുരപ്പാൻ
മികവുനമുക്ക ലഭിപ്പിക്കേണം,
അംബരതടിനീനിലയനിലീനമൊ-
രംബുജനയനം നയനാനന്ദം
കംബുകരാംബരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകും
ഉലകുജയിച്ചുജയശ്രീകലരും
കലുഷഹരമാകിന കുവലയനയനൻ,

മൂഷകടെപെരുമാളവനീ പതികുല
തിലകമതാകിന മന്നരിൽ മന്നൻ,
വലരിപുസന്നിഭനംബുധികാഞ്ചി
വലയിതമാകിന വസുധാചക്രം
കുലബലയാജനപൌരുഷശാലി
നലമൊടു വാണു വസിക്കും കാലം;
പാരിൽദ്രവ്യവിഭൂതിപെരുത്തും
ദാരിദ്ര്യംബത കേൾപ്പാനില്ലാ
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിനു ഭംഗവുമില്ലാ;
മൂർഖതയില്ലാ ദൂഷണമില്ലാ
മൂർഖതയുള്ള ജനങ്ങളുമില്ലാ
കല്മഷമില്ലാ കശ്മലരില്ലാ
കർമ്മങ്ങൾക്കൊരു ബാധകളില്ലാ,
വഞ്ചനയില്ലാ വൈരമതില്ല
വാഞ്ഛിതമെന്തവരാ
ചഞ്ചലമില്ലാ ചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്പവുമില്ലാ,
നിന്ദകളില്ലാ നിഷ്ഠുരമില്ലാ
നിന്നനിലയ്ക്കൊരിളക്കവുമില്ലാ,
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരതതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണരാക്ഷസഘോഷണമില്ലാ,
ഏഷണിയില്ലാ എതിർപടയില്ല
ഏഷണരോഷവിരോധമതില്ലാ
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരു നാമവുമില്ലാ;
കുത്സിതമില്ലാ കുടിലതയില്ലാ
കുസ്സാളബാലകജനമില്ലാ;
ശണ്ഠകളില്ലാ ശാഠ്യകളില്ലാ
ചണ്ഡികളാകിന മാനുഷരില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ല
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ;
വ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണം പറയാത്തവരില്ലാ;

ലാഘവമില്ലാ ലാലസമില്ലാ
രാഘവസേവകരല്ലാതില്ലാ
വിഷമതയില്ലാ വിഷമമതില്ലാ
വിഷയങ്ങളുറ്റുപിടിച്ചവരില്ലാ,
പിഴകളുമില്ലാ പിശകുകളില്ലാ
പിഴകിപ്പോയ ജനങ്ങളുമില്ലാ,
കണ്ടകനില്ലാ കർക്കശനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ,
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാർക്കൊരു വിനയില്ലാ
ധർമ്മപ്പെരുമാറ്റം പണ്ടു നടന്നൊരു;
ധർമ്മത്തിന്നൊരു പിഴകൂടാതെ
തന്മകനതിലൊരു പത്തുമടങ്ങു സു-
ധർമ്മസമൃദ്ധിവരുത്തിവസിച്ചാൻ
നെല്ലും പണവും പൊന്നുമതീവ-
യെല്ലാമനവധിവർദ്ധിച്ചതിനാൽ
ഇല്ലങ്ങളിലൊരരിക്കമൊഴിഞ്ഞി-
ട്ടില്ലെന്നായിതു വിപ്രന്മാർക്കും
വിത്തും നെല്ലും വാരിക്കോരി-
പത്തായങ്ങൾ നിറച്ചൊരു ശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തൊഴിയുന്ന ഗൃഹസ്ഥന്മാരും.
പെരുവഴിപോക്കർക്കൂണുകൊടുപ്പാ-
നൊരുവനുമില്ലാതെ ക്ഷിതിതലമാം;
ഒരു നാഴിക പുലരുന്നതിൽ മുമ്പേ
ചോറും കറിയും വെച്ചുണ്ടാക്കി
പെരുവഴി പോക്കർ വരാഞ്ഞിട്ടവരെ
പെരുവഴി നോക്കിയിരിക്കും സരസർ.
അക്കാനനത്തിൽ വഴി പോകുന്നോ-
ർക്കൊരു വൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കർപോരും ഞൊടുക്കഴിക്കാ-
തൊരുകറിയല്ലാ രായപോകലും;
കറിയരിവെച്ചു വെള്ളത്തൊരു ചോറും
കറികളുമത്ര്യം ഘൃതവും കൂട്ടി-
നിറയെക്കൊടുക്കും കഴിക്കും പരിഷകൾ
കരയല്ലൻപതു ലക്ഷം ദിനവും.
പട്ടന്മാർക്കിഹ ചോറുകൊടുപ്പാ-
നൊട്ടല്ലാതെ മൂഷകടെ മന്നൻ,

വട്ടം പലവക പച്ചടികിച്ചടി
പട്ടറ്റീടിന പാറ പരിപ്പും
വണ്ണൻ പഴവും പപ്പടവും പല
കണ്ണൻ പഴവും കറികളുമെല്ലാം
തിന്നും മധിതഘൃതപാലുമുള്ളതുമി-
വണ്ണം പ്രബലിതമല്ലാതെ ഘോഷം
നന്താഴത്തിന കാച്ചിയതാതം
പുത്തൻ മാങ്ങാനാരങ്ങാക്കറി
മത്തങ്ങാക്കറി മറ്റും പലവക
നിത്യവുമിങ്ങിനെ ഭോജനമായും
കുത്തുണ്ടൊരുദിശി പാട്ടുണ്ടൊരു ദിശി
കൂത്തുണ്ടൊരുദിശി കീർത്തനമൊരുദിശി
ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യാ
കൊട്ടും കോലടി ചെപ്പടി തപ്പടി
തട്ടിന്മേൽ കളി തകിലും മുരളും
നാടകനടനം നമ്പ്യാരിൻ താളം
പാഠകപഠനം പാവക്കൂത്തും
മാടണിമുലമാർ മറ്റുദിനിയാട്ടം
പടവാമറിന പലപല മേളം
ചന്തംതേടിന പള്ളൂംഗമൊല്ലൂ-
മത്താറടീനം വാകിടക്കളിയും
പന്തടി വീണാ വേണുനാദവും
പിന്നും പോരണി ... വിധവും
അന്തണവരരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പാഠമസരവാദം
സന്ധിതുടങ്ങിനനയശാസ്ത്രങ്ങളു-
മെന്തിനു ചൊന്നാലില്ലവസാനം
മതികളനവധി കോലാട്ടുകളും
ചന്തിനിറഞ്ഞൊരു കതിരപ്പടയും
ലന്തരത്താക ചാകിരത്താകകർ
കുന്തം ചവളം വില്ലും തേരും
ആയുധവാഹനവിഭവം പാരാവാ-
നായിരമാനമുള്ളവനും പണി;
മായവിതന്റെ മകനാം മന്നവ-
നായതനയനൻ വാണൊരു കാലം
നായന്മാരുടെ വീടുകൾ തോറും
മായാഭഗവതി വിളയാടുന്നു,

കായസ്ഥന്മാരെച്ചൂന്മാക്കൊരു
കായക്ലേശവുമില്ലക്കാലം.
നാഞ്ചു പാറ്റുള്ളൊരു കണ്ടത്തിൽ
പുഞ്ചവിതച്ചു വിളഞ്ഞതു കൊയ്താൽ
നാഞ്ചുജനത്തിന ചെലവു കഴിക്കാ-
മഞ്ചുനമാരേഴും മാസം മുഴുവൻ
തഞ്ചിലപൂകളും വിത്തും കുലിയു-
മമ്പോരതെ കണ്ടം കഴിച്ചാൽ
നാഞ്ചോ പാരത്താ വാട്ടുകൊടുപ്പാൻ
വാങ്കരിച്ചാലുമതിലുണ്ടാവും;
കണ്ടങ്ങളിലുഴവെന്നു ക്രമാ-
ളുണ്ടാമനവധി നെല്ലു കാലം.
കണ്ടങ്ങളിലുളവാം വിളവുളവെ
കണ്ടവരില്ല കൃഷിക്കാരന്മാർ
പ്രജകളെ രക്ഷിപ്പാൻ വിതയുള്ളോ-
രെജമാനന്മാരതി സാമന്മാർ
ദ്വിജവരരെകതിയുമൈത്രവിശേഷം
വിജയസമർത്ഥന്മാരവരെല്ലാം
നാരികളോടു വിചാരിച്ചിട്ടൊരു
കാര്യക്ലേശവുമന്നില്ലെങ്ങും
നേരല്ലാതൊരു സംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം
അപരാധികളൊരുത്തം വാങ്ങി-
ട്ടപരാധത്തെ മറയ്ക്കയുമില്ലാ
ഉപകാരം ചെയ്തവരത്തെന്നോ
കൃപകൂടാതെ ചതിക്കയുമില്ലാ;
ദുഷ്ടന്മാരുള്ളൂ ധനവാനെങ്കിൽ
ദൂഷണമെന്നൊരു ഭാവവുമില്ല.
എന്തിനി കേട്ടിട്ടജമാനൻ ചതി-
മിന്നിനി കാട്ടുകയില്ലയു കാലം;
ജാതികലർന്നതയില്ലാളുമുളളു
ചെയ്തിടുന്ന ജനങ്ങളുമില്ലാ,
കോട്ടക്കച്ചുമണ്ണുപ്പാടൻ വക
കോട്ടാറൻ പലതൂപ്പട്ടികളും
കട്ടിക്കാവണികൾ പലതരങ്ങളു-
മെട്ടുമുളം പലരാസാരൻ മുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കും പട്ടന്മാർ ചിലർ

നാട്ടിൽ നടന്നൊരു വാണിഭമെന്നും
കേട്ടിട്ടില്ലക്കാലത്തിങ്കൽ
ഏഴുവെളുപ്പിന്നൊരു കളിപ്പൂരു
പാഴുവരാതെ കഴിക്കും നിയമം
താഴുകയില്ലൊരു ദിക്കിലുമെന്നാ-
ലൂഴിയിലുള്ള മഹാവിപ്രന്മാർ
ഉലകിനിവണ്ണം പൊലിമവരുത്തി-
ക്കലബലഭൂഷണമുലകടെ പെരുമാൾ
പലപലമന്ത്രികളോടിടകൂടി
പലസുഖസൗഖ്യം വാണരുളുന്നാൾ
ഒരുദിനമരചൻ നരവരസഭയിൽ
പരിചൊടുമണിസിംഹാസനമേറി-
പ്പരിണതരാകിന മന്ത്രികളോടെ-
ന്നരുളിച്ചെയ്താനിതുസാദരൻ;—
"മധുരയിൽ മന്നവനെന്നൊരു പെരുമാൾ
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്യാ-
നിതിലൊരു പുരുഷനതെന്നൊരുമതമോ?
മതിമതിയെന്തിനനർത്ഥമിതെന്നൊരു
മതിമാന്ദ്യേന വസിച്ചീടുകയോ?
അതിനുത്തരമാൽ ചെലവിടുവാൻ ഞാൻ
മതിയല്ലെന്നൊരു ദുർബ്ബോധം കൊ-
ണ്ടതിയായിട്ടൊരു സന്താപത്തിനു
മതിമാന്മാരടിച്ചീടുകയോ?
മാതുലനെവെട്ടിക്കൊന്നൊരു
പാതകിയാമവനവനിവെടിഞ്ഞു-
പ്രേതപുരത്തിലിരിക്കണമിന്നതി-
നേതുമിനിക്കൊരു സംശയമില്ലാ.
ക്ഷോണീപതിയന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങു നശിച്ചു തുടങ്ങി
നാണം കെട്ടൊരു കോണിലിരിപ്പാൻ
ആണുങ്ങൾക്കിതു ഗുണമായ്‌വരുമോ?
ഊണുമുറക്കവുമെന്നിയെയൊരു തൊഴിൽ
കാണുന്നില്ലിഹ നിങ്ങളിലൊന്നാ-
ക്കണ്ണവിലോചനമാരെപ്പോലെ
വാണാൽ മതിയോ? മതിമാന്മാരേ!
ഊൺകഴിപ്പാനടവിയിലുടനെ
നുണനടക്കും ശ്രേഷ്ഠാവും മതി,

അന്നങ്ങൾക്കു പിറന്നവനീവിധ-
ഗുണങ്ങളൊന്നുമൊരുന്നായില്ലാ
ക്ഷീണതകന്നു തനതിടപാടെ-
ന്മാനംകൊണ്ടു തകർത്തവരുടെ
ശോണിതശോണമതാകിന ദേഹം
ക്ഷോണിയിലിട്ടു പിരട്ടിശപ്പാവിന്നൊ-
ന്നുണിറ നൽകി സ്വാമിയെ വന്നഥ
താങ്ങവണങ്ങിത്തരസാകിട്ടമൊ-
രോന്നപ്പടകയുണ്ടുള്ളതുവാ-
ണ്ണരുതേ പുനരുണ്ണാനറിവിൽ"
ഇത്ഥം നൃപനുടെ വാക്കുകൾ കേട്ടതി
വ്യഥനതാകിന മന്ത്രിപ്രവരൻ
സഭയെഴുന്നേറ്റിലർ കൂപ്പി-
ട്ടുത്തരമിതുമൊന്നറിയിച്ചാൻ:—
"അരുളിച്ചെയ്തതു സത്യമിതൊന്നും
നിരുപിക്കാതുയമല്ലടിയങ്ങൾ,
കുരുസുതരാകിന്നരുനുവരെപ്പോ-
ലൊരുതൊരു സാഹസമെന്നൊരുപക്ഷം;
നരപതിധർമ്മജനാരുമൊരു
പരിചൊടുവിപിനേ വാഴുംകാലം
ഉരഗപതാകനും സഹജന്മാരും
തങ്ങടെ വിഭവം കാട്ടാൻ
പൊരുകിനപോഴും കർണ്ണനും തഴിയും
കരിതുരഗങ്ങളുമെന്നൊരു ഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരുപിക്കാതൊരു നാണക്കേടഥ
വിരവൊടുകിട്ടീതലയും താഴ്ത്തി-
പ്പുരിപുക്കാരതു കേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനലകടെ പെരുമാൾ
"അതുമാത്രം ഞാൻ കേട്ടിട്ടില്ലാ
പെരുകിനകൗതുകമുണ്ടതു കേൾപ്പാൻ
പരിചൊടുതൽക്കഥകഥനം ചെയ്ക"
അരുളപ്പാടതു കേട്ടൊരു സചിവൻ
കരതളിർകൂപ്പിക്കഥനം ചെയ്താൻ;—
"എതിരില്ലാതൊരു നാഗപതാകനു-
മ്മതിരേതിയേറിന ശകുനിയുമുടനെ
പാകജലോചനപാദാംബുജമധു-
ഭൃംഗമതാകിന ധർമ്മാത്മജനെ

കള്ളച്ചൂതുകൾ കൊണ്ടു ചതിച്ചു-
കള്ളന്മാരിവരടവിയിലാക്കി;
വെള്ളക്കേടും പെടും രാജ്യവു-
മുള്ളപദാർത്ഥങ്ങളശേഷമടക്കി
ഉള്ളതടിച്ചു തകിച്ചു മദംകൊ-
ണ്ടുള്ള നിരാശ്രയ കവിത്തൊടും മല-
വെള്ളത്തിരകൊണ്ടിരവും പകലും
തള്ളിയലച്ചും പാരിതാപത്താ-
ലുള്ളത്തിൽ പുനരെന്തെ പൂവൊരി-
ലെല്ലാരും ബാഹ്യമാനം കൂടാ-
തുള്ള ശരാസനമോടെതിർക്കി
അങ്ങിനെയങ്ങു വസിക്കും കാലം;
ധർമ്മതനൂജനാമന്നവനാകും
പെൺമണിയാളും ഭ്രാതൃപരിവാരം
നിർമ്മലരാകിന വിപ്രന്മാരും
ശർമ്മദമാകിന ധർമ്മാരണ്യേ
നിർമ്മലതീർത്ഥജലങ്ങളുമാടി
ധർമ്മികരാകിയ താപസവരരുടെ
സമ്മാനത്തെ ലഭിച്ചു ലഭിച്ചും
കിർമ്മീരാസുരനിധനാനന്ത-
രമതിഘോരവിപിനാന്തരം
സന്തോഷത്തൊടു വന്നവിടെത്തി
ശാന്തന്മാരവരങ്ങനെ തന്നെ
സന്തതസുഖിച്ചു നിതാന്തമനോഹര-
കാന്താരനിജകാനനവിഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രത്യുജ്ജ്വലരൊരു ചെന്താർമകളുടെ
കാന്തനതാനും കാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദം-
നന്ദിരന്തരതരമാം ഭോ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്തരണം ചെയ്തവിടെ വസിച്ചാർ.

മട്ടമാറി.

അക്കാലം ദുര്യോധനൻ ചൊല്ലേറുന്നനുജ-
ന്മാരും
അർക്കാത്മജൻ കർണ്ണനും ധിക്കാരി ശകുനിയും
ഉൾക്കാമ്പിലുള്ള വൈരമൊക്കെപ്രകാശിപ്പിച്ചു
തക്കത്തിലൊരു ദിക്കിലൊക്കെത്തികണ്ടുകൂടി
പൊക്കത്തിലുള്ള പുരിപുക്കാശു ചെന്നിരുന്നു-
സത്ക്കാരങ്ങളും ചെയ്തു സൽക്കൌതുകവും പൂണ്ടു
നില്ക്കുന്ന കർണ്ണന്റെ കൈക്കുപിടിച്ചു മെല്ലെ
ചിക്കെന്നു പലപല വാക്കുകളുരചെയ്തു
വെക്കെന്നു സുയോധനൻ ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരൂപിച്ചിതൊക്കെസ്സുഫലമായി;
ഭോഷ്ക്കല്ല യുധിഷ്ഠിരനൊക്കെപ്പോളിപ്പ-
യോഗം
ആർക്കും വരുന്നതല്ല; പാർക്കുന്നതവരെക്കാട്ടി-
ലാക്കാനുള്ള പദമൊക്കെയും മാതുലനല്ലോ-
താക്കാനം സാധിക്കയോ!
ഊക്കുള്ള ഭീമസേനൻ തോല്ക്കുമെന്നിരുന്നാലും
ആർക്കും നിനവില്ലയും ഇക്കാര്യം സാധിച്ചല്ലോ.
വമ്പൻ വാഴക്കുലയതു തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ കൂട്ടിൽ
കണ്ണുമടഞ്ഞു വിറന്നു തളർന്നൊരു
മണ്ണിൽ വീണു കിടന്നുഴലുന്നതു
കണ്ണുകൾ കൊണ്ടതു കണ്ടു രസിപ്പാൻ
കർണ്ണാ! കൌതുകമില്ലേന്നില്ലീ?
കർണ്ണസുഖം പുനരവരുടെ വാർത്താ-
കർണ്ണനമാത്രമതും മതിതാനും
ഒട്ടന്നാളിലൊരുത്തനെ വിരവൊടു
വിട്ടീടുകനാമെങ്കിലിദാനീം
കാട്ടിൽ ചെന്നവനവരുടെ ചേഷ്ടികൾ
ഒട്ടൊഴിയാതെ ഗ്രഹിച്ചു വരേണം;
കാട്ടിൽ നടക്കും കാട്ടുമൃഗത്തെ-
ക്കാട്ടിൽ പരവശരാവരവരുടെ
പട്ടിണിയിട്ടു നടക്കുന്നവരുടെ
ചട്ടമെല്ലാം കേട്ടു രസിക്കണ-
മൊട്ടും താമസമതതിനിനിഹ
വട്ടം കൂട്ടുകവിരവൊടു കർണ്ണാ!
കോട്ടമതില്ലാതൊട്ടനെയുടനെ-
ക്കാട്ടിനു പോവാൻ വിട്ടീടുക നീ,
നന്നായ്ക്കതിരുവുള്ളൊരു പൂതനെ-
യിന്നു നിയോഗിച്ചിടണമതിനായ്"-
എന്നും തിരിയാത്താളുകളെവിടെ
മന്നവനവരെന്തിന്നു കൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാൽ
ഒന്നിനുമൊരു ഫലമതില്ലല്ലോ,

ഒന്നിനുമെച്ചമതു-സാധിക്കി-
ല്ലെന്നല്ലമളിയുമൊന്നു വരുത്തും,
തന്നത്താനറിയാത്തൊരു കൂട്ടം
വന്നു നിറഞ്ഞു നമ്മുടെ നാട്ടിൽ
എന്നുടെ മുതലുമുടിപ്പാനിപ്പോൾ-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു,
നായ്ക്കണക്കിനു കൂടാതെയവർ
കട്ടിപ്പട്ടരെയെന്തുമിടിക്കും,
പട്ടിണിയെന്നു നമ്മുടെ പിള്ളേ-
ർക്കൊട്ടും തന്നെ സഹിപ്പാൻ മേലാ,
വെട്ടമെടുക്കും മുമ്പേയവർകൾ
ചട്ടിപ്പുരമെത്തു ഭുജിക്കും
കുട്ടന്നതും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരു പലപ്രഥമം,
കൊറവകഴിച്ചൊരു തെക്കൻ മുളകും
ചുററിയുതിർത്തൊരു തൊലിയുമുരുക്കി
വെററിലതിന്നു മുഴപ്പിച്ചുംകൊ-
ണ്ടേററം തിരിക്കും രസികന്മാരായ്,
കുററങ്ങൾ മന്ത്രിമാരുടെ വീടുകൾ
പററിപ്പുകിലുപറഞ്ഞു രസിച്ചും
വെററപിടുങ്ങിത്തിന്നുമവരുടെ
കുററമുരച്ചു ചിരിച്ചുതിരിച്ചും,
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയിലകൊൾവാൻ
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നാർത്തി-
ട്ടുരിയാട്ടകയില്ലറിവുള്ളവരും;
അറിയാത്തവരിവരൊരുവർക്കും വഴി-
തിരിയാപ്പെരിയ ജനത്തിനുപോലും;
കുടിയന്മാരിവരാകൃതികണ്ടാൽ
കുടിയന്മാരൊരു വേലയെടുപ്പാൻ
മടിയന്മാർ പലജനമുണ്ടിഹ കഠ-
കുടിയന്മാർവരെന്നി[illegible]ം,
ചോറുകൊടുക്കും യജമാനകൾ
ക്കൂറുള്ളവരിഹ പാരമെറെയും
മാറുകയില്ല പറഞ്ഞാലെന്നാ-
ല്ലേറുകയേ വരുദിവസംതോറും,

ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോരാളുകളുടെ ധിക്കാരം കണ്ടാൽ;
നൂറുജനത്തിലൊരുത്തനുനേരെ-
ല്ലിവരെന്നു പെരുത്താകുന്നോ-
തോണികടന്നാൽ തുഴകൊണ്ടെന്നൊരു
നാണിയമുണ്ടു മോഷ്ടില്ലതും,
ഊണുകഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപോലും,
കാണുകയില്ലെന്നല്ലതിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
നാത്താഴത്തിന്നിലവെയ്ക്കുമ്പോൾ
എത്താത്തവരുടെ പിലകൊണ്ടീടാം
പത്താലും വരുമസ്ഥിയതെന്നാൽ
ഒത്താലിങ്ങു വെപ്പാകുന്നു.
കുറില്ലാത്തവരെകിലുമിവരുടെ
ചോറുമുടക്കാൻ മടിയാകുന്നു
നീരം കണ്ണുവളർന്നീടുമ്പോൾ
ആരും മേന്മതിലില്ലാനിക
ഇവ്വിധമോരോന്നോ ചൊല്ലിനാൽ
കേവലമിതിനൊരു നേരുമുള്ള-
ദൈവികമുള്ളൊരു ദൂതനെവിരവോടു
പോവതിനായി നിയോഗിച്ചാലും
ആളുകേട്ടൻപൊരു രാധാനായൻ
മതിമാനാകുമൊരുത്തനെ വിരവൊടു
ഹിതമൊടുമെല്ലെ വിളിച്ചു വരുത്തി
ക്ഷിതിപതിശാസനമെന്നാരൊ ചൊല്ലാൻ.

ഒട്ടൻ വചനമതു കേട്ടൻപൊരുസമസ-
നൊട്ടും മടിക്കാതെ മാട്ടം തുടങ്ങിയൊരു
കോട്ടംവരാതെ ചെന്നു കാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടെ കൂട്ടത്തെയവനെത്തും
കൂട്ടാക്കാതെ കണ്ണോരോകൊട്ടിൽതിരിഞ്ഞുമല-
മുട്ടിൽ നടന്നു പല തോട്ടിൽ ചില വലിയ
മേട്ടിൻമുകളിലോരോ കോട്ടിൽമുനികളുടെ
കൂട്ടത്തെക്കണ്ടുകണ്ടങ്ങൊട്ടുനേരം ചെന്നപ്പോൾ
കേട്ടുദൈവതകമെന്ന കാട്ടിൽ മരുവീടുന്ന
ശ്രേഷ്ഠന്മാരായുള്ള യുധിഷ്ഠിരാദികളെന്ന

ദൈവതതരുസുഖരസികന്മാരായ്
ദൈവതവനത്തിൽ വസിച്ചരുളീടും

ശീതകിരണകുലതിലകന്മാരാം
ഭൂതലഖ്യാതനാം പൃഥാസുതന്മാർ
പാർത്ഥന്മാരവരിതാനന്ദമു-
ത്തീർത്ഥന്മാരതി പാവനമാകിന
തീർത്ഥസ്നാനം ചെയ്തു സുഖിച്ചോര-
നർത്ഥം കൂടാതിഹ വിലസുന്നു.
വാർത്തകളിങ്ങനെ ശ്രവണമറിഞ്ഞതി-
ധൂർത്തനതാകിന കുരുസുതപൂതൻ
പാർത്തിരിയാതെ തിരിച്ചു നടന്നഥ
പാർത്ഥിവനഗരം പുക്കാനന്നേ
കർണ്ണാദികളൊടുകൂടിസ്സഭയിൽ
സ്വർണ്ണാസനവരമേറിവസിക്കും
കർണ്ണജപനാം ദൂതനാമിങ്ങനെ
കർണ്ണേചെന്നു പറഞ്ഞറിയിച്ചാൻ.

ആനന്ദഭൈരവി—ചെമ്പട

(പല്ലവി)

"കേട്ടാലും വീര! കേട്ടാലും!
കേട്ടാലും ദുരിതശാന്തികേവലമനുജന്മാരാം
ഗുരുകടാക്ഷ പരമഭാഗ്യമുള്ളവ-
രൊരുദുരാധി വരികയില്ലെന്നോ വാ! (കേട്ടാലും)
കൌന്തേയന്മാർ സന്തോഷം
കാന്താരേ വസിക്കുമ്പോളും
സന്താപമവർക്കില്ലെങ്ങും
കനിവിയന്നമുനിജനങ്ങളോടവ-
രനിശമേവ വാണുനർമ്മേണ ചിന്തിച്ചു (കേട്ടാലും)
ദൈവതകാരുണ്യമേറുന്ന,
കൈതവങ്ങളവരോടു
ചെയ്തതൊന്നും ഫലിച്ചീല
കരുണയുള്ള നരകവൈരിതന്നുടെ
ചരണമൊന്നു ശരണമിന്നവർക്കിഹ (കേട്ടാലും)
തീർത്ഥങ്ങൾ തോറും പാർത്ഥന്മാർ
സാർത്ഥമാക്കി നാലാം പുരു-
ഷാർത്ഥമവരാത്തമോദം
സരസിജാക്ഷചരിത സാത്വികീർത്തന
വിതതമായി (കേട്ടാലും)
ദുരിതമായതൊക്കവേ
കാടുകൾ തന്നെ വീടുകൾ
തോടുകൾ നദികൾ നല്ലകോട്ടകൾ പലതുണ്ടു
അരിവിയാനമതികയുണ്ടു നല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടുകൊറ്റിനാ-
ജന്തുക്കളെല്ലാം ബന്ധുക്കൾ (കേട്ടാലും)
ശാന്തികലർന്നുള്ളും വന്നാ-
ക്കന്തോഷം പ്രാതലുനർക്കും
നാടുവിവാസമപ്യുതമാമെന്നൊരു
കഷ്ടമില്ല തരമില്ലവർക്കിഹ (കേട്ടാലും)
ഉത്സാഹം പൂണ്ടു മേവുന്ന
മത്സരം കൂടാതവർ വത്സരം പതിനൊന്നായി
വിരവിലിങ്ങു വരുവതിനു സംഗതിവരുമവർക്ക്
കരുതിവാഴുകൊള്ളുക!

മട്ടമാറി.

ഓട്ടൻ വന്നു പറഞ്ഞൊരു വാക്കുകൾ
കേട്ടുകയർത്തുരചെയ്തു സുയോധനൻ
"പട്ടകം പൂരതിലായുള്ളൊരു
ഭട്ട! നില്ലിനിയെന്തറിയാം?
നിന്നോടവരുടെ ഗുണദോഷങ്ങളി-
ലൊന്നും ഞാനിഹ ചോദിച്ചീലാ
ഒന്നിനയച്ചാലതുമാത്രം
വന്നു പറഞ്ഞീടുകിലതുപോരും
പോടാ നിന്നുടെ ദുശ്ശാമർത്ഥ്യം
കൂടാ നമ്മോടുകളികളോരോ!
പാടവമേറിന പാണ്ഡുസുതന്മാ-
രോടിക്കൂടി നടന്നാലും നീ;
നമ്മുടെ ചോർത്തിനനൊരു മൂഢൻ
നമ്മുടെ വൈരികളിൽ ബഹുമാനം
നമ്മുടെ ദോഷവുമവരുടെ ഗുണവും
വെൺമയിലുരചെയ്തീടിനമൂഢ!
കാട്ടിൽ ചെന്നവരൊടുകൂടി
കഷ്ടനിതിന്നകിടന്നാലും നീ
കൂട്ടക്കാരെക്കുറിയില്ലാത്തോര-
ചേട്ടക്കാരനൊരിടയില്ലെങ്ങും
ചോറൊരിടത്തിൽ കൂറൊരിടത്തിൽ
വേറതിരിച്ചു ഗ്രഹിപ്പാറായി
ഏറിപ്പോം പറയുമ്പോളിക്കഴ-
വേറിക്കിട്ടതൊഴിപ്പാൻതോന്നും
മാറ്റാരിൽകനിവേറാനുള്ളൊരു
ക്രൂരരേക്കാൾ മാറ്റാർനല്ല
ഉപ്പുപിടിച്ചുപരാർത്ഥതക്കാർ
ഉപ്പിനുപുളികറയും പറയുമ്പോൾ

അപ്രിയമായ്‌വരുമെങ്കൊന്നും ചെ-
മിപ്പതിഷ്ടമതാവില്ലാവിവിൻ!
ഇക്കൂട്ടത്തിൽ പരിപാവനമായ പ-
ന്ത്രണ്ടുചെയ്തന്നിഹരതാനും
അക്കൂട്ടത്തിൽ ചെന്നിടപെട്ടാ-
ലിക്കൂട്ടം ചിതമെന്നുംതാനും
ദുഷ്ക്കുലജന്മാപാപികൾവ-
ന്നിക്കൂട്ടത്തിൽ നിറഞ്ഞുകഴിഞ്ഞു;
യോഗ്യരല്ലാതവരെ വിശ്വാസം പൂണ്ട-
രിക്കാലത്തുനമുക്കില്ലല്ലോ
ഇങ്ങനെയൊന്നിനിവിങ്ങുന്നേരം
ദുർജ്ജനമതിനൊരു ഭൂഷണമേറ്റം
സജ്ജനമെന്നുപരാങ്കകരയും
പങ്ക്തമനസ്സുകളേറെസ്സഭയിൽ
ഇതുകൊള്ളാമെന്നൊരുവരപക്ഷം
അതുകൊള്ളാമെന്നപരനപക്ഷം
ഇതുരണ്ടും ചിതമല്ലന്നും ചില
മതമുണ്ടാപ്പുതമങ്ങനെയുള്ള;
കള്ളച്ചൂതുകൾ നാട്ടിലനേക-
ന്തുള്ളതൊരെണ്ണം കേട്ടിട്ടില്ലാ,
കള്ളന്മാരുടെവാർത്തകളെല്ലാം
കള്ളന്മാർക്കേ ബോധമതുള്ളൂ
ചോദ്യകർമ്മിക്കാതെകൂതാനോരാ
ചൂതുകൾപൊരുവാൻ വാസനയില്ലാ,
കൗതുകമെന്നുപറയും താനും
വാതുകൾ പറവാൻ കാരണമുണ്ടാം,
വാതുപറഞ്ഞു കൊടുത്തതരംതോറും
മാതുലനിങ്ങുകരസ്ഥമതാക്കി
കൈതവമെന്നുമാതുലനിവിടെ
ചെയ്യുതിലൊന്നും തോന്നുന്നീല
പണയംതന്നു വാങ്ങാതെങ്കിൽ
പണയംപറയുന്നതിനു പാരിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൈവെടിയാത്ത ജനമില്ലല്ലോ
ഗുണവാന്മാരൊരബദ്ധം ചെയ്താൽ
ഗുണമേ ചൊല്ലുവനൊരു ബോധക്കാരൻ,
പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിയെ ചെയ്യുന്നതുപഹതിവയമം,
ചൂതിൽചെയ്തതു പിന്നെയൊരുനേരം
കൈതവമെന്നൊരു വാർത്തനടത്തി
ഏതുമതിറിയാത്തവർ പറയുന്നതി-
ലേതുമിതിക്കൊരു ഭീതിയുമില്ല
ഇവരാംപുനരതുനേരെന്നാർത്തി-
ട്ടവരുടെഗുണഗണമുരചെയ്യുന്ന
വേദനമൂലത്തിലും നന്ദിവേദം
ഇവനല്ലിപ്പാരതന്നെന്നാലപ്പാൻ"
ഇത്തരമങ്ങുകയർത്തുപറഞ്ഞതി-
നുത്തരമവനൊന്നുരചെയ്തീലാ
സത്വരമവനിയിൽ വീണവനങ്ങി
ദ്ദുശ്ശാസനകോപമൊന്നുശമിച്ചു,
ഗാന്ധാരീസുതരടനേപുനരപി
ഗാന്ധാരാദികളോടുരചെയ്താൻ
"കൗന്തേയന്മാരവർ പുനരിനിയും
കാന്താരാന്തരമങ്ങുകഴിഞ്ഞാൽ
മാനാവമരാഹമൊന്നരതുറ്റം
ക്രൂരൻ ചിലരെക്കൂട്ടിക്കെട്ടി
പ്പോരാടുകൊല്ലുവിപ്പാവനരാടം-
ഭയമോന്നാലിനിയില്ലാൻവിഷമം
കാര്യനിർമ്മക്കുന്നവർ പുലിപോലെ
പിന്നീടാണെത്തു പിന്നെങ്ങുനേരം
രാരാതമരുകയില്ലല്ലിതാം?
ഊരാക്കാരവർ പലതരമല്ലോ,
ഇക്കൂട്ടത്തിലൊളിച്ചിരിപ്പാൻ
നോക്കിയിരിക്കുന്നതിനുപലതരം;
തക്കംവരണമെങ്കിൽ കപടിഞ്ഞാൻ
ചിക്കനുമൂലത്തിൽനിറവരികളേറ്റം
ഇക്കാലം ചിലകലഹത്തിൽക്കൂട്ടാ-
നൊക്കെക്കൂടിവിചാരിക്കുന്നു
ഇക്കാര്യങ്ങളൊക്കെവരുമ്പോൾ
ഇക്കഥയൊന്നറിഞ്ഞേപറവൂ"
ദുര്യോധനനുടെ വചനംകേട്ടഥ
വീര്യഗുണാംബുധി കർണ്ണനരുതാൻ
"ധൈര്യം പൂണ്ടുവസിച്ചീടേണം
കാര്യംകൊണ്ടു വിഷാദിക്കേണ്ടാ
നേർത്തുവരുമ്പോൾ പിന്നീടെന്നെ
ശത്രുക്കളൊന്നും നമ്മൊട്ടുക്കൂടാ

കൃത്തശരാവലികൊണ്ടെനവരെ
മൃത്യുപിടിപ്പാൻ ഞാനൊരുവൻമതി,
മറുപക്ഷത്തുവരുന്നജനങ്ങളെ
തറുതിപെട്ടുപ്പാനെന്തിഹബന്ധം?
കരനരിലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടുഫലിക്കയില്ലതും
അറിവുള്ളവനിഹ നമ്മുടെ ദുർവ്വിരുതുക-
ളറിയുവതിന്നൊരു സംശയമില്ലാ
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിന്നൊരു സങ്കടമില്ലാ,
കണ്ടാലറിയാത്തുള്ള ശഠന്മാർ
കൊണ്ടാലറിയും കളിയല്ലശഠാ!
വേണ്ടാത്തതിനുടക്കരുതരുതേ
വേണ്ടാസനമൊന്നെന്നൊരുക്കൂടാ;
ഗുണ്ടികടിച്ചുപടച്ചുവതെന്നൊരു
ചണ്ടിപ്പരിഷകൾമണ്ടിയൊളിക്കും
ശണ്ഠയുടന്നാലതിനൊരതിശയ-
മുണ്ടെന്നുള്ളതുബോധിക്കേണം
കണ്ടന്മാരിനിവന്നിഹനേർത്താൽ
ചെണ്ടക്കാരെന്നൊരുപേരുണ്ടാം
പണ്ടേക്കാരും പല വിക്രമപൌരുഷ-
മുണ്ടിപ്പോൾ മമ കൌരവവീരാ!"
ശകുനിയുമപ്പോളുരചെയ്താൻ മരു-
മകനേ! മതിമതി ഭീതികളെല്ലാം
പ്രകൃതിഗഭീരന്മാർക്കും ഞാനൊരു
വികൃതിവരുത്തുവതിന്നു സമർത്ഥൻ,
പാർത്ഥന്മാരിനി വന്നാലുടനെ
തീർത്തുരചെയ്യാമില്ലവിവാദം
തീർത്ഥസ്ഥാനമൊരതിപപ്പുവരം
പാർത്ഥന്മാർക്കിനിയുംകല്പിക്കാം
പിന്നെവരുമ്പോൾ പിന്നെയുമുണ്ടാ-
മെന്നുടെകൌശലമതിലുമൊരധികം
ചട്ടന്മനുജന്മാനുജന്മാരും
ചെട്ടകളെവരുമുള്ളൊരുകാലം
കാട്ടിലിരുന്നു പിരിഞ്ഞീടേണം
നാട്ടിൽ കറാനിനിയെളുതല്ലാ"
ഇങ്ങനെശകുനിയുമുരചെയ്തപ്പോൾ
തിങ്ങിനമോദം മനസി ജനിച്ചു
ഇംഗമഹാവാദകാരം പൂണ്ടു-
ജംഗമപങ്കജനാപുനരുരചെയ്താൻ
"കാട്ടിലിരിക്കും പാർത്ഥന്മാർക്കിഹ
കാട്ടിടേണം നമ്മുടെ വിഭവം
കൂട്ടിടേണം ബഹു പുരുഷാരം
കേട്ടിടേണമിതെല്ലാമെന്നും
കൊട്ടിടേണം ഭേരീപടഹം
ഞെട്ടിടേണം ഭുവനമശേഷം
തട്ടിടേണമകമ്പടിവടിവോടു
പൊട്ടിടേണം കലഗിരികഹരം
പട്ടുകൾതൊപ്പികളിട്ടുമുറുക്കി
പട്ടാഭിനിവട്ടംകെട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി
പെട്ടികളും പല പെട്ടകവും ചില
കട്ടകമെന്നിവാകട്ടിയെടുപ്പി-
ച്ചൊട്ടകവും ചില പട്ടിക്കുതിരകൾ
പട്ടണികൾ പല ചെട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
വട്ടംകൂട്ടിവരത്തിനപോവാ-
നൊട്ടുംതാമസമരുതിനി നമ്മുടെ
പുഷ്ടശ്രീയൊടുപൌരന്മാരവരെ
കാട്ടുവതിന്നു നമുക്കു സഹായം
നായന്മാരെവരുത്തീടുവതിനു
പോയാലും ചിലർ വേഗമിദാനീം,
ആയുധവാഹനകോപ്പുകളെല്ലാ-
മായതുപോലെ വരുത്തീടേണം;
നാട്ടിലൊരുത്തനുമിതിനുവരാത്തോൻ
വീട്ടിൽ ചോദ്യം കല്പിക്കേണം
കേട്ടവർ കേട്ടവർ കൂട്ടത്തോടെ
കോട്ടയിലെത്തിസ്ഥലമുപിക്കേണം
എങ്ങുനമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുതെല്ലുമില്ലാ
അങ്ങാടിത്തെരുവിൽച്ചെന്നറിയും
തേങ്ങാ മുളകും വാഴക്കായും
നായന്മാർക്കിഹചോറുകൊടുപ്പാ-
നായതിനുള്ള പദാർത്ഥമശേഷം
വിരവൊടുകൊണ്ടുവരേണമതിന്നായ്"
ഇതരജനംപോയീടേണം

പൂകയില വെററില കന്നുറും പല
വകയിൽ കള്ളു കാഴ്ചദ്രവ്യം
സകലപദാർത്ഥവുമിങ്ങുവരുത്തി-
ട്ടുന്നാഥനെ വണങ്ങീടേണം"
എന്നുകേട്ടൊരു നാട്ടുകാര-
രൊന്നൊഴിയാതെ പദാർത്ഥംകൂട്ടി
സന്നാഹത്താൽ കല്പനവാങ്ങാ-
നൊന്നുകൂടിവരാൻ തുടങ്ങി;
പുരുഷാരത്തെയറിയിപ്പാനായ്-
പ്പുത്തന്മാരെയയച്ചുതുടങ്ങി;
വിരുതന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങു നടത്തി,
കല്പനകേട്ടൊരു നായന്മാരും
കെല്പൊടുവന്നു നിറഞ്ഞുതുടങ്ങി,
അല്പമതല്ലാത ജലധികണക്കെ
തല്പരസീമ്നി പരന്നു നിരന്നു
തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി:—
"സംഗതിയെന്തിതു കേട്ടോ കൂവാ
ഇങ്ങനെ പുരുഷാരത്തെ വരുത്തി-
ട്ടെങ്ങു പടയ്ക്കു തുടങ്ങീടുന്നു?
കടുവാപന്നികളെത്താൻ തലമേൽ
വെടികൊണ്ടെങ്ങാൻ വീണിട്ടുണ്ടോ?
ഉടനേ നരിയെ നാം പിടിപ്പാൻ
പടയുംകൂട്ടിയൊരുക്കുന്നുണ്ടോ?
പടയിൽ ചെന്നു മരിപ്പാനിങ്ങൊരു
മടികൊണ്ടല്ലീ പറഞ്ഞീടുന്നു,
കടമുണ്ടെന്നതു പുത്തനിനിക്കതു
[illegible]
ഇതു പുതുമകളിപ്പോളിതിന-
ത്തോക്കൊരുതിക്കിൽ പണയംവെച്ചു
മാടക്കാരുടെ തടികനിന്നൊരു
തോക്കതുവാരിക്കൊണ്ടെന്നാൽ ചൊല്ലി
ആക്കാനുള്ളൊരു തോക്കും കൊണ്ടുവ-
ന്നാലായ് ചെന്നുമരിച്ചെന്നാകിൽ
തോക്കവർകൊണ്ടുതിരിക്കും വന്നക-
ടക്കാർ വീട്ടിൽ പാടകിടക്കും.
ചോട്ടൻ പണ്ടു പടയ്ക്കു മരിച്ചതു
കേട്ടിട്ടില്ലേ നിങ്ങളിലാരും?
എട്ടുജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ടപിടിച്ചു പിന്നെ മരിച്ചു
മറ്റൊരുനേരം പിടികിട്ടാത വെടി
കൊണ്ടു മരിച്ചെന്നതൊരു കേളി;
വാളില്ലെന്നല്ലെന്നുടെ വീട്ടിലൊ-
രാളില്ലിന്നിതു കൊണ്ടു നടപ്പാൻ
കാളക്കുഞ്ഞിക്ക നടക്കയിതെന്യേ
കേളച്ചൻക്കൊരു തൊഴിലില്ലിപ്പോൾ
നായന്മാരായുള്ളവൻ പിറന്നാൽ
ആയുധമൊന്നു തനിക്കായ് വേണം
ആയതിനൊരു വകയില്ലാത്തവനുടെ
കായം കൊണ്ടൊരു ഫലമില്ലറിവിൻ!
നെല്ലും പണവും മോഹിച്ചെന്നുടെ
വില്ലും കണയും പണയം വച്ചു
നല്ലചിതക്കാരൻ ഞാൻ താനിനി
ഇല്ലം വിററു കാപ്പും തിന്നും
ഇല്ലെന്നല്ലിതു മൂടിയന്മാരുടെ
ഇല്ലന്നില്ല നശിച്ചു നിൽപ്പൂ.
വല്ലാതുള്ള വിശപ്പു വരുമ്പോൾ
വല്ലതുവിററും കൊണ്ടു കഴിക്കാം;
ഇങ്ങനെയെല്ലാം മതിമതി നാമിനി
പോക്കം ചെന്നു മുഖം കാട്ടേണം
നോക്കാനായുള്ള യജമാനന്മാർ
വക്കാണിക്കമതൊത്തിടേണം.
രാവും പകലും കല്പനകേൾക്കും
നായന്മാർക്കൊരു കാലക്കേടിപ്പോ-
[illegible]
ളായതു ചെന്നാൽ കാര്യമുണ്ടാം
ഇഷ്ടം ചെന്നു പറഞ്ഞു മറിപ്പാൻ
ഒട്ടും മടിയില്ലാത്ത സമർത്ഥന്
കിട്ടും പലകുറി പട്ടും വളയും;
വെട്ടുംകുത്തുമിതിനു മുതിർന്നാൽ;
പണ്ടുള്ളവനപ്പട്ടിൽ വരുത്തി
ട്ടുണ്ടാമെങ്ങളും പറഞ്ഞു പലരും
പണ്ടെത്തിപ്പതും ചെകിക്കലുമാകാം;
കണ്ടവനെന്നതൻ വീട്ടിലുമാകാം;
സമ്മാനവൻ കൃഷികൊണ്ടു നടന്നു-
നമ്മാനില്ലെന്നറിയുന്നീലാ

നമ്മുടെ കാലത്തതിനും പിന്നെ
ഭേദാന്തരമായ് ചെല്ലുന്നീലാ;
ഇപ്പോൾ നമ്മുടെ കണ്ണുമെട്ടിപ്പാൻ
കള്ളനവനെന്നൊരു വഴികേട്
കള്ളംപറയുന്നോർക്കൊരു കാര്യംകൊ-
ള്ളിപ്പാനിങ്ങൊരു വകയില്ലിപ്പോൾ,
പണ്ടുപ്രവൃത്തി നടത്തിയ പരിഷകൾ
ഉണ്ടെന്നാലിതു വരികില്ലിന്നിയാ!
കണ്ടിച്ചോരുടെ കണ്ണുമെട്ടത്തു
കണ്ണിന്നിവരവുണ്ടെന്നാളും,
കണ്ണം പോയല്ലൊകൊണ്ടു നമുക്കൊരു
കണ്ണിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ണം പോയാലുണ്ടാകില്ലതു
കൊണ്ടു കരഞ്ഞൊന്നുണ്ടു വിഷാദം.
കണ്ണാലറിയാം കണ്ണവർ കൂട്ട-
ങ്ങടിതിതിനേരന്റെ പണ്ടപ്പിണ്ണിപ്പാൻ,
ചണ്ടികൾ പലരുമുണ്ടു കരേറി-
ക്കൊണ്ടുമതിക്കുന്നുണ്ടിഹ നാട്ടിൽ
ഇങ്ങിനെ പലപല വാക്കുകൾ ഘോഷി-
ച്ചിങ്ങിനെ വന്നിട കൂടിഭടന്മാർ
തിങ്ങിനപടയുടെ സംഖ്യഗണിപ്പാ-
നെങ്ങിനെ കുശലതമതിയാകുന്നു?
തോക്കുള്ളവർ പുനരൊക്കെച്ചെല്ലുന്നവെ-
ടിക്കൂട്ടങ്ങൾ പാക്കുന്നു,മനേ
ആക്കംപൂണ്ടു വെടിക്കുന്നു കൊ-
ട്ടക്കുന്നുണ്ടു തിടുക്കമനേകം,
തിക്കം വലിയ തിരക്കം പലപല
വാക്കും ചിലരുടെ മുഷ്കും ചൂട്ടാഴി
നോക്കും വിറവാട്ട വാക്കും വികൃതിക-
ളാക്കും പറവതിനാർക്കും പോരാ.
ഇത്തരമൊരതിരിഘോഷം പലവിധ-
മെത്രയുമുള്ളതരമന്നരചെയ്യും.
ഹസ്തിരഥാദികൾ വസ്തുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു
നായന്മാർക്കിലവച്ചു തുടങ്ങി,
ആയതു പറവാനവസരമില്ലാ
ആയിരമായിരമോരോകൂട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ
പന്തിനിരത്തിയിരുത്തുവതിന്നായ്
മന്ത്രികൾ പലരും കൂടിയിറങ്ങി
ഉന്തിയലച്ചു പിടിച്ചു വലിച്ചോരു
പന്തിപരാക്രമമൊക്കെയൊതുക്കി
പാലുകുടിച്ചു തടിച്ചു ജനത്തിന്
നാലുപുരം വെച്ചുമ്പോൾ വിയർക്കും
വെയിലും കാറ്റും കൊള്ളാതുള്ളവർ
പോലുമിതിന്നുരുകിച്ചു പോവൂ.
ഇലവച്ചുണ്ടു നിരന്നു തുടങ്ങി
വലിയരിവെച്ചു വെളുത്തൊരു ചോറും
പലപല കറിയും പഴവും നെയ്യും
നലമൊടു വളരെ വിളമ്പീടുന്നു.
വട്ടുച്ചക്കര ചേർത്തു കലക്കി
പട്ടക്കൂട്ടിന തെങ്ങാപ്പാലും
ഒട്ടുണ്ണിയവട്ടം പലവിധ-
മിച്ചമറിഞ്ഞു കൊടുത്തീടുന്നു.
കദൾവാഴപ്പഴമറിയുണ്ടൊരുവക
ഭടഭോജനമതുമതു കൂടാതില്ലാ.
വടിവൊടുഭക്ഷണമങ്ങു പിരിഞ്ഞഥ
പടഹമടിച്ചു വിളിച്ചൊരുമിച്ചു
കുരുപതിസുതനാം ദുര്യോധനനഥ
തനസോദരരുടെ സഹജന്മാരെ
പരിചൊടു ചെന്നു വിളിപ്പിച്ചപ്പോൾ
തെരുതെരെയവരും വരവു തുടങ്ങി.
ദുശ്ശാസനനും ദുഷ്കർണ്ണനും
ദുസ്സഹനും, ദുർമ്മർഷണനും
ദുഷ്കരനും ദുഷ്കുണ്ഡന മഹാ-
മേധാവും ദുഷ്പ്രസഹൻ താനും.
ദുർമ്മതിയും ജലസന്ധൻ കണ്ണൻ
ദുർബലിയുമഥ ദുർബോധകനും
ചിത്രൻ വികടൻ ചിത്രരഥൻ താൻ
ചിത്രബാണനും കനകധ്വജനും
ചിത്രശരാസന ചിത്രകനും സുവി-
ചിത്രൻപിന്നെച്ചിത്രാംഗദനും,
നന്ദൻ പുനരുപനന്ദൻ പിന്നെ
കുണ്ഡോദരനും ദൃഢവർമ്മാവും
കുണ്ഡൻ പിന്നെ മഹാകുണ്ഡൻ താൻ
കുണ്ഡവിഭേദിയുമപരാജിതനും

ദീർഘജങ്ഘൻ താൻ ദീർഘബാഹുവാം
ദീർഘൻ ദീർഘഭുജൻ ദീർഘാക്ഷൻ
ദീർഘാനനനും വ്യൂഢോരസ്കൻ
ദീർഘായുസ്സും ബഹുഭോജനനാം
ഭീമബലൻ ഗൂഢഹസ്തൻ ഭീമൻ
ഭീമപരാക്രമനാമവൻ താനും
എന്നു തുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂറ്റൊൻപതുപേരും വന്നാർ
വിരവൊടു ഭോജനമങ്ങു കഴിച്ചവർ
പരിചൊടു കോപ്പുകളിട്ടു തുടങ്ങി
പരിമളമേറിന കളഭമിഴുക്കി
പുരികഴൽ മാലകൾകൊണ്ടു മുറുക്കി
പെരുകിന കുറിതിലകങ്ങളൊരുക്കി
തലമൊട്ടതലമുടി ചികിഞ്ഞിണക്കി
തരിവള, പിരിവള, കാഞ്ചി, പതക്കം,
വിരലുകൾ പലവക വിരൽമോതിരവും,
നൂറുമണി, കടമണി, തുടർമണി, കങ്കണ-
മരതാണം, ചിലതരം പൂത്തുകളും,
മകുടം, കടകം, മണികുണ്ഡലവും,
വികടകിരീടം വിദ്രുമഹാരം,
വികസിതസുരഭിലമലർ മാലകളും
സകലമണിഞ്ഞു തെളിഞ്ഞു നടന്നാർ
പട്ടുകൾ പലതും കെട്ടിയുടുത്തുട-
നെട്ടുമുഴം ചിലർ മാലകൾ ചുററി
പട്ടുറുമാലും തലയിൽ കെട്ടി
തട്ടുപുഴുകമനോഹരൻ പുഴ്കം
തൊട്ടുമുഖത്തിനു മേനി വരുത്തി
ചട്ടം പലവക കൂട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവ പലതിൽ
കട്ടറിയിടിനകനകപ്പൊടികളു-
മിട്ടുനിറച്ചു കെട്ടിയെടുപ്പി-
ച്ചെട്ടുദിഗന്തം പൊട്ടും പടിപല
കൊട്ടും,വെടിയും, തട്ടിമുഴക്കി-
ത്തട്ടിനടത്തിനടന്നു തുടങ്ങി.

മട്ടമാറി.

ഉച്ചത്തിലുള്ളഘോഷം കെച്ചത്തിൽ കേട്ട
ഇച്ചിമാരൊക്കെക്കൂടികാഴ്ച്ചപ്പുറപ്പെട്ടനേരം
നിച്ചിരിയത്തിനിന്റെ കൊച്ചിനെ എവിട-
ത്തിൽ
വച്ചുള്ള പുറപ്പെട്ട കാഴ്ച്ച താനെതന്നെ
ഉച്ചനെപൊവി വെടി വച്ചാലും കേട്ടുകൂടാ
ഉച്ചയ്ക്കുപോലും കിഴവച്ചാർക്ക് കണ്ണുകാണാ
കൊച്ചിനെനാകേറിക്കടിച്ചെങ്കിലിയുള്ളോള-
നൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെ
ഘോഷം
എന്തൊരു പുറപ്പാടെന്നൊരുവൻ ബോധിച്ചാനി
എന്തെന്റെ ചട്ടത്തിനൊന്നുമേ ബോധി
ച്ചില
ഇപ്പോൾ തിരുമാടം പുറപ്പാടെന്നൊന്റെപക്ഷം
ഇപ്പോളല്ലയോ പണ്ടുകെല്ലാറ്റ കഴിഞ്ഞതല്ലോ
ഇപ്പൊവാഴ്ച്ചയ്ക്കൊരു കോപ്പുകൾ കൂട്ടുകയോ
ഇപ്പുധൃതരാഷ്ട്രരിരിപ്പൊണ്ടു മരിച്ചില്ലാ,
എങ്കിൽ പടയ്ക്കുള്ളൊരു സന്നാഹമെന്നൊരുവർ
ഒരുകിളില്ലിനിക്കളി സംഗതിയിരിപ്പൊളില്ലാ
ബാണങ്ങൾപടക്കങ്ങൾ പൊന്നോലപ്പുകമറി
കൾ
എണ്ണാക്കിമാരും ചിലവീണക്കാർപാട്ടുകാരും
വേണമോപടയ്ക്കായി പോരെങ്കിലതെന്റ-
തൊഴി
കാണാമെന്നുക വെക്കം പോണംപുറപ്പെട്ടാലും
അങ്ങനെ പറഞ്ഞച്ചികളെല്ലാം
നാണുനടന്നിട്ടു കാഴ്ച്ചകൾ കാൺമാൻ
നിങ്ങൾ ചമഞ്ഞും ചന്തം നോക്കിയു-
മിങ്ങനെ തന്നിട്ടു പിരികേയൊള്ളു-
ഘോഷമതെല്ലാം പിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹ ചിത്രം
ഭാഷിപ്പാൻ വിരുതുള്ള ജനത്തിനു
രോഷിയതാനൊരു കൂട്ടമശേഷം
ചിററമ്മച്ചിയ്ക്കു പത്തുപിറന്നു
മറെറാരു പുത്രനില്ലേൻവീട്ടിൽ
പെററൊന്നാകിലമരുമിയതായ്പ്പര-
മിററില്ലത്തിലിരുന്നപൊലു
മറെറാരു നാരിപറഞ്ഞാളപ്പോൾ
മറെറാരു ചിന്തനമുക്കില്ലല്ലും
മറെറാരു പുരുഷൻ വീട്ടിൽ വരുമ്പോൾ
എററം നമ്മുടെ നായർ കലമ്പും;
കുററം വാസ്സുണ്ടൊന്നങ്ങേക്കി
കൊററ മുടക്കാൻ മടിയില്ലവനും

പോരാഞ്ഞിട്ടരികത്തുന്നവർ
മറച്ചവനോടു നേരാവുന്നവനാ?
മുഷ്ക്കില്ലാതൊരു വാക്കില്ലത്രേ-
ക്കണ്ണിൽ കുറ്റാരോപണമില്ല
ള്ളോരനങ്ങളെല്ലാം പണ്ടും പോലെ
കണ്ണടച്ചു കടിച്ചു കുടിച്ചും
കണ്ടിടപ്പാനില്ലാഞ്ഞിട്ടെങ്ങടെ
കണ്ടുകളാൽ താണതായി
ഇങ്ങനെ തലയിലെഴുത്തതാകില-
തെങ്ങനെ ഞാനതെഴിച്ചീടേണ്ടു
നല്ലകൊട്ടപ്പോളൊരുച്ചി പറഞ്ഞാൽ
ഇട്ടുകൂട്ടാലും കൊച്ചുപറയുന്നതി,
അറിയായിട്ടൊരു വിദ്യാപൂർത്തിയാൻ
മതിയായിട്ടൊരു നായനെ നിർത്താൻ
മന്ത്യാഗ്രഹമുണ്ടായേപ്പാർ
അമ്മാവിക്കൊരു സമ്മതമല്ല,
അമ്മാവന്റെ മനസ്സു മറിപ്പാൻ
അമ്മാച്ചൻപേരിക്കെന്തു വിരോധം;
വല്ലാതൊരു ജോലിച്ചാൻ നമ്മെ
ഇല്ലത്തേക്കും കൊണ്ടു തിരിച്ചാൽ.
നെല്ലുകൊടുത്തു കുറച്ചും തിന്നാതെ
കല്ലുകണക്കിനു കുത്തിയിരിക്കും
കണ്ണൂരാക്കെന്നമ്മേ മിണ്ടി-
പ്പോണ്ണാക്കാർക്കൊരു ദോഷവുമില്ലാ
കിണ്ണം കിണ്ടിയുരുളിയുമാദികളിലൊ-
ന്നെണ്ണം കണ്ടികാണാനില്ലാതായ";
അരിയും കറിയും വച്ചുകൊടുപ്പാൻ
ആരുതാനായി നമുക്കും പിന്നെ
യെ സുഖമെന്നു ഞാനറിയുന്നി-
ല്ലാരെ ക്രൂരാത്മജനിക്കില്ലിപ്പോൾ
അങ്ങേ പ്പുറമുള്ള പുലികളെല്ലാ-
മിങ്ങോട്ടേക്ക വിരോധം തന്നെ
ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും.
തിരിയാത്തവനോടു ഞാനെന്നൊരക്ഷര-
മുരിയാടാറില്ലതിനു പാഴിൽ
പരിഹാസത്തിനു വകയില്ലാതവർ
പെരുവഴി നോക്കിയിരുന്നീടുന്നു

ഇങ്ങനെയോരോ വാക്കു പറഞ്ഞു-
ന്നതരായും വന്നു പറിഞ്ഞു
അങ്ങാടികളിലുയർന്നതാടെല്ലം
സംഭ്രാന്തിനാൽ ക്കാണാം കാണ്മതിനെ
കനകാവിതാനത്താൽ മനോജ്ഞം
പൊരുകിന്നപ്പടകളുമിങ്ങനെ
പെരുവഴി വിങ്ങി വിങ്ങി നടന്നീടുന്നു.
ഉടിപ്പാകിപ്പേരാം പദങ്ങളും
പൊട്ടിപ്പോടെ വടികളുമുടയോരെ
ഉടിപ്പാടിതകരം തൊഴുതേ
വടിപ്പൂതടന്നീള്ള പടകളെല്ലാം
കരുതെ വടിയാതെ കൈമലർത്താ
പെരുതേ വടികളിടിഞ്ഞുടനെ
പൊടിയുടെ പടപ്പുഴുക്കളിലേറാം
പട്ടാളമുയരുന്ന പലവഴിയിൽ
കടതെക്കൊടുക്കുള്ളതിക്കലാം
ഭജനപടകളെ നടന്നവിയെ
തരുമുലതടവിന തണ്ണികളും
ഉടലർ നേരാൽ പൊരിഞ്ഞീടുന്നു.
നാനാവധി കവികളതിനിടയിൽ
ഘനതപരികരികളുമവിടുളും
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതിയെപ്പുട്ടുണ്ടാളിച്ചിരന്നും.
കനകമണിയൊരു കരവടകണ്ടു
കനിവൊടു കേറിയിരുന്നാൻ കരുപതി
പനിമതിസമമായ വെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും
നാനാവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകതരങ്ങളും
നാനാജനങ്ങളുടെ മോടിയുമെന്നിവ
കണ്ടവർക്ക് മനോഹരമെല്ലാം
ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിട്ടുകയും ചിലർ
വീടുകളും പല നാടുകളും പല-
തോടുകളും പലകോട്ടുകളും പല
കാട്ടുകളും പല മാടുകളും പല-
കൂട്ടുകളും മലർവാടികളും പല

മേട്ടുകളും പലതരപാട്ടുകളും പല
പാടവമേറുകടന്ന കടന്നപ-
രാടലകന്നവകൾക്കു തിമിർത്തുറ-
ഹാരവിപുലബലമിക്കുന്നോരം
ബാധകളറ്റതിബന്ധുരമാകിന
സന്ധ്യാസമയം വന്നിതുകൂടി
അന്ധമതാകിന തിമിരം വന്നന-
ബന്ധിച്ചുവിതങ്ങൾ നിറഞ്ഞു
ഗന്ധർവന്മാർക്കുള്ളൊരു സമയം.
ചന്തമൊടവിടെപ്പുണരന്തമായി
ഗന്ധർവന്മാരതി സുഖമോടെ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരകൾ വാപികൾതോറും
സന്തോഷേണ ജലക്രീഡാദിനി-
താന്തന്മമിയന്നാദരവോടാം
കുന്തിതനയന്മാർ മരുവീടിന
കാന്താരത്തിങ്കലുമൊരു ചെന്നാർ
ഗാന്ധാരീതനയന്മാർ പടയും
ഗാന്ധാരേശജനം ഗമിയ്പനം
വഞ്ചനശീലനതാകിന കുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനേവം;—
"നെഞ്ചിൽ നമുക്കൊരുപായം തോന്നി
കിഞ്ചിൽ ഗുണമതിനുണ്ടാമിപ്പോൾ
നഞ്ചുകലക്കണമിവിടത്തിൽ പല
വഞ്ചോലകളിലെവാരിയിലെല്ലാം
ചഞ്ചലമിന്നിഹ പാണ്ഡുസുതന്മാ-
രഞ്ചുജനങ്ങളുമതികടിലന്മാർ
പാഞ്ചാലിയുമൊന്നിച്ചുവിട
പഞ്ചത്വത്തെ പ്രാപിച്ചീടണം;
നഞ്ചുകലക്കുവി"നെന്നിവണ്ണം
പഞ്ചമഹാപാപി പറഞ്ഞപ്പോൾ
പാപികളായവർ കുരുഭടന്മാർ
വാപികൾ തന്നിൽ മരുന്നു കലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ് വരുമേ!

വൃത്രനെക്കൊന്നവന്റെ മിത്രമായുള്ള
ചിത്രസേനഗന്ധർവൻ രാത്രിയിലങ്ങിറങ്ങി
രാത്രിയിൽ തന്റെ ചാരുഗാത്രിമാരോടുകൂടി
തത്രവന്നൊരു ശതപത്രിണീതോയംതന്നിൽ
ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രയിങ്കൽ വിചിത്രം വിഹരിക്കുമ്പോൾ
വെള്ളപ്പുളകമോടത്തവെള്ളത്തിൽ നഞ്ചിട്ടവ-
നുള്ളകള്ളം കൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോൾ ഉള്ളം കയർത്തു ബല-
മുള്ള ചിത്രസേനൻ താൻ വെള്ളത്തിൽ നിന്നു-
കേറി
കള്ളക്കടിലന്മാരേ! കൊള്ളാമിക്കാര്യമെന്നി-
ലുള്ളമുനികളുടെ വെള്ളത്തിൽ നഞ്ചിട്ടവ-
നല്ലാതനാചാരമിപ്പോൾ
കള്ളുകുടിച്ചു വന്നു തുള്ളുന്നടിക്കും നിങ്ങൾ
ഉള്ളന്നതെല്ലാമിവിടുള്ള നിങ്ങളൊട്ടും
കൊള്ളും പുറത്തൊരു വഴികൾ വീതം
കൊള്ളിവാക്കുകൾകൊണ്ടു ഇളക്കുന്നതുപ
ന്നെ
കൊള്ളിക്കുന്നതുമൊണം കൊള്ളിക്കുമൊട്ടു
മെള്ളളമില്ലനോക്കിൻ! മാന-
ട്ടമാറി.

കുരുകലധൂമന്മാരേ നിങ്ങടെ-
പരാക്രമം ഞാനറിയുമറിഞ്ഞേൻ,
തരമില്ലിങ്ങിനെ ചതിയും കൊതിയും
തരംകുമനങ്ങളിലൊരു വൃത്തം,
പൗരവകുലമതിലക്കരിടിന
വീരന്മാരാം പാർത്ഥന്മാരോടു
വൈരം മനസി മുഴുത്തതിനാൽ നിജ
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരും പടയും കുടയും
വാരണഘടയും കൂട്ടിക്കെട്ടി
പാരിടമൊക്കെ മുഴക്കി വരുന്നു
നേരായ് വരികില്ലധമന്മാരേ!
നിന്ദിതമാകിന ശുദ്ധജലങ്ങളിൽ
നഞ്ചിട്ടവാനായ്. വന്നൊരു നിങ്ങടെ
നെഞ്ചകമെന്തുകല്ലോ ശിവ! ശിവ!
പഞ്ചമഹാപാതകിമാർ നിങ്ങൾ;
നേരെനിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ;
നേരല്ലാതെ ചതിപ്പാൻ പെരുവഴി
യോരോന്നിങ്ങനെ നോക്കി നടന്നാൽ

ഗോപാലക്കൂട്ടുകൾ വളരെ വരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും
നീസമല്ലാതുള്ള പ്രയോഗം
പലരും കാര്യം നിങ്ങൾക്കിപ്പോൾ
തന്നേക്കാളും ബലവിക്രമമുള്ളൊരു
അന്യന്മാരൊടു ചെന്നിഹ നേർത്താൽ
മന്നും തരമായ് വരികില്ലതുകൊ-
ണ്ടെന്നും തീരാതുള്ളാർത്തികളും
ഉണ്ടങ്ങൾക്കു പിറന്നാലെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരെ
ബാണം കൊണ്ടു സഹിക്കാഞ്ഞുടനെ
നാണം കെട്ടു നടക്കും നിങ്ങൾ
ഇഷ്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരം കൊണ്ടിവിടെ വരുന്ന
വക്കാണത്തിനുടക്കന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ
വാക്കിനുവാക്കും വമ്പിനുവമ്പും
മുഷ്കിനു മുഷ്കും മുള്ളിനുമുള്ളും
നോക്കിനു നോക്കും തല്ലിനുതല്ലും
ഗോഷ്ഠിനുഗോഷ്ഠിമിനിക്കെന്നറിവിൻ!
കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കൊള്ളേണ്ടാളും ബഹുമാനമതില്ലാ,
ഉള്ളതെന്നിലഹംഭാവംകണ്ണ-
കൊള്ളുന്നേരമതുൾപ്പകരാകം
പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയപ്പോൾ
കൊള്ളാം നീയിഹ കൗരവമൂഢാ!
കള്ളാനിന്നുടെ നാശമടുത്തു്,"
ഇത്തരമുള്ളൊരു ദുഷിവാക്യം ബത
ഗന്ധർവൻപറ കേട്ടൊരുനേരം
ക്രുദ്ധനതാകിയ ധൃതരാഷ്ട്രാത്മജ-
നത്യുദ്ധതമിത്ഥമുരത്താൻ:—
"ഇല്ലെടമൂഢാ! മതിമതി നിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം
തല്ലടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ;
ഇതും നിന്നുടെ കരളിലഹമ്മതി
കളവാൻ വിരവിലഹമ്മതിക്കോപ്പാ
വല്ലതെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതുവിഫലം.
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു
പൊന്നിൻ പലവക കല്പിക്കുന്നു,
വിണ്ണവർനാട്ടിലെ വിരുതുംകൊണ്ടിഹ
വന്നുപറഞ്ഞാലിവിടെ ഫലിയാ,
മറുനാട്ടിന്നൊരു വിരുതൻ വന്നിഹ
തിറമോടിന്നു ഫലിപ്പിക്കുന്നതു
കാര്യമതൊന്നു പറഞ്ഞിടുക നീ
കുറവുവരുത്തിയതല്ലും ഞങ്ങൾ;
സംഗതിക്രമമുള്ളൊരു വാക്കുകൾ
നിങ്ങടെനാട്ടിൽ തന്നെയല്ലു;
ഇങ്ങനെയുള്ളൊരു നല്ലുസമക്ഷ-
ത്തിങ്ങുന്നിങ്ങടെ വിദ്യകളൊക്കെ
പൊട്ടുകളായുപവിട്ടുതിരിച്ചു-
ലിട്ടയ്യോ ഗതിയില്ലെന്നറിക!
യത്തികാരമയതില്ല കയ്യും-
പട്ടികടിക്കില്ലെന്നു പ്രസിദ്ധം.
ഗന്ധർവനിയെങ്കിലുമിങ്ങനെ
ബന്ധംക്രമമുതെ ചെയ്യുന്നാൽ
ബന്ധുവിഹീനതയാകുന്നിന്നൊ
ബന്ധിച്ചീടുന്നേരിഹ ഞങ്ങൾ,
പന്തണിമുലമാരാകുമിവർക്കൊരു
സന്താപത്തിനു സംഗതിയില്ലാ
ചന്തമിയന്നൊരു പുരുഷന്മാർ പല-
ബന്ധുതചെയ്യുന്നിവിടെയുമുണ്ടാം.
നാലഞ്ചെന്നമാനുവരുമൊക്ക-
ണ്ടെതായുധനെക്കാൾ വിരുതന്മാർ
നങ്ങളവരൊടുകൂടിവസിക്കാം
കണ്ടതാർമിഴിമാരേ! വരുവിൻ!
കണ്ടകനാമിക്കണ്ണവൻകോപി
ണ്ടായിട്ടന്നതുശകിടക്കണ്ടാ;
ഗുണ്ടികടിച്ചാൽ ഫലമില്ലവനതു
കണ്ടോരുകോന്നിലിരിക്കയുള്ളൂ,
നട്ടമിറങ്ങൊരു കറിതരപ്പോതു
നെട്ടപാരംകൊണ്ടരയിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കുന്നു-
ണ്ടുടനൊരുകൂത്തുകരങ്ങളുമെപോലെ;

വാടാതിന്നും വിരുതുകളെന്നോ-
ക്കൂടാളരാകട്ടിലകൾശീലാ!
പാടവമോടിഹ പടവെട്ടതിനുക
നാടകമല്ലിതു വിശിവിനോദം"
"കണ്ണാടിയിതുകേൾക്കുന്നിലെ
കണ്ണാ! ഞങ്ങടെ വിവാദവചനം
കണ്ണാ! ക്രൂരത്മാക്കുകെ ചാപം
കിണ്ണമതാകുന്നതിവാനൈഗാത്രം"
ഘോരശരങ്ങളെയ്തുതൊടുത്തതാരു-
മാരികണക്കിനെ വർഷിച്ചാലും!
വടിവോടുരക്കുപോരെടുത്തു നട-
ലടിയിലടിപോരിയാക്കിടുക കണ്ണാ!
മുണ്ഡസുസ്സനനം ദുർമുഖനും പുന-
രിണ്ഡാസനനാനനമറിച്ചാലും!
വാശ്ശുമതന്നോതപേക്ഷകണക്കി-
ല്ലിസ്സാനെക്കൊലചെയ്യേപോവു.
നമ്മുടെ നേരേവന്നൊരുക്കൂട്ടം
നിർമ്മരിയാദങ്ങളായിക്കന്നോരു
ദുർമ്മതിയാമിവരുള്ളിലിരിക്കും
ഗർവ്വത്തിയിന്നു ശമിപ്പിക്കേണം.
ബന്ധുരരങ്ങൾകണക്കിനെകൊണ്ടാർ
മണ്ടിവിരവോടുവെന്തലവിരാർ
തൊണ്ടന്മാരിവർ പടയെന്നുള്ളൊരു
ശബ്ദക്കാരമതുകേട്ടിട്ടില്ല
ശൌര്യമിതാനല്ലാതെ തവപ്പു
ചെണ്ടക്കാരുവർഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾപൊയ്യുന്നതിനെക്കൂടെ
കൊണ്ടാടാൻ ചില മൂഢരുമുണ്ടു"
"തൃക്കാവിലെപോറ്റു തൃക്കച്ചിലർചെന്നു
പിടിക്കൂരേവരുമേറ്റക്കൽ പരിചൊടു
കൊട്ടുക്കയിവരുടെതീട്ടക്കയിക്കൊണ്ടുതന്നെ
നടക്കമെന്നതുചി മുടക്കുവതിനിന്നു
മടിക്കുന്നതുഗതി മുടക്കിമെടതേ-
മടക്കിയുടനതിപാട്ടുകളൊരുവക
പടത്തുള്ളതുക!
പൊട്ടുക്കേന്നിവരുടെകൂട്ടുക്കൂലിക്കാരിതു
നടക്കമില്ലെന്നാകിലുടക്കമതുകൊണ്ടു"
നടുക്കമിനിക്കില്ല പടുക്കളിവരെല്ലാം-
മൊടുക്കംതോറ്റമണ്ടും"

ഇങ്ങനെയുള്ളൊരു ദുർഭാഷണമവർ
തങ്ങളിലന്യോന്യം പറഞ്ഞതിൻശേഷം
സംഗരമാശുതുടങ്ങിപ്രകടശ-
രങ്ങൾചൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചൊല്ലേറിടിനഗന്ധർവ്വൻനിജ-
വില്ലുവലിച്ചുചെവിക്കിടചേർത്തു,
നല്ലശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരുസമരമതെന്നേവേണ്ടു;
ഊററക്കാരവർസ്സോദരരെല്ലാം
ഏററംചാടിയടുത്തുതുടങ്ങി;
കാററുകൾതട്ടിക്കരപാറീടുമൊ-
രാററിലെവെള്ളത്തിരകൾകണക്കെ
കേററംപാരമതാരംഭേ പുന-
രോററംപേടിയുമുടനൊത്തുകൂടി
തോററതിരിച്ചുതുടങ്ങിപ്പുലകൾ-
പ്പോരാളികൾപോലെ പടജ്ജനമെല്ലാം
മാററലർബാണഗണങ്ങളുമേററു-
തേററംമുറിഞ്ഞുമറിഞ്ഞുടനവിടെ,
ഏററതിരിച്ചാനെളുതല്ലാഞ്ഞവ-
രോററംദ്രുതിയിൽ വിരായുകയും,
പേടികലർന്നൊരു നായന്മാര-
ങ്ങോടിച്ചെന്നാമരങ്ങളെമുട്ടിൽ
ക്കൂടിക്കരിയിലകൊണ്ടുശരീരം
മൂടിയൊളിച്ചുശയിച്ചാരന്നേ.
നായന്മാരുടെ നോട്ടക്കാര-
ത്തായുധമെല്ലാം വഴിയിൽപോയി
ആകെയുപിന്നെയുമുണ്ടാക്കീടാം
കായംകെട്ടകിലുഭയംചൊല്ലാം
മലയുടെമുററയിൽചെന്നൊരുനായർ
മൂലതന്നോരം പ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംകൂട്ടി-
ത്തലയുംകൊണ്ടുതിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരുമാറ്റു
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹപാർക്കുന്നേരം
വലയിൽചെന്നുവലഞ്ഞൊരുനായവൻ;
വലയിൽപെട്ടതുകണ്ടൊരുവേടൻ
കലയെന്നോർത്തുബാണമയച്ചാൻ

തലയിൽകൊണ്ടുതറച്ചുകണ്ടാ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ!
വലയീന്നിങ്ങുവലിച്ചുപറിക്കെ
തലയീന്നമ്പുപറിച്ചാൻ വേടൻ
പേടിത്തൊണ്ടൻ മറെറാരുമാനുഷ-
നോടിപ്പോംവഴിയറിയാറാകി
കാട്ടുതകർത്തൊരുവാരിക്കുഴിയിൽ
ചാടിയൊളിച്ചുകിടന്നാനപ്പോൾ;
കുളത്തിൽമയമേറെകലുഷം
വെള്ളത്തിൽചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി-
നുള്ളിൽപുക്കിതുപലജനമപ്പോൾ,
മണ്ണിൽ പലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു
കണ്ണടച്ചുപുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു-
മമ്പരപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൽ
കൊമ്പുതടഞ്ഞുടനമ്പുലിന്നം,
മദ്ദളമരയിലുറപ്പിച്ചീടിന
വിഢാനൊട്ടുകപാരംബന്ധം
മദ്ദളമങ്ങൊരുകാട്ടിലെറിഞ്ഞി-
ട്ടദ്ദിക്കീന്നുധാവതിചെയ്തു,
ഒരുഭാഗത്തൊരുതാലൂപിളന്നി-
ട്ടൊരുവൻചെണ്ടയ്ക്കുകരമേചുക്കാൻ,
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ,

മുട്ടക്കംകൊട്ടികൊണ്ടഗ്രേനടക്കുന്നോരുമദ്ദളക്കാര
മുട്ടക്കംമുണ്ടുംകളഞ്ഞു തിട്ടക്കംഭാവിച്ചുമണ്ടി [ന്ന്
തിട്ടക്കംപൂണ്ടൊരുവീട്ടിലകപ്പൊൻ ഭാവിക്കു
ന്നേരം
കുട്ടനായർതാൻവന്നതെന്താ,നത്രയുമല്ലാ,
മുടിക്കുപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ടു°
പൊട്ടക്കെന്നുകാട്ടിലുകകിടക്കുന്നനായന്മാർവ-
ന്നടുക്കുന്നകോലാഹലം കൂട്ടുക്കുന്നൊരു
ടിക്കിൽ

പടസ്സുതോററവരങ്ങുനാടന്മാർവന്നുകേറുമ്പോൾ
പടിക്കൽകാവലുംവച്ചുകടപ്പാനെളുതല്ലെന്നും
വനത്തിൽനിന്നോടിവന്ന ജനത്തിന്റെഭാവം
കണ്ടു
മനസ്സിൽനിനയ്ക്കും നാരീജനത്തിന്റെവാക്കു-
ണ്ടായി
"വമ്പന്മാരായ വീരക്കൊമ്പന്മാരെല്ലാമേറെ
വമ്പുപറഞ്ഞു വില്ലമ്പുമെടുത്തുംകൊണ്ടു°
തമ്പുരാനാക്കുതിരുമുമ്പിലകമ്പടിക്കു-;
ജിമ്പംകലർന്നു ചെന്നു വമ്പിച്ചകാനനത്തിൽ
ഗന്ധർവന്മാരെപ്പേടിച്ചന്ധന്മാരായ നിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെന്തേ ഭോഷ
ന്മാരേ!
ചന്തംപെരിയതൊങ്കൽകന്തംകളഞ്ഞുവീണു°
ഒന്തെല്ലാംതകർന്നു എന്തൊരുസാഹസങ്ങൾ,
തോല്ക്കുന്നകൂട്ടംനിങ്ങൾതോക്കുംകളഞ്ഞുപോന്ന
താക്കുമട്ടതല്ലിതോർക്കുമ്പോൾ ചിരിയാകും,
തോക്കുംമാറാരൊട്ടുപോരല്ലുന്നനേരം പല
ചാക്കുംമുറിവുംചേരുന്നതാക്കും വരാത്തതല്ലാ;
ചാട്ടംപെരിച്ചുകപിക്കൂട്ടംകണക്കെ നിങ്ങൾ
കൂട്ടംപിരിഞ്ഞുപാരംകാട്ടംപിണഞ്ഞുമുഖം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നെ
കേട്ടാലുടനെതന്നെ നാട്ടാർപരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്ന വീട്ടിലൊളിക്കു-
ക്കാട്ടിൽമരിക്കനല്ലകേട്ടീലേനായന്മാരേ [ശ്രേയ-
ഗോഷ്ഠികൾപതിനാലുനാട്ടിലുംകേൾക്കുമത്രേ
കാട്ടിയകർമ്മമേതും പാട്ടിലായതുമില്ല"
പെണ്ണുങ്ങളുടെവാക്കീവണ്ണം കേൾക്കുന്ന ചില-
പൊണ്ണന്മാർ വീടുകളിൽ കണ്ണടച്ചിരുന്നാർ;
കർണ്ണൻ ദുര്യോധനൻ വികർണ്ണൻ ദുശ്ശാസനനും
കണ്ണുംചുവത്തിച്ചാപബാണകലാപ്പുംകൊണ്ടു°
ചണ്ഡമായുള്ളശരഷണ്ഡമുതിർത്തുംകൊണ്ടു
തണ്ടുവന്നാക്കുന്ന ചിത്രസേനന്റെകൂട്ടു-
മെത്രവളരെയുണ്ടമിത്രന്മാരവരോടു
യുദ്ധംതുടങ്ങിയവരിതാപൊരുതീടുന്നു
ക്രുദ്ധന്മാരായകുരുവൃദ്ധന്റെ നന്ദനന്മാർ.

"ഗന്ധർവന്മാരാകിന്നിതിങ്ങനെ
ഗന്ധംപോലും നാസ്തിയതാമൊരു
ബന്ധംകൂടാതിങ്ങനെനേർപ്പാ-
നെന്തൊരുകാരണമയമന്മാരേ!

സംബോധപാലികളാകിന നിങ്ങടെ
ഡംബരമിന്നുശമിക്കുമതോർക്കണം
സംഗരമിവിടെച്ചെയ്യുന്നതിനെല്ലാരും
സംഗതിവന്നില്ല നിന്നിളകാതെ
സംഗമമറിവതി കശ്മലരൊരു
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ!
സംഗങ്ങളിലൂർദ്ധ്വകരം കൊണ്ടിഹ
ഭംഗം വരുമിവരിയാതെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിതാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ലാ;
കുരുകുലതിലകൻ ദുര്യോധനനൃപ-
നതികുലശലഭവാനലനാഥൻ
കരബലശാലികളനുജന്മാരും
പരബലമാറ്റുതകർക്കുമശേഷം.”

ശ്ലോകം.

കരീന്ദ്രപ്രൗഢകുംഭസ്ഥലദലനകലാ
ചണ്ഡശോർദ്ദണ്ഡസാരൻ
ഗംഭീരാരാവഘോഷൻ കിമുശരനികര-
സ്സംഹരേ സിംഹവീരൻ
കീർത്തേ! ഗന്ധർവ്വവൃന്ദം സകലമപിനമം
സംഗതം സംഗരാർത്ഥം
ഘോരാടോപതം വീരസ്സൂമ പുരുഷമിവരോൻ
കർത്താനാൻ ധാർത്തരാഷ്ട്രൻ.

ശ്ലോകംകൊണ്ടു പറഞ്ഞതറിവാൻ
ആകുലമേകിൽ പോരാളുകളെല്ലാം
ലോകരശേഷം ബോധിക്കേണം
ലൗകികകർമ്മികളെന്നും
ആനത്തലവന്മാരുടെ മസ്തക-
മാശുപിളർന്നകിളരുന്നൊരുരുധിരം
പാനം ചെയ്തു മദിച്ചു നടക്കും
പരമമതാകിന സിംഹകുലത്തെ
താനേ ചെന്നൊരു ക്രൂരശൃഗാലകം
ബാധിച്ചുടനേ വധിപ്പാൻ മതിയോ;
അതുപോലെ ബഹുഗന്ധർവ്വന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർ ചെയ്വാൻ
മതിയാമോ ബത ശിവ ശിവ! മോഹം
കൂടലർ കലബലമേറതി പെരുകം
കൂട്ടംകുരുകുലമെന്നു ധരിപ്പിൻ!
ആടലശേഷമകന്നു പടപ്പതി
പാടവമേറിന കശ്മലരൊരു
കൂട്ടനിങ്ങടെ നികൃതികളൊന്നും
വാടാതെ പറ മൂഢാ! ഞങ്ങളവി
വാടാതെങ്ങളിലൊരുവൻ പോരും
പ്രൗഢതരഹംകൃതി ഹുങ്കൃതിയാലതി
മൂഢന്മാരുടെ വാക്കിതിവണ്ണം
ഗൂഢമതല്ലിഹ പൊരുളീതു കിഞ്ചിൽ.

മിത്രനന്ദനസുയോധനവൃന്ദം
തത്രവന്നടനമത്തുടരായം
ചിത്രസേനനഥ സേനകളോടെ-
ത്തൊത്തുകൂടിയവരോടുരചെയ്താൻ;—
നില്ലുനില്ലെടസുയോധന! കഷ്ടാ!
നിങ്ങൾക്കിന്നു മൊഴിനിനവിതമെല്ലാം
വില്ലുമമ്പു വിളയാടിനതെങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം
കൃത്യഭൂതഗണമാതികളെല്ലാം
പെറ്റുചെത്തുമതിൽവിട്ടുടനാർത്ത്
ചിത്തഭൂതികളിലാത്തസമസ്തം
കൊന്നുകൊന്നു ശകലീകൃതമാകും.
ധാർത്തരാഷ്ട്ര കുടിലാശയ! നിന്റെ
ധൃഷ്ടുകൊണ്ടു ഫലമില്ലെടാ! മൂഢാ
ഒട്ടുകൊൾക മമബാഹുബലംനീ
നേർത്തുവന്നതിനിയാശനസാർദ്ധ്യാ.
ഉഗ്രപാണിവരരോടമർചെയ്യാ-
ഞ്ഞുഗ്രമാമവനിപാലികളെല്ലാം
മുഗ്ദ്ധയോഗമതിലമ്പുകളേറ്റി-
ട്ടൂർദ്ധ്വലോകഗതിവന്നവരാകും.
കാട്ടിൽവന്ന നിജപൗരുഷമോടും
കാട്ടുവന്നിഹ തുടർന്നൊരു കള്ള-
ക്കൂട്ടമിങ്ങനെതിമിർത്തു മൂലം
കോട്ടമിന്നു വരുവാൻ വഴികൂട്ടി;
നൂറുപേരുമിഹനിങ്ങളശേഷം
ക്രൂരകാതമുടനൻപൊടുപോരിൽ
തോറുപോം ഝടിതിയത്രയുമല്ലാ
കാറുപോലെ മുഴമാശുപറക്കും.

ദുഷ്ടികഴിച്ചു തിമിർത്തു നടക്കും
ദുഷ്ടികളൊരുവക ദുർവിനയന്മാർ
ദൃഷ്ടിവരാതൊരു വഴിയും നോക്കി
കഷ്ടിച്ചങ്ങനെ പടയും കൂട്ടി
കെട്ടിച്ചുററിയണിഞ്ഞു തെളിഞ്ഞിഹ
കൊട്ടിഘോഷിച്ചാർത്തുവിളിച്ചും,
പെട്ടികളും ചില പെട്ടകവും പല
ചട്ടമതിങ്ങനെ വട്ടം കൂട്ടി
ചെട്ടികളും ചില കുട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
നാട്ടിലിരിക്കും പ്രജകളെയെല്ലാം
കൂട്ടിസ്വരൂപിച്ചെന്തൊരു കാര്യം?
കാട്ടിൽ വരാനിഹ കുടിലന്മാരേ!
കാട്ടിയവിദ്യകളൊക്കെ ബലാൽ
കാട്ടിലിരിക്കും പാർത്ഥന്മാര-
ക്കാട്ടീടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ടികളോർത്താൽ ചിരിയാകുന്നു.
ഗോഷ്ഠവിലോകനമെന്നൊരു കപടം
പുഷ്ടിനടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കും ബഹുമാനം നാസ്തി;
കൊട്ടിക്കൊണ്ടിഹ വരുവാനിങ്ങനെ
സൃഷ്ടിച്ചെന്തൊരു കുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേ ധൃത-
രാഷ്ട്രസുതന്മാർ നിങ്ങൾ പിറന്നു
നാട്ടിനു നാശം നിങ്ങടെ മൂലം,
നാണക്കേടിനു നല്ലൊരു മാർഗ്ഗം
പടയും നിങ്ങടെ പദവികളും പല
കുടയും കൊടിയും തഴ ചാമരവും
പടഹദ്ദുന്ദുഭി പാറ കൊമ്പും കുഴലും.
പടുതരഘോഷമശേഷവുമിപ്പോൾ
അടിയിൽ നശിച്ചിതു ജളരേ! നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ;
അടിയന്മാരേ! പടപൊരുതീടുക
കുടിലന്മാരേ! മൂഢന്മാരേ
മടിയന്മാരുടെ മദവും മതവും
പടയിലൊരുമ്പോൾ തീരുമതറിവിൻ!

ഇത്ഥം പറഞ്ഞുകൊണ്ടുയുദ്ധം തുടങ്ങിതു്
ചിത്രസേനാദികളും ധാർത്തരാഷ്ട്രാദികളും,
തന്ത്രങ്ങളനവധി ശസ്ത്രങ്ങൾ പലവിധം
ചിത്രപ്രകാരമൊന്നും പറവാൻ വേല,
വെട്ടും തടവും ചില മുട്ടും മുറികളും പുന-
രൊട്ടും കുറവില്ലാത്ത കൊട്ടും കുഴൽവിളിയും;
എട്ടുദിഗന്തങ്ങളും പൊട്ടുംപ്രകാരം പട-
വെട്ടും കുതുകളവത്തൊട്ടും മുപ്പത്തും പാലു-
മെട്ടും തളർന്ന വില്ലുമിട്ടും കളഞ്ഞു നല്ല
പട്ടും വെടിഞ്ഞു പിറകോട്ടതിരിച്ചുനേരം
കൂട്ടം കലമ്പിപ്പടക്കൂട്ടം പലവഴിക്കും
ഓട്ടം തുടങ്ങിപ്പലർ കോട്ടങ്ങൾ കണ്ടനില്ലും
ധീരൻ ചിത്രസേനൻ ശൂരൻ ഗന്ധർവ്വരാജ
വീരൻ കൗരവപ്പരുടെ നേരെ പറഞ്ഞുതുടങ്ങു
രേരേ മൂഢരേ നിങ്ങളൊക്കെയാൺമാരെന്നോർത്തു
പോരാളുവാൻ മിടുക്ക പോരാതെ നിങ്ങളി-
പ്പോൾ
ആരുമെല്ലാതങ്ങടെ പൗരുഷം കെട്ടൻ വന്നു
നില്ലിൻ തരിമ്പെങ്കിലും കെല്പില്ലാത്തവർ നി-
ങ്ങൾ
ജല്പിപ്പാൻ മാത്രമൊള്ളൂ നല്ലന്മാരൊക്കെയും
"പൊല്ലാത്തുംദേവരാജൻ കല്പിച്ചുവന്നതുങ്ങൾ
സല്പ്രജരുടെ കൂട്ടമെപ്പ്രതമിന്നതെന്നോ
സ്വർഗ്ഗത്തിൽ വന്നീടണം മർത്ത്യാ പറയുന്ന
പട്ടും വളയുമെല്ലാം കിട്ടുന്നതുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നാക്കെക്ക
പോരും
പാരാതെ പോരുകൊൾവിൻ വീരാളിപ്പട്ടും
കിട്ടും"

മട്ടമാറി.

ഇത്തരം മൊഴിപറഞ്ഞു സമർത്ഥൻ
ചിത്രസേനനതിവേഗമടുത്തു,
തോരവൃത്തമഥയാവതി ചെയ്യും
കൗരവരെയുമടുത്തു തടുത്തു,
വാറുകൊണ്ടുടനടിച്ചുപിടിച്ചു-
ക്കയറുകൊണ്ടുടൻ വരിഞ്ഞുടനെ കെട്ടി
ത്തരിലെക്കാതിരുത്തൊത്തുകൂടി-
ച്ചുതമാം പലകെട്ടുമുറുക്കി
ക്ഷിപ്രമംബരതലത്തിലുയർന്നാൻ
അപ്രമേയബലനാകിന ദിവ്യൻ
ധാർത്തരാഷ്ട്രരതവും പുനരപ്പോൾ
ആർത്തരായി മുറയിട്ടുതുടങ്ങി:—

ധൂർത്തരാമരികൾ ഞങ്ങളെയെല്ലാം
ശത്രുതതിയുടനിട്ടു വരിഞ്ഞു
ഭൂമ്പദികളിനിഹ കൊണ്ടു തിരിച്ചു
പാർത്ഥകാന്തേ! ധർമ്മതനൂജാ
പാർത്ഥ! ഹാ നകുല! ഹാ സഹദേവ!
കാത്തുകൊൾകകനിവോടതിവേഗാൽ,
ഭീമസേനാവരികാശുതരിന്നും
താമസിക്കരുതു നിങ്ങളിദാനീം,
സീമയില്ലമമ സങ്കടമയ്യോ!
ധീമതാംവര! യുധിഷ്ഠിരവീര!

(ഇന്ദിശരാഗം—കുംഭനാഴ്ചിതാളം)

തടിച്ചൊരുഗന്ധർവൻ മഹാകുശലൻ ചാടിച്ചു
പിടിച്ചു കെട്ടിക്കൊണ്ടു തിരിച്ചു ശിവ ശിവ!
ഒരുത്തൻ വരുന്നൊരാനർത്ഥങ്ങളാൽ
കരത്തിനൊരു കരുത്തുമില്ലാഞ്ഞെങ്ങൾക്കനക്കെ-
ത്തരംകെട്ടു
വലഞ്ഞുവശംകെട്ടു വയർക്കവലം വലസ്സുകരുത്തു
പതിച്ചു ദുഃഖങ്ങളെക്കൊണ്ടയ്യോ ശിവ ശിവ!
സഖേ! ധർമ്മജ! വീരസമീരാത്മജ! സരസപാർത്ഥ!
നകുലസഹദേവ! വരിക വിരവോടെ
നിരായുധമായുള്ള ജനങ്ങൾ, അഹോ നിങ്ങളെ-
ന്നിയെമറ്റൊരു ജനമില്ല ശരണമല്ലു ദ്രുതം
കരുണകൾക്ക വന്നീടും തരക്കേടഹോകലത്തി-
ലുള്ളജനങ്ങൾക്കൊക്കെയൊന്നൊസമമെന്നറിക ൫൦

ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തുദിഗന്തരമൊക്കെ മുഴങ്ങി,
സത്വരമതുകേട്ടധികദയാനിധി
സത്യപൂർണ്ണാംബുധി ധർമ്മതനൂജൻ,
ഗന്ധവഹാത്മജനോടേവം ചൊല്ലീ:—
ഗന്ധർവന്മാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചും കൊണ്ടങ്ങു തിരിച്ചു
ബന്ധം കൂടാതിങ്ങനെ ചെയ്തതി-
നന്ധതരാനൊരു കാരണമിപ്പോൾ
ഗന്ധർവജനകനമിക്കേടകെട്ടാൽ
ഗന്ധസ്സൂപകൊണ്ടു മരിക്കാം
എന്തെങ്കിലുമുടനങ്ങനെയവരെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
അന്തരമില്ലതു ചെയ്കിലെന്നാൽ
എന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദുഷ്കർമ്മമനവധി ചെയ്യുവരെങ്കിലു-
മയ്യോ ഞങ്ങൾ വലഞ്ഞെന്നിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മായിരിപ്പതുചിതമോ സഹജ!
ധർമ്മം നൃപതിക്കാശ്രിതരക്ഷണ
കർമ്മമതല്ലോ സഹജന്മാരേ;
ദുർമ്മതിയിപ്പോളതുതതത്ര
ദുരിതംവരുമതിനനവധിമേലിൽ
അഗ്രജവചനം കേട്ടൊരനന്ത-
രമുഗ്രപരാക്രമിയാകിയ ഭീമൻ
താഗ്രേനിന്നുപറഞ്ഞുതുടങ്ങിസ-
മുഗ്രാഹംകൃതിശാഖിഗഭീരൻ:—
"നാടിയങ്ങൾക്കിഹനാലു ജനത്തിനു-
മതുളിച്ചെയ്യൊരു കല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹധർമ്മം
പിടിപാടില്ലാത്താളുകളല്ലാ,
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചൊരു
കള്ളന്മാരുടെ കപടമതോർത്താൽ
ഉള്ളതിനാലൊരല്ലൽകനിവെ-
ന്നുള്ളതു സംപ്രതി തോന്നുന്നീലാ;
തള്ളുമവരുടെ ഉള്ളലുമൊരുവക
ഉള്ളു പൊരുതിനകള്ളവുമോർത്താൽ
കൊള്ളാമിത്തൊഴിൽതാനേവന്നു
കോലാഹലമെന്നെന്നുടെ പക്ഷം;
ഗന്ധർവന്മാർ സരസന്മാരവർ
എന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു
പാലുകുടിച്ചുതടിച്ചൊരുകൂട്ടം
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുനൂറുജളന്മാർ
നാട്ടുമുടിപ്പാൻവന്നുപിറന്നു
പത്തുംകെട്ടിനടക്കുന്നവരുടെ
ഞെഞ്ചെല്ലിയതിപ്പാൻനല്ലൊരു

ബന്ധംകൊണ്ടൊരുപദ്രവിക്കും-
ഗന്ധർവന്മാർക്കിന്നു കണക്കിൽ
ബന്ധിപ്പാനൊരു സംഗതിവന്നാലു
സന്ധിക്കാതവർവിടുകയുമില്ലപ-
ണ്ടെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തമില്ലതുചെയ്യുന്നതിന്നു
വില്ലവർനാട്ടിലിരിക്കുംവശ്യ-
പ്പെണ്ണുങ്ങടെനട്ടുവരാമടിപ്പാൻ
പൊണ്ണന്മാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെവിടുപണിചെയ്യിക്കാം.
കള്ളിപ്പെണ്ണുകളിക്കുന്നേരം
താളംപിടിപ്പാനൊരുവൻകൊള്ളാം,
തീലിപ്പെണ്ണിന്നു നിദ്രാസമയേ
കാലിണതെക്കാനപരൻകൊള്ളാം
ഉർവശിതന്റെ വടിക്കമെടുപ്പാൻ
ഉർവിയിലുള്ളവരിവർ ചിലർകൊള്ളാം,
അരവയർമെലിയതിലോത്തമതന്നുടെ
പുതുമുറിതൂപ്പാനൊരുവൻകൊള്ളാം,
സ്വർസ്ത്രീകടെ വ്യജനാലികൾവലയം-
മെടുക്കുന്നതിന്നിവരെക്കൊള്ളാം,
പച്ചിലയുള്ളൊരുപാദപികടെ
എച്ചിലെടുപ്പാനിവർ ചിലർകൊള്ളാം,
ചന്തക്കാരനെവരറിയാതെടുപ്പാൻ
ചന്തക്കാരരിലൊരുവൻകൊള്ളാം
കട്ടിപ്പട്ടന്മാരുടെ ചൂടകം
കെട്ടിപ്പുറമാനൊരുവകക്കൊള്ളാം,
കല്പകവൃക്ഷംകൊപ്പാരുള്ളൊരു
കല്പനകേൾപ്പാനൊരുവകക്കൊള്ളാം,
അമ്പാടിക്കുന്നാവരുടെവീട്ടിൽ
ഉമ്പകിളപ്പാനും ചിലർകൊള്ളാം,
ഗോക്കളെമേപ്പാനും ചിലർകൊള്ളാം,
ദിക്കുകളെനോക്കാനും ചിലർകൊള്ളാം
കാക്കവരുമ്പോൾവക്കാണിപ്പാ-
നാക്കണമെങ്കിലുമിവരെക്കൊള്ളാം,
ഇവകവിടുപണിചെയ്യിപ്പാനിഹ
ഭവകർചൊല്ലാൽഗന്ധർവന്മാർ
ഇവരെക്കൂട്ടിക്കൊണ്ടുതിരിപ്പാ-
നവകാശമിതന്നാടിയനതൊന്നി.

മറ്റൊരുകാര്യക്ലേശംചെയ്യാൻ
നൂററിലൊരുത്തനുമില്ലിഹനൂനം,
മാററികളെപ്പുനരെന്തിനുനാമിഹ
മാററിക്കൊൾവാൻ പണിചെയ്യുന്നു?
കണ്ടിച്ചാലതിമക്കളെയൊക്കെ
ത്തെരുതെരെ മുസലംകൊണ്ടടിക്കുട്ടി
ചതിപൊട്ടുംകൊണ്ടുയടിപ്പാനായി-
പ്പലകുറിയടിയൻ ഭാവിച്ചപ്പോൾ
ഭാരതന്നെന്നിഹ ജ്യേഷ്ഠൻനമ്മുടെ
തിരുവുള്ളക്കേടായതുമൂലം
കാരാവതുമെന്നാണ്ടടിയൻ
മുറുമുറടങ്ങിപ്പാർക്കുന്നിപ്പോൾ
മറ്റാരുകൂട്ടക്കാർവന്നാരി-
നുറുവരയേയുംകൊണ്ടുതിരിച്ചു
മാറുന്നതിന്നല്ലകണക്കിലി-
തൊറമൊഴിപ്പാനെന്താവശ്യം?
താനൊന്നിന്നുകല്പിക്കയുമില്ലിഹ
താനേവന്നാലുമൊക്കെമുടക്കും;
ജ്ഞാനാദികളാകിന നിങ്ങടെമല്യ
ഞാനിങ്ങനെയൊരുമൂഢൻതീർ:
ജ്യേഷ്ഠന്മാരഞ്ചാറുംകൂടി
കാട്ടിലിരുന്നു തപംചെയ്താലും
ശാന്തന്മാരൊരുകൂടിയിരിപ്പു
താന്തോന്നിക്കിഹതരമില്ലിപ്പോൾ
അടിയൻഭീമൻ ഞാനിന്നിങ്ങടെ
ഇടയിലിരുന്നൊരു ഭരംകൂടാതെ
വാഴ്ത്താഭിക്കിന്നപൊരുകയുള്ളു
വാച്ചൊരുപരിഭവമൊഴിയണമൂഢനെ
ഗദയുംകയ്യിലെടുത്തൊരു പൊണ്ണൻ
ഉദയേ കളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിതുടർന്നാൽ
അപവാദങ്ങൾനമുക്കണവിക്കും
ചേട്ടന്മാരഞ്ചാരുംചെന്നാ-
ച്ചെണ്ണക്കാരുടെജീവനൊഴിച്ചവ-
നവരുടെദിക്കിനയച്ചേവേണ്ടു
ശവതയെചെന്നവർകേറും മുൻപേ
കാററിന്മകനുടനവിടെച്ചെന്നിഹ
നൂററിനെയുംപൊടിനിസ്സമതാക്കി

കാലത്തിങ്ങുവരുന്നതുമവനെ
കാലപുരത്തിൽ ചെന്നാൽകാണാം.
കടുത്തവാക്കുകളുരത്തു ഭീമൻ
കരത്തിലുഗ്രഗദയെടുത്തുവേഗം
നടപ്പതിന്നായ് തുടങ്ങുന്നേരം
കടുപ്പമായുരമടക്കരുതില്ല
തടുത്തുസോദര! ഇടഞ്ഞൊലാനീ
പൊട്ടക്കനെക്കഥയൊട്ടുകകൊണ്ടു
നടക്കയില്ലിഹമിടുക്കനെങ്കിലും
ഒടുക്കമൻപൊട്ടമടക്കവും ചില-
മുടക്കവും വരുമടക്കമെത്രയു-
മിടയ്ക്കു സോദര! പടയ്ക്കു കാലമ-
ടുക്കമിന്നിതു നടക്കമായതു
തടുക്കയില്ലിഹയെങ്കിലും ഗദ
മുടിക്കിലും പുനരടിക്കിലും പൊടി
പെടുക്കിലും പുരമടക്കിലും പഥി
വടക്കുതെക്കിഹ നടക്കിലും തവ
മതംനമുക്കനുമതം വൃകോദര!
ഹിതംപറഞ്ഞു ചിതംഗ്രഹിക്കനീ.
കുരുകുലമതിലിഹജാതന്മാരവർ
ഒരുത്തരും നാമവരുമല്ലോ,
ഒരുമ നമുക്കവർക്കും തമ്മിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാറ്റാർവന്നുവിരോധിക്കുമ്പോൾ
നൂററഞ്ചും പുനരൊന്നെന്നുവരു.
ഊററക്കാർക്കുവരുമൊരബദ്ധം
ക്രൂരന്മാർ വേണമൊഴിപ്പതിനിപ്പോൾ
ക്രൂരന്മാരൊരുവരുമില്ലാതൊരുദിശി
മാററാരെങ്കിലുമുപകൃതി ചെയ്യാം.
കാററിൻമകനേ! മടിയാതവർകളെ
മാററിക്കൊണ്ടിഹവരിക കുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി-
ലുണ്ടാകുന്നു സഖിത്വമൊരുന്നാൾ
മലയുടെമുട്ടിൽ കാട്ടാളന്മാർ
വലയുംകെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയുംവന്നതിൽ
വലയുംനേരം കൊലചെയ്യാനായ്
ഒരുദിശി പാർത്തിതു പകൽകഴിവോളം
ഒരുമൃഗമന്നിഹവന്നതുമില്ല,
വരുമിന്നിരാത്രിയിൽ നാളെവെളുത്താൽ
വിരവൊടുവന്നുവധിക്കാമെന്നവർ
കരുതിത്തങ്ങടെ ഭവനേ ചെന്നട-
ന്നൊരുമിച്ചവിടെയുറക്കവുമായി
ഒരുമാർജ്ജാരംവന്നുവിരാത്രിയി-
ലിരയുംതേടി നടക്കുന്നേരം
തരസാ ചെന്നാ വലയിൽ ചാടി
കരവും കാലുമിളക്കാൻ മേലാ
പരവശനപ്പോൾ മ്യാവൂ മ്യാവൂ
കരവൂളുംചെയ്തവിടെ വലഞ്ഞു
നരികയുണ്ടൊരു പൊട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നു വിരണ്ടു.
ഉരിയാടാതെമുരംകൊട്ടുന്നു-
മൊരുകുറികണ്ടാൻ പൂച്ചയുമപ്പോൾ,
സരസതയോടുവിളിച്ചാനവനെ
പ്രിയവചനനായ് ഞാൻ മൂഷികവീര!
വലയിൽചാടിവലഞ്ഞിതു ഞാനൊരു
ഫലമില്ലാതെമരിപ്പാറായി,
കലമാൻ പന്നികൾ വന്നുപതിച്ചാൽ
മലയന്മാർക്കുതിന്മാൻകൊള്ളാം,
വിലപിടിയാത്തൊരു പൂച്ചമരിച്ചാൽ
മലയന്മാർക്കതിനാലാകാ
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ടു വലഞ്ഞു സഖേ! ഞാൻ
എലിയും പൂച്ചയുമന്യോന്യം ബദ്ധ
കലഹികളെന്നൊരു ചൊല്ലുണ്ടുകൊള്ളാം
കലഹമെനിക്കെ പാരോടില്ലതു
നലമൊടുനീയിഹ ബോധിക്കേണം
വലയുടെ ചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങുണ്ടല്ലോ.
മലയൻപോന്നുവരുന്നതിൻമുമ്പേ
വലകണ്ടിപ്പാൻ കനിവിയലേണം
വലയുന്നവരുടെ പാലനമല്ലോ
വലിയജനങ്ങടെ ധർമ്മമതറിക!
എലിയെന്നുള്ളവനൊരു ഭയയിൽ
പുലിയെക്കാളതിവൻപനതാകും

പലവിധമിങ്ങനെ മാൎജ്ജാരകന്റെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയും ബോധിച്ചരികേ ചെന്നഥ
വലകണ്ടിപ്പാൻ വട്ടംകൂട്ടി
ഓരോ ചരടുകടിച്ചുമുറിപ്പാ-
നോരോനാഴിക നേരം വേണം;
തെരുതെരെയങ്ങു കടിച്ചുമുറിച്ചാൻ
തരമല്ലെന്നൊരു എലിയുടെ ഹൃദയേ
മെല്ലമിവന്നിളപേശ്യാനെന്നു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ചവരാതെന്നകമേക്കൊ-
ക്കാഴ്ചയവന്നില്ലെന്നതുമൂലം
താമസമായതുകണ്ടൊരു പൂച്ച-
ക്കാമയമേറിപ്പറവു മേറി
തെരുതെരെ വേണമതല്ലെന്നാകിൽ
വരുമതിദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയന്മാരും
പലരും കലശലു കൂട്ടംമുൻപേ
വലകണ്ടിച്ചു വിടേണം നീയെ-
ന്നെലിയോടു പൂച്ച പറഞ്ഞു ഇങ്ങനി
വെട്ടമുദിച്ചൊരു സമയേ മൂഷിക-
നൊട്ടും താമസിയാതെ വലയും-
പൊട്ടിച്ചൻപൊടു പൊത്തിലൊളിച്ചു
ദുഷ്ടൻ പൂച്ചയുമങ്ങുനടന്നു
ഒട്ടുദിനങ്ങൾ കഴിഞ്ഞൊരു ദിവസം
കിട്ടീലെങ്ങുമൊരേടത്തശനം
ഒട്ടിക്കണ്ടൊരു വയറുമെടുത്തിഹ
കാട്ടിൽ നടന്നു പൂച്ചത്തടിയൻ
കുത്സിതഭാവം പ്രാപിച്ചെലിയുടെ
പൊത്തിന്നരികേ ചെന്നു വിളിച്ചാൻ
പണ്ടുപകാരം ചെയ്തൊരു മൂഷിക-
നങ്ങോസുസ്ഥിരം തന്നിലിരുന്നീ
എലിയതു കേട്ടു വിലത്തിന്നുള്ളിൽ
തലകാട്ടാതെ വസിച്ചുപറഞ്ഞാൻ;—

ശ്ലോകം.

"കാൎയ്യാൎത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേ പുനഃ
മാൎജ്ജാരത്വം ഹി മാൎജ്ജാരോ
മൂഷികോഹഞ്ച മൂഷികഃ."

കാൎയ്യം കൊണ്ടിഹ നീയും ഞാനും
കനിവൊടു സഖ്യം ചെയ്തിതു മുന്നം
കാൎയ്യമതങ്ങു കഴിഞ്ഞിതു പിന്നെ
വൈരമതിന്നിയുമുന്നേപ്പോലെ
പൂശകനാം നീ പൂശകനിനിമേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ,
ഇനിനാം തമ്മിലിണങ്ങുന്നേരം
കനിവുമതില്ലൊരു ചേൎച്ചയുമില്ലാ
ഇങ്ങനെയുള്ളൊരു ശ്ലോകം ചൊല്ലി-
ട്ടങ്ങു നടന്നിതു മൂഷികനുടനേ
എന്നതുകൊണ്ടു പറഞ്ഞു വൃകോദര!
നന്നിതു മറ്റും നയശാലികളാൽ
നിന്ദിതമല്ലിതു നിശ്ചിതമത്രേ.
ചെന്നവരുടെ മോചനമുചിതം
ഇന്നിസ്സങ്കടമൊടു തീൎന്നാൽ
പിന്നെന്നാളത്തെപ്പോലെതന്നെ
കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ
ആൎത്തിനിദാനമതല്ലിച്ചൊല്ലു
കാൎയ്യമിതെന്നതു ചൊല്ലിതു നകുലൻ,
എങ്ങിനി പോവാൻ വിരുതുള്ളൊരവ-
ന്നേഷ സുയോധനനനുജന്മാരും
ദൂഷണമിങ്ങിനെ വരുവാനൊക്കയു-
മേഷണി ദോഷമിതെന്നറിയേണം.

ശ്ലോകം.

"പൂതാകംസനാഗേന്ദ്രയോർ
ദുരാഗ്രഹവശംവദഃ
പരാൻ വിനാശയൻ ശ്രേയോ-
ദുരാപമുപേയിവാൻ"

പണ്ടൊരു കുറുനരി തിന്മാനുള്ള-
തെണ്ടിനടന്നു മനസ്സും മുട്ടി-
ക്കണ്ടകമുള്ളവനങ്ങളിലെല്ലാം
മണ്ടിനടന്നു തളൎന്നു ശരീരം
കണ്ടാനൊരു ദിക്കിൽ നല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾ കെട്ടി-
ക്കാത്തു കിടപ്പാൻ പുരയും കെട്ടി-
പ്പാൎത്തീടുന്നൊരു നായരുമുണ്ട്".
കേളച്ചാരെന്നവനുടെ പേരും
കേട്ടുഗ്രഹിച്ചാൻ കുറുനരിയാഭാസൻ

കേളപ്പാരൊടു ചെന്നു പറഞ്ഞു
കേളപ്പാ! ഞാനൊരു ചൊല്ലുന്നതു
നാളെപ്പുലർവെളുപ്പിനുമുൻപേ
കോളല്ലാത്തൊരു ദൂഷണമുണ്ടാം.
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടുകരിമ്പുകളുള്ള വിശേഷം
ഭക്ഷിച്ചീവിടെ പലതുകരിമ്പുകൾ
ഭക്ഷിപ്പാനായ്‌വരുമത്തടിയൻ
രക്ഷിക്കുന്നൊരു ഞങ്ങളുടെ
രക്ഷിക്കാനെളുതാകയില്ല.
അതുകേട്ടപ്പോൾ നേരെന്നാനൊരു
മൂത്തകേളപ്പനൊന്നു വിരണ്ടു
കുറുനരിയുള്ളൊരു കൗശലമുടനിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം
അമ്പുകൾ ചുട്ടുപഴുപ്പിച്ചിട്ടാൽ
കരിത്തടിയനെയിന്നു വധിക്കാം
ചെറുവടക്കൊമ്പൊക്കെ പെറുകിന
പുറമിന്നരികെച്ചെന്നു ചുടുക്കെ
പാറിക്കൊണ്ടാലമ്പുകളവനെ
നെറ്റിക്കിട്ടു പ്രയോഗിച്ചീടാം
പത്തുവെളുപ്പിനു മുമ്പേയവിടെ-
ക്കെത്തിക്കൊണ്ടാലതു സാധിക്കാം
എന്നതു കേട്ടഥ കേളപ്പാരതു
നന്നെന്നോർത്തുനിവിടെപ്പാർത്താൻ.
കുറുനരിചെന്നുഗ്ഗജവരനോടെ-
ന്നറിയിച്ചാനതു സമയേ തന്നെ.
കരിമ്പുതിന്മാൻ കരിവരനിപ്പോൾ
തരിമ്പുമോഹമതുണ്ടെന്നാകിൽ,
തരംവരുത്താം പത്തുവെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നുലവീടെ
കരിമ്പുകാണാമായതുമുമ്പി-
ക്കരത്തിലാക്കിത്തിന്നുമുടിപ്പാ-
നൊരുമ്പെടേണം നീയിഹ ഞാനാ-
ണെങ്കമ്പടിക്കായ് മുന്നിൽ നടപ്പാൻ.
ഇത്തരമുരചെയ്തീടിന കുറുനരി
മത്തഗജത്തെക്കൊണ്ടു വരുമ്പോൾ
പത്തൻപതു ദിവസത്തിനു ഭക്ഷണ-
മിത്തടിയന്റെ ശരീരം മതിയാ-
മിത്താഴിൽ നല്ലകണക്കിനു കൂടി
കേളപ്പാരുടെ തടികൊണ്ടിന്നും
നാളേക്കും തരവില്ലുമുടിപ്പാൻ
എന്നു വിചാരിച്ചവനും തെളിവൊടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ
വന്നടനാനകരിമ്പു തകർത്തഥ
തിന്നു തുടർന്നൊരു സമയേ കേളൻ,
ചുട്ടുപഴുത്തൊരു ശരവും വില്ലും
വട്ടത്തിട്ടിപ്പാതിരനേരം
പുറമ്മേലൊരു കല്ലും വച്ചഥ
തെറ്റെന്നാക്കണ വിട്ടൊരു നേരം
മസ്തകമാകെ ബാണം കൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തുമറിഞ്ഞു.
വമ്പനതാകിന കേളപ്പാരെ
പാമ്പുകടിച്ചുടനവനും ചത്തു
പത്തിപ്പുറമേൽ വില്ലിൻ മുനയതു
കുത്തുകയാലപ്പാമ്പും ചത്തു-
ക്കെച്ചൂത്തതു കുറ പ്രാപിച്ചി-
ച്ചൂക്കനരിയതു കെട്ടുന്നേരം,
തങ്കലൊരുപ്പിൽ മുന്നേയുള്ളൊരു
ദേഹം ചെന്നഥ നക്കുന്നേരം
ചപ്പുകൾ തട്ടി മുറിഞ്ഞതു ഞാനും
വില്ലുനിവിർന്നുടനവനുടെ വായിൽ
കൊമ്പുകുറുക്കുനരി ദോഷൻ
തണ്ടുപിളർന്നുടനവനും ചത്തു.
എന്തിന്നുള്ളവനങ്ങനെ വരുമതു
ദോഷങ്ങളിലതി ദോഷം നിയതം;
ദോഷന്മാർക്കതു കാരണമിപ്പരി-
വേഷണമിങ്ങനെ സംഗതി വന്നു.
അഥ പുനരുജ്ജനരുളിച്ചെയ്തു:—
കഥകൾ പറഞ്ഞഥ കാലം പോയാൽ
ബഹുമതിലഘുനായന്ത്രിതമാമവ-
രതിദൂരംഗതരായെന്നുവരും
വിരയേപ്പോകവൃകോദരവീരാ!
ഹരിസുത! നീയും കൂടിച്ചെല്ലുക
ഇരുവരുമൊരുമിച്ചംബരചാരെ
പരിചൊടുചെന്നു ജയിച്ചും കൊണ്ടഥ
കരസുതരേയും വീണ്ടും കൊണ്ടിഹ
വരികതരിമ്പു വിചാരം വേണ്ടാ

ധൂർത്താസനമതു കേട്ടങ്ങിവരു-
മുത്തരവേഗം ചൊന്നു വിളിച്ചു.

ചമ്പതാളം.

ഗഗനചരമൂഢരേ! ഗന്ധർവ്വകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാകവേ!
വിരുതുകളിതൊക്കവേ വിരളതരമാകവേ
വനകരിയൊടു പൊരുവതിനു പെരികമദമാരിലെ
കരകലമഹീശരോടാരണമതു സാഹസം
കരികളൊടു പൊരുവതിനു കുറുനരികൾ പോരുമോ-
ഹരിതനയനർജ്ജുനൻ പരിചൊടിതു ഞാനെൻ ദ്രോ
പരമതരശരനികരനികരം ചൊരിയും വിദ്യാ
ത്വരിതമിഹ പൊരികയുമാം കടിലകലമാകവേ
പടപൊരുതകില്ലുടലുടയുമുടനുടനേവരും
പടയിലധികാരതൻ പവനതിവൃകോദരൻ
കഠിനതരഗദയുടയകരതലമകരം കൊണ്ടവൻ
അടിയുടനുമായവേ പൊടിയുമുടനാകവേ
അടിമുടികളഖിലമപി തിലമുലിതമായ്‌വരും

ഇത്ഥം പറഞ്ഞുകൊണ്ടുയുദ്ധം തുടങ്ങീ പാർത്ഥൻ
മൂർദ്ധപ്രദേശങ്ങളിൽ കൂർത്ത സായകങ്ങളും
ചേർത്തുപ്രയോഗിച്ചുമെന്തുപോകാതെ കൊണ്ടു
കോർത്തു ഗന്ധർവ്വന്മാർക്കു പാർത്തുകൂടാതെയാക്കി-
ത്തീർത്തു വിജയനിന്നിവർത്തു ഫലിക്കയില്ലെ-
ന്നോർത്തു, ചിത്രസേനനോർത്തു വിളിച്ചുരത്തു;
മാരികണക്കേ വീരന്മാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞു വ്യോമചാരഗന്ധർവ്വരാജൻ
പോരിലുടനെ വലവൈരിതനയനപ്പോൾ
ഘോരശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സർവ്വം
ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രപ്രയോഗിച്ചു
സവ്യസാചിതാനതു സർവ്വം തടുത്തു നിന്നു;
വമ്പുള്ളർജ്ജുനനുടെ വമ്പു തടുപ്പാനും ത-
ന്നിമ്പശക്തിയില്ലാതെ കമ്പം തുടങ്ങി ദിവ്യൻ
വിട്ടുപോവാനും വഴികിട്ടുന്നതില്ലാ പട-
വെട്ടുവതിന്നു പുനരൊട്ടുമെളുതല്ലാ;
പെട്ടെന്നു നാമിവിടെ പെട്ടുപോയെന്നോർച്ചു
കെട്ടും ഘോഷവും നിർത്തിയൊട്ടുംതാമസിക്കാതെ
തേരും പടയും നൂറുപേരും താനും ഭൂമിയിൽ
ചേരുവാൻ വന്നിറങ്ങി ചാരുഗന്ധർവ്വരാജൻ
മാതുലാത്മജനോടേവം പറഞ്ഞു പാർത്ഥാ!
പോരും കലഹമിനിച്ചൊല്ലുകയെന്തേ വേണ്ടു
പാരം വലഞ്ഞു നിന്റെ കൂരമ്പുകളേറ്റിട്ടും
വൈരം വെടിഞ്ഞിവരെ ചൊല്ലാം സംഭവി-
ക്കേണം
ചിത്രസേനന്റെ വാക്കുകേട്ടൊരു സവ്യസാചി
തന്മനം കൂടാതെ കണ്ടായുധമങ്ങുവച്ചു;
ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലെങ്ങും കലഹമില്ല.

ഗന്ധർവ്വനാഥവിജയന്മാരൊരു
ഗന്ധാദ്യുപചാരാദരഞ്ചെയ്തു;
ബന്ധുപ്രീതിബലം കൊണ്ടിവരെ
ബന്ധിപ്പതിനിഹബന്ധം വന്നു
ഒരു വസ്തുപിടിപാടില്ലാത്തോര
കുരുസുതന്മാരിവർ ഗുണം.
നിരുപണമില്ല ഇളപ്പുള്ളോരും
പെരുതായ് വന്നൊരിരുട്ടിൽ കേറി
മറവും നമ്മുടെ വിപ്രകർമ്മം
മറച്ചവരെ നിഗ്രഹമെന്നും
ഏറെയൊരുദ്ധതദർപ്പം
മാറാമെന്നിട്ടഹമിതി ചൊല്ലൂ
വീരവൃകോദര! വരികധനഞ്ജയ!
വൈരം നമ്മൊടു കരുതീടൊല്ല
വൈരികളെങ്ങടെ ബന്ധനമോക്ഷം
വിരവൊടു ചെയ്ക വൃകോദരവീര!
എന്നതു കേട്ടു വൃകോദരനുടനെ
സ്യന്ദനമേറിച്ചെന്നു പതുക്കെ
കെട്ടുകളൊക്കെയഴിപ്പാൻ ഭാവമി-
ല്ലിട്ടുപുരട്ടിയുരുട്ടിച്ചിലരെ
കുടുമപിടിച്ചു വലിച്ചും ചിലരെ
പിടരിപിടിച്ചു തിരിച്ചും ചിലരെ
താടിപറിച്ചും മീശയറുത്തും
മോടികുറച്ചും ഞെട്ടിമറിച്ചും,
കെട്ടഴിയാഞ്ഞതുപൊട്ടിച്ചും പണി-
പെട്ടുരഥത്തിൽനിന്നു നിലത്തേ-
ക്കിട്ടുതുടങ്ങിയടങ്ങാതെ തല
തൊട്ടെഞ്ജലിസമ്പാദിച്ചങ്ങോരോ
ദുര്യോധനനും ദുശ്ശാസനനും

ദുർമ്മദനാനം ദുർമ്മന്ത്രപ്രയോഗനാനം
ദുർമ്മാഷണനാനം ദുർന്നടത്തവും
ദുശ്ചിന്തനനാനം ദുശ്ശാസനനാനം
ദുഷ്ടഹിതനാനം ദുഷ്പ്രവർത്തനം
ദുഷ്ടിയിലൻ പർക്കാതി ഗുരികൾ
എണ്ണാനുപായമില്ലൊപ്പിപ്പാൻ ബാല്യ
മനസമിതിക്കിമിടക്കെത്തുന്ന
ഒന്നി! പാരിക്കൽ പരിയാൽ നിയമിതി
എണ്ണിയാരിക്കൽ സുഖമിക്കണം
നാണ്ണർതന്മിയിൽ പാലകതന്മിയി-
ലെണ്ണത്തിൽപിക്രൂരാഗത്തൊക്കെ!
കണ്ണില്ലാത്ത രണ്ടാകനിനിനിത്ത-
ട്ടെണ്ണിയാരെടുത്താക്കഥനാരം
തൊന്നുറൊൻപതിലൊരാംകരണി-
ലെനാജ്ഞമള്ളിവരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരരായിലൊരക്കെ-
ച്ചാത്തിവിടാഞ്ഞാൽ ദുഷണമുണ്ടാം
കാണുന്നിലകണക്കപ്പിള്ളകരം
മേനാകപ്പച്ചുമ്മാനുമതില്ലാ.
നല്ല ചിത്തത്തിൽകൂടിനമുക്കെല്ലാ-
തല്ലിനിയിവരെയാവതിരിപ്പാൻ
എന്നപരാധം പറിച്ചൂകോദാ-
നൊന്നൊഴിയാതിവറ്റുനാൻവരയും
കെട്ടഴിച്ചുവിട്ടപ്പൊക്കെ
തൊട്ടതെലോകിക്കാമൂതപ്പൊഴ്:—
ദുര്യോധനാ! ശ്രുണു വചനം നിന്നുടെ
ദുര്യോഗനെ ... ... വതി-
വണ്ണമെവിച്ചുകൂടാനായ്മ ... ...
നിന്നുടെ ദുർമ്മമൊട്ടുരതിക്കം
ആയുധവഴ്വാൻ നിമിഷംനിന്നാടെ
മായമയ്യുരതാ മാറാറിട്ടന്തീ
നായുടെവാനലാലപതിരാരണ്ട-
ക്കായതമാകിനകഴലതിലാക്കി,
പിന്നെയവൃത്തന്മനോക്കന്നേരം
മുരന്നാപ്പാലെവരുത്തെയിരിപ്പു
വെൺമതികലമതിലീശ്വരനാകിന
ധർമ്മാത്മജനുടെ പരണസമീപെ
ചെന്നു വണങ്ങിക്കരുക്കൂപ്പി
മുന്നവലഞ്ഞുംവെച്ചപ്പുഞ്ഞുക്കെ;
പൊന്നുംമനാലും ഹസ്തിനപുരമതി-
ലിക്കണ്ണുനജന്മാരൊരുമിച്ചുകൊട
ഇങ്ങനെയുള്ളൂ കേരരവചനം
തിങ്ങിനനാണംകൊണ്ടുമുഖത്ത
താഴ്ത്തിക്കൊണ്ടുഹരകളുമന്നിലാ-
രാത്തിമുള്ളസുയോധനരാജൻ
ഉത്തരമൊന്നിയാടാതെതന്നെ
സതപരമനജന്മാരൊരുമിച്ചു കൂടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
നമഗിരമതിയാതിരയകടിലൻ
വിരവൊടുവിരൻ പാണ്ഡവനൃപൻ
നരനോടുകൂടെച്ചെന്നവനാരെ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധർമ്മാത്മജനുടെ
ചരണസമീപെ ചെന്നു വണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻ തന്നുടെ രൂപ-
സ്മരണം ചെയ്തുവസിച്ചിതുമോദം
ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതംപൂണ്ടുഗമിച്ചു
വൃത്രവൈരിയെച്ചെന്നു വണങ്ങി
തന്ത്രമേവിനാനുമതിഭദ്രം.

ഘോഷയാത്ര ഓട്ടൻതുള്ളൽ സമാപ്തം.

കാർത്തവീര്യാർജ്ജുനവിജയം

ഓട്ടൻതുള്ളൽ

അക്കാലങ്ങളിലതിഭുജവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതിരാവണനെന്നൊരു
ശക്തൻ വന്നു പിറന്നു ധരായാം
പത്തു മുഖങ്ങളുമിരുപതു കൈകളു-
മത്യുന്നതഗിരിസന്നിഭനാകിയ
ഗാത്രവുമുത്തരഭീഷണമിതു പുന
നേത്രവുമുൾക്കടദംഷ്ട്രാനികരം
എത്രയുമുഗ്രമാകൃതി കണ്ടാൽ
മിത്രതനൂജനുമാശ്രയമല്ലിഹ-
മത്രമഹാബലനാകിയ ദശമുഖ-
നത്തൽവെടിഞ്ഞു തപം ചെയ്തതിനാൽ
പങ്കജഭവനോടു വരവും വാങ്ങി-
ക്കിങ്കരസംഘസമേതം വിറവൊടു
ലങ്കാനഗരമടക്കി വസിച്ചഥ
ശങ്കാരഹിതം ധനപതിതന്നുടെ
ഉൾക്കാരത്തെയടക്കിയടിച്ചാ-
ഹങ്കാരങ്ങളൊടിലകിത്തൻ പൊരു
ശങ്കരഭഗവാൻ വാണരുളുന്ന ഭ-
യങ്കരമാകിയ കൈലാസത്തെ
കത്തിയെയിരുപതുകരങ്ങളിലാക്കി
സന്തതമമ്മാനക്കളിയാടി
പത്തിരുപതുകരിപോക്കിയെറിഞ്ഞും
ശക്തിപെരുത്തകരങ്ങളിലേറ്റം,
ത്രിപുരവൈരി കളികൊണ്ടവനോ-
ടപ്രിയമുണ്ടായില്ല വിശേഷി-
ച്ചുൽകൃതമായൊരു വാളും നൽകി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു,
പുഷ്പകമായ വിമാനവുമേറി
പുഷ്കരമാരിയെ വന്ദിച്ചുടനേ
ഭൂതലവും പാതാളം സ്വർഗ്ഗം
വീതഭയേന ജയിച്ചു ദശാസ്യൻ;
സുരലോകങ്ങളതിലമരാധിപന്നുടെ
സമരാരവമാപുരമാശുരമിപ്പി-
ച്ചമരാംഗനമാരെക്കൊണ്ടിഹ വെൺ-
ചാമരവ്യജനം വീശിപ്പിച്ചു;
നാനാവിപിനകല്പദ്രുമഹരി-
ചന്ദനമന്ദാരാദിതരങ്ങടെ
വൃന്ദമശേഷം പിഴുതുപറിക്കെ
സ്യന്ദനമേറിക്കൊണ്ടു തിരിച്ചഥ
കർണ്ണാന്തരഭുജവിക്രമനാം ദശ-
കണ്ഠൻതന്നുടെ ലങ്കാനഗരേ
കൊണ്ടിഹ വന്നുടനുദ്യാനങ്ങളു-
മുണ്ടാക്കിപ്പുനരത്ര വസിച്ചു
ശാരദനീരദസന്നിഭനാകിയ
നാരദമുനി വീണയുമായി
ചാരതയോനിധികലഹപ്രീതിവി-
ശാരദനാകിയ ഭഗവാനൊരുനാൾ
ധീരനതാകിയ നക്തഞ്ചരപതി
വീരനിരിക്കും മണിമാളികമേൽ
ചാരെയണഞ്ഞാനാമോദമൊടിങ്ങനെ
പാരാതങ്ങെഴുന്നള്ളിയനേരം;
ഉന്നതനാകിയ രാവണനപ്പോ-
ളുത്ഥാനം ചെയ്താശു വണങ്ങി
ഭക്തിപുരസ്സരമർഘ്യാദികൾ കൊ-
ണ്ടത്യാദരമാരാധന ചെയ്തു.
ഭദ്രാസനവും നൽകിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സുഭദ്രാചാരം ചെയ്തുപറഞ്ഞഥ
സംസൽക്കരണവുമാശു കഴിച്ചു;
കമലാസനസുതനാകിയ മുനിവര
വിമലഗുണാലയനാരദഭഗവാൻ
ഭവദാഗമനം കൊണ്ടു മദീയം
ഭവനം പാവനമാക്കി വിശേഷാൽ
ഭുവനങ്ങളിലുള്ളജനാനാം-
മവനം ചെയ്യും നിന്തിരുവടിയെ

കണ്ടതുകൊണ്ടിഹ കളിയല്ല ഭവാ-
കണ്ഠാരമനസി സാഹസമേതും.
കുണ്ഠിതസുകൃതമാക്കരുതാകാ-
ക്ഷണ്ടരസിപ്പാനെളുതല്ലിതും;
നമ്മുടെവിക്രമമല്പമിതല്ലാ-
റ്ററമതിഞാൻ പാകല്ല മുനീന്ദ്ര!
നമ്മെക്കൊണ്ടുമരണ്യവാസികൾ
ചെമ്മെകിമപി പറഞ്ഞീടുന്നു
ധാർമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധരണിയിലുള്ളതു ബോധിച്ചാലും
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിരുതുകൊണ്ടു പുകഴ്ത്തുന്നില്ലേ?
സുരഗൻ ദശമുഖനെന്നൊരുദാനവ-
മഥനമഹോ! ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞൊന്ന്ഗന്ധമാദ-
നിന്നതപൂർവ്വവാസികളന്നില്ലേ?
നമ്മുടെമുന്നമിതുമറ്റൊരുകൂട്ട-
ക്കാർക്കരുളിപ്പാനതിവൈഷമ്യം;
ഉള്ളിലസൂയനിറഞ്ഞുകവിഞ്ഞഥ
തുള്ളിനടക്കുംകുസ്തുതിക്കാരും
കൊള്ളരുതെന്നതുദൂഷിക്കുന്നതുകൊ-
ണ്ടൊരുമാലാളുകയതില്ലനമുക്ക്
കള്ളപറഞ്ഞുഫലിപ്പിക്കയുമ-
ല്ലുള്ളതുതന്നെകഥിച്ചീടുന്നേൻ;
തീർത്തുരചെയ്യാമിന്നിഹനമ്മോ-
ടേറ്റുവരുന്നവരൊക്കെമടങ്ങും;
ശത്രുകൾനമ്മോടൊക്കുകയില്ലെ-
ന്നോർത്തുമഹേന്ദ്രനടങ്ങിപ്പാർത്തു,
ജംഭാന്തകനുടെ കരിപ്രവരൻ
കൊമ്പുകൾനാലുമുയർത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽമുസലവുമേന്തി
ജൃംഭിച്ചാശുവരുന്നേരം ഞാൻ
മുമ്പിൽച്ചെന്നഥകൊണ്ടുപിടിച്ചുത-
രിമ്പുവിടാതെകരിമ്പുകണക്കെ-
കൊമ്പുകൾ നാലുമൊരുമ്പെട്ടു ഖണ്ഡി-
ച്ചമ്പൊടു കുംഭമിടിച്ചു പിളർന്നു

ഇമ്പമകന്നതികമ്പമിയന്നാ-
നമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ തന്നിന്നിലിമ്പപുരത്തി-
നകം പൂക്കാനതി സംഭ്രമവാസൻ
കംബുഗളച്ചികളാകിയ സുരകുല
ശംഭളിമാരെ വിളിച്ചു വരുത്തി
സംഭോഗാദി സുഖത്തെ ലഭിച്ചിതു
സരസം ഞാനതു ബോധിച്ചാലും!
വെള്ളിക്കുന്നു പറിച്ചു കരത്തിൽ
തുള്ളിക്കുന്നൊരു നേരമതിന്മേൽ
പള്ളിയുറങ്ങും പരമേശ്വരനുടെ
പുള്ളിമൃഗാക്ഷിയുമാമിദേവി-
ക്കുള്ളിലിരിക്കും കലഹം തീർപ്പാ-
നുള്ളൊരു സംഗതി വന്നതു മൂലം
കൊള്ളാമിവനെ തെഴിക്കുന്നൊരു തിരു-
വുള്ളം തെളിവോടനുഗ്രഹിച്ചു;
ശക്രനഗ്നിയമൻ കവിരാന-
രർക്കൻ വരുണൻ വായുധനേശൻ
മുക്കണ്ണനുമിവരെട്ടു വസുക്കളു-
മൊക്കെക്കപ്പമെനിക്കു തരുന്നു;
സർവ്വസുരാംഗനമാരിൽ മികച്ചൊരു
ഉർവ്വശി മേനക രംഭ തിലോത്തമ
നിത്യമിവർ വന്നെന്നുടെ മകുഴി-
ലച്ചികളായവർ വേലയെടുപ്പാൻ
നമ്മുടെ ഭവനം തൂക്ക തളിക്ക പ-
ടിക്കെട്ടുക പട്ടുപരക്കുക
മണ്ഡപാദിയുടെ തലമുടിയിൽപ്പുന-
രെണ്ണകളെക്കർത്തപ്പിപ്പാനും
താളിയുമിഞ്ചയുമൊക്കാനും
തളികളെപ്പരിപാലിപ്പാനും
മാളികമേൽ മണിമെത്ത വിരിപ്പാൻ
കേളിഗൃഹങ്ങളടിച്ചു തളിപ്പാൻ
ഇങ്ങിനെ വിടുപണിയൊക്കെയെടുപ്പാ-
നിന്ദ്രസുരാംഗനമാരാകുന്നു
ഇങ്ങിനെ നമ്മുടെ കല്പനയായതി-
നെങ്ങുമൊരല്പം കുറവുമതില്ല;
ഇന്ദ്രജിദാദ്യൻ* നമ്മുടെ നന്ദന-
നിന്ദനെ യുദ്ധം ചെയ്തു ജയിച്ചു.

എന്നല്ലവനെ ബന്ധിച്ചുംകൊ-
ണ്ടെന്നുടെ മുമ്പിൽ കൊണ്ടിഹവന്നു;
ലങ്കാപുരിയുടെ തോരണമൂലേ
ശൃംഖലകൊണ്ടു തളച്ചുപൂട്ടീലും
ഇങ്ങിനെ നമ്മുടെ കല്പനകേട്ടവ-
നങ്ങിനെ ചെയ്യാനുണ്ണിസമർത്ഥൻ;
കണ്ണുകളായിരമുള്ളവനാവിടെ
കണ്ണീർ കൊണ്ടൊരു നദിയുണ്ടാക്കി
വിണ്ണവർ നാടുവെടിഞ്ഞു വരുന്നൊരു
പെണ്ണുങ്ങൾക്കു കളിപ്പാൻ കൊള്ളാം
യക്ഷരും ഉപവനഭുവിവാസിക-
ളൊക്കപ്പുറമേ പോയ് ഒളിക്കുന്നു
ഭുവനതലങ്ങൾ ജയിച്ചുവിശേഷം
മാമുനിപുംഗവനാരിഹനില്ലേ?
പുഷ്ടിപെരുത്തൊരു നരവരവീര-
ശ്രേഷ്ഠന്മാരുടെ നാടും നഗരവു-
മൊക്കെച്ചുട്ടു പൊടിച്ചുപിന്നെ
കിട്ടുന്നവരെയടിച്ചുമുടിച്ചും
മറ്റും കൃപയില്ലാത്ത നിശാചര-
ധൃഷ്ടന്മാരുടെ കരതലമൂലം
നഷ്ടമതായി മഹീതലമത്താഴിൽ
പട്ടമിരുന്ന നൃപകളിലുള്ളും
ദുഷ്ടന്മാരാമവരിന്നതി
കഷ്ടതയോർത്താലുള്ളതുമെല്ലാം;
പട്ടിണിയിട്ടു വരുന്നജനത്തി-
നൊട്ടുകൊടുക്കാത്തവനീശന്മാർ
കെട്ടിസമ്പാദിക്കുന്ന സുവർണ്ണം
പട്ടുംപൊന്നും പണവുമിതെല്ലാം
പെട്ടെന്നാശു പിടിച്ചു പറിപ്പാ-
നൊട്ടും ദൂഷണമില്ല നമുക്ക്
പട്ടന്മാരൊരു കരവും കൊണ്ടവ-
രൊട്ടികഴിച്ചു കിടന്നീടുന്നു;
ഗാന്ധാരാധിപതിതന്നുടെ രാജ്യം
കാന്താരത്തിനു സദൃശമതായി;
സിംഹളഭൂപതിതന്നുടെ നാട്ടിൽ
സിംഹംപുലിയും ചെന്നു നിറഞ്ഞു;
ചേരനരാധിപനുടെ ഭവനത്തിൽ
ആളും തകരയുമഴകനമതായി;

ചോളമഹീശനു കൊറ്റിനു കമ്പ-
ച്ചോളമതല്ലാതില്ലൊരു വസ്തു;
കേരളരാജാക്കന്മാർക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ
കാശ്മീരാവനിവല്ലഭനിപ്പോൾ
ക്ലേശംതിന്നുകിടന്നീടുന്നു;
പാണ്ഡ്യാവനിവല്ലഭനിപ്പോൾ
മേനീകിഴങ്ങും പശയതിയായി.
കൊങ്കണരാജൻ തൻ പ്രിയമാരുടെ
കൊങ്കകളോളം മരിപ്പാറായി
കൊങ്കണഭൂപതി പണ്ടുള്ളവരുടെ
സങ്കടദേശേശയനം പോടി,
ഭോജനരാധിപതിക്കിന്നും
ഭോജനമൊന്നും കിട്ടാതായി;
സൌരാഷ്ട്രമഹാരാജ്ഞികളിക്കാ-
ണ്ണംഗമശേഷം കൃശതരമായി;
കാലിംഗേശനുമേറിനടപ്പാൻ
കാലിനുശക്തികുറഞ്ഞുതുടങ്ങി;
കാശിനരേന്ദ്രനിക്കാലത്തൊരു
കാശിനു മുതലില്ലാതെ ചമഞ്ഞു
കുന്തളഭൂപതി കത്തിക്കവരാൻ
കന്ദുകമതിനു നടന്നുതുടങ്ങി,
എന്തിനുപലവിധമുരചെയ്യുന്നു
പങ്ക്തിമുഖന്റെ പരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനംമൂന്നിലുമിന്നിഹപാർത്താൽ
രാവണനോടുസമാനപരാക്രമ-
ശാലിനരാധിപതിയുള്ളൂ മുനീന്ദ്ര!
എങ്ങാനൊരുവിധി മത്സമനൊരുവൻ
ഇംഗിതമാകൃതിയാവതൊരുടെ
സംഗരശൂരനൊരുണ്ടെന്നാല-
ച്ചെങ്ങാതിക്കുമനസ്ഥമറുത്തു;
ഉണ്ടെന്നാലുമവർക്കു ചതുർത്ഥം
ചെണ്ടക്കാരനുമരണത്തിനൊരു
കണ്ടോ നാളോ ദിവസം താമസ-
മുണ്ടാമായതിലേറെ വേണ്ട;

കണ്ഠോരപ്രാണന്മാരൊരു ശശ-
കന്മാർ പൊരുവാനാഗ്രഹമില്ല;
കശ്മലമാരിവരല്ലോ നമ്മുടെ
രണ്ടടികൊണ്ടും പാതാളം പോവാം.

ഉരച്ചാനന്തരം നാരദ-
നൊരന്തരനിന്നൊടുപൊരുതിന
സമർത്ഥനില്ലെന്നോ രാവണ!
മരുത്തൻ മന്നവൻ നിന്നുടെ
മദത്തെ ശമിപ്പിച്ചില്ലേ?
തരത്തിൽ ജയിച്ചുവെന്നു
വരുത്തിപ്പോന്നില്ലെ നീ! നാതി
സമർത്ഥൻ പൌരുഷമിങ്ങിനെ
കീർത്തിം ഘോഷിക്കുന്നു ബത!
അനർത്ഥം നിന്നുടെ വാക്കുകൾ
സമസ്തം, നിരൂപിച്ചു പറഞ്ഞാൽ.

എങ്കിൽപറയാം, നിന്നുടെയുള്ളിലൊരതി
ലംഘിപ്പതിനിഹ മതിയായുള്ള ര-
യകരഭുജബലമുള്ളൊരു, പൂരുഷൻ
ലങ്കാധിപതേ! കേട്ടാലും നീ
ഹൈഹയനൃപവരന്മാർ വസിപ്പാൻ
മാഹിഷ്മതിയെന്നുണ്ടൊരു നഗരി
കൃതവീര്യാത്മജനർജ്ജുനനെന്നൊരു
മതിമാൻ ഭൂപതി തത്ര വസിച്ചു
നീണ്ടുതടിച്ചു ഭുജങ്ങളൊരായിര-
മുണ്ടർജ്ജുനനു ബോധിച്ചാലും
വമ്പനതാകിയ നിന്റെ ഭുജങ്ങളി-
ലൊൻപതുശതവുമൊരൊൻപതുമേവം
നിന്നെക്കാൾ ഭുജവിക്രമമേവം
നിന്നെക്കാൾ ഭുജശക്തിയുമേവം
പിന്നെയുമുണ്ടുവിശേഷമിതോർത്താൽ
സജ്ജനദൂഷണമർജ്ജുനനില്ല;
അവനുടെ ജനവും നിന്നുടെ ജനവും
ശിവ ശിവ! വളരെവിശേഷമതോർത്താൽ
അവനിയിലുള്ള മനുഷ്യരെയെല്ലാം
അവികലമവനിഹ രക്ഷിക്കുന്നു;
അവഭൃത്യന്മാരവനിയിലുള്ള മ-
നുഷ്യരെയെല്ലാം ഭക്ഷിക്കുന്നു
ഇക്കൂട്ടം പുനരവനിസുരന്മാ-
ർക്കില്ലം വെള്ളപ്പണിയിക്കുന്നു
ഇക്കൂട്ടം പുനരത്തരമവരുടെ
ഇല്ലം ചുട്ടുമുടിച്ചീടുന്നു,
സജ്ജനമിഷ്ടി തുടങ്ങിക്കുന്നു
ഇജ്ജനമിഷ്ടി മുടക്കിക്കുന്നു
അവർ ബ്രഹ്മാർത്ഥം സാധിക്കുന്നു
ഇവർ ബ്രഹ്മാർത്ഥം ബാധിക്കുന്നു
അർജ്ജുനനും രാവണനും തമ്മിൽ
ആനയുമാടുംപോലെ വിശേഷം
സജ്ജനമിങ്ങനെ പറയിക്കുന്നു
ലജ്ജ നിനക്കു തരിമ്പുണ്ടെങ്കിൽ
അർജ്ജുനനൃപനെ വധിക്കണമെന്നു
ദുർജ്ജനഭൂഷണവാക്കരുളിച്ചു
നിന്നെ വിസ്മയമിന്നിക്കണ്ടുകൊ-
ണ്ടെന്നൊരുവക പരമാനന്ദിക്കും;
കേവലമിന്നിഹ ലങ്കാപതിയുടെ
സേവകനായൊരു നാരദനെന്നാ
ദേവകൾ ദൂഷിക്കും മനുഷ്യജനങ്ങ-
ളെന്നെക്കൊണ്ടു ദുഷിച്ചീടുന്നു;
ഏഷണിക്കൂട്ടം നാരദനെന്നൊരു
ദൂഷണനൊരു മുനിമുഖിയാപരന്മ
ഭോഷന്മാരുടെ വായും കൈരവവി-
ശേഷജനങ്ങൾ പറകയുമില്ല;
അതുകൊണ്ടേതും ഖേദമിനിക്കി-
ല്ലിതുകൊണ്ടധികം വിനോദവുമുണ്ടു";
കശ്മലനാകിയ കൃതവീര്യസുതൻ
വിപ്രപ്രിയനാകുന്നവനെ
പുല്ലോടിപോലെ നിനയ്ക്കുന്നതെ-
നിക്കുസഹിക്കുന്നില്ല ദശാസ്യ!
ബാഹുജവംശം തന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടു പ്രസിദ്ധൻ
ഹൈഹയമന്നവനാനതവീര്യൻ
ആഹവശൂരൻ അതിഗംഭീരൻ
ഇങ്ങനെ സർവജനങ്ങൾ പുകഴ്ത്തി
തിങ്ങിന ഗർവമുഴുത്തു ചമഞ്ഞു;
ഇങ്ങനെയുള്ളൊരു മാനവനെ
സംഗരസീമനി സപദി ജയിച്ചാൽ
തുംഗതരാകിന കീർത്തിവിജൃംഭണ-
മങ്ങുമവനാൽ ലഭിക്കും നിയതം;
ഭംഗംവരികയുമില്ലേവനിഹ
സംഗതിയുണ്ടാം ബോധിപ്പാനും

നാരദൻവാക്കിതു ചൊന്നപ്പോൾ കേട്ടുടൻ
[illegible]
ആരവം ചെയ്തു ഭുജങ്ങൾ കുലുക്കി
ക്ഷ്വേളിതം ചെയ്തു തിരിച്ചുടൻ
ചന്ദ്രഹാസായുധമേന്തിക്കരത്തിൽ
[illegible]
[illegible] -
[illegible]
[illegible]
[illegible] -
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
ഇന്ദ്രാദിസുരവൃന്ദത്തെ [illegible]
മന്ദിരമടച്ചുപിടിച്ചുതകർക്കാം
[illegible]
[illegible]
വമ്പനാമൈരാവതത്തിൻ്റെ
കൊമ്പു [illegible]
[illegible]
[illegible]
മർത്ത്യനായവനൊരുവനെന്തും
പാത്രമല്ലെന്നാവരാരോ?
കണ്ടുകൊൾക മമ വിക്രമമിപ്പോൾ
[illegible]
[illegible] ദിവസത്തിനകത്താ-
[illegible]
അർജ്ജുനൻ്റെ ഭുജദണ്ഡസഹസ്രം
ഒന്നുകൊണ്ടു വരിഞ്ഞു മുറുക്കി
പുഷ്പകത്തോടു മരത്തൊടു കെട്ടി
[illegible]
കൊണ്ടുവരുവനതിനില്ല
[illegible] മമ മന്ത്രിവരിഷ്ഠ-

[illegible]
[illegible];
ഇത്തരം മൊഴി പറഞ്ഞു രാവണൻ
[illegible]
[illegible]
[illegible];
ചന്ദ്രഹാസായുധത്തെപ്പിടിച്ചു-
[illegible]
[illegible] -
[illegible] വീരൻ.
[illegible]
ഉത്തരദിക്കിനു [illegible];
[illegible] -
[illegible] :—
[illegible]
[illegible] -
[illegible]
കണ്ടു രസിപ്പാനാഗമിച്ചു
[illegible];
[illegible]!
[illegible]
[illegible];
[illegible] -
[illegible]
മാഹിഷ്മതി [illegible] വേണ്ട -
മാഹാത്മ്യം വേണ്ട മഹനീയം വേണ്ട
രമണീയം വേണ്ട കമനീയം വേണ്ട
കമനീകുലമണികളുടെ [illegible]
അമലസലിലനവകമലവിലസിത-
[illegible];
നന്മയാകിയ കീർത്തിവിശേഷം
ശർമ്മദമാകിന പുരിവിശേഷം
ധർമ്മ [illegible] വിശേഷം
ധർമ്മപരായണ [illegible] വിശേഷം
ജനതവിശേഷം ജന്മവിശേഷം;
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം [illegible] വിശേഷം
സുമതിവിശേഷം [illegible] വിശേഷം

ഇങ്ങനെയുള്ള പുരത്തിലിരിക്കെ
സംഗതിവശാലൊരു ദിവസമതിങ്കൽ
സാധിച്ചീടുക! സാദരമിതു
ബോധിച്ചീടുക ലോകാധിപതേ!
ഇത്തരമരചനരുളിച്ചെയ്തിട്ടാദര-
ന്നുമാനത്തോടൊത്തുടനേ ഭരതാ-
നന്തരനവ ഭവപത്തനമെന്നേ
സത്വരമവിടെയിറങ്ങി വിചിത്രൻ
നക്ഷത്രങ്ങളെ പുളിനത്തിന്നിൽ
ഭൂർമ്മാതാവായി ഭരതനവിനാൽ
ചിത്രയോധിയൊരു ഗൃഹിയതിങ്കൽ
തന്നുടെമണിപൂജാപുരമതിൽ
വസ്തുക്കളൊരോന്നോരാളയമതിലെ
ചിത്രമതാക്കിത്തീർത്തൊരാ സൂര്യൻ
ദേവാലയമിതിലെ ചെന്നു കുളിച്ചു
ദേവാരാധനമൊക്കെപ്പുകർക്കുട്ടി
ശിവലിംഗത്തെയെടുത്തുനിരത്തി
ശിവപൂജയ്ക്കു തുടങ്ങിപലതുമെ;
ജലഗന്ധാക്ഷതപുഷ്പാദികളും
ഫലമൂലപൂപാവലിയും മലരും
ഗുളവും കദളിപ്പഴവും പങ്ക-
ദളവും ഗുൽഗുലുധൂപം ദീപം
വെള്ളിവിളക്കുകൾ പൊന്നിൻതളികകൾ
വെള്ളിക്കിണ്ടവും മണിത്താലങ്ങളിൽ
വെള്ളരിവെറ്റിലപാക്കും വെളുവെള-
യുള്ളപളുങ്കിന്മാലകളനവധി
മുല്ലപ്പൂമലർ ചെത്തിപ്പൂവും
വില്വദളങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചെന്തെത്തിപ്പൂവും
വെൺതുളസിപ്പൂ തുമ്പപ്പൂവും
മണമിയലും കളഭം കർപ്പൂരം
ഘനതരമലയജകുങ്കുമഗന്ധം
ഘണ്ടാഘണഘോഷം മണിയുടെ ഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗുണമിയലുന്നഷഡാനനബിംബം
ശങ്കരശങ്കരിമാരുടെ വിഗ്രഹ
സംഘവുമവിടെനിരത്തിപ്പരിചൊടു
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു-
മിവകൾ പൂജകൾ ചെയ്തുവസിപ്പോ-
രവികലാധരൻ നക്തഞ്ചരപതി.
ചിത്രയോധിയെ വിളിച്ചുരചെയ്തു
തന്നുടെ പുത്രവിശിഷ്ടനാകും
ക്ഷത്രിയധർമ്മനെ വേറെ വിളിച്ചു
വർത്തമാനമറിയിച്ചുവരേണം;
ഇപ്പുരിതന്നിലെ താമസമിന്നിമ-
തിപ്പുരമതിലെ നമ്മെയുമില്ല;
ചൊല്ലേറും ലങ്കാനഗരേശൻ
ചില്ലിക്കാശുകൾ കേട്ടേപോരു
കപ്പംതരണം നമ്മുടെനാട്ടി-
ലിരിപ്പാനാഗ്രഹമുണ്ടെന്നാകിൽ
കപ്പവും പൊന്നെട്ടാണം പല
വെപ്പുകളൊക്കെ തന്നില്ലെങ്കിൽ
വെക്കംനിന്നെ നാടും നഗരവു-
മൊക്കെപ്പാടെയടക്കം നിന്നെ
ധിക്കാരങ്ങളഹങ്കാരങ്ങളു-
മിക്കാലങ്ങളിൽ നമ്മോടരുതാ
യുദ്ധംചെയ്യാമിക്കാലത്തിന്നര
ബുദ്ധിയില്ലാത്തവനെങ്കിൽ
പത്തുതലകളതിൽ വിളയാ-
ട്ടൊത്തചിത്തം പുറപ്പെട്ടാലും!
ഉപകാരമിതുപാരം ചെയ്യേ-
നല്ലബുദ്ധിയുടെ മാഹാത്മ്യത്തിന
സത്വരമവിടെ ഗമിക്കട്ടിനി
ചിത്രയോധിസചിവൻ സന്തോഷ-
വകൾ തന്നെത്താൻ ഗമിക്കാനന്നു;
തന്നുടെ ഹൈഹയനരേന്ദ്രനിരിക്കും
ചിത്രതരാം മാഹിഷ്മതി പുക്കാൻ
ധാർമ്മികനാകിയ നൃപവരനപ്പോൾ
നർമ്മദനദിയുടെ സലിലംതന്നിൽ
പെൺമണിമാരോടൊരുമിച്ചമ്പോട്
വെൺമകലർന്നു കളിച്ചീടുന്ന
നാരിമാരുമവരുമന്നൃപതി-
ക്കായിരമുണ്ടു മഹാസുന്ദരിമാർ
ആയിരമുണ്ടു കരങ്ങളുമതിസുഖ-
മായിരമിപ്പോൾ നൃപനാകുലം.
മുഴുകിപ്പാണും കാമിനിമാരെ-
ത്തഴുകിക്കൊണ്ടു രമിക്കും മുലകളിൽ

ഇക്കംകംകമകളുടെ നാടൻ
പുഷ്കരനന്ദനതന്നിൽ ദ്രുതതര-
മിഴ്കം തലമുടി വടിവിലഴിഞ്ഞും
മലർനിരപയസിയഴിഞ്ഞു കവിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തളുവിവാരിയഴിഞ്ഞു കവിഞ്ഞും
കനികരംതമ്മിലിടഞ്ഞുതടഞ്ഞും
മുങ്ങിത്തത്തിമറിഞ്ഞു വലഞ്ഞും
നീന്തിവലഞ്ഞു തിരയിലുലഞ്ഞും
താലികളഞ്ഞും തദനതിരഞ്ഞും
തങ്കംപിരിഞ്ഞും തോണികളിച്ചും
താനകളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണികഴഞ്ഞും
ക്ഷോണീപതിയുടെ പാണിപിടിച്ചുമ
ചലമിഴിമാരുടെ മാർവിലണച്ചും
മലമൊഴികീടിനമുലകൾ പുണർന്നും
മുലചുംബനവുംപലപലവിലസിത
കലിതലളിതകളികളുമതിചതുരം.
അമലകമലമുഖിമാരൊടുകൂടി
അഞ്ജസമായിനടപ്പതുകണ്ടേൻ
പമ്പയുമുടനേകടന്നതുകണ്ടേൻ

തെളിവൊടുശബരീമോക്ഷംകണ്ടേൻ;
ദാരുണകബന്ധവിനാശംകണ്ടേൻ
അരുണജസഹജവിനാശംകണ്ടേൻ
മാരീചാദികൾനിധനംകണ്ടേൻ
ഉഗ്രതപെരുകിന രാക്ഷസരാജൻ
പക്ഷിയെവെട്ടിമുറിക്കണകണ്ടേൻ
ഭിക്ഷുശരീരംപൂണ്ടവനുടനേ
ഭിക്ഷയെടുപ്പാൻ ചെല്ലണകണ്ടേൻ
സീതാലക്ഷ്മണസഹിതൻ രാമൻ
വീതഭയാസമിരുന്നതുകണ്ടേൻ
വിരവൊടുഖരനെക്കൊല്ലണകണ്ടേൻ
അവനുടെപടയുമൊടുക്കണകണ്ടേൻ
രാവണസോദരിതന്നുടെകർണ്ണം
മുലയുംചെത്തിയയപ്പതുകണ്ടേൻ
ലളിതാകൃതിയാമവളെക്കൊണ്ടാര
കളിയാടുന്നതുമവിടെക്കണ്ടേൻ
ഗോദാവരിയുടെതീരേരാമൻ
മോദതരയോടുവസിപ്പതുകണ്ടേൻ
പക്ഷീശ്വരനൊടുസഖ്യംകണ്ടേൻ
രാക്ഷസനിഗ്രഹസമയംകണ്ടേൻ
കുംഭജമുനിയെവണങ്ങണകണ്ടേൻ
അമ്പിൽവിരാധവധത്തെക്കണ്ടേൻ
ശരഭംഗാശ്രമവാസംകണ്ടേൻ
ഓരോമുനിപദനമനംകണ്ടേൻ
അത്രിമഹാമുനിനമനംകണ്ടേൻ
ചിത്രകൂടാചലവാസംകണ്ടേൻ
ദശരഥമരണംകേട്ടുകുളിച്ചുവ-
നുദകക്രിയയും ചെയ്യണകണ്ടേൻ
ഭരതൻപോന്നുതൊഴുന്നതുകണ്ടേൻ
തരസാ ഗംഗകടന്നതുകണ്ടേൻ
വിരവൊടുചെന്നുഗുഹാശ്രമസവിധേ
ജടകൾധരിച്ചുവിശേഷംകണ്ടേൻ
സരയൂകടന്നുനടന്നതുകണ്ടേൻ
പുരിയിലിരുന്നുതളർന്നതുകണ്ടേൻ
അഭിഷേകത്തെമുടക്കണകണ്ടേൻ
മന്ഥരയോടിനടക്കണകണ്ടേൻ,
നാലുജനങ്ങളവരൊത്തുകളൊത്തും
ചാലെസുഖിച്ചുവസിക്കണകണ്ടേൻ

മാറ്റേറ്റുവജയവും കണ്ടാൻ
സീതാപാണിഗ്രഹണം കണ്ടാൻ
ഹരനുടെ വില്ലുമുറിഞ്ഞതു കണ്ടാൻ
ദുരിതമഹല്യാമോക്ഷം കണ്ടാൻ
മുനിവരയാഗത്രാണം കണ്ടാൻ
മാരീചാദികൾനിധനം കണ്ടാൻ
താടകയെക്കൊല ചെയ്യുന്നതു കണ്ടാൻ,
കാടകമേറിനടപ്പതു കണ്ടാൻ,
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസത്തോടെ പോന്നതു കണ്ടാൻ
വിപ്രനുപാധ്യായപദത്തെയുമേറ്റും
വിശ്വാമിത്രനിരന്നതു കണ്ടാൻ
നാലാമതവിടെയയോധ്യാപുരിയിൽ
ബാലതയോടു വളർന്നതു കണ്ടാൻ
ശത്രുഘ്നനുടെ ജനനം കണ്ടാൻ
ലക്ഷ്മണനുടെയും ജനനം കണ്ടാൻ,
ഭരതൻതന്നുടെ ജനനം കണ്ടാൻ
രഘുപതിതന്നുടെ ജനനം കണ്ടാൻ
രാമായണമതനുക്രമമായി
രാമോദന്തം കണ്ടുനടന്ന
ചാലേയങ്ങിനെയുള്ളൊരുനേരം
ബാലകരങ്ങളിൽമണിയും കൊണ്ടു
മണിമേളിപ്പാനുടനെ മാധവ-
നണയുംനേരം പേടിയോടവനും
അച്ഛനെയങ്ങു വിളിച്ചുകരഞ്ഞു
അച്യുതനതുമേളിച്ചതുമില്ല;
ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെമുടിപ്പാനായി
സാഹസമോടുനടക്കും പുരഹര
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ഠധ്വനിയെക്കുണ്ഠിതമാക്കും
കണ്ഠധ്വനിയതുകേൾക്കായുന്ന
ഉറകളിലൊക്കെനിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമശബ്ദം പെരുതായ് വന്നു.

ഘനതരഘണ്ടാഖണ്ഡംഗത്രമതൃന്തചണ്ഡം
പ്രചലിതജഗൽഖണ്ഡംഖണ്ഡിതാരാതിഷണ്ഡം
ഏതനിശിചരമുണ്ഡംഞ്ചിതാഭോലഗണ്ഡം
വികടകഠിനതുണ്ഡംജാംബവാനാജിഷണ്ഡം

ഉറച്ചുകോപമോടകത്തുനിന്നഥ
പുറത്തുവന്നടനെതിർത്തു ജാംബവാൻ
തുടുച്ചകണ്ണുതുറന്നതില്ലവ-
നരച്ചുവാക്കുകൾ പറഞ്ഞുകൊണ്ടുട-
നടുത്തുകണ്ണനെയെതിർത്തിതേ മൽ
പുരത്തിലെന്നോടു വരുന്നതാരിഹ?
കരുത്തനെന്നതു വരുത്തുവാനൊരു
ജളത്വമിങ്ങനെ നടിക്കയോ മമ
കരങ്ങളോടു പൊരുതിപ്പതിന്നിതി-
നൊരുത്തനില്ലിഹ ജഗത്രയേ ജള-
പൊരുക്കമെപ്പൊഴുതെടുത്തു വന്നിഹ
അടിച്ചു നിന്മദമടക്കുവാൻ തവ
നടിപ്പതൊന്നിഹ മുടക്കുവാൻ ഭുവി
പടിച്ചു നല്ലൊരു പടുത്വമുള്ളൊരു
കരങ്ങളൊന്നു ധരിക്ക നീ
കരങ്ങളൊന്നു നിനച്ചുകൊണ്ടൊട്ടും
കുറച്ചു കാണരുതൊരിക്കലും നമ്മെ
പെരുത്തരാവണപുരത്തിലുള്ളൊരു
പരാക്രമങ്ങളെ നിനച്ചു നീ
തടിച്ചുരാക്ഷസരൊത്തു നിന്നിഹ
തൊടുത്തൊരമ്പുകൾ തടുത്തതും ചില
തടിച്ചുവീരരെയടിച്ചതും തല
കടിച്ചതും തലപൊടിച്ചതും ചില
പിടിച്ചതും ചില പുരങ്ങളെപ്പൊടി-
പൊടിച്ചതും പല തരത്തിലങ്ങടി-
കൊടുത്തതും കപിബലങ്ങൾകൊണ്ടിഹ
കളിച്ചതും പുരങ്ങളൊക്കെയും-
തെളിച്ചതും പടവിളിച്ചതും മുറ-
വിളിച്ചതും നിലവിളിച്ചതും
അതൊക്കെയങ്ങനെ നിനച്ചു നീ തവ
മനക്കരുത്തു നിലച്ചതില്ലയോ
ധരിക്ക നിശ്ചയമിതിരിക്കിനി
അടക്കമെന്നിയേ കടന്നുവന്നതു
മിടുക്കുകാട്ടിയാലടങ്ങുമോ?
മിടുക്കനെന്നൊരു നടിപ്പു താൻ മണി-
യെടുക്കുവാനിഹ തുടർന്നിതോ?
ശിശുക്കളുൾപ്പൊടുകളിക്കുമമണി-
പിടിപ്പതിന്നടനടുക്കയോ

ഒരുത്തൻ നിന്നോടൊക്കുമെന്നാരു
ധരിക്കനീലാ, നാടകക്കാരാ!
മനുജനെന്നാകിലും ദനുജനെന്നാകിലും
മലമൊട്ടുമനിവിടെ വരുന്നവനെന്നാകിലും
യക്ഷിയെന്നാകിലും പക്ഷിയെന്നാകിലും
യമവരുണനിരതിപുരവൈരിയെന്നാകിലും
കാലനെന്നാകിലും ബാലനെന്നാകിലും
കരുതകളോടിടപെട്ടവനെന്നാകിലും
വീരനെന്നാകിലും ശൂരനെന്നാകിലും
വിരവിലിഹ വരുമെതിരിയടരിതി പൊടിയാക്കു
ദക്ഷനെന്നാകിലും യക്ഷനെന്നാകിലും [വൻ
പടയിലടൽ കരുതുമവനെന്നാകിലും
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
പതിയുടെ ശത്രുപാതാളനെന്നാകിലും
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതികലരുമുരഗവരനെന്നാകിലും
പേടികൂടാതെ നീ ചാടിവന്നീടിനാ-
നിഹ സപദി ജാംബവാനെന്നതു കേളാഞ്ഞതോ
സൂര്യവംശേ പണ്ടു ജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നതു കേൾപ്പില്ലയോ?

ഇത്തരമുള്ളൊരു വാക്കു പറഞ്ഞൊരു-
രുത്തമപൂരുഷൻ തന്നോടന്നേരം
സത്വരമലറിയണഞ്ഞതിഘോരൻ
മുഷ്ടിമടക്കിത്തിരുമാറിൽ ചില
കുത്തുകൾ കുത്തിയതൊത്തുപിടിച്ചു
കൈകൾ തന്നുടെ കൈകളിലിട്ടും
കുങ്കുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻ തന്നുടെ മാറിൽ
തൻകൈകൊണ്ടവനായെന്നുള്ളൊരു
ശങ്കവെടിഞ്ഞുടനാന്തിട്ടീടിന
ഹുങ്കൃതിയോടത്താവൽഭുതമത്രേ!
ഗോപീനായകനുള്ളിൽക്കൊണ്ടും
കോപം മനസിജനിച്ചതുമില്ല
ഇതുകേട്ടവൻ നന്നെച്ചൊല്ലി
പലകുറി പലതരമേറ്റുപിണങ്ങി
കലുഷപ്പെട്ടീടിനഗാത്രത്തോടേ
കലഹത്തിനായുള്ളൊരു നേരം
കലഹിക്കുന്നതു ചിതമല്ലെന്നി-
ട്ടവനുടെ അടിയും കടിയും പിടിയും
ഉടനെക്കൊണ്ടു തടുത്തുതടുത്താ-
വൻകരമതുകൊള്ളപ്പോരാനല്ലാതെ
വക്കാണത്തിനു ഭാവിച്ചില്ല;
ഉൾക്കടനാകിയ മർക്കടനപ്പോൾ
ധിക്കാരത്തെയകത്തു നിറച്ചു
ഇക്കഴിയന്മമതല്ലും കുത്തും
വെക്കമെടുത്തു തടുപ്പാറായോ?
നോക്കെടാ! നിന്നെയുരുട്ടിയുലക-
ടിച്ചുപൊളിച്ചു വരുന്നൊരു കോപക-
ടിച്ചുകളിച്ചീടേനാനെന്നവ-
നിടയിടെയലറിച്ചും കൊണ്ടുടനെ
അടലിലണഞ്ഞു പിണങ്ങുന്നേരം
പുരുഷോത്തമനും മനസി കരുത്തൊരു
കോപത്തോടെയടിച്ചു തുടങ്ങി
യദുനായകനും കപിനായകനും
ഘോരതരമാകിന യുദ്ധം ചെയ്തു
ഫണിനായകനും വർണ്ണിപ്പാനതി
പണിയെന്നത്രേ തോന്നീടുന്നു.

തടിച്ചമരത്തെയൊടിച്ചു കരത്തിൽ
പിടിച്ചുകൂടനടിച്ചുമുരലുകരം
കടിച്ചുമിടയിടെ പിടിച്ചും കൂർത്തമാര-
ഇടിച്ചും ഗിരികളുടച്ചും പലവിധ
മുരച്ചും തരംനോക്കിച്ചിരിച്ചുമിരുവരു-
മുറച്ചുപിണങ്ങുമ്പോൾ വിറച്ചു ധരണിയി-
ലുറച്ച ഗിരികളും നിറച്ചു മൃഗമുള്ളി-
ലുറച്ചു ദിഗ്ഗജങ്ങളും വിറച്ചു താപമോടെ
കരച്ചുമണ്ടുനേരം

തരുവരവരവിരവൊടവ-
രതിതരയുദ്ധം ചെയ്തുതുടങ്ങി;
കുത്തുകോടിനഖങ്ങളുതങ്ങളി-
നടനടനവിടെയിടഞ്ഞുതടഞ്ഞും
ഉരുതരമുരലിലടിച്ചു ഞെരിച്ചും
ചടചടരവമൊടു തമ്മിലടിച്ചും
തക്കം നോക്കിച്ചാടിയടിച്ചും
വെക്കം ചെന്നൊരു കുത്തുകൊടുത്തും
മുഷ്ടികളും മുട്ടിയടിച്ചും
കാട്ടിലുമുള്ളമരങ്ങൾ പറിച്ചും

കൊട്ടിലെടുത്തുപിടിച്ചുപറിച്ചും
പർവ്വതശിഖരമെടുത്തുപിടിച്ചും
ഗർവ്വോടുധരണി ചവിട്ടിയിടിച്ചും,
വട്ടത്തിൽപലമട്ടമണഞ്ഞും
കെട്ടിടങ്ങളിലൊട്ടു പിണഞ്ഞു
കാലൊടുകാലും കയ്യൊടുകയ്യും
മുട്ടൊടുമുട്ടും തട്ടൊടുതട്ടും
തല്ലൊടുതല്ലും പല്ലൊടുപല്ലും
മാറൊടുമാറും തലയൊടുതലയും
മലയൊടുമലയും മരമൊടുമരവും
തങ്ങളിലവിടെയിടഞ്ഞു തുടർന്നൊരു
ചടചടരടിതം ഝടിതിനിറഞ്ഞൊരു
ഉപവനകോലാഹലമുണ്ടായ്‌വന്നു
ജലധികളൊക്കെ കലങ്ങിമറിഞ്ഞും
ജലമതുപൊങ്ങി മരങ്ങൾമറിഞ്ഞും
ജലജകുലങ്ങളൊടിഞ്ഞുനിറഞ്ഞും
ജലമതിൽമുങ്ങിബ്ഭംഗികരഞ്ഞും
ജലകരികളുമങ്ങിയുഴന്നുപതിഞ്ഞും
മലയാചലവും പേടിപിടിച്ചും
ജലജലവൃക്ഷമശേഷമൊടിച്ചും
ജലനദിയൊക്കെ കലങ്ങിമറിഞ്ഞും
ഭൂമിനടുങ്ങി ദ്യുതിമുടങ്ങി
ഭൂതമടങ്ങി ഭീതിതുടങ്ങി
ധൂമമതുപൊങ്ങി രവിരഥമിങ്ങി
ദേശമടങ്ങി രാഗമിണങ്ങി
ഭഗവതിനായകനാകിയദേവൻ
കോപംകൊണ്ടു മറാംകപിവീരനെ
കവിളിലടിച്ചു പിടിച്ചുപറിച്ചും
മെയ്യിലണഞ്ഞു നഖങ്ങൾതറച്ചും
മാറതിലെന്നൊരു സമരമുറച്ചും
വാലുപിടിച്ചു വലിച്ചുവലച്ചും
കാലുപിടിച്ചു മലച്ചുപതിച്ചും
ചാട്ടുഭടന്മാർ പാടിയകന്നും
നിഖിലചരാചരനാഥൻതന്നുടെ
നിജഭാവത്തെ നടിച്ചുവിളിച്ചോരു
നിഖിലജഗത്കരമാകിയയുദ്ധം
ജീവസംഗരമേവം വളർന്നു;

ഉക്ഷചരണം തൽക്ഷണമങ്ങേ
ലക്ഷ്മീപതിയുടെ വക്ഷോദേശേ
വൃക്ഷംകൊണ്ടഥ രൂക്ഷമടിച്ചും
ദക്ഷതരതരിന ദക്ഷിണപാണിയി-
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷ്വാകണരക്ഷ തൽക്ഷണമോടവ-
രൂക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങു പൊടിച്ചുതകർത്തും
സാക്ഷാൽഭുവനം രക്ഷിച്ചീടിന
പക്ഷിവരാസനതിക്ഷിതി*തന്നിൽ
രക്ഷിതിപാലക ശിക്ഷക്കായി
തൽക്ഷണമങ്ങു സമക്ഷേവന്നു
രക്ഷകുലാധിപനോർത്തീലേതും
തിരുമാറിടമതിലിതമാറുള്ളൊരു
വനമാലകളും മണിമാലകളും
കഷ്ടമവൻചില മുഷ്ടികൾകൊണ്ടങ്ങി
ധൃഷ്ടതയോടെന്നെത്തിപ്പലവക
കണ്ണുന്നോരമലങ്ങുപിരിഞ്ഞു
പൊട്ടിച്ചിതറി വിതറീടുന്ന
ഉലതരമാവതിസാരരൂപം
ബലരസം ബുദ്ധ്യുലംചെയ്ത്
വൃദ്ധകപീന്ദ്രൻ ക്രൂരതയോടെ
ബുദ്ധികലങ്ങി സിദ്ധമടങ്ങി
ബദ്ധാവിലഥ കബന്ധ്യമതാകിന
ദുഗ്ദ്ധാംബുധിതന്നലത നാരമ-
നലതമാകിനഹിക്കാനാമമിടിച്ചുമുഴക്കി
ധിക്കൃതനിഖില ചരാചരനാകിന
മർക്കടകുലശിരോമണിതന്നുടെ
ഉൽക്കടമാകിന നഖാഗ്രമുഖാരം
സുന്ദരനാകിയ നന്ദസുതന്റെ
സുന്ദരിമാരുടെ കോമളമാംനല
രത്യകരംതളമേനം കീറിന
സരസാരവീരംതന്നിലുറച്ചു
താസ്സുന്നളവു മുറിഞ്ഞുമുറിഞ്ഞു തെറിച്ചീടുന്നു
നോക്കടദോഷം തിക്കറിയാതെ
കൊക്കമുണങ്ങി നരച്ചുകരച്ചുതെ
മർത്ത്യനെന്നനിനച്ചീഹ നരമാം-
ത്തിക്കളിയൊക്കെയിളച്ചൂരാരയോ?

ഗിരികടഹങ്ങളടിച്ചു പൊളിപ്പാൻ
വിരുതുമടിച്ചു തടിച്ചുകരംകൊ-
ണ്ടടികൊണ്ടുടനെ ചെകിട്ടായുധമോ
ട്ടിയ്യുണ്ടാകമരുതെന്നാവേശ
ഇക്കണ്ടുകൊണ്ടറിയാറായി-
ല്ലിപ്പതിതന്റെ പരാക്രമമെല്ലാം
അക്കണ്ടിക്കരനേരം വെയിലിനു
ശുഷ്കതയില്ല സഹിക്കാംതോനും
മല്ലുപ്പുള്ള പകച്ചുനിനച്ചാൻ
പിച്ചയിലല്ലെന്നോർത്തീടേണം
ഹന്ത കരങ്ങൾ! നമ്മൊരുവനെന്തിഹ
നിന്നു പിണങ്ങാമെന്നൊരു മോഹം
നിന്നുടെ ശക്തികളൊക്കെയെടുത്തി-
ട്ടിങ്ങിഹ വന്നാലെന്തൊരു ചതം!
ല്ലേകങ്ങടെ മല്ലനിലപ്പാൻ
മെല്ലെയെടുത്തൊരു തല്ലേവേണ്ടു
എല്ലുതെറിഞ്ഞും പല്ലുപൊരിഞ്ഞും
കൊല്ലാക്കൊലതാൻ ചെയ്യുന്നതല്ലോ
ഗർവ്വുകൾമതിമതി പൊണ്ണത്തടിയാ!
ദുർവ്വിധവചനംകൊണ്ടെന്തുഫലം?
സർവ്വമഹീതലവാസികൾചരിതം
സർവ്വമിനിക്ക മനസ്സിലുദിക്കം
ദുർവ്വഹമായീടിക്കകളെന്നും
സർവ്വശിവകരമംബരമെന്നും
ഭേദമിനിക്കൊരുനേരവുമില്ലാ
മോദമിതൊന്നേ സന്തതമുള്ളൂ
തങ്ങളിലിങ്ങിനെയോരോവചനം
തിങ്ങിനമദമോടു തമ്മിലുരച്ചും
ഭംഗിയിൽ മറിയൊരടവുപിടിച്ചും
ശൃംഗമരങ്ങൾ പലതൊടിച്ചും
ജലധി കലക്കി ധരണി കുലുക്കി
ഭുവനമിളക്കി ഗുഹകളിളക്കി
തിളവാനാടി മുഖമുപ്പാടി
തെരുതെരെ തടി തസമുത്തമൊടി
ലക്കുമൊടി ഭലമതു ചാടി
കുന്തമതേടി ബദ്ധരണമാടി
മോഹമകറ്റി സുരുണമാടി
യുവതികൾ പാടികപികളമാടി
തെമ്മു പേടി തസ്ഥമു തേടി
ഹരിവരമോടി ജനമപികോടി
കരുണത്തതേടിസരസാമോടി
മലകളുമാടിരമ്മൂ ക്രൂടി
ഹരിവരമാടി ബദ്ധരണയാടി;
ഇരവും പകലും പലതു കഴിഞ്ഞു
മിരുവരുമേതും ശോധിച്ചില്ലാ
മറ്റൊരുമാറിടപാടുന്നേരം
മായ മനടെ തിരമാറിൽ വിളങ്ങി
തുളസീമാലയിലുളവാം പരിമള
തെളുതെളയോടഥകളകളമളിതം
വിളയാടീടുമൊരളിനിരയുളവെ
ചിതറിച്ചിതറിപ്പാറിയകുന്നു
കപടനരന്റെ കടകം മകുടവു
മുടഞ്ഞാരം ചിലപിടിയരഞ്ഞാണം
കപിയുടെ മുഖമിൻ പൊരുപെരുവികളെ
മിടഞ്ഞു തടഞ്ഞു പൊടിഞ്ഞു കടഞ്ഞും
പൊടിപെടലങ്ങളുമവരിയിലങ്ങട-
നടമാടിയിളകിപ്പൊടിയാകുന്നു
ദിവസം ദിവസം മെല്ലത്തരം
ഇണമതിരാതണമായി വരുന്നു
ഒരു ദിവസത്തിലൊരുത്ത വിധങ്ങൾ.
ചിറിനാളിലുമതു കാണുന്നില്ലാ,
ഇരുവരുമിങ്ങനെ യുദ്ധം ചെയ്തി-
ട്ടിരുപത്തെട്ടു കഴിഞ്ഞു ദിനങ്ങൾ
പുരുഷോത്തമനിന്നിതിയാരക്ഷണം
വിരവൊടു സംഗരമെന്നുമുറച്ചു
നിത്യവുമിങ്ങനെ നിന്നുപിണങ്ങാൻ
ഋക്ഷകരങ്ങിനു ദീനവുമില്ലാ
തല്ലിനുപകരം തല്ലീടുന്നു
കുത്തിനു പകരം കുത്തീടുന്നു
മല്ലിനു പകരം മല്ലും കാട്ടും
കല്ലിനുപകരം കല്ലമെടുക്കും
എന്നാലിനി തല്ലാനാലേ-
ല്ലെന്നു വരുന്നു പ്രയോഗംകൊണ്ടു
ഇന്നിവനുള്ളിൽ തള്ളിവരുന്നൊരു
ദുർവ്വഹമായൊരു ഗർവ്വുശമിപ്പാൻ
ചിത്തംതന്നിൽ ചൊടിച്ചു
ഋക്ഷകരങ്ങൾ കണ്ണു തുറക്ക;

ഇത്ഥം മനസി നിനച്ചും കൊണ്ട്
ഉത്തമപൂരുഷൻ ഭക്തിയൊടത്താൻ
അശ്രുകലാപമണിഞ്ഞു തടപ്പാൻ
നിന്നു പുരാണം ചില മൂർത്തിയടക്കി
ശിഷ്ടശിരോമണിയാം കപിരാജൻ
കെട്ടന്നെന്നിട്ടുദ്ധതമാം ചില
കണ്ണുകൾ കത്തിയമർത്തു പിടിച്ചാൻ
തട്ടുകൾ മുട്ടുകൾ നീട്ടുചവിട്ടുകൾ
തല്ലുകൾ കിള്ളുകളൊറ്റ കളേവക-
ളെന്നിവകൊണ്ടു തകർച്ചവരുത്തി-
ച്ചെന്നിഹവാലും കാലും കരവും
ഒന്നിച്ചുടനേകത്തിലമർത്തൊരു
പിണ്ഡം പോലെയുരുട്ടി ധരണിയി-
ലിട്ടാനവനെക്കൈടഭമഥനൻ
മന്ദസ്മിതവും തൂകിനികാമം
സുന്ദരവദനൻ നിന്നാനരികെ;
അന്നേരം കപിരാജനുള്ളിൽ
സന്താപം പെരുതായ് വളർച്ചു
ചിന്തതുടങ്ങീയെന്തിവണ്ണം
ഹന്തനമുക്കു വരാനൊരുകാരണ-
മെന്തൊരു ദുരിതം ചെയ്തിതു നാമിവ-
നെന്തൊരു സുകൃതം ചെയ്തവനെന്നും
ധീരതയോടെ വന്നിവണ്ണം
നമ്മെക്കത്തിനമർത്തു മലച്ചവ-
നാരെന്നുള്ളതറിഞ്ഞീല്ലന്നോ!
വീരശിഖാമണിതന്നെന്നൂനം
ഇത്ഥം മനസി വിചാരം പൂണ്ടു
കണ്ണുകൾകൊണ്ടു തളർന്നു കിടക്കും
ശത്രുവെയൊട്ടമിളക്കാൻ മേലാ-
തെത്തു കിടക്കുന്നേരം തന്നെ
നേത്രങ്ങളുടെ പോളകളുളവേ
കരയുഗളംകൊണ്ടാറമുയർത്തി
പാർത്തീടുമ്പോൾ കാണായ് വന്നു
വിശ്വങ്ങൾക്കൊരു കാരണഭൂതം
വിശ്വഗുണങ്ങൾക്കുത്തമഭൂതം
വിശ്വജനങ്ങൾക്കഭിനീതം
വിശ്വാനന്ദം വിശ്വമനോജ്ഞം
വൈഷ്ണവമാകിന രൂപമുദാരം
കൃഷ്ണനിതെന്നൊരു നാമത്തോടെ
വൃഷ്ണികുലത്തിൽ വളർന്നോനാകിയ
തേജഃപുഞ്ജമിതെന്നേ വേണ്ടു.

അഞ്ചൽകാഞ്ചനകാഞ്ചിമഞ്ജനനിതം
ആലംബപീതാംബരം
ചഞ്ചൽകേകിശിഖണ്ഡമണ്ഡലമിള-
മാമല്ലിവല്ലീധരം
കിഞ്ചിൽശിഞ്ജിതകങ്കണാങ്കിതകരം
സാനന്ദമന്ദസ്മിതം
ജ്യോത്സ്നാനന്ദമുഖേന്ദുസുന്ദരമമും
സംദൃഷ്ടവാൻ ജാംബവാൻ,

നീലപയോധരജാലം പോലെ
വിലസിതമായിപലനിറമായി
പീലിയണിഞ്ഞും മാലയണിഞ്ഞും
തണ്ടാർവണ്ണമുതിർന്നിയണഞ്ഞൊരു
വണ്ടുകൾ മൂളി മുരണ്ടു നടന്നും
കണ്ഠാലധികമനോഹരമാകിയ
തണ്ടാർമാനിനികാന്തൻതന്റെ
കൊമ്മലയുമവിടക്കണ്ടാനടനേ
സുവളിതമാകിന കുവലയകലിതം
ഭംഗികലർന്നു വിടർന്ന വിളങ്ങും
തിരുമിഴിരണ്ടും സുഗമേ കണ്ടാൻ
തിലകസുമത്തിന് കലഹം തേടും
തിരുനാസികയുമുദാരം കണ്ടാൻ
ഇട്ടുടയൊരു വ്യാളങ്ങീടുന്നൊരു
ചൊടികളുമരുണം കണ്ടാനടനേ!
ഗണ്ഡസ്ഥലമതിലൊളിമിന്നീടിന
കുണ്ഡലയുഗളവുമുളവേ കണ്ടാൻ
മധുരസുധാകരബിംബത്തിന്നൊരു
വിധുരതനൽകും മുഖവും കണ്ടാൻ
ശംഖിന്നു തോലിവരുത്തീടുന്നൊരു
ശങ്കവളക്കം ഗളവും കണ്ടാൻ
ലക്ഷ്മീകുചതടകുങ്കുമരേഖാ
ലക്ഷിതമാകിന വക്ഷോഭാഗേ
ശ്രീവത്സം ബതകൌസ്തുഭരത്നം
വനമാലയുമവനെല്ലാം കണ്ടാൻ
ഭുജഗശരീരവിരാജിതമാകിന
ഭുജയുഗളത്തെയുമുളവേ കണ്ടാൻ

കുന്തളമാകുമൊരാഭരണം കണ്ടാ-
നതിലുന്നതമാകിന ഭാഗം കണ്ടാൻ
പീതുക്കൂലമുടയൊരാനനകളും
ജതകശ്രുഘലമഖിലം കണ്ടാൻ
കർണികത്തിന ഡംഭമേകും
കൊള്ളുന്ന മുഴങ്കാൽ കണ്ടാൻ
തക്രാദികളാലച്ചിതമാകിന
ഭക്താലടിമലരിണയും കണ്ടാൻ;
അടിമലർതൊട്ടതിരുമുടിയോളം
തിരുമുടിതൊട്ടടിമലരോളം
തിരുവുടൽകണ്ടകതാരിലുദിച്ചൊരു
കരുണാലോലംകൊണ്ടു ഹരീശൻ
കണ്ണിണതന്നിൽ നിറഞ്ഞു പൊഴിഞ്ഞതി
തിണ്ണം വഴിയും കണ്ണീർകൊണ്ടു
കുളിച്ചു കുളിർന്ന ശരീരത്തോടും
വിണ്ണോർ പതികളിലുത്തമനാകിയ
കണ്ണൻ തിരുവടി തന്നുടെ ചേവടി
പുണ്യംകൊണ്ടു ലഭിച്ചതുമൂലം
പുണ്യനവപയോനിധിസലിലേ
മുങ്ങിപ്പൊങ്ങിത്തിരകൾ കളിച്ചൊരു
പുളകപ്പാളികളിച്ചു വിളങ്ങും
വെളുവെളെയുള്ളൊര ദേഹത്തോടും
ധരണിയിൽ നിന്നെഴുന്നേറ്റവണ്ണം
കരുണാകരനുടെയടിമലർ താഴെ
വടിവൊടുവീണു വണങ്ങി വണങ്ങി
സ്തുതിവചനങ്ങളുരച്ചു തുടങ്ങി

ജയനന്ദനസുന്ദരനന്ദന! നന്ദനിയശോദാം-
ബുധേ!
കംസാന്തകനരഹരമുകുന്ദമാധവ! പാപഹരാ
ചഞ്ചലായത ചാരുലോചന! പഞ്ചബാണസ-
മാകൃതേ!
ചഞ്ചലാമലനീലകന്തള! മഞ്ജുളാനനപാഹി
ഗോകുലേശ! നമോസ്തു തേ ജയഗോപ- [ദാം
ബാലനമോസ്തുതേ
ഗോപികേശ! നമോസ്തു തേ ജയഗോധനായ-
നമോസ്തുതേ
സർവ്വലോകശിഖാമണേ! പരമാർത്ഥമൊക്കെയു-
മിങ്ങനെ
ബോധിയാഞ്ഞടിയൻ പിഴച്ചുപിഴച്ചതൊക്കെ-
വുമില്ലഹോ

മുഷ്ടികൊണ്ടു ഹനിച്ചതും ബഹുകഷ്ടമായ്‌വിട-
കൊണ്ടതും
നിന്ദ്യരൂപം പിടിപെട്ടതും പലയുദ്ധുകൾ
ചെയ്തതും
വാളുകൊണ്ടടിയിട്ടതും മുട്ടുകാലുകൊണ്ടിട-
തൊട്ടതും
പീലിജാലമൊടിച്ചതും വനമാലവന്നു പിടി-
ച്ചതും
എന്നുവേണ്ടമഹാപരാധമിതൊക്കെയിന്നതി-
ഓതണം
എന്നിനിക്കരുതീലമീദൃതിതങ്ങളൊക്കെ-
ദയാനിധേ
കണ്ടഗോഷ്ഠികൾ കാട്ടുവാൻ മികവുള്ള കൂട്ട-
മിതെന്നതും
കൊണ്ടൽവർണ്ണനറിഞ്ഞുകൊണ്ടു സഹിക്കിലേ-
ഗതിയുള്ളു മേ
പണ്ടുനിൻകൃപകൊണ്ടുതന്നെ ജഗത്തിൽനിന്നു-
പൊറുത്തതും
കണ്ടവീര്യവും നടിച്ചുരിപുക്കളോടു മറുത്തതും
രാക്ഷസപ്പടയിൽ കടന്നതിരൂക്ഷമായിതടന്നതും
വൃക്ഷപടലികത്തിലും പലരാക്ഷസൌഘമ-
മർത്തതും
വൈരിയോടടിയിട്ടതും പിടിപെട്ടതും കടി-
പെട്ടതും
വീരരെക്കൊല ചെയ്തതും പലരെയ്തതും പല-
ചെയ്തതും
നിൻപദാംബുജസേവനായി നടന്ന ഞാൻമൃഗ-
വാനരൻ
സാമ്പ്രതം പരമാർത്ഥബോധമശേഷവും മന-
സ്സിലേത
പണ്ടുനിന്നവതാരമൊക്കെയുമോർക്കിലെത്രമ-
നോഹരം
കണ്ടുനിന്നടിയൻ സ്മരിച്ചതുമുണ്ടു ചേതസി-
യൊക്കവേ
മത്സ്യമായി ജനിച്ചതും മന്ദകൂർമ്മമായിജനിച്ചതും
മത്സരിച്ചരിബന്ധനായവരാഹമായിജനിച്ചതും
ഭീമവിക്രമമോടുടൻ നരസിംഹമായിജനിച്ചതും
വാമനാകൃതി പൂണ്ടുകൊണ്ടുമഹാബലിപ്പദമെ-
വീണ്ടതും
ഭാർഗ്ഗവാകൃതി പൂണ്ടശേഷനരേന്ദ്രവൃന്ദമറുത്തതും
രാഘവീപതിരാമനായ് ദശകണ്ഠനെക്കൊല-
ചെയ്തതും
വൃഷ്ണിവംശശിഖാമണേ! ബലഭദ്രനാഗ്രജനായതും
കൃഷ്ണനാകിയനീയൊരുത്തനിതൊക്കെ-
ഞാനറിയുന്നിതേ

പുത്രമിത്രകളത്രങ്ങളൊന്നുമില്ലാതെ [illegible] ലൊരു [illegible]
ഇത്തരം [illegible] ത്താരു ഭേദം സാഹസം
ഇങ്ങനെ [illegible] ദുഷ്ടകർമ്മങ്ങളി- കാരണം
ഇപ്പോൾ [illegible] ബോധമുണ്ടായ്വരു- ന്നതു
[illegible] പോലെ [illegible] യെന്നതാ- ണൊന്നാൻ
കയ്യേറ്റം [illegible] പിഴ [illegible] കുറ്റം- ചൊല്ലുവാൻ
കല്പിതമായിതിനെ [illegible] ഞാനൊക്കെമറന്നു- ടൻ
ദുഷ്ടകർമ്മങ്ങളകറ്റീടുന്നിതു കാരണം കരുണാ- നിധേ

ഭക്തിയോടിസ്തുതി ചൊല്ലിവണങ്ങും
ഭക്താധിരാജനിയാം കപിരാജനെ
ഉത്തമപൂരുഷൻ തൃക്കൈകൊണ്ടു
തൊട്ടുതലോടിത്തടവിത്തന്നുടെ-
യുടലിൽ ചേർത്തുടനതിമോദം
തടവുന്നേരം കപീശ്വരന്റെ കണ്ണി-
ണ്ണൊഴുകീടുന്നൊരു വിവശങ്ങളിൽ
മുഴുകി മുകുന്ദൻ പാദാംബുജ
കുഴികിടയൊഴിച്ചു [illegible]
തൊഴുകിപ്പുടികളുമിലപിതനി-
ഴിഴുകിപ്പുറപ്പെട്ടു കാന്നായി വന്ന
ഗോപീനായകനെഴുന്നെള്ളി
കോപം മനസി [illegible]
ഗോപികമാരോടു കളിച്ചു നടക്കും
ഗോപാലാകൃതി [illegible]
എന്തൊരുപായമിതെന്നീവണ്ണം
ചിന്തിച്ചങ്ങനെ മരുവുന്നേരം
സത്രാജിത്തായ മണിയും കൊണ്ടു
തത്രവന്നൊരു കാന്നായി വന്ന
വെട്ടയ്ക്കായിട്ടുവന്നൊരു സഹജൻ
കാട്ടിൽ ചെന്നു മരിച്ചും പോയി
മണിയും സഹജനുമില്ലാതായി-
ട്ടതുകൊണ്ടുള്ളൊരു സത്രാജിത്തും
ദുഷ്ടജനങ്ങളുമൊരുമിച്ചു കൂടി
കെട്ടിച്ചമച്ചിട്ടു ദൂഷണവാക്യം;

കൃഷ്ണൻതന്നെ മണികട്ടെന്നും
കൃഷ്ണനവനെ വധിച്ചാനെന്നും
പറഞ്ഞുതന്നെ കൂട്ടുകൂടിയും
പരമാർത്ഥമെന്നും പലവിധമിങ്ങനെ
നമ്മെക്കൊണ്ടു പറഞ്ഞുപരാധം
തീർപ്പതിനെന്നൊരു ഭാവത്തോടെ
നമ്മുടെ കേശവവൃത്താന്തം
നിന്നൊടു സാന്ത്വനമാശ്രയിക്കാൻ
ഇത്തരമെല്ലാം ചൊല്ലിയനേരം
പിന്നെയുമപ്പോൾ കപീന്ദ്രൻ
ജാംബവാൻ ജാംബവതിക്ക്-
ജാംബവാനാകൻ പതിയാകണം
ജാംബവതീപുരന്ദരഭിഗതെ
ഡംബരമൊന്നു നിലപ്പിക്കണം
എന്നു [illegible]
നാരായണനെ വിളിച്ചു വരുത്തി
നാനാരത്നനൽകിപ്പുറപ്പെട്ടു
വരിച്ചുപെട്ടുമണിയും നൽകി
നിന്തിരുവടിയുടെ കൃപയെ നമുക്കു
സന്തതമേകുപാർത്തീടേണം
സുന്ദരിമാർ തവ പല തരമിപ്പോൾ
എന്നുടയവൻ ബോധിക്കുന്ന
എന്നതിലൊന്നായ് വെച്ചീടേണം
നമ്മുടെ മകളെയുമെന്നേവനു
എന്നുപറഞ്ഞവളെക്കൈവച്ചു
നന്നായ് ഭക്ത്യാ പരമാർത്ഥവിനീ
ത്രയോടെ തൽപ്പദമൊട്ടുവിലസും
പൊടികളെടുത്തു ശിരസ്സിലണിഞ്ഞു
നിന്നീടുന്നൊരു വാനരപതിയോടു
നന്ദതനുജൻ യാത്രയുമരുളി
തന്നെക്കൊണ്ടു ജാംബവതീക-
കരലംതാങ്ങിയെഴുന്നെള്ളി മുദ
ഗുഹയിൽനിന്നു പുറത്തുമിറങ്ങി
സ്വജനത്തോടും കൂടീടുകനൻ
സുകൃതിമഹാവനങ്ങളകന്നു
ഭഗവാൻദ്വാരകതന്നിൽപ്പുക്കു
മിത്രജനത്തോടുകൂടീടുകനൻ
സത്രാജിത്തിൻ ഭവനംപൂക്ക

സത്രാജിത്തുമനന്തരംവിരവൊടു
പുത്രാദിസഹോദരരോടക-
ത്യുത്സാഹത്തോടുകൂടെച്ചെന്നു
സൽപദങ്ങൾവണങ്ങുന്നേരം
നന്ദനന്ദനൻ സുന്ദരവദനൻ
മന്ദസ്മിതമധുരംകൊണ്ടു
മന്ദിരമൊക്കെവെളുപ്പിച്ചുടനേ
സന്തുഷ്ടാഹ്ലാദമിയന്നുള്ള
സത്രാജിത്തിതുബോധിച്ചാലും!
ചിത്രമിതെല്ലാംവിധിയുടെ ചരിതം
സോദരമരണംകൊണ്ടുളവാകിയ
ഖേദംമനസിചുരുക്കീടേണം
സാദരമൊരുവഴികേട്ടീടേണം
മോദംമനസിവളർത്തീടേണം
നിന്നുടെസഹജൻ ഗഹനംതന്നിൽ
ചെന്നൊരുകാട്ടിലണഞ്ഞൊരനന്തരം
വന്നൊരുസിംഹമടിച്ചുഹനിച്ചുപി-
ടിച്ചുപറിച്ചാൻ മണിയെയുമുടനേ;
അവനെക്കൊന്നുപിടിച്ചാൻമണി
ജാംബവനെന്നൊരു വാനരരാജൻ
കണ്ടുബലാൽവാങ്ങി തന്നുടെ
കണ്മണിമക്കൾക്കളിപ്പാൻനല്കി
എന്നിതുവരുമെന്നതുനമുക്കൊരു-
ത്തിരുവാപപൂർണ്ണാദിദിവസം
കാന്താരങ്ങളിലെങ്ങും ചെന്നതി-
ഞെട്ടവിരുന്നുനടക്കുന്നേരം
വാനരവരനുടെ ഗുഹയിൽക്കണ്ടേൻ
ഞാനകമേനിലയിച്ചൊരുമണിയെ
മാനിച്ചവനൊടുതന്നാൻമണിയും
മണിയുംകൂടെത്തന്നാനഥവാ
എന്നാലിതുനീമേടിച്ചാലും
നന്നായ്"വരുമെന്നരുളിച്ചെയ്തു
കേട്ടൊരനന്തരമവനും"തതി-
പ്പെട്ടന്നവിടെവസിച്ചുനിനച്ചു
കഷ്ടമിതെന്നുടെ സാഹസമെല്ലാം
ദുഷ്ടതകൊണ്ടിതുമാകിച്ചുവെന്നാൻ
ഇഷ്ടജനത്തോടൊക്കെയൊരുനാളും
നിഷ്ഠുരമായിനിനച്ചതല്ലോ
വിഷ്ണുപതിയാം നന്ദസുതന്റെ
ഇഷ്ടിവരുത്താനെന്തൊരുപായം
ഇഷ്ടക്കേടിവനായതു്
നഷ്ടമിതല്ലാതെന്നുടെവംശം
വിഷ്ണുപദാശ്രിതരൊക്കെയിവന്റെ
ഇഷ്ടിവരുത്താനായിപ്പലതര-
മിഷ്ടികൾകൊണ്ടുവിശിഷ്ടതയോടെ
ഇഷ്ടിവരുത്തിവസിച്ചീടുന്ന
യഷ്ടിജനങ്ങളിൽ മുത്തവനാംഞാൻ
ദുഷ്ടതതന്നെനിനച്ചുമുള്ളൂ;
സകലമഹാജനഭൂഷണനായി-
ട്ടഖിലനിശാചരശോഷണനാകിയ
യദുനായകനെക്കൊണ്ടിഹതാനും
മോഷണമെന്നൊരുദൂഷണമെല്ലാം
ശങ്കിച്ചുണ്ടതിൽ കുറ്റംകൂടും
ഇതിമനസിവിഷാദം പൂണ്ടതി-
പശ്ചാത്താപവിഷണ്ണതയോടെ
സത്രാജിത്തുവന്നിവണങ്ങിയു-
ണർത്തിച്ചാനിതുഭഗവാനോടെ
അടിയൻചെയ്തപരാധമിതെല്ലാം
വടിവൊടുപൊറുത്തുസഹിച്ചീടേണം
അടിമലരിണയെമറന്നൊരാശ്രയ-
മടിയനില്ലതുണർത്തിക്കുന്നേൻ;
ഇങ്ങനെവിനയവിഷാദംകൊണ്ടട-
ന്നുചിതമായിനിനച്ചുംപറയി
നാഗുണമാകിന ചിലതെരുവാക്കു-
ളരമതമെന്നാർത്തിച്ചുംപറയി;
ഇത്തരമുള്ളൊരുവചനംകേട്ടി-
ട്ടുത്തമരുളിച്ചെയ്തു മുകുന്ദൻ
അത്തൽകളഞ്ഞിനിയിന്നാലുംനീ
ചിത്തവിഷാദമിതൊട്ടുംവേണ്ട
തത്ത്വമറിഞ്ഞീടാതൊരുബാലനി-
മിത്തമെല്ലാമുണ്ടായീടും
ചിത്തവികാരമിനിക്കില്ലേതും
സത്യംതന്നെപറഞ്ഞീടുന്നു
ഇതുംവളരെച്ചൊല്ലലഭിച്ചതി
ത്തണംപോയതിലച്ചീടാമോ?
എന്നരുൾചൊല്ലിക്കൊടുത്തൊരുമണിയും
വാങ്ങിവണങ്ങിസ്സത്രാജിത്തും

ദാനവസൂദനനായിക്കൊണ്ടു
ദാനം ചെയ്യാൻ തന്നെക്കണ്ടു

കന്യാരത്നത്തെ നല്ല സത്യഭാമ- യെ-
ന്നല്ലായി വരംതന്നാനും ഉല്ലാസത്താലെകണ്ടു
തല്ലാരികനതാരിത്ര ചല്ലാത്തമോദം പൂണ്ടു
മെല്ലെനിരൂപിക്കുന്നല്ലാതിൽമണിയായ്
തുല്യമായ്പാരിലെങ്ങും ഇല്ലാത്തതരുണികൾ
കില്ലേതുമില്ലതിനു നല്ലിത്താർബാണനുടെ
വില്ലിനമിനിമേലിൽ മല്ലവിശിഖങ്ങൾക്കും-
മില്ലാതേ നേരം പോലും നല്ലൊരു വിക്രമമെ-
ന്നല്ലോ മമ തോന്നുന്നു, വില്ലുംകുലച്ചുകൊണ്ടു
മല്ലീശരനൊത്തുള്ളകല്യാണത്തേടുന്ന
മെല്ലമലർവിശിഖൻ, നല്ലൊരുവദനവും
ചില്ലീലതകൾരണ്ടും സ്ഫുല്ലാരവിന്ദത്തെയും
വെല്ലും നയനങ്ങളും ചൊല്ലേറുമധരവും
പല്ലും മന്ദസ്മിതവും മെല്ലെയഴിഞ്ഞുലഞ്ഞ
നല്ലതലമുടിയും പങ്കജമുകുളത്തോ-
ടങ്കംപൊരുതീടുന്ന കൊങ്കയുഗളമതും
കങ്കേളിദളങ്ങളോടൊത്തകൈവിരലുകൾ
കാഞ്ചീഗുണങ്ങളെക്കൊണ്ടഞ്ചിതമായീടുന്ന
കാഞ്ചീസദനമെന്നെഞ്ചിൽവിളയാടുന്ന
നാട്ടിൽമികച്ചവരീടും തുടകൾമിഴിയാളെ
കിട്ടുംമമസുകൃതമൊട്ടല്ലിനിസ്സുപോൽ
ഏവംനിരൂപിക്കുന്ന ദേവദേവനായിക്കൊണ്ടു
സത്രാജിത്തുമന്നേരം സത്യഭാമയെ നല്കി
പിന്നെ സ്യമന്തകവും കന്യാദാനമായ് നല്കി
ബാലകന്മാരുടെ ശീലക്കേടുകളെല്ലാം
ചാലേ സഹിച്ചീടേണം നീലനയനനാഥാ!

ഇത്തരമുരചെയ്തു വണങ്ങും
സത്രാജിത്തിൻപാണിപിടിച്ചു
ഗാത്രത്തെപ്പുണർന്നു മുകുന്ദൻ;
ചിത്താനന്ദം തേടിക്കനിവോടു
ചിത്രമതാംമണിയവനായ്‌ത്തന്നെ
സത്വരമണിയെക്കൊടുത്തു മുകുന്ദൻ;
യാത്രയുമുരചെയ്തവനൊടുമുടനെ
മിത്രജനങ്ങളുമായെഴുന്നള്ളി
കളമൊഴിമാരുടെ കരതലയുഗളം
കനിവോടുകൊണ്ടുപിടിച്ചെഴുന്നള്ളി
കളികളുമതുളിച്ചെയ്തതിമധുരം
കളിയൊളിവിലാസം ലളിതകടാക്ഷം
യദുവരനുളവേളകിട്ടുവരുടെ
കരളിൽതെളിവുവരുത്താനായി
തെളുതെളെ വിലസും മന്ദസ്മിതമാം
കളർചന്ദ്രികയെക്കൊണ്ടവിടം
വെളുവെളെയാക്കിനടന്നാൻ കൃഷ്ണൻ
ലളിതവചനലീലാകൃഷ്ണൻ
അപ്പോഴങ്ങു ദ്വാരകതന്നിൽ
കെല്പോടുടനെ പൌരന്മാരും
ചിൽപുരുഷോത്തമനെഴുന്നള്ളു-
ന്നിപ്പോഴെന്നതുകേട്ടൊരുനേരം
തല്പരമൊക്കെയടിച്ചുകളഞ്ഞു.
നമ്മുടെതമ്പുരാനൊരുകാന്തനിന്നു
കൊണ്ടുകൾകൂട്ടിപ്പാർത്തുടനായി
കല്പനചിലതുപറഞ്ഞുടനായി
നമ്മുടെദേവനെഴുന്നള്ളുന്ന
പെൺമണിമാരണിതവരെപ്പോലെ
വെൺമയിൽവീഥിവിലസിതമാക്കി
രമ്യതയോടലങ്കരിക്കേണം
പൊൻമയമാം ചിലമണിമാളികയും
വെൺചാമരങ്ങളുമുളവാക്കണം
സമ്പന്നങ്ങളുമലങ്കാരങ്ങളു-
മിനിയും പലതു ചമച്ചീടേണം
പന്തലുമുയരത്തിൽത്തീർക്കേണം
ചന്തത്തോടുവിതാനിക്കേണം
രണ്ടുവേണം മുല്ലപ്പന്തൽ
രണ്ടുവിവാഹംകൂടീട്ടല്ലോ
കാഴ്ചക്കാർക്കുവസിപ്പാൻ ചുറ്റും
കാഴ്ചത്തട്ടുകളിട്ടീടേണം
തട്ടുകളെല്ലാമൊട്ടൊഴിയാതെ
പട്ടുകൾകൊണ്ടുവിതാനിക്കേണം
കെട്ടീടേണം പലകൊടികളും
വെട്ടീടേണം കാടുകളെല്ലാം;
നാട്ടീടേണം കൊടിമരനികരം
കൂട്ടീടേണം കൊടിയടയാളം
കൂറകൾപലതും തൂക്കീടേണം
കൂറെങ്കിലിരിപ്പാൻവേണം

ഞാണാടികളുമ്പലവകവേണം
പഞ്ചാതികളെ കാലംപോയി
കോടിസഹസ്രംപീഠികവേണം
കോട്ടകളിൽചിലതൂണുകൾവേണം
കോടികൾ പട്ടുകൾ തൂക്കീടുമ്പോൾ
കോടിപ്പോമിഹതൂണില്ലാഞ്ഞാൽ
കോട്ടകളിന്നു ജനങ്ങൾനിറഞ്ഞതശ-
കോട്ടചമഞ്ഞുവരുന്നൊരനന്തരം
കോടരതെല്ലുംചഞ്ചലമില്ലാതെ
കോട്ടകളധികം കരുതീടേണം
കൊട്ടിലുപലതും കെട്ടീടേണം
കോട്ടത്തളവും തീർത്തീടേണം
കൊട്ടകൾ വട്ടികൾ തൊട്ടികളെല്ലാം
കോട്ടമകന്നു ചമച്ചീടേണം
പത്തിപ്പലകകൾപലതുംവേണം
മുട്ടുകഴലമരക്കാലികയും
കലവറവേണം നിലവറവേണം
കലവറയിൽ ചില നിലവറവേണം
നിലവറയിൽ ചില കലവറവേണം
എള്ളുകണക്കിപ്പാൻ പലതുംവേണം
കലകളിരിപ്പാനങ്ങനെതന്നെ
പാലും തൈരും നെയ്യും മോരും
പാലപ്പുരികൾവരുത്തീടേണം
അരിയും പെരികെ വരുത്തീടേണം
പൊരിയും മലരവിലിവയും വേണം
മന്ത്രക്കാരനു മൂശ്യക്കാരും .
പന്തം നോക്കി നടന്നാൽ പോരാ
സന്തതമോരോ കോപ്പുകൾ കൂട്ടാ-
നന്തരമെന്ന്യേ നിവർത്തീടേണം
ജനങ്ങളനവധി വരുമെന്നാലവർ
പൊങ്ങിലിടിമലതടനേ കൂപ്പി
പന്തിനിരത്തിയിരുത്തീട്ടവരെ
ചിന്തതെളിഞ്ഞു ഭുജിപ്പിക്കേണം;
എന്തിനു പലതു പറഞ്ഞീടുന്നു?.
പൊന്താർമാനിനി വല്ലഭനാകിയ
തിരുവടിയുടെ വേളിയതെന്നു
ചിന്തിച്ചുല്ലാസോത്സാഹിപ്പിൽ
ഇത്തരമോരോ വാക്കു പറഞ്ഞും
സത്വരമവിടെ നടന്നു ഭ്രമിച്ചും
ചിത്താനന്ദത്തോടേ പൗരജനം-
മൊത്തു സമസ്തം കോപ്പുകൾ കൂട്ടി.

അനവധി ജനമതുകളുകൾമോടെ
നാരദമുനി പുരമണഞ്ഞപ്പോതേ
പുനരപിപുനരപി ജലധിതടേ
ഘനതരസമ്മോദർ നിറഞ്ഞവിടെ
ചിരതരമിളകിത്തിരതള്ളുന്നർ നടന്നു
പിറകിൽ നിന്നതിതരളിച്ചിലർ കടന്നു
പുരങ്ങളിലകം പൂക ചിലരിരുന്നു
പരിചൊടു കുടിലുകളൊക്കെപ്പൂരന്നു
ഭജനമൊരുവക നടന്നീടുന്നു
പടപടപരിചകൾ മുടക്കീടുന്നു
പൊട്ടുപൊട്ടെവെടി ചിലർ മുഴക്കീടുന്നു
തെരുതെരുമൃതിജനമെഴുന്നള്ളുന്നു
പരിഹാസം പറഞ്ഞങ്ങു ചിരിച്ചീടുന്നു
പരിചൊടവരെച്ചിലർ വണങ്ങീടുന്നു
ഒരു ദിശിവിപ്രന്മാരും വസിച്ചീടുന്നു
പരമപൂരുഷനുടെ വരവു കാൺമാൻ
തരുണികളൊരുമിച്ചു പുറപ്പെടുന്നു;
തരിവളകടകങ്ങൾ ഉടഞ്ഞാണുകൾ
തരമായ കനകാഭരണങ്ങളുകൾ
കരയുള്ള പുടവകൾ കുറിമുണ്ടുകൾ
തെരുതെരെയെടുത്തുടനണിഞ്ഞീടുന്നു
തിലകങ്ങൾ പലതരം ചമച്ചീടുന്നു
തലമുടിവടിവൊടു തിരുകീടുന്നു
വിലസിതമധുഗണം പൊഴിഞ്ഞീടുന്നു
മലർശരനവരോടു പിണങ്ങീടുന്നു
കളമൊഴി ജനങ്ങളും തെളിവിനോടേ
കളികളും പറഞ്ഞങ്ങു കളിച്ചുമെല്ലെ
വള്ളികൾ മുകളേറിയിരുന്നീടുന്നു
കള്ളകളമോരോവാക്കു പറഞ്ഞീടുന്നു

പെണ്ണായിട്ടു പിറന്നവരാരും
പെണ്ണെന്നുള്ളം ഭാവിക്കേണ്ടാ
കണ്ണൻ തിരുവടി തന്നൊടു ചേരും
പെണ്ണുത്തമയൊത്ത പെണ്ണായുള്ള
എണ്ണില്ലാത്ത ഗുണങ്ങളിണങ്ങും
കണ്ണൻ തിരുവടി തന്നൊടുചേരാൻ

പുണ്യം കൂടാതിങ്ങനെ നമ്മെ
തിണ്ണം തീർത്തവനെന്തൊരു പോഴൻ
നാഥന്മാരുടെ മനസ്സു വരുത്തും
സുന്ദരിമാരെക്കാണാകുന്നു;
ധന്യകളാമാക്കന്യകമാരെ-
ത്തന്നോമനയിലിവണ്ണം കാണും
ധന്യജനത്തിനു ഭാഗ്യം പോരാ
ധന്യജനത്തൊടു കൂടിവസിപ്പാൻ
മുന്നം ചെയ്യാത്ത സുകൃതം കൊണ്ടോ
നന്നായിട്ടൊരു വരനെങ്ങാവൂ
നോക്കണമെന്നൊരു നായരവന്റെ
വാക്കുകൾ കേട്ടാലെന്തൊരു കഷ്ടം!
മുക്കാട്ടും ബത കള്ളു കുടിച്ചി-
ട്ടക്കകൾ കാട്ടണമത്രേ വേണ്ടു
ചെന്നന്നായകൻ വന്നാനിന്നലെ
നമ്മുടെ വീട്ടിൽച്ചേരുവാനായി-
ട്ടെന്നാറായ്ക്കൽ തരുമവനൊരു
പായുമെടുത്തു പുറത്തു കൊടുത്തു;
ആയതുനേരം നമ്മുടെ നായര
വന്നിട്ടെന്നോടെന്തൊരു കലമ്പി
കള്ളച്ചെറുമിയാരാണിന്നി
കള്ളപ്പാഴനെ പാരാൽക്കിയതു"?
കൊള്ളാമെന്നു പറഞ്ഞു കിണ്ടിവ-
ന്നുള്ളകലങ്ങളുടച്ചുമുടച്ചു
കൊച്ചിനെ വന്നു പിടിച്ചുപറിച്ചാ-
ട്ടച്ചനിരിക്കിട്ടാനും തച്ചു
ഇങ്ങനെയുള്ളൊരു കള്ളന്മാരെ
ഇങ്ങു നടുക്കണ്ടാകുന്നുള്ളൂ;
ഒരൊരു നാരി പറഞ്ഞതുപ്രകാരം
ഉറവരെങ്കിലിവണ്ണം വേണം
വല്ലവിമാരെപ്പരിപാലിപ്പാൻ
മല്ലാരിക്കൊരു കൗശലമേറും
നല്ലജനത്തൊടു കൂടി വസിപ്പാൻ
നല്ലൊരു ഭാഗ്യം വേണം തോഴി!
ഞങ്ങൾ പട്ടത്തൂരിനടന്നാൽ
എണ്ണമെല്ലാം തോനറിയേണ്ടു
കാഴ്ചകൾ കാൺമാൻ കൊണ്ടു നടപ്പാൻ
കൊച്ചു പണിക്കരു താനേ പോരും
താച്ചൻനായരു കച്ചയെടുത്തേ
ഇഷ്ടക്കൊരുത്തു പടണമൊരു കാലം
പണ്ടു സുഖിച്ചു വളർന്നവർ താനേ-
ന്നുണ്ടാകേണം മാനിനിമാരേ!
തരുണികളിത്തരമുരചെയ്തുടനേ
പരിചൊടു കണ്ടു രസിക്കുന്നേരം
സരസിജനയനനകം പുക്കുടനേ
സരസമൊരാലയമതിലെഴുന്നള്ളി
വിവാഹമാകിയ മഹോത്സവത്തിനു
മുഹൂർത്തമൻപൊടു വിധിച്ചനേരം
മഹാജനങ്ങളുമണഞ്ഞു പാരം
മഹാപുരങ്ങളിൽ നിറഞ്ഞിരുന്നു
മഹീതലങ്ങളിൽ വിളങ്ങിമേവും
മഹീസുരേന്ദ്രാദ്യരശേഷമപ്പോൾ
വിഹീനസംഭ്രമമകന്ന യാദവ
മഹീശമന്ദിരമലങ്കരിച്ചു;
തനിച്ചു മാനുഷജനത്തിനപ്പോൾ
അനേകമുണ്ടാം മനോരഥങ്ങൾ
വിമാനങ്ങളെ നിരസ്യ ബാലഗ-
മനസ്സിലുണ്ടതിക്കുതുഹലങ്ങൾ
മുരാരിതൻ പദസരോരുഹങ്ങളെ
നിരാകുലം കില വണങ്ങുവാനായ്
തരം വരുന്നതിനെന്നു കാണണ-
മതൊക്കെയെന്നവർ നിനച്ചിരുന്നു
കെട്ടുകൾ പലതുമതിനിടെ പുരവും
കൊട്ടിലുപലതും കെട്ടിത്തീർത്തു
പെട്ടുയരം മാനത്തൊടൊപ്പ
മുട്ടുമതെന്നു കണ്ടാൽ തോന്നും
ചന്ദനവിടപികൾ കൊണ്ടു ചമച്ചാ-
നന്ദമാകിന തൂണുകളെല്ലാം;
അകിലുമരം കൊണ്ടഖിലം തീർത്തു
നാകലം നീളവുമളവില്ലാതെ
നാട്ടപ്പുള്ളൊരു മന്ത്രിപ്രവരൻ
കല്പനകൊണ്ടു പറഞ്ഞു തുടങ്ങി;
പത്തും രണ്ടും മന്ത്രികളുള്ളവ-
രൊത്തു പ്രയത്നം ചെയ്തീടേണം
ഉത്തമമാം ജനമിവിടെപ്പലവക-
യെത്തുമതെന്നു ബോധിച്ചാലും!
സത്തതിനു കൊട്ടപ്പുവരാതെ
ചിത്തമുറച്ചു ശ്രമിച്ചീടേണം;

നാട്ടിൽ വാഴുന്ന ജനത്തെ
പരിപാലിപ്പാൻ പ്രധാനം വേണം
നരവരമന്ത്രികൾ വന്നാലവരെ-
പ്പൂമുറിതന്നിൽ പാർപ്പിക്കേണം
മേളം കൂടിനൃപന്മാർ വന്നാൽ
മാളികതന്നിലിരുത്തീടേണം;
ഭക്തിത്തിരിമാർ യോഗ്യന്മാരാർ
ചൊൽക്കൊണ്ടീടിന മട്ടരികളും
ആഢ്യന്മാരാം മന്ത്രികൾ തന്ത്രികൾ
വൈശ്യമിയന്നോരു സമൂഹം
സകലജനങ്ങളുമുള്ളോരവരെ
സേവാരികൾ പരിപാലിക്കേണം
വൈദ്യന്മാരും ഗണിതക്കാരും
വന്നാലവരെപ്പാർപ്പിക്കേണം
കൂട്ടക്കാരുടെ പെട്ടികൾ വെപ്പാൻ
കൊട്ടിലുവേറെ കെട്ടീടേണം;
ശാസ്ത്രിപ്പിള്ളേർക്കരിയും കോപ്പും
പാത്രവുമങ്ങു കൊടുത്തീടേണം
കള്ളുകുടിക്കും കള്ളന്മാരുടെ
തൊള്ളയിലുടനേ മുള്ളീടേണം
വാടസ്ഥലിൽ കാക്കകൾ കാട്ടം
ചോരന്മാരെത്താഡിക്കേണം
ഒട്ടൊട്ടസ്തമനത്തിനടുത്താൽ
വെട്ടം നീളെ നിറുത്തീടേണം
വടപ്പുകളെ മുള്ളുന്നവരെ
വടിയിട്ടങ്ങു മറിച്ചീടേണം
കല്ലുതകർപ്പാനെളുതല്ലെന്നാൽ
കല്പിതമാക്കിയൊഴിക്കാവല്ലാ
കൃഷ്ണൻ തിരുവടി ശാസനമെന്നതു
വൃഷ്ണികളെല്ലാം ബോധിക്കേണം.
ഗംഭീരമിങ്ങനെ പറഞ്ഞനേരം
സജ്ജനങ്ങളുടെ മനംതെളിഞ്ഞു
മഹോത്സവങ്ങളുമുടനെ തുടങ്ങി
നൃത്തവും പുനരെട്ടുമുറവന്നു;
കന്യാമാരെയുമലങ്കരിപ്പാൻ
പെൺമാരോടിഹ ഭൂഷണകലിതരും;
കയ്യിൽവന്നതു നിരച്ചീടാതെ
കരിച്ചു കൈകളിൽ പിടിച്ചു മന്ദം

മങ്ങാ നീലരി ചുരുളും തലമുടി
കരങ്ങൾകൊണ്ടവർ വടിവിൽത്തിരുകി
കരസ്ഥമാവകളുണ്ണിയമെല്ലാ-
പ്പുനരാം കസ്തൂരി തിലകമതുവെട്ടി-
ത്തരത്തിൽ നല്ലൊരു തിലകം ചാർത്തി
വിലോലകുന്തളങ്ങളിലണിമാല
വിലാസമുള്ള വിലോചനങ്ങളിൽ
വിലാസമാകിന കജ്ജലം ചാർത്തി
വിലാസിനിമാരനുരാഗമൊടും
തെളിഞ്ഞ കുണ്ഡലമണിഞ്ഞു കാതിൽ
ഗളത്തിൽ മാലകളെത്രയണിഞ്ഞു
കരങ്ങളിൽ തരിവളകളുമിട്ടു
വിരലുകൾ മോതിരനികരമണിഞ്ഞു
സുവർണ്ണമാകിന പദതളിരുകളിൽ
സുവർണ്ണനൂപുരനികരമണിഞ്ഞു
സുവർണ്ണക്കോപ്പുകളവരു ചമഞ്ഞു
കുമാരിമാരൊടുമിടചേർന്നങ്ങനെ
പ്രമോദമോടിഹ സഖികളുമെല്ലാം.
ഫുല്ലവിലോചനനായ മുകുന്ദൻ
മുല്ലപ്പന്തലിലന്നുള്ളി
കല്യാണികളാം കന്യകമാരുടെ
കല്യാണോത്സവസമയത്തിങ്കൽ
ഉല്ലാസത്തോടു വേണ്ടുംവിധികളു-
മെല്ലാമങ്ങു കഴിഞ്ഞതരോതാം
ഭൂമീസുതയാക്കന്യവധൂനവും
കാർമുകിൽവർണ്ണൻ ദാനംചെയ്തു;
ആമോദത്തോടു മംഗലസമയേ
രാമാപാണിഗ്രഹണം ചെയ്തു
ജാംബൂനദവും പട്ടും വളയും
താംബൂലങ്ങളുമവനിസുതന്മാ-
ർക്കംബുജനയനൻ ദാനം ചെയ്തഥ
ജാംബവതിയെയും വേട്ടാനുടനേ
പാവകസാക്ഷികമാകിയകർമ്മം
പാവനമാമതു കഴിച്ചു മുകുന്ദൻ
ദേവകിവസുദേവാദികളോടും
ദേവിയതാകിയ രുക്മിണിയോടും
സേവകരാകിയ വൃഷ്ണികളോടും
കേവലമൊരുമിച്ചങ്ങനെയുള്ളി

പള്ളിമറമാനിനസാദൃശം പൂണ്ടി-
ന്നുള്ളിൽ പരിചൊടു മാറ്റാനിട്ടും
സൂത്രമടിച്ചു വെയ്ക്കുന്നേരം
കാര്യക്കാർ പലരെണ്ണയെടുപ്പാൻ
എണ്ണത്തൊട്ടിലൊഴിയിക്കുന്നു
എണ്ണയെടുത്തു കൊടുത്തു തുടങ്ങി
കെട്ടുതിരിക്കിലുറക്കിട്ടവരായി
പട്ടന്മാർ വന്നാസ്ഥവിളിച്ചു
തട്ടിന്മേലെ നിന്നാരിടസ്സുകൾ
കാട്ടിപ്പരിചൊടു മാറ്റിത്തുടങ്ങി;
ചടപടനെന്നവർ മുടിയിലടിച്ചും
വടിവൊടു തേച്ചു ജടയിലൊലിച്ചും
താളിത്തട്ടിന്നരികെച്ചെന്നാ-
ത്താളിക്കാരോടു മുള്ളു പറഞ്ഞും
താളിപിഴിഞ്ഞവർ കണ്ണിലൊഴിച്ചും
താളിച്ചളിയിൽ തെറ്റിവീണും
ഇഞ്ചകളൊട്ടു പിടിച്ചു പറിച്ചും
സന്ധികളിൽ ചിലരാക്കിയൊളിച്ചും
വഞ്ചിച്ചവരെ സന്ധിപിടിച്ചും
വഞ്ചിയിലേറിക്കരപറ്റിച്ചും
കടവിലിടഞ്ഞു തടഞ്ഞു കുടഞ്ഞും
ചിലരവതള്ളും ചിലതു കളിച്ചും
സോമൻപുടവകൾ നാർപുടകളും
കെട്ടിയുടുത്തഥ പാളത്താറും
കൂട്ടിത്തിരുത്തരെയാടിയടക്കം
കൊട്ടിലുപുക്കിട്ടിപ്പിഴിച്ചും
വട്ടക്കൂട്ടം പട്ടന്മാരുടെ
പട്ടംകെട്ടാലെത്ര വിചിത്രം!
അപ്പോളൂട്ടക്കളമതിനിൽവിളമ്പുതൊ-
ടമ്പുതമെങ്ങനെവാഴ്ത്തീടേണ്ടു
കൊള്ളിയടുപ്പിൽ തള്ളുന്നു ചിലർ
വെള്ളംകോരിനിറയ്ക്കുന്നു ചിലർ
ഉള്ളനടിച്ചു നുറുക്കുന്നു ചിലർ
പൊള്ളുപറഞ്ഞു ചിരിക്കുന്നു ചിലർ
ആത്രശ്ശേരി ചിത്രമ്പള്ളി
പാത്രമെടുത്തിട്ടു പാച്ചാറായി
പാത്രത്തിനുപിടിപ്പാൻ നല്ലൊരു
പാത്രമതേന്നാനിക്കളിതെന്നും
തൊട്ടാശ്ശേരി എറിശ്ശേരിക്ക-
ചട്ടുകമായിട്ടിടേണം
കടുകശ്ശേരി കടുകവറുക്ക
വെങ്ങിശ്ശേരി തേങ്ങവറുക്ക
പക്കപ്രഥമൻ വെക്കണമെന്നാൽ
തെക്കത്തിന്നൊരു തക്കപ്പുമേറം
ചിറക്കാറ്റിന്നു സരസതയേറും
ചിറക്കാറികൾ ചമപ്പാനെന്നും
വഴുതക്കാട്ടും വഴുതിപ്പോമേ
വഴുതിനങ്ങാക്കറിവെക്കുന്നേരം
നെല്ലിക്കാട്ടുമഠൻ മൂന്നാമൻ
നെല്ലിക്കാക്കറിവെപ്പാൻ കൊള്ളാം;
ഉപ്പുകുറ്റം നോക്കാനാപ്പൻ വേണം
വമ്പന്മാരിൽ കെങ്കേമന്മാർ
ഉപ്പേരികളുടെ പാകം വരുമാ-
ന്നുപ്പള്ളിക്ക ശരിയല്ലാരും
വെള്ളംപോലെ വെള്ളമൊഴിപ്പാൻ
കണ്ണന്മാരവരുടെ കിരുവൊരി
മൊന്തകളിന്നിവർ തന്നെ വരണം
മൊന്തയിൽനിന്നു പകർന്നീടേണം
ഉഴക്കാരെ പാഴ്പാനരി
വാഴക്കായുപ്പേരിയാകില്ല
ഉപ്പുകൊള്ളും കൊട്ടുറിച്ചുമതി
ഉപ്പേരിക്ക നറുക്കിടേണം
ഏങ്ങാക്കാട്ടിരി ചൊല്ലുന്നെന്നാൽ
തേങ്ങയരച്ചു തീരതിയായില്ല
ഇങ്ങനെ പലതും പറഞ്ഞു കൈകൊണ്ടു
ഭംഗിയൊടൊരു പചിച്ചുതുടങ്ങി
നാനാവട്ടളുകളൊരിട്ടൊരാമ
സന്ധിയഴിച്ചു മുറുക്കത്തുടങ്ങി
ഇലപ്പുകയിലതരിമ്പില്ലാഞ്ഞാൽ
നമുക്കുമുറുക്കിന്നു സുഖമില്ലേതും
പാക്കും വെറ്റിലയുണ്ടെന്നാകിൽ
ത്തുക്കം നോക്കണമെന്നുടെ കഴലിൽ
തന്നുടെ കഴലിൽ പുകയിലയെന്നു
മുന്നം ഞാനോ കണ്ടിട്ടില്ല
വെറ്റിലപറനാലുള്ളൊരുപായം
മുറമതുരുക്കും നമ്മോടുകൂടാ

കണ്ടപ്പോലെ കണ്ടതുപോറി
തിന്നുടിക്കനമുക്കിരല്ല്യും
തിന്നുടിക്കും ഞാനൊന്നിങ്ങനെ
വന്നുപറഞ്ഞാലടിയുംകൊള്ളും
തല്ലികൾമുമ്പിൽപിള്ളകളിഹം
കല്ലുകൊഴുന്നും തല്ലിപ്പൊരിച്ചും
നയമരോടടിയുംകൊണ്ടു
പായുംനീയോ നമ്മെയടിപ്പാൻ
തിന്നയടിച്ചാലാരെത്രപ്പൂം-
ഞങ്ങടെമുമ്പിൽ വരുന്നവനെന്നും
കന്നത്താടേ ഞാനടികൊണ്ടാൽ
തിന്നെള്ളടയതൊപ്പിക്കണ്ണനമോ
തില്ലെടപോഴ നില്ലെടപോഴാ
തല്ലതിനല്ലയുന്നിഞ്ഞിടുന്ന
എല്ലുകളെല്ലാം തല്ലിയൊടിപ്പൻ
പല്ലുകൊണ്ടും പല്ലുകൊഴിപ്പൻ
ഉത്തരമോരോവാക്കുപറഞ്ഞും
അന്യമഹീസുരരിരുവരതമ്മിൽ
സപരമുടനെയടിപ്പതിനായി
പലകവലിച്ചുപിടിച്ചതിനാലവർ
വാഴ്‌വരികളിൽകറിമുണ്ടമുറുക്കി
വിഘ്നിതങ്ങളും നടിച്ചുതുടങ്ങി;
കിടുകിടെമേനിവിറച്ചുതുടങ്ങി;
കൂകടെയുടലുവിയർത്തു വിയർത്തും
വടിവൊടുതങ്ങളിൽ മുണ്ടുപിടിച്ചും
കേളുതടഞ്ഞവർ മണ്ടിനടന്നൊരു
അന്നുകൂടെ മറിഞ്ഞതവിനാ
കണ്ടുവസിക്കുന്നാളുകളെല്ലാം
കൈകൊട്ടിക്കൊണ്ടാർത്തുവിളിച്ചു
എത്രവെപ്പാനമരുന്നൊരുനേരം
പലരും വന്നു കൂടിച്ചുതുടങ്ങി
സ്ഥലവുംവച്ചുവസിക്കുന്നാളുകൾ
കലഹിച്ചുതു പറഞ്ഞുതുടങ്ങി
അരവച്ചോരു നിലത്തുവസിപ്പാൻ
അന്നൊരവരേറ്റു കലുഷചിത്തം
അങ്ങടെനിലമല്ലതുമതൊന്നാൽ
മൂന്നാമതൊന്നൊരു മുണ്ടുവിരിച്ചു
മുണ്ടുവിരിക്കും മുമ്പെയതൊന്നും

രണ്ടുവരച്ചുതുകണ്ടീടട്ടെ താൻ
രണ്ടുവരച്ചുതുപാർക്കുന്നാനും
കണ്ടില്ലാ ഞാനെന്നൊരുവൻചൊന്നാം
കൊട്ടിലിലിങ്ങനെ സർവ്വജനങ്ങളു-
മൂട്ടിനുവന്നിരിന്നൊരു സമയേ
കൂട്ടുകറിക്കാർ വരവുതുടങ്ങി
കൊട്ടവൂകളിലും മുറവും മാറ്റിയു-
മൊട്ടൊഴിയാതെപൊടിച്ചുകലക്കി
തട്ടപ്പുഴുപ്പൊടി പച്ചുകൊഴുന്നും
വാട്ടുമകന്നൊരു പച്ചപ്പുഴുവും
രാമച്ചപ്പൊടി പിച്ചുകമലതം
ചട്ടറിടിന പെമ്പകമൊട്ടും
മട്ടലർപലതും പനിനീരെന്നിവ
കൂട്ടിയിളക്കിപ്പുരിമളമോടിട
കൂട്ടിനചന്ദനപങ്കം പരിപൊരു
തട്ടകമതിലൊഴുക്കുംകൊണ്ടൊരു
കൂട്ടമൊഴുക്കുകൊഴുത്തുതുടങ്ങി
പാത്തും മലയജകുങ്കുമമെല്ലാ-
മന്തണർപന്തിയിൽ വന്നുതുടങ്ങി
എലവച്ചങ്ങനിരന്നുതുടങ്ങി
ജലവുമെഴുത്തുകൊടുത്തുതുടങ്ങി
മലരതുപോലെ വെളുത്തൊരു ചോറും-
വിളമ്പി വിളമ്പിയെടുത്തുതുടങ്ങി
ഉപ്പേരികളും പലവകയുണ്ടു
കെല്ലാടങ്ങുവിളമ്പീടുന്നു
പപ്പടമെന്നതു പലതും മുപ്പതു-
മൊപ്പിച്ചങ്ങുവിളമ്പീടുന്നു;
ആനച്ചുവടൻ പപ്പടമൊരുവക
മാനിച്ചങ്ങുവിളമ്പീടുന്നു
ചക്കപ്രഥമനുമതുകൂടി
തുക്കിക്കണ്ടാലെളുതെപ്പൊണ്ടു
പ്രഥമനതിലടപ്രഥമൻപോൽ
പ്രഥമനിതെന്നൊരു ധൂളിപറഞ്ഞു
വെല്ലുണ്ടാക്കിയ കറികറിയൊന്നിലു-
മിച്ഛയിനിക്കില്ലെന്നൊരു ഘട്ടവാ
പച്ചടിസാറ പരിപ്പുണ്ടാനാ-
ലാച്ചിയുസാപ്പാടെന്നൊന്നൊരുവൻ
ഞാനമ്പൂതിരിപ്പീത്താറെയളി
ഒമ്പതപൊട്ട പുളിശ്ശേരിയെ

ഒന്നെടുത്തവനോ സാമ്പ്രതമായി
സാപ്പാട്ടക്കായ് വന്നവരെന്നാ
പണ്ടാരപ്പുരയിൽ ചില ഉപ്പാദം
വെപ്പിലെ പാത്രം കോരിക്കെ വറുവാ
സാമ്പാറിനും പച്ചടികിച്ചടി
പപ്പടം കിട്ടാഞ്ഞു തെറ്റന്നൊരുവൻ
കരയിരിക്കാൻ കറിയില്ലാഞ്ഞാൽ
പൊത്തവിളമ്പണമെന്നാനൊരുവൻ
ഓടനാറണ്ണാ മണിയാ സ്വാമി
ശാമ്പു സുബ്ബാ വെങ്കിടരാമ
സീതാരാമാ കൊള്ളൂരാനാം
ആനപിട്ടർ മണിയൻ ഞൊണ്ടാൽ
അപ്പുപ്പാ ചില മുഷ്കുകളൊന്നും
അപ്പന്മാരുടെ മുതലൊന്നെത്തും
പൊടികള പൊടികളപ്പോട്
ചോറൊരിടക്കഴിയിങ്കെപ്പോട്
ഇത്തരമോരോ വിപ്രന്മാരുടെ
ഉക്തിരസോത്സവമേറ്റം വിചിത്രം
പാലുകറക്കിയെടുക്കുന്നു ചിലർ
വാരിച്ചുള്ളതെടുക്കുന്നു ചിലർ
നാരങ്ങാക്കറി മാങ്ങാക്കറിയും
മോരും നെയ്യതുമെടുക്കുന്നു ചിലർ
വെള്ളപ്രായസമുണ്ടുവരുന്നു
മെല്ലെയിരുന്നു ചെലുത്തണമെന്നും
കണ്ണാംവെന്തു കഴിപ്പതിനിന്നീ
വന്നവരാങ്ങളിൽ മുമ്പിലെന്നും
കൊണ്ടാരണ്ടുക വെപ്പിലെന്നും
കൊണ്ടാ പപ്പടമിവിടെ വരണം
കൊണ്ടാട്ടാന്നു ഇനി പള്ളിയിന്നി-
ങ്ങുണ്ടായീടിന കൗതുകമോർത്താൽ
കണ്ടാലൊരു മനോഹരമതിനെ
കൊണ്ടുപുകഴ്ത്താനെളുതല്ലല്ലും
ഗോസായികളുണ്ടങ്ങോരു ദിക്കിൽ
അങ്ങളിലോരോന്നരുളുന്നു,
വമ്പന്മാരെ വിളിക്കയുമവ-
രൊപ്പമിരുന്നു ഭുജിക്കുന്നേരം
ജയജയരാമാ സീതാരാമാ
രാജാരാമാ കോദണ്ഡരാമാ
കുമാരമുരുക കോനമുരുക
സ്വാമിമുരുക കാശിമുരുക
കൂരാട്ടിക്കാണിക്കാരാരെയൊവോ
നാരാട്ടിക്കാണിനിന്നിതാരും
ബ്രാഹ്മണർവാദാവൻ മാരോ
വച്ചുപാനീയദാരേദാരലോ
പത്താലാരേവാക്കാരിലാരേവാ
പൊന്നുകാരേവാകലിയാരേവാ
ഉറിയാരേവാ കൂർമ്മയാരേവോ
സുപാരിലാരേവാസക്കരിലാരേവോ
പൂരിയാരേറാദസ്തുലാരേവോ
ധിക്രായാരേരാതമാക്കയാരേരോ
സുരണ്ടയാരേറാകറലാലാരേവോ
രേരവായാരേറാരെരിക്കാറാബ്
പാനിപ്പിയോരെമരാപെടണം
ഉത്തരമായികം കരകം കരകം കര
ജാനെറ്റാരജാമുരജാഥാജാരെ.

ഇത്തരമോരോ കോലാഹലമു-
ണ്ടത്തൽപ്പൂരം പൂരങ്ങളിലെല്ലാം
വാണിയർതോറം കണ്ടിപ്പട്ടികളൊരുവക
വാണിഭവും വച്ചുണ്ടു വസിച്ചു
വാണീടുന്നതു വാഴ്ത്താൻ നമ്മുടെ
വാണിക്കില്ലും പ്രൗഢതപോരാ
ഇത്തരമോരോ ഘോഷത്തോടെ
രാത്രികഴിച്ചും പകലുകഴിച്ചും
മികവേറുന്ന വിവാഹമഹോത്സവ-
മഴകൊടങ്ങു കഴിഞ്ഞതു ഭാമയാം
വനമദഗാമിനിമാരുമുടനെ
നാരികളന്നവർ ഗമനം ചെയ്തു
നന്ദതനുജൻ സുന്ദരവദനൻ
സുന്ദരിമാരൊടു കൂടിസ്സുഖമേ
കന്ദർപ്പോത്സവ കേളികളാടി
നന്ദികലർന്നു സുഖിച്ചു വസിച്ചു
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
യത്നം ചെയ്തു വരുത്താനെല്ലാം
ഇക്കഥ കേൾക്കണമെന്നതും ചെയ്തു
മിക്കതുമടിയനണഞ്ഞിതു ചൊന്ന
ഉലകിതെ ചെറുമാളൊരു സചിവൻ
പലതുമുണർത്തിച്ചവിടെ വസിച്ചു.

ഇതി സ്യമന്തകം ഓട്ടൻതുള്ളൽ സമാപ്തം.

രാമാനുചരിതം

ഓട്ടൻതുള്ളൽ.

കാരണപൂരുഷനാകിയ ഭഗവാൻ
വാരണവരദൻ വാരിജനയനൻ
ദ്വാരാവതി പുരിതന്നിലുദാരം
ദാരങ്ങളുടെ സമ്മോദത്തോടും
സാമോദം വാണരുളീടിന കാലം
നാരദമുനിവരനൊരുദിനമപ്പോൾ
നാരായണനെക്കാണ്മതിനവിടെ
പാരാതെഴുന്നള്ളിനിഗൂഢം
പതിനാറായിരമെട്ടും സ്ത്രീകടെ
പതിയാകുന്ന പരമ്പൂരുഷൻ താൻ
ഇതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊടു ക്രീഡിപ്പാൻ
മതിയാകുമോ താനൊരുവൻ പുന-
രിതിനുടെ കൌശലമുണ്ടറിയേണം
പ്രതിദിനമോരോ നാരികളോടും
രതിസുഖമനുഭവമെന്നു വരുമ്പോൾ
ഉഴവില്ലാതൊരു പുല്ലുകിളിർത്തൊരു
പഴനിലമെന്നാകുന്നതെ സ്ത്രീകൾ
ക്ഷീണംവരുവാൻ വളരെക്കാലം
പാഴിലിരുന്നോ സംഗതിക്കു്
മുപ്പത്തെട്ടുമൊരാണ്ടും വർഷം
മാസംപത്തും ദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരു ദിനമവനൊടു
സംഗമമംഗനമാർക്കുലഭിക്കും;
ഞങ്ങൾക്കറിവതുമല്ലയോ നാരികൾ
കണ്ടാലാകാതായുതരപ്പോൾ,
തണ്ടാർമാതിൻകണവനമായവർ
വണ്ടാതായ്സുതമക്കാലത്തു
തലമുടിയൊക്കെ വെളുത്തുനരച്ചും
മുലയിണതൂങ്ങിയുലഞ്ഞു ചമഞ്ഞും
ചില പല്ലിന്നിളകും വരുമൊരു
വിലപിടിയാത്തവളായ്ത്തുതരപ്പോൾ
ആയവരും പൊറാവരും പെണ്ണെന്നാൽ പുന-
രവളും പൊറാ തുടങ്ങുമതങ്ങിനെ
മകളും മകനും മരുമകരും മകനും
വകപലതിങ്ങനെ തീർന്നാലവിടെ
സുഖമില്ലെന്നും വന്നുഭവിക്കും
കാളിയമഥനൻ വളരെസ്ത്രീകളെ
വേളികഴിച്ചതുമുചിതമായില്ല;
കേളികൾ സുഖമില്ലിസ്ത്രീകളെ
ലാളിക്കുന്നതുമെങ്ങനെ കൃഷ്ണൻ
മുററമൊരുത്തിയെലാളിക്കുമ്പോൾ
മററൊപ്പെണ്ണിന്നു മുഞ്ഞികരക്കും
തെററന്നവളെസ്സമ്മാനിച്ചാൽ
കുററംമററവളൊന്നുണ്ടാക്കും
അററമതില്ലാതംഗനമാർക്കിഹ
കൊററക്കാഴ്ചയും കോപ്പുകൾ തീർത്തും
പോറിന്നു കടകം മത്തളമുള്ളിയു-
മോരം പലവക ചിലവുകളിട്ടും
വളരെ സ്ത്രീകളെ വച്ചു പൊറുത്തും
ഒരു പുരുഷൻ മുതലുള്ളതു ശേഷം
കളവാണല്ലൊരു സംഗതിയാകും
കളവാണികളിൽ കാമകമുഴുത്താൽ,
നളിനവിലോചനനാകിയ കൃഷ്ണനു
നാരികളനവധിയുണ്ടായതിനാൽ
കളിപറകല്ലൊരു നേരവുമുള്ളിൽ
തെളിവില്ലെന്നും വന്നുഭവിക്കും
വാസ്സുതമസ്സുനമുക്കെന്തതിനാൽ
ഈശ്വരവിലസിതമാർക്കറിയാവു
നന്ദകുമാരൻ ബോധിക്കാതെ
ചെന്നുപതുക്കെയൊളിച്ചൊരു ദിക്കിൽ
നിന്നുടനൊന്നു വിശേഷമറിഞ്ഞു-
ങ്ങിന്നുനമുക്ക ഗമിച്ചീടേണം.
ഇത്ഥം നാരദമുനി തന്നുടെ
ചിത്തം തന്നിൽ വിചാരിച്ചങ്ങൊരു

പുത്തൻമണിമാളികമുകളേറി
പുരുഷോത്തമനുടെ ശയനഗൃഹത്തിൽ
ജാലകവാതിൽ പഴുതിൽ കൂടെ
ചാലെയൊളിച്ചഥ നോക്കുന്നേരം
ഉത്തമപൂരുഷൻ വെററിലയും തി-
ന്നുത്തമകാമിനിമണിയൊടു ചേർന്നഥ
മെത്തകളേറി മനോജവിലാസം
ചിത്തസുഖേന കഴിപ്പതു കണ്ടു
ഉന്മത്താന്തകനിവളോടുകൂടി
ചേർന്നുശയിക്കും ദിവസമതല്ലോ
എന്നതറിഞ്ഞു മുനീന്ദ്രൻ മറെറാരു
മന്ദിരസീമനി ചെല്ലുന്നേരം
അവിടത്തിൽ പുനരംബുജനേത്രന-
മവികലസുന്ദരിയാകിയൊരു പെണ്ണും
പകിടകളിച്ചും കൊണ്ടു രസിച്ചും
വികടവിനോദം വാണരുളുന്നു;
മറെറാരു ഭവനേ ചെന്നു മുനീന്ദ്രൻ
പാററിയൊളിച്ചഥ നോക്കുന്നേരം
കററക്കുഴൽ മണിയൊരുവൾ മുകുന്ദ
നൊററതെറുത്തു കൊടുപ്പതു കണ്ടു
എതിർഗേഹാന്തേ ചെന്നു മുനീന്ദ്രൻ
കതകിൻ നികടേ നോക്കുന്നേരം
ചതുരൻ കൃഷ്ണനുമൊരു സുന്ദരിയും
ചതുരംഗം വയ്ക്കുന്നതു കണ്ടു
വീണാധരമുനിമറെറാരു ഭവനേ
കാണാതവിടെയൊളിച്ചഥ നോക്കി;
ചേണാർന്നീടിന മധുസൂദനനും
എണാങ്കമിഴിയാകിന പെണ്ണും
വീണാവേണുവിനോദത്തോടെ
കാണായവിടെ രമിക്കുന്നതുമഥ
പരഭവനാന്തേ ചെന്നു മുനീന്ദ്രൻ
പരമപുമാനെയുമവിടെക്കണ്ടു;
പരിമളമിളകിന മലയജമൊഴുകും
പരഭൃതമൊഴിയുടെ കുചഭരയുഗളം
പരിചോടു തിരുമാറിടമിഹ ചേർത്തഥ
പരമസുഖേന പുണർന്നീടുന്നു;
പ്രാണാധിപനാം മാധവനങ്ങിനെ
എണമിഴിയുടെ പാദസരോജേ
വീണാശു വണങ്ങീടുന്നതുമഥ
കാണായ്വന്നിതു മറെറാരു ഭവനേ
നലമൊടു മററൊരു ഗേഹേ കൃഷ്ണൻ
ചലമിഴിയേ നിജമടിയിലിരുത്തി
തലമുടി പിടിച്ചവിടുർത്തീടുന്നതു
സുലളിതമവിടെക്കാണായ്വന്നു;
കലിതകുതൂഹലമന്യഗൃഹത്തിൽ
കലിമുനി ചെന്നു കരേറും നേരം
ജലജദലേക്ഷണനേവം നല്ലൊരു
ചലമിഴിയെ നിജമടിയിലിരുത്തി
മലയജപങ്കിലകുചമുകുളങ്ങൾ
മുലകളിലണിയിക്കുന്നതു കണ്ടു
കലഹപ്രിയമുനിതാനഥ മറെറാരു
നിലയം തന്നിൽ ചെല്ലുന്നേരം
വലരിപുസഹജനൊരംഗനതന്നുടെ
മുലയിണമെല്ലെത്തൊട്ടുതലോടി
കലഹിക്കുന്നതു കാമിനി! നിന്നുടെ
മുലയിണയാണ മറെറാരു നാരിയെ
വലനം ചെയ്കില്ലാ ഞാൻ സുശീലേ!
കലുഷതകളക കളമൊഴിമൌലേ!
കലദൈവതമേ വരികസമീപേ
ബലഭദ്രാനുജനിങ്ങനെയവളോടു
ചലമൊഴിഹൃദയമറിഞ്ഞു പറഞ്ഞു
കലഹം തീർത്തവളോടലിവോടെ
തിലകക്കുറി ചേർക്കുന്നതു കണ്ടു;
തദ്വിധമററൊരുഗേഹേ കൃഷ്ണൻ
മദ്ദളമൊത്തിപ്പദവും പാടി
പദ്യം ചൊല്ലിപ്പാത്രങ്ങളിലിടിനാ
വിദ്യാവിനോദവിലീനൻ കണ്ടാൻ
ദോഷമകന്നമറെറാരു ഭവനവി-
ശേഷമതറിവാൻ ചെല്ലുന്നേരം.

മല്ലാരിഭഗവാനൊരു മല്ലാക്ഷിയൊടുംകൂടി
മുല്ലായുധകേളിയിലുല്ലാസത്തോടുംകൂടി
മെല്ലെവരികതടവിലുള്ള മിന്നമലർ
വില്ലേന്തിവരുന്നൊരു മാരൻ മദനനെന്നെ
കൊല്ലുന്നതിനുമുമ്പേതെല്ലും മടിക്കാതെ
വെല്ലം പഞ്ചസാരയും വെള്ളമധരമതും
മെല്ലെന്നു തരിക നീ കില്ലൊന്നുമിനി വേണ്ടാ;
നല്ലതിനേരമൊരു വല്ലായ്മയുണ്ടാകാതെ

നില്ലത്തിരക്കേണമസികിപ്പില്ലതിപ്പോളെന്തേ?
മുല്ലവിശിഖനെ ഭസ്മീകരിച്ചകാന്ത-
വല്ലി! നീയെന്ന്യേ ഭ്രതിയില്ലില്ലാ നമുക്കിന്നു
ഇങ്ങനെയോരോ ചതുരതനാൽ മുകുന്ദനോ-
ടൊന്നായോരോന്നു ചൊല്ലുന്നു കേട്ടുടൻ
തിങ്ങിന മോദാൽ നാരദമുനി
യെങ്ങുമൊരോരോ ദിക്കിലുഴറ്റി
മൂന്നരം ഹരിചരിതം പാടി
മൂക്കിൽ വിരലും വെച്ചു നടന്നു;
നിരക്കെപ്പതിനാറായിരമെട്ടു
മിഴിമാർക്കുള്ള സുവർണ്ണഗൃഹത്തിൽ
എല്ലാശയനഗൃഹങ്ങളിലും ചെന്നു
മല്ലാന്തകനാം മഹിതനിയുമായി
സല്ലാപാദി സുഖേന നയിച്ചിട്ടുള്ള-
മുല്ലാസലീലകണ്ടു മുനീന്ദ്രൻ;
കൃഷ്ണഹരേ മധുസൂദന മാധവ!
വൃഷ്ണികുലേശ്വര! വിശ്വംഭര! ജയ
വിസ്മയമീശ്വര തവ മഹിമാവും
തസ്മിൻ സ്വാമിൻ നാഥ നമസ്തേ
സുസ്മിതനാകിയ നാരദനിങ്ങനെ
വിസ്മിതനായി വണങ്ങീട്ടുടനെ
രുക്മിണിതന്നുടെ ഭവനത്തിലിനി
രുക്മിണിയരികെ ചെന്നു മുനീന്ദ്രൻ
ഒട്ടും മടിയാതേവമിനി പറവാൻ
വട്ടം കൂട്ടിവസിച്ചു ഗുണം മഹ.

ധരികളി ചൊല്ലു വിദഗ്ദ്ധതരുണേ
സൽഗുണശാലിനി വാരണഗമനേ!
ഹരിവല്ലഭമാർ പതിനാറായിര-
ത്തെണ്ണായരിമാരതി സുന്ദരിമാർ
അതിലധികം പുനരെട്ടിനതാംഗിക-
ളതിലും സുന്ദരി നീയും ഭാമയും
അതിശയമാകിന ഹരികാമിനിമാ-
രിതിനൊരു സംശയമില്ല സുശീലേ!
അതിലും ഹന്ത നിനക്കു വിശേഷി-
ച്ചുള്ള സൌഭാഗ്യമിതെന്തു പ്രസിദ്ധം;
എന്നിഹ പലരും പറയുന്നതു കേട്ട-
തിന്നെ തന്നെ നമുക്കും ബോധം.

സത്യഭാഷിണി രുക്മിണി നീയും
സത്യഭാമയും സമ്പ്രതി തുല്യം
സത്യസന്ധനാം കൃഷ്ണനിങ്ങളിൽ
നിത്യരാഗമൊരു നീക്കവുമില്ലാ;
എങ്കിലും കിമപി സംശയമിപ്പോ-
ളെങ്കലുള്ളതിഹ ഞാനുരചെയ്യാം
മങ്കമാർമണി നികുരമ്പെപ്പാരു
പങ്കജാക്ഷനൊരു കളത്രമാകാൻ
സത്യഭാമയാണൊന്നു മുതിർന്നതു
സത്യമുള്ളിയാം നീയറിയുന്നോ
ഗ്രന്ഥമന്ത്രമോ കിമപിയവൾക്കൊരു
ഗ്രന്ഥതന്ത്രമോ ഉണ്ടു നൂനം;
പ്രൌഢനാകിയ ഹരിക്കവൾ തങ്കൽ
ഗാഢരാഗമുളവായിതു കാലം;
പാരിനീശനമരേന്ദ്രബലത്തെ
പോരിലൻപൊടു ജയിച്ചു മുകുന്ദൻ
പാരിജാതമപി ഹന്ത ഹരിച്ചു
പാരിടത്തിലതു കൊണ്ടിഹ പോന്നു
ആരുമാർക്കുമറിയാതൊരു ദിക്കിൽ
ഭേദമാറി വിലസുന്നു പകുത്തി
തന്ത്രമൂലമിട്ടു നനച്ചു
ചിത്രമേറിലകൊണ്ടു പരത്തു
പത്മരാഗമണിയും മണവും ചേർന്നു
പത്മനാഭനുടെ ഭാമിനിയാകും
സത്യഭാമയുടെ മന്ദിരമിപ്പോൾ
സത്യലോക സുരലോകസമാനം.

ഇരിക്കുന്നജനങ്ങൾക്കു നിനക്കുന്ന ദ്രവ്യമെല്ലാം
തെളിക്കുന്ന ദാനം ചെയ്യാനൊരിക്കലും കുറ-
വില്ലാ,
ഉരിക്കത്തിരുവരെ മരിക്കൽ മുളച്ചുകൊണ്ടു
മരിപ്പാറാസ്തുടങ്ങുന്നോരിപ്പാളിക്കൂട്ടമെല്ലാം
നിറപ്പോടെ പാരിജാതത്തരുപ്രൌഢനോട്ടം
ചൊന്ന-
ങ്ങിരിക്കുന്നോരതിന്റെ പരക്കുന്ന കൊമ്പുകളി-
ലിരിക്കുന്ന പട്ടും പൊന്നും
പെരുക്കുന്ന നെല്ലും വിത്തും
കൊതിക്കുന്നതെല്ലാം താഴെ
പതിക്കുന്നതൊന്നു കാണാം.
ഉടുപ്പാനില്ലാത്തവൻ പ-
ട്ടുടുത്തു കങ്കണം കൈയിൽ
തൊടുത്തു കാതിലെങ്കിലും
കടുക്കൻ പോലുകൊണ്ടൊരോ

മിടുക്കന്മാർ നെല്ലരിയും
പൊതുക്കുന്നു ചാക്കിൽ കെട്ടി
നടക്കുന്നു വീട്ടിൽ ചെന്നു
കിടക്കുന്നു നാരിമാരും
കൊടുക്കുന്നു ദേവന്മാരെല്ലാം;
കടക്കാരും ഭയന്നു വന്നു
തടുക്കാതെ ദ്രവ്യം വാങ്ങി
നടക്കും പുരങ്ങളെ മാറി
നടക്കുന്നു സന്തോഷിച്ചു
കൊടുക്കുന്നു ചേലയെല്ലാ-
മെടുക്കുന്നവർക്കും കൂലി
കൊടുക്കുന്നതിന്നുമേലും
മടിക്കുന്നാരില്ലക്കാലം.

തരുണീകുലമണിമാരവസിക്കും
പുരമതിൽ മരുവിന്നൊരുതരസുരതത
ധനധാന്യാദികളെല്ലാം കരുതും
തെരുതെരെയങ്ങു കൊടുക്കും താനും
തെരുവുകളും വീടുകളും നാടുകളെല്ലാം
പെരികിന ധനധാന്യാദികൾ കൊണ്ടിഹ
പരിപൂർണ്ണോന്നതമായ് വന്നിതുപോൽ!
നരവരസുന്ദരി രുക്മിണിബാലേ!
ഉത്തമവൃത്തകസുരവൃക്ഷത്തെ
സത്വരമിങ്ങിഹ കൊണ്ടുപോന്നിപ്പോൾ
പത്തുസഹസ്രവുമാറുസഹസ്രവു-
മുത്തമകാമിനിമണികളിലാർക്കും
ഉത്തമപുരുഷൻ ദാനം ചെയ്തി-
ല്ലത്തരുവിൽ കൊള്ളാമായതു ചൊല്ലട്ടെ;
എട്ടുവധുക്കളിലൊന്നാം മുരഹര-
നിസ്തുലയായൊരു രുക്മിണി നിന്നുടെ
വീട്ടിലെമുറ്റത്തമരദ്രുമമതു
നട്ടുനനപ്പാൻ നിന്നുടെ വല്ലഭ-
നൊരുങ്കൽപ്പിഴവില്ലാതെയുമാകും!
ഹന്ത! നിനക്കതുതാനതിനേക്കാ-
ളുത്സാഹമവർക്കു കൊടുത്തതു;
കൊന്നതിനേക്കാൾ കോതപിറകൽ
ചെണ്ടവിളിക്കുന്നു ബോധ്യതയും.
ഇത്തരമോതിന കുട്ടിമുനീന്ദ്രൻ
സത്വരമങ്ങു ഗമിച്ചൊരു ശേഷം
ബുദ്ധിക്ഷയവും പൂണ്ടഥ രുക്മിണി
കുപിച്ചവിടെത്തന്നെ മൌനേ
കതകടച്ചു കിടക്കുന്നേരം
കണ്ണൻ നിറമുടയവനെഴുന്നള്ളി.

(പദം)

ബന്ധൂകാധരിമാർക്കൊപ്പം ബന്ധുരാംഗി! വാതിൽ
ബന്ധിച്ചു കിടപ്പാനെന്തൊരു ബന്ധം ബാലേ! [ശ്രീ
നന്ദിനന്ദവുമിരുട്ടും വന്നുകൂടി നിന്റെ
നന്ദിക്കരയിപ്പാനല്ലോ വന്നു ഞാനും;
എന്തിനു കലഹിക്കുന്നു കല്യാണാംഗി! കൃഷ്ണൻ
എന്തൊരു പിഴചെയ്തിപ്പോളെന്നു ചൊൽക
മാരൻറെ ശരങ്ങളേറ്റു താഴ്കുന്നെന്നുടെ ചി-
ത്തമതെൻ മാലമാറ്റുന്നു നീയല്ലാതെ [ആരും
പതിനെട്ടരം ഗാർക്കുലകം പുൽകാനല്ലോവന്ന
മന്ദഗാമിനി! നിൻകാന്തൻ വാസുദേവൻ
മറ്റുള്ളനാരിമാരെ കൈവെടിഞ്ഞു ഞാനും
മുറ്റും നിന്നോടു രമിപ്പാനല്ലോ വന്നു
കാരണമെന്തിനിക്കോപം ബാലേ! കുറ്റമില്ലാതായ് വന്ന
തെന്നൊന്നു കതകടപ്പാനെന്തുമൂലം?
പാരമുണ്ടു പരിതാപം പങ്കജാക്ഷി ബാലേ
പാരാതെ വാതിൽ തുറക്ക രുക്മിണി നീ

ഇങ്ങനെ മധുരിപുതന്നുടെ വചനം
തിങ്ങിന കലഹത്തോടെ കേട്ടഥ
മങ്ങിനമുഖവും താഴ്ത്തിയിരുന്നു
കലങ്ങിനവചസാ രുക്മിണി ചൊന്നാൾ

(പദം)

"വണ്ടാർ കുഴലിമാരെക്കൊണ്ടാടിവിനോദി-
പ്പാൻ
പണ്ടത്തെപ്പോലില്ലല്ലോ പണ്ടത്തെപ്പോലില്ലല്ലോ
അംബുജമധുപാനമാടരികിന്നെങ്ങും
നിംബത്തെ കാംക്ഷിച്ചീടുമോ?
നിർമ്മലാകാരനിംബത്തെ കാംക്ഷിച്ചീടുമോ?
പാരാതെതന്നെ പതിനാറായിരം നാരിമാർ
വേറായ് നിനക്കുണ്ടല്ലോ
വേദാന്തപ്പൊരുളേ! വേറായ് നിനക്കുണ്ടല്ലോ
പാരിജാതത്തെ നൽകിപ്പാലിച്ചു വെച്ചിരിക്കും
വാരിജാക്ഷി ഞാനല്ലല്ലോ
വാരിധിവന്ദ്യ! വാരിജാക്ഷി ഞാനല്ലല്ലോ;

[illegible]

[illegible]

പിറകെപെരുത്തികൊന്നെഴുപ്പന്നു ചാതുരവാഗ-
മിയന്നാശഗനത്തിങ്കൽ പറന്നാവടക്കനാക്കി
പ്പറന്നനാളുകൾ കാറ്റുകൊണ്ട ഗന്ധമാദന-
മണ്ണെതുക്കിഴ്പോട്ടുനോക്കിയറിണ്ടുമാരുതി
വീരൻ
ഇരിക്കുംകദളികാനനത്തിലാസിക്കുംപ്ലവഗേന്ദ്രനെ
നിറഞ്ഞിരിക്കുമൊന്നായിരത്തെ വാഴക്കൂട്ടത്തിൽ
നിറമേറും മണ്ഡപത്തിലിരിക്കും ശ്രീഹനൂ
മാനെ
സ്മരിക്കും മാനസക്കുള്ളിലിരിക്കും പാപങ്ങളെ
ല്ലാം
തെരിക്കുന്നാപ്പുമാക്കമെരിക്കലെന്നൊരു നേരം.
 ഇങ്ങനെയുള്ളൊരു ശ്രീഹനുമാനെ
തിങ്ങിനമോദാൽ കണ്ടൊരുനേരം
പതംഗപുംഗവനാകിയ ഗരുഡൻ
കപികുലപുംഗവനോടരുൾചെയ്തു:—
ജനകസുതാപതി ദൂതസഖേ! മണി
കനകസുകന്ധലമണ്ഡിതഗന്ധ!
അനഘമതേ! ശൃണു മാമകവചനം
വിനതാസുതനാഹമണ്ഡജവീരൻ
അരുണസഹോദരനധികവിനീതൻ
കരുണാകരനുടെ വാഹനഭൂതൻ
തരുണാംബുജദളലോചനനാകിയ
ഹരിയുടെ ദൂതൻ ഞാനിഹവന്നു
അരുളിച്ചെയ്തു നിയോഗിച്ചിതു മാം
കദളിയിൽ കനിവൊടു കാർമുകിൽവർണ്ണൻ
സുരപുരിസമമാം ദ്വാരകതന്നിൽ
സുരുചിരവാസം ചെയ്തരുളുന്ന
യദുകുലനാഥൻ കൃഷ്ണൻ തിരുവടി
സത്വരമാശ്രിതചരണസരോജൻ
അഞ്ജനതന്നുടെ മകനാകുന്നി-
ലഞ്ജനപുത്രനതായ ഭവാനെ
അഞ്ജനവർണ്ണൻ കാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിദാനീം
തൻതിരുവടിതാനെന്നെയയച്ചു
ചിന്തിതമെന്തെന്നാക്കറിയാവു
പങ്ക്തിമുഖാലയമേറെകനെന്ദ്രത-
മതികസമീനിങ്കുട്ടിക്കൊണ്ടിഹ
വരികെന്നെന്നെ നിയോഗിച്ചിതു ഹരി

പെരികെക്കൊണ്ടുകമോടിതുകാലം
വിരവൊടുപോന്നീടുക നീ കപിവര!
ഹരിവരനരുളും ഹരനിനക്കും.
 ഗരുഡനുടെ സഹജനുടെവചനമതുകേട്ടുടൻ
അഞ്ജനേയൻ കപിശ്രേഷ്ഠൻ പറഞ്ഞിതു—
പശുപകുലമതിൽമരുവുമഗ്രജനിയാമവൻ
പാർത്ഥനതേർതെളിപ്പാനിരിക്കുന്നവൻ
തെളിവുമെരുവെളിവുമവനകമലരിലില്ലെ
വെണ്ണയും പാലും കവർന്നുഭുജിപ്പവൻ [ടോ
നവനരരുവനമതിൽവരികചിതമല്ലടോ
അഞ്ജനാപുത്രനാമിക്കപിശ്രേഷ്ഠനു
വൃഷലികളെവികൃതിബത ശിവശിവനുകൾ
വീക്ഷണംചെയ്യാൻ മനസ്സില്ലതെല്ലുമേ [മോ
ചട്ടമതിഴിപടലികരെവിട്ടുപണികൾചെയ്തു
ളളതിയെച്ചുന കാണ്മാൻ ചിതനെഹി
രഘുനൃപതികുലതിലകനാലഘുഭുജവിക്രമൻ
രാമദേവസ്വാമിയവൻസദൈവതം
അവനുടെയ ചരണസരസിജയുഗമാശ്രയം
മന്യരെസേവിക്കയില്ലഞാനണ്ഡജ!
 മർക്കടവരനുടെ വാക്കുകൾകേട്ടട-
നൽക്കരതോഷമിയന്നഥ ഗരുഡൻ
നോക്കെടമൂത്തകുരങ്ങച്ചാരേ!
ധിക്കാരം മമ കേൾക്കരുതിപ്പോൾ
ശക്രാദികളും വന്നുവണങ്ങും
ചക്രായുധനെക്കൊണ്ടു ദൂഷിക്കും
വക്രാത്മാവേ നിന്നൊടുകിഞ്ചന
വക്കാണിച്ചുമതിയാവിപ്പോൾ
അക്കനുല്യമശേഷജഗത്തിലി-
ന്നൊക്കെപ്പൊലിമ വരുത്തിയിരിക്കും
വിക്രമജലനിധി വിശ്വജനേശര-
നക്കടൽവർണ്ണൻ കണ്ണൻ തിരുവടി
മർക്കലദൈവതമദ്ദേഹത്തെ നി-
നക്കുദുഷിപ്പാൻ യോഗ്യതയുണ്ടോ?
മർക്കടകീടാ നില്ലടനിന്നുടെ
മസ്തകമിന്നു തകർത്തേ പോകൂ
ഉള്ളമരങ്ങടെ കായും കനിയും
തൊള്ളയിലിട്ടുകടിച്ചുഭുജിച്ചഥ
പള്ളനിറച്ചുമരത്തേലേറി
പല്ലുമിളിച്ചുപകച്ചുനടക്കും

കള്ളക്കൂട്ടം കപിമാപലന്മാർ
തുള്ളിപ്പറഞ്ഞാലുമൊപ്പെഴുന്നേടി
കൊള്ളരുതാമതികളാഹം നിന്റെ
തള്ളയുമുടനേ തീരമരണം
കൊള്ളിവലിച്ചുതലയ്ക്കിട്ടടി
കൊള്ളിക്കും ഞാൻ വാലുപിടിച്ചിഹ
തുള്ളിക്കണ്ടന്ത്യയുമല്ലിനി
വള്ളികൾകൊണ്ടു വരിഞ്ഞുകിടന്നാൽ
തള്ളിമറിച്ചുതാ തടികൊണ്ടടികൾ
തല്ലിത്തെറിച്ചു തടിച്ചകരങ്ങളെ
എള്ളിന്നുതുല്യം പൊടിയാക്കാതെ-
യുള്ളിൽകോപമടങ്ങുകയില്ല
ഞാനാരെന്നറിയാതെ ദുഷിക്കും
നിന്നെത്താനറിയാതെ വധിച്ചു
പന്നഗരിപുവീരതയാകുള്ള
പന്നഗഭൂഷണനാമതാണേ.

എന്നതുകേട്ടതിനുവച്ചു ഹനുമാ-
നെന്നെനിയിന്നും ചൊല്ലതിനിപ്പോൾ
മന്നിലൊരുത്തനുമില്ലിഹ പിന്നെ
പന്നഗലോകം തന്നിലുമില്ല
വിണ്ണിലുമില്ലെന്നറിയാമെന്നെ
ഉൾക്കളികൊണ്ടതിനപ്പുറമേ
കണ്ണനവേണ്ടിക്കലഹിച്ചാൽനി-
ന്റണ്ണനുതുല്യമതാകും നീയും
അണ്ഡജഭൂപാ! നിന്നുടെ ജ്യേഷ്ഠനൊ-
രണ്ഡജനല്ലേ സൂര്യനുസാരഥി?
പൊണ്ണനുടയിണയിലകരം മുറിച്ചത
വണ്ണൻവാഴകണക്കെ രവിയുടെ
തേരതെളിച്ചുനടക്കുന്നിപ്പോ-
ഴാരുമിതറിയാതില്ലിഹ ഗരുഡ!
ഊരുവിഹീനൻ തന്നുടെതമ്പി-
ക്കൂരമുറിഞ്ഞതിനപ്പുറ;മി
ന്നതിഘോരമതുള്ളവനാമവ-
ന്നംശമൊരാവടങ്ങാതില്ല
പോരുന്നിന്നുടെ പൌരുഷവാക്കുകൾ
പോരുന്നില്ലിഹ ചെറുവമിനിനീ
പോരതുടൻ ജയിപ്പാൻമാത്രം
പോരുംഞാനെന്നാഗ്രഹമെങ്കിൽ
ആരംഭിക്കണമാഹവമെന്നോടു
സാരം വെച്ചുപറഞ്ഞതു മതി മതി!
കൊക്കും മുഖവും നഖവും ചിറകുമി-
തിക്കാണായുധമാർക്കും ചെയ്‌വതിനെ-
ന്നാംക്കമലത്തിൽ നിന്നൊരനുഗ്രഹംകൃതി
നില്ലുംതെറ്റിക്കൊള്ളുന്നേരം
മുഷ്ക്കുമതിച്ചുനിയർകണക്കെ
പാക്കിനെപടയേന്നാകിൽ
ദിക്കജയിച്ചോരു രാവണവീരനി-
രിക്കും ലങ്കാനഗരം ചുട്ടക-
രിച്ചോരുകഥകേട്ടവരാരും
ഇക്കപിവീരനൊതിർക്ക്യമില്ലാ
ഒക്കെയറിഞ്ഞൊരു പക്ഷിക്കെന്നാ
ൽക്കാതെന്നതുമതിന്നുതുകൊള്ളാം
നിന്നോടൊല്ലുകയില്ലേ ഹനുമാൻ
പിന്നൊരു ദ്വേഷം വരുമല്ലുലകം
കിന്നരചാരണസന്നുതനീശ്വര-
നെന്നുടെനാഥൻ ശ്രീനാരായണ-
നവൻതന്നുടെ വാഹനമാകിയ
താർക്ഷ്യഹത്തെനശിപ്പിക്കുന്നോ-
ലദ്ദോഷം മമ തീരുകയില്ലെ-
ന്നത്രേശിച്ചുപറഞ്ഞിതു ഞാനും
സർപ്പാശനനായുള്ളൊരു നിന്നുടെ
ദർപ്പമടക്കിയയപ്പാനല്ലും
സംഗരമിവിടെച്ചെയ്‌വാംചുന്ത-
ങ്ങപ്പുറമേതും മോദവുമില്ലാ.

ഇങ്ങനെയുള്ളൊരു പവനാത്മജനുടെ
ഭംഗികലർന്നൊരുമൊഴികേട്ടിട്ടും
സംഗരമെല്ലാതല്ലെന്നുറച്ചവി-
ഹംഗമരാജനതൊന്നിലെഴും
കരുതിക്കൊള്ളുക കപികുലകീടാ!
പൊരുതിക്കൊള്ളുക പൊണ്ണത്തടിയാ
തരളഗമാകിയ നിന്നുടതടിയൊരു
പെരുമലപോലെ തടിച്ചുതടിച്ചു-
തടിച്ചുതല്ലിപ്പിടിച്ചുമിഴിച്ചുതെ-
തിള്ളുവതന്ന സമർത്ഥൻ ഗരുഡൻ;
ഏറ്റുപൊരുതു കരഞ്ഞുവരോ!
കുത്തുവളഞ്ഞൊരു കൊക്കിൻമുകളിൽ

രകാന്തുംകൊണ്ടുപറന്നതിരിച്ചു -
ക്കാർത്ത്യായനിയുടെ പ്രസാദനാകിയ
കീർത്ത്യാവിലസിത സുലളിതകോമള
മൂർത്ത്യാനന്ദജനാർത്ത്യാദിഹരൻ
മുരരിപുഭഗവാൻ വാണരുളുന്ന
പുരത്തിൽക്കൊണ്ടേ താഴ്ത്തുവരാതിഹ
തത്തിരുമുമ്പിൽ കാഴ്ചയതായ്‌വ-
ച്ചന്തരമെന്ന്യേ തൊഴുതീടുന്നേൻ.

ഇത്ഥംപറഞ്ഞുചെന്നു യുദ്ധംതുടങ്ങിപ്പോ-
ഴുതൻഗരുഡനതിബലവാൻതാനെന്നവേറു
ശകന്മാരായുള്ളൊരു നക്തഞ്ചരേന്ദ്രന്മാരെ,
കൊത്തിക്കൊലചെയ്യൊരു ശക്തിയിൽപ്പാരം-
ദാനവ
മരുത്തിന്റെപുത്രനാകും കരുത്തൻ ഹനുമാനെ
പരാക്രമമറിയാതെ ഗരുഡൻ പിടികൂടി
ചൊടിച്ചും ചിറകുകൾകൊണ്ടടിച്ചും
കൊക്കുകൾകൊണ്ടു കടിച്ചും
വട്ടത്തിൽപ്പാറത്തങ്ങനെയും
വല്ലാത്തവാക്കുപറഞ്ഞും
തങ്ങളിൽക്കെട്ടിപ്പിണഞ്ഞും
ദൂഷണംചൊല്ലിപ്പിരിച്ചും
ഘോഷിച്ചുമുന്തിക്കടിച്ചും
ഘോരാട്ടന്നേരംകലുങ്ങി
ഗന്ധമാദനംകലങ്ങി
വാരിധിനാലുംമുഴങ്ങി
ഖഗസഞ്ചാരംനടുങ്ങി
ദിക്ചക്രവാളംമടങ്ങിടാതെ
തങ്ങളിൽത്തുടങ്ങിയുഷ്ടിയുദ്ധങ്ങൾ.

അടികളുമിടികളുമുടനുടനെ
കടിപിടികലശലുമിഹഘടനെ
വടിതടിയെറകളുമടവുകളും
പൊടുപൊടെയടിയും വിരുതുകളും
കനവിയങ്ങളൊന്നുപകർന്നീടുന്ന
കളിവിപിനാന്തരമെത്തകർന്നീടുന്ന ;
തലകടെ മുറകളും മുഴങ്ങീടുന്ന
കലപുലികളുമാറാം കഴിഞ്ഞീടുന്ന
കലഹരസികൻ മുനി രസിച്ചീടുന്ന
കലിതകുതുകമിഹവസിച്ചീടുന്ന
ഭയമുടയവരൊക്കെത്തിരിച്ചീടുന്ന
ഭയമില്ലാത്തവർകണ്ടുരസിച്ചീടുന്ന
വരഗിരിസമമെന്നവളർന്നീടുന്ന
പരിചൊടുകൈയുംകാലും തളർന്നീടുന്ന
ഗരുഡനുമതുമൊന്നുകുറഞ്ഞീടുന്ന
ഹനുമദ്വതിൽനിന്നു പറന്നീടുന്നു.

തെല്ലുകയറിത്താരു മാരുതസുതനുടെ
തല്ലുകൾകൊണ്ടുതളർന്നശരീരം
നല്ലൽമുഴുത്തുടനങ്ങുനസഹോദര-
ന ശ്രുപറന്നുതിരിച്ചുതുടങ്ങി
ഒന്നുവിളിച്ചരുൾചെയ്തു ഹനുമാ-
നെന്നുടെ ഗരുഡൻ ചൊടിക്കേണ്ട
എന്നൊപ്പോരുമിളയിപ്പാനിപ്പോൾ
മന്നിലൊരുത്തരുമതിയാകില്ല
എന്നതുകാരണമെന്നോടുനേരാരതി
നെന്നേശഗരുഡനൊരവമതിവരുമോ
നാങ്ങുപരാക്രമമില്ലാത്തില്ലിഹ
ഭഗവാനെവിച്ചുസദാ തവ
ഭഗപരാക്രമമാകിയമനകല
പുംഗവരാമസ്വാമികടാക്ഷം
കൊണ്ടുനമുക്കുവിശേഷതയുള്ളതു
കൊണ്ടുവോമറിഞ്ഞീടേണം
രണ്ടുവിധം വാക്കില്ലനമുക്ക
പണ്ടുമിടാനിമപിനഹിമേ
ശ്രുതവാമെന്നുടെ കുലനായൻ
ഒരുവാക്കിപ്പോൾ ചൊല്ലിയതുള്ളാൽ
വരുവാൻ സംശയമില്ലിങ്ങാവതു
മൊരുവാക്കെങ്ങുയരിപ്പീക്കേണം!
സജ്ജനസഭയിലിരുന്നതുകിലു
ദുർജ്ജനസഭയിലിരുന്നതുകിലും
സജ്ജനകസൂതാപതിയരുൾചെയ്യും-
ലവിതെനമുക്കുവരാൻ കുറവില്ലാ
ഇത്തരമുള്ളൊരു മാരുതിവചനം
ചിത്തരസത്തോടുകേട്ടഥ ഗരുഡൻ
സത്വരമങ്ങുപറന്നു തിരിച്ചു-
ങ്ങുത്തരമൊന്നുമുരിയാടാതെഗമിച്ചു
കാരുണ്യപുരുഷൻവാണരുളീടിന
ദ്വാരാവതീപുരിപുക്കഥ ഗരുഡൻ

വന്ദനം ചെയ്തിഹ നിന്നൊരു സമയേ
തുളകമാർന്ന് ചോദ്യം ചെയ്തു
എന്തെടോ ഗരുഡൻ വരുന്നോ ബത പുന-
രെന്തൊരു ഹനുമാൻ പിറകെ വരുന്നോ?
തിരുനാട്ടിൽ കൂടി വരുമോ വഴിയതിപ്പോൾ
സംഗതിയില്ലിവനെന്തിഹ വൈകി
മർക്കടവരനിഹ ഗോപുരസീമനി
പാർക്കുന്നതിനു പുഴുതിലിരുന്നിതു;
വക്കം വരുവാൻ ചൊല്ലീടവനെ
സൽക്കപിവരനവസരമറിയുന്നോ
അഞ്ജനസഖിയുടെ വചനം കേട്ടിഹ
രഞ്ജിതനാകിയ വിനതാതനയൻ
അഞ്ജലിപൂർവ്വമുണർത്തിച്ചാനട-
ഞ്ജനതനയന്റെ മകന്റെ വചനം
ഉൽപ്പലലോചന നിന്തിരുവടിയുടെ
കല്പനയാൽ ചെന്നവനോട് ചൊന്നേൻ
അല്പം ബഹുമാനിച്ചീലെന്നെ-
ല്ലപ്രിയവചനമുരച്ചു. ഹനുമാൻ
നിന്തിരുവടിയെക്കൊണ്ടു ദുഷിച്ചു ഉ
ചിന്തിച്ചാലതി കഠിനം കഠിനം
ഹന്ത നമുക്കുണർത്തിപ്പാനെള്ള-
ല്ലു മുകുന്ദ മുകുന്ദ നമസ്തേ!
ഇടയില്ലാത്തിടയന്മാരാകുമൊ-
രിടയന്മാരുടെ നടുവിൽ വസിക്കും
മുടിയൻ ചൊല്ലിയയച്ചിഹ വന്നൊരു
അടിയൻ നീയെന്തറിയും? മൂഢാ!
മടവാർ ചൊല്ലിയ വിടുപണിയെല്ലാം
മടികൂടാതെയെടുത്തുപൊറുക്കും
പിടിയാത്തവരോടു പറയപ്പെട്ടോ
ടിയാനല്ലിക്കപികുലവീരൻ
കടിയാപ്പട്ടികളെപ്പോലൊരു
വടിയാൽ നില്ലുമതല്ലാതെന്തിഹ
വരുവാനവനെപ്പേടിയുമില്ലി-
പ്പരുവാം പവനാത്മജനിപ്പോൾ
കരുതരുതേ ശബ്ദിക്കും കരനരിയെ-
ന്നരുവായുണ്ടോ പേടിക്കുന്നോ
ചൊല്ലുവാം ഭക്തനായകനല്ലാ-
തില്ലൊരു ദൈവമിനിക്കിഹ ഭുവനേ

കല്യാണാകൃതി സീതാരമണൻ
ചൊല്ലിയയച്ചന്നാലവിടത്തിൽ
ചെല്ലുവതിന്നൊരു സംശയവും പുന-
രില്ലനമുക്കു ബോധിച്ചാലും!
വല്ലതുമെങ്കിലുമന്നുനമുക്കൊരു
വല്ലവശീതുവെച്ചുകയുമില്ല
പുല്ലാം നിന്നുടെ സ്വാമിയുമൊക്കെ
ചൊല്ലുകനീ ചെന്നവനോടിതെല്ലാം
വെണ്ണകവർന്നൊളിച്ചു നടക്കും
കണ്ണൻ ചൊല്ലിയയച്ചവിടേക്കും
കണ്ണുകൊണ്ടുഴിവിക്കയുമില്ലീ-
യണ്ണവതരണം ചെയ്യൊരു ഹനുമാൻ
ന്നക്കപിയിങ്ങനെ നിന്തിരുവടിയെ
ധിക്കാരേണ പറഞ്ഞൊരുവാക്കസ-
ഹിക്കാഞ്ഞടിയൻ തടിയൻ കപിയൊട്
വക്കാണത്തിനുവട്ടം കൂട്ടി
കൊക്കും ചിറകുമുയർത്തിച്ചെന്നഥ
കൊത്തും തല്ലുമടികളുമിടികളു-
മിത്തരമഖിലവിധങ്ങളിലവനോട്
യുദ്ധം ചെയ്തു കുറഞ്ഞൊരുനേരം
ഉദ്ധതനാകിയ മാരുതസുതനൊട്
കുത്തും തല്ലുമിടിയും കടിയും
തൊഴിയും പൊഴിയുംകൊണ്ടുടനടി
മണ്ടിപ്പോന്നിഹ വന്നുപുക്കേൻ.
പണ്ടൊരുനാളുമിവണ്ണമൊരവമതി-
യുണ്ടായിട്ടറിവില്ലടിയന്നു"
പണ്ടൊരുമുതൽ തിന്നുമുടിക്കും
പണ്ടങ്ങൾക്കുമിതുകേട്ടാൽ പരിഭവ-
മുണ്ടെന്നാകിൽ തഴയും കൈക്കിൽ
കൊണ്ടുപുറപ്പെട്ടീടുകവേണം
യജമാനന്മാരെന്തേ? നിന്നുടെ
യജമാനത്വമിതെന്തിനുകൊള്ളാം?
തന്നുടെസ്വാമിയെയിന്നൊരു ധൂർത്തക-
രഞ്ചൻ ഭേദിവാക്കപറഞ്ഞാൽ
എങ്ങനെകേട്ടുപൊറുത്തീടുന്നു?
ചങ്ങാതിക്കിതുചിതമായ്‌വരുമോ?
ലന്തക്കുഴലും വില്ലും കണയും
കുന്തവുമേന്തിനടക്കും നിങ്ങടെ
ചന്തംകാണാനാളില്ലെമ്മാൻ.

ഘോരന്തന്നെപൊറുപ്പിക്കുന്ന
എന്തെങ്കിലുമൊരുപദ്രവമിന്ന
നന്നംവരികിലതല്ലേ നല്ലൂ
നാണമില്ലജനിച്ചപ്പോഴേ
ഞാനതുവുമുള്ളധരിച്ചീടണം.
കൽക്കണ്ടുലമുന്തിരിങ്ങകളെന്നിവ
യൊക്കെയെടുത്തുപടയ്ക്കുപുറപ്പെ-
ട്ടർക്കടരോഷം മലമുകളേറി
ദിക്കുകളൊക്കെമുഴക്കിച്ചെന്നാൽ
ആക്കപിയെങ്ങനെനിന്നുപൊറുപ്പൂ?
ചുററുംനിന്നുശരങ്ങളയയ്ക്കാം
എററംപേടിയും കലശലുകൂട്ടാം
കൊട്ടുകൊട്ടക്കാം കൊററമുടക്കാം
മുററമവന്റെപരാക്രമമപ്പോൾ
ചൊററംസംശയമതിനിന്നിപ്പോൾ
കുററംക്രൂരതവന്നെച്ചെന്നിഹ
കുത്തിക്കൊന്നുമുക്കീഹപോരാം.

ഗരുഡനുടെഭാഷിതംകേട്ടുമന്ദസ്മിതം
ഉൾപ്പൂവനപങ്കജ ജാതമായിമുദാ
മുരമഥനനുചിവാനെന്തെടോ നിന്റെ
കരളിലൊരുസാഹസമിങ്ങനെ തോന്നുവാൻ
അസുരസുരസംഘവും മർത്ത്യസംഘങ്ങളും
അഖിലമൊരുമിച്ചുചെന്നാഹവംചെയ്കിലു-
മഖിലബലവീര്യനാമഞ്ജനാപുത്രന്റെ
വയമിതെളുതല്ലെടോ! വൈനതേയാസഖേ!
മതിമതിമനോഹരമെന്മൊഴികേൾക്കനീ
മതിവിഭവശാലിയാം മാരുതിവാനരൻ
രജനിചരഭഞ്ജനൻ രാമചന്ദ്രപ്രിയൻ
സലിലനിധിലംഘനൻ സാരതേജോമയൻ
സുഖഗതവിഭീഷണൻ സുകൃതിസംഭാഷണൻ
അവനൊടുമടുത്തുനീയാഹവംചെയ്യുവാൻ
അധികമവിവേകമെന്നോർത്തുകൊൾകസഖേ-
ഇനിയുമൊരെടുപ്പുനീചെന്നുപോന്നീടണം
വിരവിനൊടുവീരനെക്കണ്ടുചൊല്ലീടണം
രജനിചരവൈരിയാം രാമചന്ദ്രൻമുദാ
രജിതസുഖമെന്നൊരുചൊല്ലിവിട്ടു ഹിതം
ജനഹൃദയരഞ്ജനൻ ജാനകീവല്ലഭൻ
മനസിജമനോഹരൻ മാനഗാംഭീര്യവാൻ
ഭരതവരനായകൻ ദ്വാരകാമന്ദിരേ
വിരവൊടെഴുന്നള്ളിമേവുന്നു ഹേ മാരുതേ!
ഇതികിലപിചൊല്ലിയാലിന്നുതന്നെവരും
മതിഗുണമനോഹരൻ മാരുതന്റെ മകൻ.

ഏവം കനിഞ്ഞു വാസുദേവനരുളിച്ചെയ്തു
ഭാവംതെളിഞ്ഞുവൈനതേയൻ വണങ്ങിമെല്ലെ
പക്ഷിപറന്നു പലവൃക്ഷത്തിന്മീതെകൂടി
വീക്ഷിച്ചുവേഗമോടെ വീരൻ ഗമനം ചെയ്തു
മാരുതിവസിക്കുന്ന ചാരുകദളിക്കാട്ടിൽ
പാരമതിരഞ്ഞുചെന്നു പാരം കനിവിനോടെ
ശ്രീരാമഭക്തൻ തന്റെശ്രീപാദസന്നിധിയി-
ലാദരാൽ ഭക്തിയോടെ നിന്നുപറഞ്ഞീവണ്ണം:
വീരവിജയ ഗുണധീര പവനസുത!
ശ്രീരാമദേവനുടെ ദ്വാരാവതീപുരിയിൽ
വീരവസിച്ചീടുന്ന പാരാതെഴുന്നള്ളണം!

എന്നതുകേട്ടുരചെയ്തു ഹനുമാ-
നെന്നുടെനാഥൻ രഘുകുലവരനെ
നിന്നുടെകൺകൊണ്ടീക്ഷിതനായോ?
മുന്നമയോദ്ധ്യയിൽ വാണൊരുനാഥൻ
പിന്നെയുമിങ്ങവതീർണ്ണനതായോ?
ലക്ഷ്മണനരികെ ഭരതനുമുണ്ടോ?
ലക്ഷ്മണനാം ശത്രുഘ്നനുമുണ്ടോ?
ലക്ഷ്മീഭഗവതിയാകിയ സീതയു-
മക്ഷിതിപന്റെ സമീപത്തുണ്ടോ
പക്ഷികുലോത്തമനിരുതരം ചെയ്തു
ലക്ഷ്മണനില്ലാ ഭരതനുമില്ലാ
ലക്ഷ്മണനാം ശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതിയാകിയസീതയു-
മക്ഷിതിപന്റെ സമീപത്തില്ലാ.
ജാനകിയില്ല സമീപത്തെങ്കിൽ
ഞാനങ്ങോട്ടു വരുന്നില്ലിപ്പോൾ
നീയങ്ങോട്ടു നടന്നാലും ഹനു-
മാനങ്ങോട്ടു വരുന്നില്ലിന്നി!
ഹനുമാനിങ്ങനെയുരചെയ്തെന്നു
രഘുകുലവരനോടറിയിച്ചാലും.
എന്നതുകേട്ടഥ ഗരുഡൻ താനും
പോന്നു പറന്നു തിരിച്ചുവിടുന്നു
കാരണപുരുഷൻ വാണരുളീടിന
ദ്വാരാവതീപുരിപുക്കഥമെല്ലെ

വന്ദനംചെയ്തിഹനിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യംചെയ്തു;
ഹനുമാനെങ്ങുവിഹംഗമവീരാ!
ഹനുമാനെങ്ങുമഹാഗിരിയുകളിൽ
ഇങ്ങോട്ടുള്ള വരാമോ ഹനുമാൻ
